
ഒക്ടോബർ 2019

# ക്രൈസ്തവ കാഹളം





കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർത്ഥമാക്കാതെ, അറിയപ്പെടാത്തവളെങ്കിലും ഏകസത്യദൈവത്തെയും അവൻ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നവളായും, മരിക്കുന്നവരെപ്പോലെയായിരുന്നെങ്കിലും ജീവിക്കുന്നവളായും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർത്ഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ

# ആദ് ലിമിനാ സന്ദർശനം




മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പിതാക്കന്മാരുടെ ആദ് ലിമിന സന്ദർശന വേളയിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയ്ക്ക് അത്യുന്നത കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ നിലവിളക്ക് സമ്മാനിക്കുന്നു

വാല്യം 80
ലക്കം 10
2019

# ക്രൈസ്തവ കാഹളം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ പ്രസിദ്ധീകരണം

## ഉള്ളടക്കം



രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943 bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത് - 9446703056

കവർ & ലേഔട്ട്
Fingraph - 9387811920

ഫോട്ടോഗ്രാഫ്സ്
തോമസ് മാത്യു നെല്ലുവേലിൽ

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം , സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്, പട്ടം, തിരുവനന്തപുരം-4



പിതൃമൊഴി

പിതൃമൊഴി 7

എഡിറ്റോറിയൽ

എഡിറ്റോറിയൽ 6

കവർ സ്റ്റോറി



പിതാവേ, അങ്ങ് ഒരി
ക്കൽകൂടി വരില്ലേ
ശാന്തിദൂതനായി
9



കുടുംബങ്ങളിൽ
കൃപ നിറയുവാൻ
13



കൃപനിറയുന്ന
കുടുംബങ്ങൾ
20



കുടുംബത്തിന്റെയും,
കുടുംബത്തിലൂടെയുമുള്ള
സഭയുടെ
സുവിശേഷവത്ക്കരണം
24



കൃപനിറയുന്ന
കുടുംബങ്ങൾ:
വെല്ലുവിളികളും
നവസാധ്യതകളും
29



കുടുംബം
ഗാർഹിക സഭ
34

ആനുകാലികം



38
പാലാരിവട്ടം പാലവും
മരടിലെ കെട്ടിടങ്ങളും

സഭയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ 5



മെഡ്ജുഗൊറി
മാതാവ്
41

കുടുംബ സദസ്



ഇന്റർനെറ്റും
കുടുംബ ബന്ധങ്ങളും
45

ഒക്ടോബർ മാസത്തിലെ
മലങ്കര സുറിയാനി
ആരാധന വർഷത്തിലെ
വിശുദ്ധർ
46

പഠനം



യേശുവിന്റെ
രൂപാന്തരീകരണം
51

# കുടുംബങ്ങൾക്കായി സഭ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ അസംബ്ലി ഒക്ടോബർ രണ്ടാം വാരം സഭാ കേന്ദ്രമായ തിരുവനന്തപുരത്തെ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടക്കുകയാണ്. "കൃപനിറയുന്ന കുടുംബങ്ങൾ" എന്ന വിഷയത്തിൽ സഭ അതിന്റെ കർമ്മപദ്ധതികളും പ്രാർത്ഥനയും ധ്യാനവും കുടുംബങ്ങളിൽ കേന്ദ്രീകരിക്കുവാൻ പരി.സുന്നഹദോസ് പ്രാർത്ഥനാപൂർവ്വമായെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസംബ്ലി നടക്കുന്നത്. ആഗോള സംസ്ക്കാരത്തിന്റെ നാശം വിതയ്ക്കുന്ന പുത്തൻ പ്രവണതകളും, അപചയം സംഭവിച്ച മാധ്യമ സമീപനങ്ങളും കുടുംബങ്ങൾ അതിവേഗം ശിഥിലമാകുന്നതിന് കാരണമായി. ഈ സാഹചര്യത്തിലാണ് കുടുംബങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സഭ തീരുമാനിച്ചത്. സാമൂഹിക ശാസ്ത്രത്തിൽ കുടുംബത്തെ പലവിധത്തിൽ നിർവചിക്കുന്നുണ്ട്. നിർവചനം എന്തായാലും മനുഷ്യവംശത്തിന്റെ നിലനിൽപിന് കുടുംബം ഏറ്റം അത്യാവശ്യമാണ്. കുടുംബങ്ങളെ കേന്ദ്രീകരിക്കുന്ന ശക്തമായ ഒരു ആദ്ധ്യാത്മികത നമ്മുടെ ജീവിതത്തിൽ അനുപേക്ഷണീയമാണ്. വർദ്ധിച്ചു വരുന്ന ജീവിത സൗകര്യങ്ങളും ദൈവത്തിൽ നിന്നകന്ന നവപ്രത്യയ ശാസ്ത്രങ്ങളും പ്രബോധനങ്ങളും കുടുംബത്തെ ശിഥില മാക്കിക്കൊണ്ടിരിക്കുന്നു. പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ഇടങ്ങളായ കുടുംബങ്ങൾ ഇന്നവയെല്ലാം ഉപേക്ഷിച്ച് സംഘർഷഭൂമിയായി മാറിയിരിക്കുന്നു. പരസ്പരം പഴിചാരുന്നതിന്റെയും കുറ്റപ്പെടുത്തുന്നതിന്റെയും സ്വരങ്ങളാണ് കുടുംബങ്ങളിൽ മുഴങ്ങുന്നത്. ഇതിനൊരു പരിഹാരമായിട്ടാണ് ദൈവകൃപയിൽ നിറയുന്ന കുടുംബങ്ങൾ എന്ന ലക്ഷ്യവുമായി സഭ ഒരുമിച്ചു വരുന്നത്. കുടുംബങ്ങളിൽ നഷ്ടമായ ബന്ധങ്ങളും ഊഷ്മളതയും വീണ്ടെടുക്കുവാനും കുടുംബങ്ങളെ ദൈവ വചനത്തിലേക്കും പ്രാർത്ഥനയിലേക്കും വി.കുർബാനയിലേക്കും നയിക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ രൂപപ്പെടുത്തുവീനും നാം ആഗ്രഹിക്കുന്നു. നടക്കുവാൻ പോകുന്ന സഭാതല അസംബ്ലി അത് സാധ്യമാക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും മാർഗ്ഗനിർദേശങ്ങൾ യഥാസമയം നൽകുകയും ചെയ്യും.

41 വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ആത്മീയമായി അതിന്റെ വളർച്ചയിൽ ബഹുദൂരം മുന്നോട്ടു നയിച്ച ഭാഗ്യ സ്മരണാർഹനായ ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി നമ്മെ വിട്ടുപിരിഞ്ഞിട്ട് കാൽനൂറ്റാണ്ട് പൂർത്തിയാകുന്നു. പാവങ്ങളുടെ തിരുമേനിയെന്ന് പരക്കെ അറിയപ്പെട്ടിരുന്ന നമ്മുടെ വലിയ പിതാവ് പുതിയ തലമുറയ്ക്ക് കാത്തു വച്ചിരുന്നത് സഭയുടെ ശക്തമായ അടിത്തറയും ആഴമായ സഭാ ജീവിതത്തിന്റെ മാതൃകയുമാണ്. പുണ്യപിതാവിന്റെ വലിയ നന്മകളെപ്രതി ദൈവത്തിന് നന്ദി പറയാം. ജീവിത വിശുദ്ധിയും സന്മാർഗ്ഗ ജീവിതത്തിന്റെ മാതൃകയും സഭാത്മക ജീവിതത്തിന്റെ ആഴവും അഗാധമായ പാണ്ഡിത്യവും വിശാലമായ പൊതു ജീവിതത്തവും കൈമുതലായിരുന്ന തിരുമേനിയുടെ ജീവിതം നമുക്കു നൽകുന്ന പ്രചോദനം വളരെ വലുതാണ്. ഇന്നും തിരുമേനി ജനഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. ഭാഗ്യവാനായ പുണ്യ പിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



**ഫാ. ബോവസ് മാത്യു**
ചീഫ് എഡിറ്റർ,
bovasmathew@gmail.com 9447661943



# പിതൃമൊഴി

## സഭാതല അസംബ്ലിയും മാർ ഗ്രിഗോറിയോസ് പിതാവിന്റെ 25-ാം ഓർമ്മപ്പെരുന്നാളും

നമ്മുടെ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ 8 മുതൽ 10 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടക്കുകയാണ്. 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠനങ്ങളും, ആലോചനകളും, കൂടിവരവുകളും ഇതിനോടകം നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും, ഭദ്രാസനേതര പ്രദേശങ്ങളിലും, സന്യാസാശ്രമങ്ങളിലും നടന്നുകഴിഞ്ഞല്ലോ. അവിടെനിന്നുള്ള പ്രതിനിധികളാണ് സഭാ അസംബ്ലിയിൽ ഒരുമിച്ച് കൂടുന്നത്. ഈ കാലഘട്ടത്തിനനുസൃതമായ ഒരു വിഷയം പരിശുദ്ധാത്മാവ് നമ്മുടെ വിചിന്തനത്തിനും പ്രാർത്ഥനയ്ക്കുമായി നൽകിയിരിക്കുന്നു. കുടുംബങ്ങളെ സംബന്ധിക്കുന്ന നല്ല തീരുമാനങ്ങളും വിചിന്തനങ്ങളും നടത്തുവാൻ ഈ അസംബ്ലി മുഖാന്തിരമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

41 വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭാധ്യക്ഷനായിരുന്ന് നമ്മെ നയിച്ച ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 25-ാം ഓർമപ്പെരുന്നാൾ ഒക്ടോബർ 10-ാം തീയതി നാം കൊണ്ടാടുകയാണ്. പാവപ്പെട്ടവനോട് പക്ഷംചേരുകയും, സാമൂഹ്യപ്രതിബദ്ധതയോടെ സഭാശുശ്രൂഷകൾ നിർവഹിക്കുകയും, സഭാപ്രവർത്തനങ്ങളെ കൂടുതൽ വിശാലമാക്കുകയും ചെയ്ത വന്ദ്യ പിതാവ് അതിനായി ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്. നാടിന്റെ പുരോഗതിക്കും, സമാധാനത്തിനും എപ്പോഴും മുന്നിട്ടിറങ്ങാൻ അഭിവന്ദ്യ പിതാവുണ്ടായിരുന്നു. അതുപോലെതന്നെ തീക്ഷ്ണമായ സഭാസ്നേഹവും, ശുശ്രൂഷകളോട് വ്യക്തമായ കൃത്യനിഷ്ഠയും കാഴ്ചപ്പാടും അഭിവന്ദ്യ പിതാവ് വച്ചുപുലർത്തിയിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ ഒരു സ്വാധീനശക്തി അഭിവന്ദ്യ പിതാവിനുണ്ടായിരുന്നു. വന്ദ്യപിതാവിനെ നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യാം. ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് ഒക്ടോബർ 9-ാം തീയതി വൈകിട്ട് 6.30 മണിക്ക് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ സന്ധ്യാപ്രാർത്ഥനയും 10-ാം തീയതി രാവിലെ 7 മണിക്ക് ആഘോഷമായ വി. സമൂഹബലിയും കബറിൽ ധൂപപ്രാർത്ഥനയും നേർച്ച വിളമ്പും ഉണ്ടായിരിക്കും.

ഈ കാലങ്ങളിൽ തുടരെത്തുടരെ നാം അഭിമുഖീകരിക്കുന്ന പ്രളയദുരിതങ്ങൾ കേരള സമൂഹത്തെയൊന്നാകെ ഭീതിദമായ ഒരവസ്ഥയിൽ എത്തിച്ചിരിക്കുകയാണല്ലോ. വയനാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ ഈ വർഷം സംഭവിച്ച ദാരുണമായ പ്രകൃതി ദുരന്തങ്ങളിലും ഇരയായവരോടുള്ള സഭയുടെ കരുതലും, സ്നേഹവും, പ്രാർത്ഥനയും പ്രത്യേകം ഞാന റിയിക്കുകയാണ്. നമ്മുടെ ഐക്യദാർഢ്യം വ്യത്യസ്ത രീതികളിൽ നമ്മുടെ എല്ലാ ഭദ്രാസനങ്ങളു

ടെയും, ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ ബത്തേരി ഭദ്രാസനത്തോടും, ശ്രേയസ് സാമൂഹ്യ സേവന വിഭാഗത്തോടുചേർന്ന് നാം നിർവഹിച്ചുകൊണ്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും കഴിവുള്ളവിധം അവരെ സഹായിക്കുന്നതിനും ഏവരെയും സ്നേഹത്തോടെ ഞാൻ ആഹ്വാനം ചെയ്യുന്നു.

കത്തോലിക്കാ സഭയിലെ ഓരോ വ്യക്തിഗതസഭയിലെയും പിതാക്കന്മാർ സഭാധ്യക്ഷന്റെ നേതൃത്വത്തിൽ അഞ്ചുവർഷത്തിലൊരിക്കൽ വി. പത്രോസിന്റെ പിൻഗാമിയും സാർവത്രിക സഭാതലവനുമായ മാർപാപ്പായെ ഔദ്യോഗികമായി സന്ദർശിച്ച് തങ്ങളുടെ ഭദ്രാസന ങ്ങളെക്കുറിച്ചും, അതിന്റെ സാഹചര്യങ്ങളെക്കുറിച്ചും സ്ഥിതിവിവരങ്ങളെക്കുറിച്ചുമുള്ള പഠനറിപ്പോർട്ട് നൽകുന്ന സന്ദർശനത്തിനാണ് ആദ് ലിമിന വിസിറ്റ് (*Ad Limina Apostolorum*) എന്ന് പറയുന്നത്. നമ്മുടെ സഭയുടെ ആദ് ലിമിന സന്ദർശനം 2019 സെപ്തംബർ 22 മുതൽ 28 വരെയുള്ള തീയതികളിലായി റോമിൽ നടക്കും. നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും ഈ സന്ദർശനത്തിൽ പങ്കെടുക്കുന്നതിനായി 21-ാം തീയതി റോമിലേക്ക് പോകും. 23-ാം തീയതി നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും പരി. ഫ്രാൻസിസ് പാപ്പായോടൊത്ത് വി. കുർബാനയർപ്പിച്ച് സന്ദർശന ശുശ്രൂഷ ആരംഭിക്കുന്നതാണ്. സന്ദർശനത്തിന്റെ ഭാഗമായി പി. പത്രോസിന്റെ ബസ്ലിക്കാ, വി. പൗലോസിന്റെ ബസ്ലിക്കാ, ലാറ്ററൻ ബസ്ലിക്കാ, പരി. ദൈവമാതാവിന്റെ ബസ്ലിക്കാ എന്നീ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് അഭിവന്ദ്യ പിതാക്കന്മാർ നമ്മുടെ സഭയ്ക്കുവേണ്ടി കൂട്ടായ്മയായി പ്രാർത്ഥിക്കുന്നതാണ്. ഇതോടൊപ്പം റോമൻ കൂരിയായിലെ വിവിധ ഓഫീസുകളും അതിന് നേതൃത്വം നൽകുന്നവരെയും സന്ദർശിച്ച് കൂടികാഴ്ചകളും നടത്തും. ഈ സന്ദർശനം ഏറ്റം അനുഗ്രഹകരമായിത്തീരാൻ ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമപ്പെടുത്തുന്നു.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

നിങ്ങളുടെ പിതാവ്

+Baselios Cleemis


✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കവർ സ്റ്റോറി

# പിതാവേ, അങ്ങ് ഒരിക്കൽകൂടി വരില്ലേ ശാന്തിദൂതനായി



**റവ. ഫാ. ചെറിയാൻ താഴമൺ**



അടുത്തിടപഴകാൻ സാധിച്ചിട്ടില്ലാത്ത ഒരാളെക്കുറിച്ച് ഒരു അനുസ്മരണ എഴുതുക അത്ര എളുപ്പമല്ല എന്നറിയാം. എന്നാലും അകലെ നിന്നുള്ള നിരീക്ഷണത്തിനും വിലയുണ്ടല്ലോ. ദൂരെനിന്നുള്ള കാഴ്ചയാണല്ലോ പലകാര്യങ്ങളിലും മനോഹരവും ആസ്വാദ്യകരവും ആനന്ദകരവും. പ്രകൃതിദൃശ്യങ്ങൾ തന്നെ നല്ല ഉദാഹരണമാണല്ലോ. കുന്നും മലയും കാടും മേടും കാട്ടരുവിയും കാനനച്ചോലകളുമൊക്കെ അടുത്തു കാണുന്നതിനെക്കാൾ എത്രയോ മനോഹരമാണ് ദൂരക്കാഴ്ചയിൽ. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ ദൂരക്കാഴ്ചയിലൂടെ കണ്ട് ആസ്വദിച്ചതിന്റെ അനുഭവമാണ് ആ അനുസ്മരണയിലൂടെ പങ്കുവയ്ക്കുവാൻ ഞാൻ ശ്രമിക്കുന്നത്.

അഭിവന്ദ്യ തിരുമേനിയുമായി എന്തെങ്കിലുമൊരു സാധർമ്യം കണ്ടെത്തിക്കൊണ്ട് അനുസ്മരണ ആരംഭിക്കുന്നതായിരിക്കുമല്ലോ ഉചിതം. അധികം ആലോചിക്കാതെ കണ്ടെത്തി ഒരു ബന്ധം. അദ്ദേഹത്തിന്റെ മെത്രാഭിഷേകവും എന്റെ ജനനവും ഒരേ വർഷത്തിൽ, 1953 ൽ. അദ്ദേഹത്തിന്റെ മെത്രാൻ സ്ഥനത്തിന് എന്നെക്കാൾ രണ്ടുമാസത്തെ മൂപ്പ് ഉണ്ടെന്നു മാത്രം. ബാല്യത്തിലും കൗമാരത്തിലും അദ്ദേഹത്തെ കാണുന്നതും പൂനിലാവുപോലെയുള്ള അദ്ദേഹത്തിന്റെ പുഞ്ചിരി കാണുന്നതും എത്ര വലിയ സന്തോഷമായിരുന്നു എന്നു പറയുവാൻ എനിക്കു വാക്കുകളില്ല. എന്റെ മാതൃഇടവകയിലും സമീപ ഇടവകകളിലും രൂപതയിലും അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവ് പങ്കെടുക്കുന്ന പരിപാടികളിൽ മുതിർന്നവരോടൊപ്പം ഞാനും പോകുമായിരുന്നു; ആ മുഖം കാണാൻ, ആ നീണ്ട താടി മീശ കാണാൻ, ഈ മധുരപ്പുഞ്ചിരി കാണാൻ, ഇമ്പമാർന്ന ആ സ്വരം കേൾക്കാൻ. പുഞ്ചിരി തൂകിക്കൊണ്ട് ഇരുവശങ്ങളിലേക്കും നോക്കി വലതുകരത്തിൽ സ്ലീബാ ഉയർത്തി ജനത്തെ ആശീർവദിച്ചുകൊണ്ട് അദ്ദേഹം നടന്നു നീങ്ങുന്നത് എത്ര സന്തോഷത്തോടും സംതൃപ്തിയോടുമാണ് നോക്കി നിന്നിട്ടുള്ളതെന്ന് വിവരിക്കുവാൻ ഞാൻ അശക്തനാണ്.

യൗവനത്തിലേക്ക് കടന്നപ്പോൾ അദ്ദേഹത്തെ കാണുന്നതോടൊപ്പം അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുന്നതിലായി എന്റെ താല്പര്യം. സഭയിലെതന്നെ അനേക വേദികളിൽ അനേകപ്രവിശ്യം അദ്ദേഹം പങ്കുവച്ചിട്ടുള്ള ഒരു ആശയം

ഇപ്പോഴും എന്റെ മനസിൽ തിങ്ങിനിറഞ്ഞു നിൽക്കുന്നു. ആ ആശയം ഏതാണ്ടിപ്രകാരമാണ്. ഭാരതീയരായ നാം സുവിശേഷം സ്വീകരിച്ചിട്ട് രണ്ടായിരം വർഷമായി. ഇന്നു ക്രൈസ്തവമെന്ന് അറിയപ്പെടുന്ന യൂറോപ്പിലെയും മറ്റ് ഭൂഖണ്ഡങ്ങളിലെയും ജനങ്ങൾ സുവിശേഷം അറിയുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പ് ഭാരതത്തിൽ നമുക്ക് സുവിശേഷം ലഭിച്ചു. എന്നിട്ട് ഇന്നും രണ്ടു ശതമാനം ക്രിസ്ത്യാനികൾ മാത്രമാണ് ഭാരതത്തിലുള്ളത്. എന്താണിതിനു കാരണം? നമുക്കു ലഭിച്ച സുവിശേഷം നാം പങ്കുവച്ചില്ല. ബൈബിളിൽ പറയുന്ന മടിയനായ ഭൃത്യനെപ്പോലെ നമുക്ക് ലഭിച്ച താലന്ത് നാം ഉറുമാലിൽ പൊതിഞ്ഞ് മണ്ണിൽ മറച്ചുവച്ചു. ഇതിന് മാർത്തോമ്മാ ശ്ലീഹായുടെ മക്കളായ നാം ദൈവമുമ്പാകെ ഉത്തരം പറയേണ്ടി വരും .

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽതന്നെ സുവിശേഷം ലഭിച്ച മാർത്തോമ്മാ നസ്രാണികൾ ലഭിച്ച സുവിശേഷം പങ്കുവയ്ക്കാതെ ഭിന്നതയിലും അധികാരത്തർക്കത്തിലും വഴക്കും വക്കാണവുമായി വിഭവശേഷി നശിപ്പിക്കുന്നതിനെതിരെ അദ്ദേഹം ഹൃദയവ്യഥയോടെ സംസാരിക്കുന്നത് പല പ്രാവശ്യം കേൾക്കുവാനിടയായിട്ടുണ്ട്. സഭാ ഭിന്നതയ്ക്ക് പരിഹാരവും സുവിശേഷ പ്രഘോഷണത്തിന് ഉത്തേജനവുമാണ് പുനഃരൈക്യമെന്ന് പ്രസംഗങ്ങളിലും പ്രഭാഷണങ്ങളിലും അദ്ദേഹം പങ്കുവച്ചിരുന്നത് ഉൾപ്പുളകത്തോടെയാണ് ശ്രവിച്ചിട്ടുള്ളത്.

മനുഷ്യവിഭവംകൊണ്ടും പ്രകൃതി വിഭവങ്ങൾകൊണ്ടും സമ്പന്നമായ ഭാരതത്തിൽ ജനകോടികൾ തലമുറകളായി കൊടിയ ദാരിദ്ര്യത്തിൽ കഴിയേണ്ടി വരുന്ന അവസ്ഥയെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുമ്പോൾ ഗ്രീക്ക് പുരാണത്തിലെ ടാന്റലസിന്റെ കഥ അദ്ദേഹം വിശദീകരിക്കുന്നത് പല പ്രാവിശ്യം കേൾക്കുവാനിടയായിട്ടുണ്ട്. ദൈവങ്ങൾക്കെതിരായി പ്രവർത്തിച്ച ടാന്റലസിനെ സേവൂസ് ദേവൻ ശിക്ഷിച്ചു. ശിക്ഷ ഇപ്രകാരമാണ്. ടാന്റലസിനെ കഴുത്തറ്റം വെള്ളമുള്ള ഒരു തടാകത്തിൽ നിർത്തുന്നു. തടാകക്കരയിൽ നിന്ന് നല്ല പഴങ്ങളാൽ സമൃദ്ധമായ ഒരു വൃക്ഷത്തിന്റെ ശിഖരങ്ങൾ തലയ്ക്ക് മുകളിലേക്ക് താണു നിൽക്കുന്നു. നിൽക്കുന്നത് കഴുത്തറ്റം വെള്ളത്തിൽ, തലയ്ക്കു മുകളിൽ കൈയെത്തും ദൂരത്തിൽ നല്ല പഴങ്ങളാൽ സമൃദ്ധമായ വൃക്ഷശിഖരങ്ങളും. വിശപ്പുകൊണ്ട് പഴം പറക്കാൻ കൈയുയർത്തുമ്പോൾ വൃക്ഷത്തിന്റെ ശിഖരങ്ങൾ ഉയർന്നു പോകും. കൈ താഴ്ത്തുമ്പോൾ ശിഖരങ്ങൾ താണു വരും. ദാഹം കൊണ്ട് വെള്ളം കുടിക്കുവാനായി വെള്ളത്തിലേക്ക് മുഖം താഴ്ത്തുമ്പോൾ വെള്ളം താണു പോകും, മുഖം ഉയർത്തുമ്പോൾ വെള്ളം ഉയർന്ന് പൂർവ്വസ്ഥിതിയിലെത്തും. സമൃദ്ധമായ വെള്ളത്തിനു നടുവിൽ ദാഹം കൊണ്ടു വലഞ്ഞും തലയ്ക്കു മുകളിൽ പഴുത്ത് കിനിഞ്ഞു കിടക്കുന്ന പഴങ്ങളുടെ മധ്യേ വിശപ്പുകൊണ്ടു പൊരിഞ്ഞും കഴിയേണ്ടിവരുന്ന ടാന്റലസിന്റെ ഗതികേടല്ലേ പ്രകൃതി വിഭവങ്ങൾ കൊണ്ടും മനുഷ്യവിഭവംകൊണ്ടും സമ്പന്നമായ ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. എന്തുകൊണ്ട് ഭാരതത്തിലും കേരളത്തിലും ഇത്രമാത്രം ദാരിദ്ര്യവും പട്ടിണിയും ? ഉത്തരവും അദ്ദേഹംതന്നെ പറയും. കഠിനാധ്വാനത്തിനുള്ള വിമുഖതയും വിഭവങ്ങൾ വേണ്ടവിധത്തിൽ വിനിയോഗിക്കുന്നതിലുള്ള വീഴചയും. കഠിനാധ്വാനവും ശാസ്ത്രീയമായ കൃഷിരീതികളും ചെറുകിട വ്യവസായങ്ങളുമായിരുന്നു അദ്ദേഹം നിർദേശിച്ചിരുന്ന പ്രതിവിധികൾ.

തിരുവല്ലാ രൂപതാ സ്ഥാപനത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ (1983) സഭാമക്കളോടദ്ദേഹം പങ്കുവച്ച സന്ദേശം ഇന്നും എന്റെ മനസ്സിൽ മാറ്റൊലിക്കൊള്ളുന്നു. പ്രകൃതിയിലെ ഏക ഊർജസ്രോതസ് സൂര്യനാണ്. സൂര്യന്റെ ഊർജത്തിൽ പങ്കുചേർന്നാണ് പ്രകൃതിയിലെ സകല ജീവജാലങ്ങളും പുലരുന്നത്. എന്നാൽ, സൂര്യന്റെ ഊർജം നേരിട്ട് സ്വീകരിക്കുവാൻ കരുത്തുള്ള പ്രകൃതിയിലെ ഏക ഘടകം ചെടികളുടെ ഇലകളിലെ ഹരിതം മാത്രമാണ്. ചെടികൾ സ്വീകരിച്ച് തണ്ടിലും തടിയിലും കിഴങ്ങിലും വേരിലും ഇലകളിലും പൂവിലും കായിലും സംഭരിച്ചു വയ്ക്കുന്ന ഊർജത്തിലാണ് മറ്റെല്ലാ ജീവജാലങ്ങളും പങ്കു ചേരുന്നത്. ക്രിസ്ത്യാനിയുടെ ദൗത്യവും ഏതാണ്ടിതുപോലെയാണ്. ദൈവാഭിമുഖ്യത്തിലിരുന്ന് ദൈവത്തിൽ നിന്ന് ആത്മികമായ ഊർജം (ദൈവിക ജീവൻ) സ്വീകരിച്ച് സഹജീവികളുമായി പങ്കുവയ്ക്കുക. ഇതാണ് സഭാമക്കളുടെ കടമ. ഇതാണ് സഭാമക്കളുടെ സുവിശേഷദൗത്യം. ക്രൈസ്തവദൗത്യം ഇതിനെക്കാൾ മനോഹരമായി അവതരിപ്പിക്കുന്ന ഒരു സന്ദേശം ഇതുവരെ ഞാൻ കേട്ടിട്ടില്ല.

മേജർസെമിനാരിയിൽ പഠിക്കുമ്പോൾ തിരുവനന്തപുരം അതിരൂപതയിൽ നിന്നുള്ള സഹപാഠികൾ മാർ ഗ്രിഗോറിയോസ് പിതാവിനെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോൾ; പ്രത്യേകിച്ച് തിരുവനന്തപുരം പട്ടണവും പട്ടണവാസികളും ഭരണകേന്ദ്രത്തിലുള്ളവരും അദ്ദേഹത്തിനു നല്കുന്ന ആദരവിനെയും അംഗീകാരത്തെയും കുറിച്ചൊക്കെ വാചാലമായി സംസാരിക്കുന്നതു കേൾക്കുമ്പോൾ, അദ്ദേഹം അദ്ധ്യക്ഷനായിരിക്കുന്ന സഭയിലെ അംഗമായിരിക്കുന്നത് മഹാഭാഗ്യമായി തോന്നിയിട്ടുണ്ട്.

ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുമായി നേരിട്ട് ബന്ധമില്ലായിരുന്നെങ്കിലും മാധ്യങ്ങളിലൂടെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും പ്രസ്താവനകളെയും ഞാൻ പിന്തുടർന്നിരുന്നു. സ്വന്തം മതത്തിലും സഭയിലും അടിയുറച്ചു വിശ്വസിക്കുമ്പോഴും അന്യമതങ്ങളെയും മതസ്ഥരെയും അവരുടെ വിശ്വാസങ്ങളെയും ആദരവോടും ബഹുമാനത്തോടും സമഭാവനയോടും കാണുവാനും തദനുസാരം അവരോടു പെരുമാറുവാനും അദ്ദേഹം അതീവം ശ്രദ്ധിച്ചിരുന്നു. ഇത് അദ്ദേഹത്തിന്റെ ഹൃദയഭാവം തന്നെയായിരുന്നു.


കരമനയിലും പൂന്തുറയിലും ചാലക്കമ്പോളത്തിലും തമിഴ്നാട്ടിലെ മണ്ടയ്ക്കാട്ടുമൊക്കെ ഉണ്ടായ വർഗീയ കലാപങ്ങളുടെ മുറിവുണക്കാൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് നേതൃത്വം നൽകിയ ശാന്തിയാത്രകളെയും സർവമതപ്രാർത്ഥനകളെയും സംബന്ധിച്ച വാർത്തകളും ചിത്രങ്ങളും ഹൃദയകുളിർമ്മയോടെയാണ് ഞാൻ വായിച്ചിട്ടുള്ളതും കണ്ടിട്ടുള്ളതും.

പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കേരള സന്ദർശനവേളയിൽ (1986)ൽ അനന്തപുരിയിൽ അദ്ദേഹത്തിന്റെ സ്വീകരണത്തിനു വേദിയൊരുക്കുവാൻ തെരഞ്ഞെടുത്ത സ്ഥലം ശംഖുമുഖം കടൽപ്പുറമായിരുന്നു. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട് നടത്തുന്ന സ്ഥലത്തിനു സമീപമാണിതെന്ന കാരണത്താൽ വേദിനിർമ്മാണം സംബന്ധിച്ച് ചില ഹൈന്ദവ സഹോദരന്മാരിൽ നിന്നും ചില എതിർപ്പുകൾ ഉണ്ടായി. വേദി അവിടെ സ്ഥിരമായി നിലനിന്നേക്കുമോ എന്ന സംശയമായിരുന്നു എതിർപ്പിന്റെ കാരണം. ഈ സമയത്ത് റോമിൽ സഭാപരമായ ഗൗരവമായ ഒരു

സമ്മേളനത്തിൽ പങ്കെടുക്കാൻ പോയിരുന്ന മാർ ഗ്രിഗോറിയോസ് തിരുമേനി കേരളത്തിൽ മടങ്ങി എത്തിയ ഉടൻ തന്നെ അനന്തപുരിയിലെ ഹൈന്ദവസമുദായ നേതാക്കന്മാരെ നേരിൽ കണ്ട് അവരുടെ സംശയം ദൂരീകരിച്ചു. അദ്ദേഹം പറഞ്ഞു: ഇതൊരു താൽക്കാലിക വേദി മാത്രമായിരിക്കും. പിന്നീടാർക്കും എതിരഭിപ്രായമുണ്ടായില്ല. മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വാക്കിനപ്പുറം ആർക്കും അഭിപ്രായമില്ല.

നിലയ്ക്കൽ പള്ളി നിർമ്മാണം സംബന്ധിച്ച് ഭിന്നതയ്ക്കും വർഗീയ ലഹളയ്ക്കുമുള്ള സാധ്യത (1983 ൽ) മുൻകൂട്ടി കണ്ട മാർ ഗ്രിഗോറിയോസ് തിരുമേനി ഹൈന്ദവ നേതാക്കന്മാരോടു പറഞ്ഞു: കാട്ടിലെ ഒരു പിടി മണ്ണിനു വേണ്ടി വർഗീയത വളർത്തി, പാവപ്പെട്ടവന്റെ രക്തം ചിന്തി നശിക്കുവാൻ നാം അനുവദിച്ചുകൂടാ . മാർ ഗ്രിഗോറിയോസ് പിതാവ് ഇടപെട്ടപ്പോൾ നിലയ്ക്കൽ പ്രശ്നം രമ്യമായി പരിഹരിക്കപ്പെട്ടു എന്നു മാത്രമല്ല, എല്ലാ അപ്പസ്തോലിക സഭകളുടെയും സംയുക്ത ഉടമസ്ഥതയിൽ നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയവും സ്ഥാപിതമായി. മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഇടപെടൽ വർഗീയ ഭിന്നത അലിയിച്ചില്ലാതാക്കി എന്നു മാത്രമല്ല, ലോകത്തിനാകമാനം മാതൃകയായി ഒരു എക്യുമെനിക്കൽ ദൈവാലയവും ധ്യാന കേന്ദ്രവും സംവാദകേന്ദ്രവും ഉടലെടുക്കുകയും ചെയ്തു.

നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ ട്രസ്റ്റിമാരായ വിവിധ സഭകളിലെ പിതാക്കന്മാരെയും നേതാക്കന്മാരെയും കൂട്ടിക്കൊണ്ട് വത്തിക്കാൻ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സന്നിധിയിലേക്കും സഭകളുടെ ലോക കൗൺസിൽ ആസ്ഥാനത്തേക്കും ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ തീർത്ഥാടന സന്ദർശനം കേരളത്തിലെ ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ ഉളവാക്കിയ ഊഷ്മളത വാക്കുകൾക്കതീതമാണ്. വർഗീയ വിദ്വേഷത്തിന്റെയോ മതവൈരത്തിന്റെയോ സമുദായ ഭിന്നതയുടെയോ വിഷവിത്ത് എവിടെ നാമ്പിടുന്നതു കണ്ടാലും ഓടിയെത്തി മുളയിലെ നുള്ളി മതസൗഹാർദവും സമുദായ മൈത്രിയും പുലർത്താനും വളർത്താനും അദ്ദേഹം ചെയ്തിരുന്ന സേവനങ്ങളോട് നമ്മുടെ നാട് കടപ്പെട്ടിരിക്കുന്നു. ആധുനിക ഭാരതവും കേരളവും മാർ ഗ്രിഗോറിയോസ് പിതാവിന്റെ സാന്നിധ്യത്തിനും ഇടപെടലിനുംവേണ്ടി അതിയായി ആഗ്രഹിക്കുന്നില്ലേ എന്നു ഞാൻ സംശയിക്കുന്നു.



മാർ ഗ്രിഗോറിയോസ് പിതാവിന്റെ പ്രസംഗങ്ങളിലെല്ലാം സുവിശേഷ മൂല്യങ്ങളുടെ പ്രഘോഷണങ്ങളോടൊപ്പം ദേശസ്നേഹത്തിന്റെയും സഭാമക്കൾ രാഷ്ട്രനിർമ്മിതിയിൽ പങ്കാളികളാകേണ്ടതിന്റെയും ആവശ്യകത അടിവരയിട്ട് വ്യക്തമാക്കിയിരുന്നു. ഭിന്നതയുടെയോ വിഭാഗീയതയുടെയോ വിദ്വേഷത്തിന്റെയോ ലാഞ്ചനപോലും അദ്ദേഹത്തിന്റെ നിലപാടുകളിലോ പ്രസംഗങ്ങളിലോ അശേഷം ഉണ്ടായിരുന്നില്ല. ഒരുപക്ഷേ അതുകൊണ്ടായിരിക്കില്ലെ രാഷ്ട്രം അദ്ദേഹത്തെ ദേശീയോത്ഗ്രഥന സമിതിയിൽ വിശിഷ്ടാംഗമായി ഉൾപ്പെടുത്തിയതും ഭിന്നതയുടെ ശക്തികൾ രാജ്യത്ത് തലയുയർത്തിയപ്പോഴൊക്കെ പരിഹാരത്തിനായി രാഷ്ട്രനേതാക്കന്മാർ അദ്ദേഹത്തിന്റെ ഉപദേശവും ഉടപെടലും തേടിയിരുന്നതും.

പ്രാർത്ഥനയിലും ആത്മീയ അനുഷ്ഠാനങ്ങളിലും തിരുമേനി പുലർത്തിയിരുന്ന നിഷ്ഠയെ ക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്. യാമപ്രാർത്ഥനകൾ മുടക്കമില്ലാതെ നടത്തണമെന്ന് നിർബന്ധമുണ്ടായിരുന്നു അദ്ദേഹത്തിന്. അരമനയിലുള്ളപ്പോൾ കൃത്യസമയത്ത് ചാപ്പലിൽ എത്തിയിരിക്കും. യാത്രയിലാണെങ്കിൽ വാഹനത്തിൽ പ്രാർത്ഥന. പ്രഭാത ധ്യാനം, വചനവായന, യാമനമസ്കാരങ്ങൾ, വിശുദ്ധ കുർബാന, കൃതജ്ഞതാ പ്രകരണം, ജപമാല പ്രാർത്ഥന എല്ലാം മുടക്കമില്ലാതെ എല്ലാ ദിവസവും കൃത്യമായി നടത്തിയിരിക്കും.

ഒരിക്കൽ ഇതൊക്കെ നേരിട്ടറിയാൻ എനിക്കൊരവസരം ലഭിച്ചു (1987) ൽ. തിരുവല്ലാ രൂപതയുടെ നാലാമത്തെ അദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ പിതാവിന്റെ കബറടക്ക



ദിവസവും അതിന്റെ തലേദിവസവും മാർ ഗ്രിഗോറിയാസ് പിതാവ് തിരുവല്ലായിൽ ഉണ്ടായിരുന്നു. സെന്റ് ജോൺസ് കത്തീഡ്രലിൽ മാർ യൂഹാനോൻ പിതാവിന്റെ ഭൗതിക ശരീരം വിശ്വാസികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കാനായി തിരുവസ്ത്രങ്ങളണിയിച്ച് ഒരുക്കി ഇരുത്തിയിരിക്കുന്നു. മാർ ഗ്രിഗോറിയോസ് പിതാവ് കത്തീഡ്രലിലെ വൈദിക മന്ദിരത്തിന്റെ മുകളിലത്തെ നിലയിലുള്ള ഒരു മുറിയിലാണ് വിശ്രമിക്കുന്നത്. കബറടക്കത്തിന്റെ ഓരോ ശുശ്രൂഷയും നടത്താൻ നിശ്ചയിച്ചറിയിച്ചിരുന്ന കൃത്യസമയത്ത് അദ്ദേഹം കത്തീഡ്രൽ ദൈവാലയത്തിലെത്തും, ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. തുടർന്ന് അധികമാരോടും സംസാരിക്കാനോ സൗഹൃദം കാട്ടാനോ തുനിയാതെ വിശ്രമ മുറിയിലേക്കു മടങ്ങും. അവിടെ അദ്ദേഹം ആത്മിക ഗ്രന്ഥങ്ങൾ വായിച്ചും വ്യക്തിപരമായ പ്രാർത്ഥനകളിൽ മുഴുകിയും ധ്യാനിച്ചുമിരുന്നു. യാമപ്രാർത്ഥനകളുടെ സമയമാകുമ്പോൾ യാമനമസ്കാര പുസ്തകവുമായി അദ്ദേഹം കത്തീഡ്രൽ ദൈവാലയത്തിന്റെ മദ്ബഹായിലെത്തും. നമസ്കാരത്തിനുശേഷം വീണ്ടും വേഗത്തിൽ വിശ്രമമുറിയിലെത്തും. ബാല്യം മുതൽ മാർ ഗ്രിഗോറിയോസ് പിതാവിന്റെ മുഖം കാണുന്നതുതന്നെ വലിയ ഭാഗ്യമായി കരുതിയിരുന്ന എന്റെ കണ്ണുകൾ എപ്പോഴും അദ്ദേഹത്തെ പിന്തുടർന്നതിൽ അത്ഭുതത്തിനു വകയില്ല. മുറിയുടെ ഉള്ളിലും ഒരു നിമിഷം പോലും അദ്ദേഹം വൃഥാ കളഞ്ഞിരുന്നില്ല. ഇത് അദ്ദേഹത്തിന്റെ ജീവിത ശൈലിയായിരുന്നു.

തിരക്കേറിയ ഔദ്യോഗിക കാര്യങ്ങൾക്കിടയിൽ വീണുകിട്ടുന്ന നിമിഷങ്ങൾപോലും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും വായനയ്ക്കും പഠനത്തിനുമണദ്ദേഹം വിനിയോഗിച്ചിരുന്നത്. യാത്രവേളകൾ വായനയുടെ സമയമായിരുന്നു അദ്ദേഹത്തിന്. പുതിയ പുസ്തകങ്ങൾ പുറത്തിറങ്ങി എന്നറിഞ്ഞാൽ എത്രയും വേഗം അവ കരസ്ഥമാക്കി വായിക്കുന്നതിൽ അദ്ദേഹം കാണിച്ചിരുന്ന ഔത്സുക്യം അനുകരണീയമാണ്. വായിച്ചറിഞ്ഞതും കേട്ടറിഞ്ഞതുമായ നൂതനാശയങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം തിരുവല്ലായിൽ മേരിഗിരി അരമനയിൽ എത്തിയിരുന്നപ്പോൾ താൻ വായിച്ച പുതിയ പുസ്തകങ്ങളിൽ നിന്നും താൻ അടുത്ത നാളിൽ സന്ദർശിച്ച സ്ഥലങ്ങളിൽ നിന്നും കണ്ടുമുട്ടിയ വ്യക്തികളിൽ നിന്നും ലഭിച്ച നൂതനാശയങ്ങൾ ഭക്ഷണസമയത്ത് ബഹു. വൈദികരുമായി പങ്കുവയ്ക്കുന്നത് നേരിൽ കാണുവാനും ശ്രവിക്കുവാനും എനിക്കിടയായിട്ടുള്ളത് ഈ സന്ദർഭത്തിൽ ഞാൻ അനുസ്മരിക്കുന്നു.

അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ ജൂബിലിയുടെ സന്ദർഭത്തിലും മരണത്തെ തുടർന്നും കേരളത്തിലെ വാർത്താ മാധ്യമങ്ങൾ മത്സരബുദ്ധിയോടെ മുഖപ്രസംഗങ്ങളും വാർത്താക്കുറിപ്പുകളും വിശകലനങ്ങളും പ്രസിദ്ധീകരിച്ചതും പ്രക്ഷേപണം ചെയ്തതും കാണുകയും കേൾക്കുകയും ചെയ്തപ്പോൾ ഞാൻ ചിന്തിച്ചു. മാധ്യമങ്ങൾക്ക് ഇത്രമാത്രം താല്പര്യം ഇദ്ദേഹത്തിന്റെ കാര്യത്തിൽ എന്തുകൊണ്ട് ? അംഗസംഖ്യകൊണ്ട് ഒരു പക്ഷേ കേരളത്തിലെ ഏറ്റവും ചെറുതെന്നു വിശേഷിപ്പിക്കപ്പെടുന്ന ഒരു സഭയുടെ മേലദ്ധ്യക്ഷന് എന്തുകൊണ്ട് ഇത്രമാത്രം മാധ്യമശ്രദ്ധ. ആദ്യനാളുകളിലൊന്നും ഉത്തരം എനിക്കത്ര വ്യക്തമായിരുന്നില്ല. എന്നാൽ ഈ അനുസ്മരണക്കുറിപ്പ് എഴുതുമ്പോൾ; ഭാരതത്തിലെയും പ്രത്യേകിച്ച് കേരളത്തിലെയും രാഷ്ട്രീയ സാമൂഹിക സാമുദായിക പശ്ചാത്തലങ്ങൾ വീക്ഷിക്കുമ്പോൾ, വാർത്താമാധ്യമങ്ങൾ നിരീക്ഷിക്കുമ്പോൾ ഉത്തരം എനിക്കു വ്യക്തമാകുന്നു. ഞാൻ ക്രിസ്തുമതവിശ്വാസിയായിരിക്കുമ്പോൾ തന്നെ പ്രഥമമായി ഞാനൊരു ഭാരതീയനാണെന്നും ഭാരതത്തിന്റെ അഖണ്ഡതയും എല്ലാ ഭാരതീയരുടെയും സുസ്ഥിതിയുമാണ് എന്റെ ജീവിത ദൗത്യ മെന്നും വാക്കുകളിലൂടെ മാത്രമല്ല, ജീവിതത്തിലൂടെയും വ്യക്തമാക്കിയ ബെനഡിക്ട് മാർ ഗ്രിഗോറിയാസ് മെത്രാപ്പോലീത്ത മാധ്യമങ്ങൾക്കും മാലോകർക്കെല്ലാവർക്കും പ്രിയങ്കരനായതിൽ അശേഷം അത്ഭുതത്തിന് അവകാശമില്ല. മരണത്തിന് വെറും ഒന്നര മാസം മുമ്പ് 1994 ഓഗസ്റ്റ് 27-ാം തീയതി തിരുവനന്തപുരം ടാഗോർ സെന്റിനറി ഓഡിറ്റോറിയത്തിൽ തിരുവനന്തപുരം പൗരാവലി ഒരുക്കിയ പൗരോഹിത്യ സുവിശേഷ ജൂബിലി അനുമോദന സമ്മേളനത്തിൽ അദ്ദേഹം നടത്തിയ മറുപടി പ്രസംഗം സമാപിച്ചത് **ജയ് ആർഷ ഭാരതം** എന്ന പ്രഖ്യാപനത്തോടെയാണ്. ഇങ്ങനെയൊരു തിരുമേനിയെ എങ്ങനെ നാടിനു മറക്കാൻ കഴിയും. ഇന്നു ഭാരതത്തിലെയും പ്രത്യേകിച്ച് കേരളത്തിലെയും ജനങ്ങൾ തിരുമേനി, സർവമതസമഭാവനയുടെ ശാന്തിമന്ത്രവും ഉരുവിട്ടുകൊണ്ട് ശാന്തിയാത്ര നയിക്കാൻ ഒരിക്കൽക്കൂടി അങ്ങു കടന്നുവരില്ലേ എന്ന് ഹൃദയത്തിൽ ഉരുവിടുന്നത് ഞാനെന്റെ ഹൃദയത്തിൽ വീണ്ടും വീണ്ടും കേൾക്കുന്നു............. നമുക്ക് പ്രാർത്ഥിക്കാം...... ദൈവമേ, മാർ ഗ്രിഗോറിയോസ് പിതാവിന്റെ മാധ്യസ്ഥം ഞങ്ങളുടെ നാടിനു നൽകണമേ. ......... നാട്ടിൽ ശാന്തി പുലരാൻ കനിയണമേ .



റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ

# കുടുംബങ്ങളിൽ കൃപ നിറയുവാൻ

### ആമുഖം

സഭയുടെ മാത്രം പരിഗണനയുടെയും ചർച്ചയുടെയും വിഷയമല്ല ഇന്ന് കുടുംബം; വിവിധ മതങ്ങളും പൊതുസമൂഹവും സെക്കുലർ ഫോറങ്ങളും പ്രാധാന്യവും സാംഗത്യവും തിരിച്ചറിഞ്ഞ് കുടുംബങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നതായി നാം കാണുന്നു. അനേകം അന്താരാഷ്ട്ര സമിതികൾ കുടുംബസംബന്ധമായ വിവിധ വിഷയങ്ങൾ ചർച്ചാവിധേയമാക്കുന്നുണ്ട്: സാമൂഹികശാസ്ത്രം, നിയമം, മനഃശാസ്ത്രം, ഇവയോട് ബന്ധപ്പെട്ട് ലിംഗനീതി, ലിംഗസമത്വം, കുടുംബപരിസ്ഥിതി, കുട്ടികളുടെ പരിശീലനം തുടങ്ങി വിവിധ വിഷയങ്ങൾ നിരന്തരം പരിഗണിക്കപ്പെടുന്നുണ്ട്. വിവാഹ-കുടുംബ ജീവിതത്തിലെ പങ്കാളികളുടെ തുല്യതയും കടമകളും അവകാശവും സംബന്ധിച്ച അവബോധവും മുൻകാലങ്ങളിലേക്കാൾ ഇന്ന് പൊതുവേ അംഗീകരിക്കപ്പെടുന്ന വസ്തുതകളാണ്.

### പ്രകാശ രേഖകൾ

നമ്മുടെയൊക്കെ മനസ്സിൽ വിവാഹ-കുടുംബജീവിതങ്ങളുടെ വളരെയേറെ പ്രകാശമാർന്ന മാതൃകകൾ തെളിഞ്ഞുവരുന്നില്ലേ? സാമ്പത്തിക പരാധീനതകളുടെ മദ്ധ്യത്തിലും സമാധാനനിർഭരവും സംതൃപ്തവുമായ ജീവിതം നയിക്കുന്ന അനേകം കുടുംബങ്ങളെ നാം കാണുന്നുണ്ട്. സാമ്പത്തിക സമൃദ്ധിയിൽ കഴിയുമ്പോഴും ദൈവാശ്രയത്തിലും സമസ്യ



ഷ്ടങ്ങളോടുള്ള കരുതലിലും അതീവ താല്പര്യം കാണിക്കുന്ന കുടുംബങ്ങളെയും നാം കാണുന്നുണ്ട്. മക്കൾക്ക് ഉത്തമമായ വിശ്വാസവും രൂപീകരണവും നൽകുവാനും അവരെ സമസൃഷ്ടങ്ങളോടുള്ള ആർദ്രതയിൽ പരിശീലിപ്പിക്കുവാനും ശ്രമിക്കുന്ന മാതാപിതാക്കളെ നാം കണ്ടുമുട്ടാറുണ്ട്. മാതാപിതാക്കളുടെ ഉപദേശമനുസരിച്ചും സുവിശേഷമാർഗ്ഗത്തിലും നടക്കുന്ന നിരവധി കുട്ടികൾ നമ്മുടെ സമൂഹത്തിലുണ്ട്. കുട്ടികളുടെ എണ്ണം കൂടുന്നതിൽ വളരെയേറെ ആകാംക്ഷ പ്രകടിപ്പിക്കാതെ അവർക്ക് ദൈവപരിപാലനയിൽ ആശ്രയിച്ച് പരിശീലനം നൽകുന്ന മാതാപിതാക്കളും കുടുംബങ്ങളുമുണ്ട്.

വിവാഹത്തിന്റെ ആദ്യനാളുകളിലെന്നപോലെ സ്നേഹത്തിലും കരുതലിലും എന്നും ജീവിക്കുന്ന ദമ്പതികളുണ്ട്. ദാമ്പത്യജീവിതത്തിൽ നാളുകൾ പിന്നിട്ടു മുന്നേറുമ്പോൾ ബന്ധങ്ങളുടെ ആഴം കൂടുതൽ തിരിച്ചറിയുന്നവരുണ്ട്. മാധുര്യമേറിക്കൊണ്ടിരിക്കുന്ന ദാമ്പത്യത്തിന്റെ ഉടമകളായി അവർ പ്രകാശം ചൊരിയുന്നു. കുടുംബമൊന്നായി പ്രാർത്ഥനാജീവിതത്തിലും കൗദാശികജീവിതത്തിലും മികവ് പുലർത്തുകയും സഭാസമൂഹത്തോടുള്ള സുദൃഢമായ ബന്ധം നിലനിർത്തുകയും ചെയ്യുന്ന കുടുംബങ്ങൾ വളരെയേറെയാണ്.

### കറുത്ത രേഖകൾ

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കാൻ വിമുഖരായ യുവതീയുവാക്കളുടെ വർദ്ധിച്ചുവരുന്ന എണ്ണം ശുഭസൂചകമായ വസ്തുതയല്ല. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രത്യേകമായ ഒരു കാഴ്ചപ്പാട് സ്വീകരിച്ചവരും വ്യക്തിവാദത്തിൽ (Individualism) അധിഷ്ടിതമായ തനിമ രൂപീകരിച്ചവരുമാണ് ഇവരിലേറെയും. വിവാഹപൂർവ ബന്ധങ്ങളിൽ അസ്വാഭാവികത കാണാത്ത യുവജനങ്ങളുടെ എണ്ണം കൂടി വരുന്നു എന്നത് അസ്വസ്ഥത സൃഷ്ടിക്കുന്ന കാര്യമാണ്. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ വിശ്വാസത്തിന് പ്രാധാന്യം നൽകാത്ത, യുവജനങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി നാം കാണുന്നു. വേണ്ടവിധമുള്ള ആത്മികവും വിശ്വാസപരവുമായ ഒരുക്കമില്ലാതെയും കൃപാവരാവസ്ഥയിൽ അല്ലാതെയും വിവാഹ കൂദാശ സ്വീകരിക്കുന്നവരും ഉണ്ട്.

കുടുംബജീവിതത്തിനുള്ളിലെ വളരുന്ന അസ്വസ്ഥതകൾ അവഗണിക്കാനാവില്ല. ദമ്പതികൾ തമ്മിലുള്ള പൊരുത്തക്കേടുകൾ, മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള വർദ്ധിച്ചുവരുന്ന അകലം ഇവ അസ്വസ്ഥത സൃഷ്ടിക്കുന്നു. വിവാഹിതർ അണുകുടുംബങ്ങളായി പരിണമിക്കാൻ താൽപര്യപ്പെടുന്ന ജീവിത സാഹചര്യം വളർന്നുവരുന്നു. അത് കുട്ടികളിലും ദമ്പതികളിലും സൃഷ്ടിക്കുന്ന ശൂന്യത നിസ്സാരവൽക്കരിക്കാനാവില്ല. സംവേദനത്തിന് ഇടമോ വ്യക്തികളോ ഇല്ലാതെ തങ്ങളിലേക്കു ചുരുങ്ങുന്ന വ്യക്തികൾ ഏറെയാണ്. ഈ ഇടം നികത്തുന്നത് ആധുനിക സാമൂഹിക മാദ്ധ്യമങ്ങളാണ്. അവയൊക്കെ അപകടകരമായ സ്ഥിതി വിശേഷത്തിലേക്ക് കുട്ടികളെയും യുവജനങ്ങളെയും ദമ്പതികളെയും കുടുംബങ്ങളെത്തന്നെയും നയിക്കുന്നതായി നാം കാണുന്നു. തകരുന്ന കുടുംബങ്ങളുടെയും വ്യക്തിജീവിതങ്ങളുടെയും കണക്കുകൾ മനസ്സിനെ അസ്വസ്ഥമാക്കുന്നതാണ്.

വിവാഹിതരായിരിക്കെത്തന്നെ വിവാഹേതര ബന്ധങ്ങളിൽ അഭിരമിക്കുന്നവരുടെയും, സിവിൽ വിവാഹമോചനത്തിനുശേഷം കൗദാശികബന്ധത്തിലല്ലാതെ ഒന്നിച്ചു ജീവിക്കുന്നവരുടെയും വിവാഹിതരാകാതെ സഹവസിക്കുന്നവരുടെയും എണ്ണം കൂടി വരുന്നു. വർദ്ധിച്ചുവരുന്ന വിവാഹ മോചനങ്ങൾ കുടുംബങ്ങളെയും ദമ്പതികളെയും കുഞ്ഞുങ്ങളെയും ദുരന്തത്തിലേക്കു നയിക്കുന്നു. വിവാഹമോചനത്തിനുള്ള നടപടികൾ എളുപ്പമാക്കുന്ന സിവിൽ നിയമങ്ങൾ വിവാഹമോചനത്തിനുള്ള ശ്രമങ്ങൾക്ക്

സഹായകരമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്.

ധാർമ്മിക വിവേചനയില്ലാതെ കൃത്രിമജനന നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്നവരുടെയും, സന്താന ലബ്ധിക്കു വേണ്ടി ആധുനിക പ്രജനന മാർഗങ്ങൾ അവലംബിക്കുന്നവരുടെയും, ഗർഭഛിദ്രം നടത്തുന്നവരുടെയും സംഖ്യ ഏറെയാണ്.

കുട്ടികളുടെ ബൗദ്ധികപരിശീലനത്തിൽ മാത്രം ശ്രദ്ധിക്കുകയും മാനസിക, ആത്മിക, വിശ്വാസപരമായ രൂപീകരണത്തെ തീർത്തും അവഗണിക്കുകയും ചെയ്യുന്ന മാതാപിതാക്കളും കുറവല്ല. കുട്ടികൾക്ക് സമഗ്രമായ പരിശീലനം നൽകുന്നതിൽ മാതാപിതാക്കൾ ശ്രദ്ധ ചെലുത്തുന്നില്ല എന്നത് നിഷേധിക്കാനാവില്ല. ശരിയായ വിശ്വാസ പരിശീലനത്തിന്റെയും ദിശാബോധത്തിന്റെയും അഭാവത്തിൽ കുട്ടികളിൽ മാനസിക വൈകല്യങ്ങളും സ്വഭാവവൈകൃതങ്ങളും നാസ്തിക മനോഭാവങ്ങളും കൂടിവരുന്നു. മയക്കുമരുന്നിന്റെയും ലഹരിയുടെയും പിടിയിലാകുന്ന കുട്ടികളുടെയും യുവജനങ്ങളുടെയും എണ്ണം വർദ്ധിച്ചുവരുന്നു. വിവാഹ-കുടുംബ ജീവിതത്തോട് തീർത്തും നിഷേധാത്മകമായ (negative) നിലപാടു രൂപീകരിക്കുവാൻ ബാല്യം മുതലുള്ള പരിശീലനത്തിലെ അശ്രദ്ധ കാരണമായിത്തീരുന്നു.

ആധുനിക സാമൂഹിക-സാമ്പത്തിക സ്ഥിതിവിശേഷത്തിൽ ഭവനങ്ങളിൽ ഒറ്റപ്പെട്ടു പോകുകയോ വൃദ്ധസദനങ്ങളിൽ അഭയം തേടുവാൻ നിർബന്ധിതരാകുകയോ ചെയ്യുന്ന വൃദ്ധജനങ്ങളുടെ എണ്ണം പെരുകുന്നു.

### സഭാപ്രബോധനങ്ങളിലെ കുടുംബങ്ങളെ സംബന്ധിച്ച വർദ്ധമാനമായ ഔത്സുക്യം

രണ്ടാം വത്തിക്കാൻ സുനഹദോസു മുതൽ കുടുംബങ്ങളെ സംബന്ധിച്ച് സഭ വളരെയേറെ പ്രസക്തമായ പ്രബോധന രേഖകളും മാർഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സഭ ആധുനിക ലോകത്തിൽ (ഗൗദിയും എത്ത് സ്പെസ്) എന്ന പ്രമാണരേഖയിലെ കുടുംബത്തെക്കുറിച്ചുള്ള പ്രബോധനമാണ് കഴിഞ്ഞ ദശകങ്ങളിൽ സഭയിലെ വിചിന്തനത്തിന്റെയും പ്രബോധനത്തിന്റെയും അടിസ്ഥാനം. ഗാർഹിക സഭ എന്ന സങ്കല്പം, മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ പ്രഥമ പുരോഹിതർ തുടങ്ങിയ അടിസ്ഥാനപരമായ ദർശനങ്ങൾ നൽകി കുടുംബത്തിന്റെ കൗദാശികതയും ദൈവികതയും സംശയാതീതമായി തിരുസഭ (ലൂമെൻ ജെൻസിയും-ജനതകളുടെ പ്രകാശം) പഠിപ്പിച്ചിട്ടുണ്ട്. പാശ്ചാത്യ-പൗരസ്ത്യ സഭാ നിയമങ്ങളും, നിയമത്തിനപ്പുറം വിവാഹകൂദാശയുടെ ദൈവികസ്ഥാപനമെന്ന ശ്രേഷ്ഠതയും ദൈവ-മനുഷ്യ സമാഗമവുമാണ് ഉയർത്തിക്കാട്ടുക. സഭാ നിയമങ്ങൾ ദൈവികമായ സ്ഥാപനമെന്ന നിലയിലാണ് വിവാഹത്തെ സംബന്ധിച്ച നിയമങ്ങളെ ആവിഷ്ക്കരിക്കുക.

### വിവാഹകൂദാശയിലെ ദൈവമനുഷ്യ സമാഗമം: വി. ഗ്രന്ഥത്തിലെ പ്രബോധനത്തിന്റെ കാതൽ പഴയനിയമം: ആദിയിലെപ്പോലെ...

ദൈവം പ്രപഞ്ചം സൃഷ്ടിച്ചതും സംവിധാനം ചെയ്തതും മനുഷ്യനു വേണ്ടിയാണ്; ഒപ്പം തന്റെ പ്രതിനിധിയായി സൃഷ്ടിയെ പരിപാലിക്കാനായി ദൈവം മനുഷ്യനെ നിയമിച്ചു (ഉല്പ.1-2). സൃഷ്ടജീവികളൊന്നും മനുഷ്യന്റെ ഏകാന്തതയെ അകറ്റാൻ പര്യാപ്തമായില്ല എന്നു കാണുമ്പോഴാണ് ദൈവം



പുരുഷന് യോജ്യയായ പങ്കാളിയെ നൽകുന്നത്. പുരുഷന് തക്കതായ ഇണയെ (Fit Support) നൽകുന്നു എന്ന വേദഭാഗത്തെ നാം ശരിയായി മനസ്സിലാക്കണം. ഉത്തരവാദിത്വത്തോടെയും തുല്യതാ മനോഭാവത്തോടെയും ജീവിതം നയിക്കുവാൻ അനുയോജ്യരായ പങ്കാളികളായി, ദൈവപരിപാലനയിൽ ഇണയും തുണയുമായി ആദവും ഹൗവ്വയും സംയോജിപ്പിക്കപ്പെടുന്നു. ആദ്യദമ്പതികളുടെ വിളിയിലും തെരഞ്ഞെടുപ്പിലും നാം കാണുക ദൈവത്തിന്റെ തീരുമാനങ്ങളാണ്. ആദവും ഹൗവ്വായും വിവാഹ തീരുമാനം എടുക്കുകയോ, പരസ്പരം തെരഞ്ഞെടുക്കുകയോ ചെയ്യുകയല്ല. ആദവും ഹൗവ്വായും ദൈവത്തിന്റെ തീരുമാനം അംഗീ

കരിക്കുകയാണ് ചെയ്യുക. എന്തിനാണ് ദൈവം സ്ത്രീയെയും പുരുഷനെയും സംയോജിപ്പിച്ചത്? മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവത്തെപ്പോലെയാണ്: അവിടുത്തെ ഛായയിലും സാദൃശ്യത്തിലും. മനുഷ്യൻ ആരെപ്പോലെ സൃഷ്ടിക്കപ്പെട്ടുവോ, ആ ദൈവവുമായുള്ള, മൂലവുമായുള്ള (original) ആശ്രയഭാവവും സമാനതയുമാണ് ഛായ, സാദൃശ്യം എന്നീ പദങ്ങൾ കൊണ്ട് വി. ഗ്രന്ഥകാരൻ ലക്ഷ്യമാക്കുക. ദൈവത്തിന്റെ അധികാരത്തിൽപ്പെട്ട സൃഷ്ടിക്കാനും പരിപാലിക്കാനും സ്നേഹിക്കാനുമുള്ള കഴിവു നൽകിയാണ് മനുഷ്യൻ മെനയപ്പെട്ടതും സ്ത്രീയും പുരുഷനും സംയോജിപ്പിക്കപ്പെട്ടതും. യാഥാർത്ഥമായ ദൈവദർശനത്തിൽ നിന്നാണ് മനുഷ്യന് തന്റെ മഹത്വവും ജീവന്റെ മൂല്യവും ഗ്രഹിക്കുവാൻ കഴിയുക എന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ഏറെ ശ്രദ്ധയോടെ ധ്യാനിക്കേണ്ടതാണ് (ജീവന്റെ സുവിശേഷം, 21.1). പരസ്പരം സ്നേഹിക്കുവാനും ദൈവത്തെപ്പോലെ സൃഷ്ടിക്കുവാനുമാണ് പുരുഷനും സ്ത്രീയും സംയോജിപ്പിക്കപ്പെട്ടത്. വിവാഹജീവിതത്തിലേക്കുള്ള വിളി (the vocation to marriage) സ്ത്രീയിലും പുരുഷനിലും ദൈവം കൊത്തിച്ചേർത്തിട്ടുണ്ട് എന്ന മതബോധനത്തിലെ പ്രബോധനം വിശ്വാസദൃഷ്ട്യാ ഏറെ ശ്രദ്ധേയമാണ്.

വി. ഗ്രന്ഥം നൽകുന്ന കാഴ്ചയനുസരിച്ചും യഹൂദ വിശ്വാസമനുസരിച്ചും എല്ലാ വിവാഹങ്ങളിലും ദൈവം നേരിട്ടു സന്നിഹിതനായി ആദത്തിന്റെയും ഹൗവ്വായുടെയും കാര്യത്തിലെന്നപോലെ യോജിപ്പിക്കുന്ന കർമ്മം പുനരാവിഷ്ക്കരിക്കുകയാണ്. വി. മത്തായിയുടെ സുവിശേഷത്തിൽ നൽകിയിരിക്കുന്ന യേശുവിന്റെ വചനങ്ങളും ഈ ദർശനത്തിലേക്കാണ് നമ്മെ നയിക്കുക. യഹൂദ സമൂഹത്തിൽ അനുവദനീയമായ വിവാഹ മോചനത്തെ നിരാകരിച്ചുകൊണ്ട് യേശു പഠിപ്പിക്കുക: **"സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും, ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ? തന്മൂലം, പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്താ.19:4-9).** വിവാഹമോചനം ദൈവഹിതമല്ല എന്നു തന്നെയാണ് യേശുവിന്റെ പ്രബോധനം.

വിവാഹം സ്നേഹം നൽകാനും ജീവൻ നൽകാനും ദൈവമൊരുക്കിയ പദ്ധതിയാണ്; സ്നേഹദായകവും ജീവദായകവുമാണ് (love giving and life giving). വിവാഹത്തെ സ്നേഹത്തിന്റെ കൂദാശയെന്ന് വിളിക്കുന്ന പൗരസ്ത്യ സഭകളുടെ പാരമ്പര്യം വി. ഗ്രന്ഥാധിഷ്ഠിതമാണ്. മാറ്റമില്ലാതെ ഇന്നും പൗരസ്ത്യ സഭകൾ ഈ വസ്തുത പ്രഖ്യാപിക്കുന്നുണ്ട്. സ്വഭാവികമായും സ്നേഹവും സമർപ്പണവും പുരുഷന്റെയും സ്ത്രീയുടെയും ഭാഗത്തു നിന്ന് ത്യാഗം ആവശ്യപ്പെടുന്ന ജീവിതവഴിയാണ്.

വി. ഗ്രന്ഥത്തിൽ പ്രത്യേകിച്ച് പ്രവാചക ഗ്രന്ഥങ്ങളിൽ, ദൈവ-മനുഷ്യ ബന്ധത്തിന്റെ ആഴം വ്യക്തമാക്കാൻ വിവാഹമെന്ന പ്രതീകമാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ വരനും വധുവും തമ്മിലുള്ള സ്നേഹസമർപ്പണമായി കാണുന്നു (ഏശ.62:5; എസ.16:1 f). ദൈവത്തിന്റെ സ്നേഹത്തിന് വി. ഗ്രന്ഥത്തിൽ മുൻതൂക്കം നൽകുന്നുണ്ട്. വിവാഹം വ്യവസ്ഥകളില്ലാത്ത ബന്ധമാണ്. യഥാർത്ഥ വിവാഹത്തിലേക്കു വരുമ്പോൾ സ്ത്രീയിൽ നിന്നും പുരുഷനിൽ നിന്നും ഒരുപോലെ വ്യവസ്ഥകൾക്കതീതമായ സ്നേഹവും സമർപ്പണവും ദൈവം പ്രതീക്ഷിക്കുന്നു, കാരണം ഇരുവരുടെയും പിതാവ് ദൈവമാണ്, അവരെ സംയോജിപ്പിച്ചതും ദൈവം തന്നെ. എന്തുകൊണ്ട് ദൈവം ജനത്തിന്റെ ബലിയും കാഴ്ചകളും സ്വീകരിക്കുന്നില്ല എന്ന വിലാപത്തിന് മലാക്കി പ്രവാചകൻ നൽകുന്ന ഉത്തരം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. വിവാഹ ഉടമ്പടിയുടെ ലംഘനവും അവിശ്വസ്തതയും വിവാഹമോചനവുമാണ് കാരണങ്ങളായി പറയുക (മലാ.2:10-16). വിശ്വാസത്തിനുചിതമായ സമർപ്പണം വിവാഹജീവിതത്തിലുണ്ടാകണം. ദൈവത്തിന്റെ വിളിക്ക് വിവാഹിതർ നൽകുന്ന പ്രത്യുത്തരം അവരുടെ അനുദിന ജീവിതത്തിലൂടെ തന്നെയാവണം. പരസ്പരം ബഹുമാനിച്ച്, അംഗീകരിച്ച് ജീവിതം ആസ്വദിക്കാനുള്ള ഉത്തമഗീതത്തിലെ ആഹ്വാനവും, വീഴ്ചകളെ ക്ഷമിച്ച് സ്നേഹിക്കാൻ എസക്കിയേലും (16:59 f) ഹോസിയായും (2:1-3) ഉയർത്തിക്കാട്ടുന്ന ദൈവത്തിന്റെ മാതൃകയും പ്രസക്തമാകുന്നത് ഈ അർത്ഥത്തിലാണ്. ഇസ്രായേലിന് പ്രവാചകന്മാർ ആഹ്വാനം നൽകുന്നതുപോലെ (ഏശ.49-57) ആദ്യസ്നേഹത്തിലേക്കു മടങ്ങിവരാൻ വിവാഹിതർക്ക് ദൈവം നിരന്തരമായ ആഹ്വാനം നൽകുന്നു.

ദൈവത്തിലുള്ള ആഴമായ വിശ്വാസത്തിലും അവിടുത്തെ പദ്ധതിയിലുള്ള ആശ്രയത്തിലുമാണ് പഴയനിയമത്തിലെ ലൈംഗികതയെയും ദാമ്പത്യവിശ്വസ്തതയെയും സംബന്ധിച്ച പ്രബോധനവും നിയമങ്ങളും നാം മനസ്സിലാക്കേണ്ടത്. ലൈംഗികത പരസ്പര പൂരകമായ സ്ത്രീ-പുരുഷ ബന്ധത്തിനായുള്ള ദൈവദാനമാണ്; അത് വിവാഹത്തിനു പുറമേ നിരർത്ഥകമാണ്. ദാമ്പത്യ അവിശ്വസ്തത ദൈവത്തോടു തന്നെയുള്ള അവിശ്വസ്തതയായി പ്രവാചകന്മാർ കാണുന്നു. ആദ്യസ്നേഹത്തെക്കുറിച്ചുള്ള നിരന്തരമായ അനുസ്മരണയിലൂടെയും ആത്മപരിശോധനയിലൂടെയും, മാനസാന്തരത്തിലൂടെയുമേ വിവാഹബന്ധത്തിന്റെ കൃപയിൽ സ്ഥിരതയോടെ നിൽക്കുവാൻ വിവാഹിതർക്ക് സാധ്യമാകുകയുള്ളൂ.

### പുതിയ നിയമം : വിവാഹം സ്നേഹത്തിന്റെ കൂദാശ

ദൈവം ആദിയിൽ വിഭാവനം ചെയ്ത വിവാഹത്തെ സംബന്ധിച്ച ദർശനത്തിലേക്കു മടങ്ങണമെന്ന യേശുവിന്റെ പ്രബോധനം നാം കാണുകയുണ്ടായി (മത്താ.19:3-12; മർക്കോ.10:1-12). പക്ഷേ, അവിടുന്നു തന്നെ പഠിപ്പിക്കുന്നുണ്ട്, "കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല" എന്ന്. വിവാഹത്തെ സംബന്ധിച്ച പ്രബോധനം ദൈവികപുണ്യങ്ങളായ വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും പ്രത്യാശയുടെയും നിറവിലേ മനുഷ്യന് സ്വീകരിക്കാനാവൂ.

മലങ്കര ആരാധനക്രമത്തിൽ വിവാഹ കൂദാശയിൽ വി. മത്തായിയുടെ സുവിശേഷത്തോടൊപ്പം നൽകിയിരിക്കുന്ന വേദഭാഗം എഫേസോസുകാർക്കുള്ള ലേഖനം (എഫേ.5:22-23) ആണ്. വിവാഹത്തിന്റെ കൗദാശികതയും, വിവാഹിതരുടെ വിളിയും ദൗത്യവും സംബന്ധിച്ച പുതിയ നിയമത്തിലെ ഏറ്റവും വ്യക്തമായ പ്രബോധനമാണ് വി. പൗലോസ് നൽകുക. വിവാഹത്തെ സംബന്ധിച്ച്, "ഇത് ഒരു വലിയ രഹസ്യമാണ്. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണ്" താൻ ഇതു പറയുന്നത് എന്ന് വി. പൗലോസ് പ്രസ്താവിക്കുമ്പോൾ, വിവാഹത്തിന്റെ രക്ഷാകരസ്വഭാവമാണ് അദ്ദേഹം വ്യക്തമാക്കുക. വി. പൗലോസ് ഉപയോഗിക്കുന്ന രഹസ്യം (Mysterion) എന്ന പദം വിവാഹത്തിന്റേ കൗദാശികമാനത്തെ വ്യക്തമാക്കുന്നതാണ്. ഭർത്താവിന്റെ മുമ്പിലെ ജീവിതമാ

തൃക, സ്വവധുവായ സഭയ്ക്കുവേണ്ടി കുരിശിൽ ജീവനർപ്പിച്ച കർത്താവായ യേശു ക്രിസ്തുവാണ്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭാര്യയെ സ്നേഹിക്കാൻ ഭർത്താവ് വിളിക്കപ്പെടുന്നു. സഭ ക്രിസ്തുവിനെ സ്നേഹിച്ച് സമർപ്പിച്ചതുപോലെ ഭർത്താവിനെ സ്നേഹിക്കാൻ ഭാര്യയും വിളിക്കപ്പെടുന്നു. ദമ്പതികളുടെയും ദൈവം നൽകുന്ന കുഞ്ഞുങ്ങളുടെയും രക്ഷയുടെ രഹസ്യം, കൂദാശയാണ് വിവാഹം. വി.ഗ്രന്ഥവും അപ്പസ്തോലിക ഉപദേശവും നൽകുന്ന കാഴ്ചയിലേക്കുള്ള മടക്കം ഇക്കാലഘട്ടത്തിൽ ഏറെ ആവശ്യമാണ്. പൗരസ്ത്യസഭകളിൽ വി. കൂദാശകളെ വിശുദ്ധരഹസ്യങ്ങൾ (Holy Mysteries) എന്ന് വിളിക്കുന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

വിവാഹത്തിന്റെ ഏകതയും അവിഭാജ്യതയും (unity and indissolubility) കൗദാശികതയാൽ ഉറപ്പിക്കപ്പെടുന്നെന്ന് വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനവും സംശയലേശമെന്യേ എക്കാലവും വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. "വിവാഹത്തിന്റെ സത്താപരമായ സവിശേഷതകളാണ് അതിന്റെ ഏകത്വവും അവിഭാജ്യതയും; ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തിൽ കൂദാശ എന്ന നിലയിൽ ഇവയ്ക്ക് പ്രത്യേകമായ ദൃഢത കൈവരുന്നു" എന്ന് സഭാനിയമവും മതബോധനവും അസന്നിഗ്ദമായി പഠിപ്പിക്കുന്നുണ്ട് (CCEO 776,3: കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 1643-45). ഏകതയും അവിഭാജ്യതയും ദമ്പതികൾ തമ്മിലുള്ള സ്നേഹവും പ്രതിബദ്ധതയും വർദ്ധിപ്പിക്കുകയും, പരസ്പര നന്മയിൽ ഉത്സുകരാകുന്നതിന് പ്രചോദനം നൽകുകയും ചെയ്യും. അതുപോലെ ദാമ്പത്യവിശ്വസ്തത വിവാഹത്തിന്റ ഫലദായകത്വത്തിലേക്കും സന്താനങ്ങളുടെ ഉത്തമമായ രൂപീകരണത്തിനും വളർച്ചയ്ക്കുവേണ്ടി സമർപ്പിക്കുന്നതിലേക്കും കൃപ നൽകുകയും ചെയ്യും.

"എല്ലാവരുടെ ഇടയിലും വിവാഹം മാന്യമായി കരുണപ്പെടട്ടെ, മണവറ മലിനമാകാതിരിക്കട്ടെ" (ഹെബ്രാ.13:4) എന്ന ഹെബ്രായ ലേഖനത്തിലെ ഉപദേശം വിവാഹം ദൈവികപദ്ധതിയിൽ രൂപപ്പെട്ടതാണെന്നും, വിവാഹജീവിതത്തിൽ വിശുദ്ധി അനിവാര്യമാണെന്നും വ്യക്തമാക്കുന്നു. ഇതോട് ചേർത്തു വായിക്കേണ്ടതാണ്, കോറിന്തോസുകാർക്കുള്ള ലേഖനത്തിലെ വിശുദ്ധ പൗലോസിന്റെ ഉപദേശം (1കോറി.7:1-7). വൈവാഹിക അവകാശങ്ങളിൽ (Conjugal Rights) പെടുന്ന ദാമ്പത്യധർമ്മം, ശാരീരിക, ലൈംഗിക കടപ്പാടുകൾ, വിവാഹപൊരുത്തത്തിന്റെ അനിവാര്യമായ മേഖലയാണ്. പ്രാർത്ഥനയ്ക്കു വേണ്ടിയാണെങ്കിൽപോലും പരസ്പര സമ്മതത്തോടു കൂടിയേ ദമ്പതികൾ അകന്നു നിൽക്കാവൂ എന്ന് കോറിന്ത്യാ ലേഖനം സംശയാതീതമായി പഠിപ്പിക്കുന്നു. ശാരീരിക, ലൈംഗിക മേഖലയെ നിസ്സാരവൽക്കരിക്കുന്ന ഉപദേശങ്ങൾ അസ്വീകാര്യമാണ്. അസംതൃപ്തമായ ലൈംഗികജീവിതം വിവാഹ-കുടുംബ ജീവിതത്തിൽ ഗൗരവമായ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ കാരണമാകും. ദമ്പതികളുടെ അപൂർണവും സ്ഥിരതയില്ലാത്തതുമായ ബന്ധങ്ങളും പരസ്പരം അനുധാവനം ചെയ്യാത്തതുമായ ജീവിതശൈലിയാണ് പല വിവാഹത്തകർച്ചകൾക്കും കാരണമാകുന്നത്.

വിവാഹം നിയമപരമായി രണ്ടു സ്വാതന്ത്രരായ വ്യക്തികൾ തമ്മിലുള്ള ബന്ധം എന്ന് നിർവചിക്കപ്പെടുന്നെങ്കിലും, അത് സൃഷ്ടിക്കുന്നത് ബന്ധങ്ങളുടെ വലിയ ഒരു പരമ്പര തന്നെയാണ്. ഭാരതീയ-കേരളീയ സംസ്ക്കാരത്തിൽ വിവാഹം വഴി സംജാതമാകുന്ന ബന്ധങ്ങളെല്ലാം ഏറെ പ്രാധാന്യമർഹിക്കുന്നതുമാണ്. ഈ ബന്ധങ്ങൾ സമഞ്ജസമായി പരിപാലിക്കപ്പെട്ടിരുന്ന കാലത്ത്, വിവാഹിതർ തമ്മിലുള്ള പ്രശ്നങ്ങളുടെ അവസരങ്ങളിൽ പരിഹാരങ്ങൾ കുടുംബത്തിനുള്ളിൽ തന്നെ രൂപപ്പെട്ടിരുന്നു. കുട്ടികൾ മുതിർന്ന തലമുറയാൽ കരുതപ്പെടുകയും അവരാൽ രൂപീകരിക്കപ്പെടുകയും ചെയ്തിരുന്നു. നല്ല പാരമ്പര്യങ്ങളും മൂല്യങ്ങളും കുടുംബത്തിനുള്ളിൽ നിന്നുതന്നെ സ്വാംശീകരിച്ചിരുന്നു. സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾ ബന്ധങ്ങളിൽ വിള്ളലുകൾ ഉളവാക്കി; കുടുംബമൂല്യങ്ങളുടെ തിരസ്ക്കാരത്തിന് വഴി തെളിച്ചു. അവയുടെ പുനഃസ്ഥാപനത്തിന് പ്രായോഗികമായ നിർദ്ദേശം നൽകുവാൻ മലങ്കര കത്തോലിക്കാ സഭയുടെ അസംബ്ലിക്കു സാധ്യമാകുമെന്നു പ്രത്യാശിക്കാം.

### കുടുംബകൂട്ടായ്മ

വിവാഹത്തിൽ രണ്ട് വ്യക്തികളുടെ പരസ്പര സമ്മതത്തിൽ ആരംഭിക്കുന്നത് ഒരു കുടുംബമാണ്, കൂട്ടായ്മയാണ്. അത് തനിമയോടു കൂടിയ ഒരു സാമൂഹിക ഘടകമാണ്. സ്ത്രീക്കും പുരുഷനും പുതിയ വ്യക്തിത്വമായി; ഇതുവർക്കും ബന്ധങ്ങളുടെ വലിയ ഒരു ശ്രേണി തന്നെ ഉണ്ടാകുകയാണ്. വിശ്വാസിയുടെ കാഴ്ചയിൽ അതിനുമപ്പുറം ദൈവികമായ സ്ഥാപനമാണ് കുടുംബം. (CCEO 776; കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 1601. സഭ ആധുനികലോകത്തിൽ, 48.1) കുടുംബത്തിന്റെ രൂപീകരണത്തോടെ സഭയുടെ ഒരു വിശ്വാസഘടകം രൂപം കൊള്ളുകയാണ്. ദമ്പതികളുടെ സമഗ്രതയ്ക്കും വിശുദ്ധീകരണത്തിനും സുവിശേഷസാക്ഷ്യത്തിനുമായാണ് ദൈവം അവരെ യോജിപ്പിക്കുന്നത്; ദൈവം യോജിപ്പിക്കുന്നത് എപ്പോഴും പൂർണരായ മനുഷ്യരെയാവണമെന്നില്ല; പക്ഷേ, ആവശ്യമായത് സ്ത്രീയ്ക്കും പുരുഷനും പൂർണതയ്ക്കുവേണ്ടി പരിശ്രമിക്കുവാനുള്ള പ്രതിബദ്ധതയാണ്.

### കുട്ടികളും പരിശീലനവും

ദമ്പതികളോടൊപ്പം കുടുംബത്തിൽ ഏറ്റം പ്രാധാന്യമർഹിക്കുന്നത് ദൈവം നൽകുന്ന കുഞ്ഞുങ്ങളും അവരുടെ പരിശീലനവുമാണ് (സങ്കീ.127:3). വിവാഹത്തിന്റേ പൂർണത ദൈവം ദാനമായി നൽകുന്ന കുഞ്ഞുങ്ങളാണ്. (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 1652-1654). അവരുടെ പരിശീലനം പഴയ-പുതിയ നിയമങ്ങളിൽ ഒരുപോലെ പ്രാധാന്യത്തോടെ പരാമർശിക്കുന്നുണ്ട് (നിയ.4:9-10; 6:6-9; 11:19; സുഭാ.1:8-9; 13:24; 22:6; 22:15; 23:13-14: 29:15,17; എഫേ.6:1-4: കൊളോ.3; 21).

നമ്മുടെ കാലഘട്ടത്തിൽ കുട്ടികളുടെ പരിശീലനം ഏറെ ശ്രമകരമാണ്; കുഞ്ഞുങ്ങളുടെ പരിശീലനം ദുഷ്കരമായതിനാൽ അതിനെ അവഗണിക്കുന്നത് അപകടകരമായ കാര്യമാണ്. ഈ പശ്ചാത്തലത്തിൽ പ്രത്യേകം ശ്രദ്ധ കാണിക്കേണ്ട കാര്യങ്ങൾ സൂചിപ്പിക്കട്ടെ!

(i) വളരെ ബാല്യം മുതൽ പ്രാർത്ഥനയിൽ കുഞ്ഞുങ്ങളെ പങ്കാളികളാക്കുക; പ്രാർത്ഥിക്കുന്ന, ആത്മിക നിറവുള്ള, കൃപ നിറഞ്ഞ ദൈവമക്കളായി കുഞ്ഞുങ്ങളെ വളർത്തുക. അവരെ ദൈവമക്കളായി വളർത്തുകയാണെങ്കിൽ, അവർ മാതാപിതാക്കളുടെയും ഉത്തമരായ മക്കളായി വളരും. 'ദൈവത്തിന്റെ പ്രീതിയിൽ" കുഞ്ഞുങ്ങൾ മുമ്പിലാണെങ്കിൽ "മനുഷ്യരുടെ പ്രതീതിയിലും" (ലൂക്കാ.2:52) സമൂഹത്തോടുള്ള പ്രതിബദ്ധതയിലും അവർ മികവുള്ളവരായിരിക്കും.

(ii) വേദോപദേശം, വിശ്വാസപരിശീലനം നാലാം പ്രമാണത്തോട് ചേർത്ത് തങ്ങളുടെ കടമയായി തന്നെ മാതാപിതാക്കൾ സ്വീകരിക്കണം. കുഞ്ഞുങ്ങളുടെ ഭൗതികവും ആത്മികവുമായ പരിശീലനത്തിന് അർഹിക്കുന്ന ശ്രദ്ധ നൽകുക മാതാപിതാക്കളുടെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കടമയാണ്.

കുഞ്ഞുങ്ങളുടെ സെക്കുലർ പഠനത്തിൽ മാത്രം ശ്രദ്ധ കാണിക്കുകയും മതബോധനം ഉൾപ്പെടെ ആത്മിക കാര്യങ്ങൾ തീർത്തും അവഗണിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ സംഖ്യ ഏറിവരികയാണ്. തെരഞ്ഞെടുപ്പുകളുടെ അവസരത്തിൽ, പ്രത്യേ കിച്ച് വിവാഹകാര്യത്തിൽ, യാതൊരു പരിചിന്തനവുമില്ലാതെ അകത്തോലിക്കരെയും അക്രൈസ്തവരെയും പങ്കാളികളാക്കാൻ മടികാണിക്കാത്ത യുവതീയുവാക്കളുണ്ട്. മക്കൾ വിശ്വാസമനുസരിച്ച് ജീവിക്കണമെന്ന്, മാതാപിതാക്കളെ ബഹുമാനിക്കണമെന്ന് അറിയണമെങ്കിൽ അതിനുള്ള ബോധ്യം അവർക്ക് ലഭിച്ചേ മതിയാകൂ. വിശ്വാസപരിശീലനം വികാരിയച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും, മതബോധനാദ്ധ്യാപകരുടെയും ആവശ്യമായോ, നിർബന്ധമായോ കണക്കാക്കുന്ന പ്രവണത അവസാനിപ്പിക്കണം. ക്രിസ്തീയ രൂപീകരണത്തിന്, കുടുംബങ്ങളുടെ സുസ്ഥിതിക്ക് കുട്ടികളുടെയും യുവജനങ്ങളുടെയും ഉത്തമമായ പരിശീലനം കുടുംബത്തിലും, വിദ്യാലയങ്ങളിലും വിശ്വാസപരിശീലന വേദിയിലും, യുവജന പ്രസ്ഥാനത്തിലും കൂടെ ലഭ്യമാകണം. ഇതൊക്കെ ഓപ്ഷനൽ ആയി കരുതുന്നതിന്റെ പ്രധാനകാരണം മാതാപിതാക്കളുടെ നിഷ്ക്രിയതാമനോഭാവമാണെന്ന് തന്നെ പറയേണ്ടിയിരിക്കുന്നു.

(iii) മാതാപിതാക്കളുടെയും കുടുംബത്തിന്റെയും സാമ്പത്തികസ്ഥിതിയും പരിമിതികളും അറിഞ്ഞ് കുട്ടികൾ വളർന്നു വരണം. ആവശ്യപ്പെടുന്നതെല്ലാം നല്കിയോ, ചോദിക്കുന്നതിലേറെ കൊടുത്തോ അല്ല മക്കളെ സ്നേഹിക്കേണ്ടത്. ആവശ്യമായ അളവിന് ഓരോന്നും നല്കിയാണ് മക്കളെ പരിശീലിപ്പിക്കേണ്ടത്. ഭവനത്തിന് പുറത്താകരുത് അവർ ആദ്യമായി വിപരീതാനുഭവനങ്ങൾ (frustrations) അനുഭവിക്കുന്നതും നേരിടുന്നതും (ഉദാ: കലാലയ പരീക്ഷ, ഉദ്യോഗത്തിനുള്ള പ്രവേശന പരീക്ഷാ ഭവനത്തിനകത്തു തന്നെ ന്യായമായ കുറവുകളും ഇല്ലായ്മകളും (frustrations) അനുഭവിച്ചു തന്നെ കുട്ടികൾ വളർന്നു വരണം. എങ്കിൽ മാത്രമേ കുട്ടികളിൽ യാഥാർത്ഥ്യബോധമുള്ളതും ശക്തവുമായ വ്യക്തിത്വം രൂപീകരിക്കപ്പെടുകയുള്ളൂ.

(iv) ദുശ്ശീലങ്ങൾ കുഞ്ഞുങ്ങളിൽ രൂപം കൊള്ളാതിരിക്കുവാൻ നിതാന്ത ജാഗ്രത പുലർത്തണം. കുഞ്ഞുങ്ങളിൽ ആസക്തി (addiction) ജനിപ്പിക്കത്തക്ക വിധം മാതാപിതാക്കളിൽ ദുശ്ശീലങ്ങൾ ഉണ്ടാവാൻ പാടില്ല. ഉദാഹരണമായി, മദ്യപാനം, പുകവലി, ടി.വി., മൊബൈൽ തുടങ്ങിയവയുടെ അമിതമായ ഉപയോഗം. സ്വപിതാവോ മാതാവോ ജീവിതത്തിലെ വിപരീതാനുഭവങ്ങളുടെ (frustrations) അവസരത്തിൽ സ്വീകരിക്കുന്ന നടപടികൾ കുട്ടികൾ പിന്തുടരാൻ സാധ്യതയേറെയാണ്. വി. ഗ്രന്ഥദർശനം അനുസരിച്ച്, കുഞ്ഞുങ്ങളുടെ മുമ്പിൽ മാതാവും പിതാവും ആബാപിതാവിന്റെ പ്രതിരൂപമാണ്. പിതാവിൽ, മാതാവിൽ കുഞ്ഞുങ്ങൾ ദൈവത്തിന്റെ സ്നേഹവും നന്മയും പരിപാലനയും ദർശിക്കണം. പ്രാർത്ഥിക്കാത്ത, ദൈവാലയത്തിൽ പോകാത്ത, ജീവിതത്തോട് ഭാവാത്മകവും ക്രിയാത്മകവുമായ (positive and creative) സമീപനമില്ലാത്ത മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ ജീവിതത്തിൽ വിപരീത ശക്തി (negative) പകരുന്നവരാവുന്ന അനുഭവങ്ങൾ കുറവല്ല. മകന് പിതാവായ തോബിത്ത് നല്കുന്ന ഉപദേശവും (4.1 f), മക്കളുടെ പാപപരിഹാരത്തിനായി ജോബ് അനുഷ്ഠിച്ചിരുന്ന പാപപരിഹാരബലിയും ശുദ്ധീകരണ കർമ്മങ്ങളും (1:4-5) നല്കുന്ന പാഠം എക്കാലത്തെയും മാതാപിതാക്കളുടെ മനസ്സിൽ സജീവമായ മാതൃകയായി നില്ക്കണം.

(v) വിവേകവും ക്ഷമയും ഉൾക്കൊണ്ട് ബാല്യം മുതൽ കുഞ്ഞുങ്ങളെ അനുധാവനം ചെയ്യേണ്ടത് അവശ്യം ആവശ്യമായ കാര്യമാണ്. സമയത്തിന്റെ അഭാവം പറഞ്ഞ് അതിൽ നിന്ന് ഒഴിവാകുന്നത് കൂടുതൽ അപകടങ്ങൾ ക്ഷണിച്ചു വരുത്തുകയേയുള്ളൂ. കുഞ്ഞുങ്ങൾ ബാഹ്യലോകവുമായി നേരിട്ട് ബന്ധപ്പെടുന്ന ദിനം/കാലം മുതൽ അവരുമായി എല്ലാ ദിവസവും സംസാരിക്കണം. കുട്ടികളുമായി സംസാരിച്ചു തുടങ്ങേണ്ടത് അവർ പ്രായപൂർത്തിയായി കഴിഞ്ഞോ, ഏതു പ്രൊഫഷൻ തെരഞ്ഞെടുക്കണമെന്നു നിശ്ചയിക്കുന്ന സമയത്തോ, ജീവിതാവസ്ഥ തെരഞ്ഞെടുക്കുമ്പോഴാ അല്ല, വളരെ ചെറിയ പ്രായം മുതൽ നിരന്തരം സംവേദനം ഉണ്ടാകണം. നിരന്തര സംഭാഷണം ഉണ്ടെങ്കിൽ എന്തെങ്കിലും പുതിയ കാര്യങ്ങളോ അനുഭവങ്ങളോ സംഭവിച്ചാൽ കുട്ടികൾ അതു പങ്കു വയ്ക്കും. സംസാരിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കണം. അനുഭവങ്ങളെ വിശകലനം ചെയ്യാൻ അവരെ പരിശീലിപ്പിക്കണം. ശരിയായ ജീവിത സമീപനങ്ങളെടുക്കാനും വീക്ഷണം രൂപീകരിക്കാനും ഡയലോഗ് അവരെ സഹായിക്കും. വിവാഹത്തിലേക്കോ മറ്റൊരു ജീവിതാന്തസ്സിലേക്കോ മക്കളെ ഒരുക്കേണ്ടത് ഒന്നാമതായി മാതാപിതാക്കൾ തന്നെയാണ്; സഭയുടെ നൈയാമികമായ വിവാഹ ഒരുക്കമോ, ദൈവവിളി ധ്യാനമോ അതിന്റെ തുടർച്ചയായി കാണണം.

(vi) കുഞ്ഞുങ്ങളിൽ ജീവിതത്തോട് ഭാവാത്മകവും ക്രിയാത്മകവുമായ (postitive and creative) സമീപനം രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾ ശ്രദ്ധ ചെലുത്തണം. വിപരീതാനുഭവങ്ങളെ അതിജീവിക്കാനുള്ള കരുത്ത് പകർന്നു കൊടുക്കുവാൻ ശ്രദ്ധ കാണിക്കണം. ഒരു പരാജയം കൊണ്ടോ വീഴ്ച കൊണ്ടോ ജീവിതം അവസാനിക്കുന്നില്ല എന്ന് അവരിൽ ബോധ്യം ജനിപ്പിക്കണം. കുഞ്ഞുങ്ങളുടെ പഠനം, ജീവിതാവസ്ഥ ഇവയുടെ തെരഞ്ഞെടുപ്പ് കുട്ടികളുമായി ചർച്ച ചെയ്ത്, തീരുമാനം എടുക്കാൻ അവരെ സഹായിക്കണം. തങ്ങളുടെ തീരുമാനങ്ങൾ കുട്ടികളിൽ അടിച്ചേൽപ്പിക്കാൻ (ഉദാ: പഠനം, ജീവിതാവസ്ഥ, ജീവിതപങ്കാളിയുടെ തെരഞ്ഞെടുപ്പ്) ശ്രമിക്കുന്നതായി കുട്ടികൾക്ക് അനുഭവപ്പെടരുത്. പരസ്പരം മനസ്സിലാക്കുന്നതും കുട്ടികളുടെ വ്യക്തിത്വത്തെ ബഹുമാനിക്കുന്നതുമായ സമീപനം മാതാപിതാക്കൾ രൂപപ്പെടുത്തണം.

### ബന്ധങ്ങളുടെ മൂല്യം

വിവാഹജീവിതത്തിലൂടെ ഉളവാകുന്ന എല്ലാ ബന്ധങ്ങളും വിലപ്പെട്ടതാണ്. ദമ്പതികളുടെ മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിങ്ങനെ ബന്ധങ്ങളുടെ നിര വലുതാണ്. കുടുംബ മൂല്യങ്ങളുടെ കൈമാറ്റം സുപ്രധാനമായ വസ്തുതയാണ്. അതിൽ ഏറ്റം പ്രാധാന്യമേറിയതും നിർണായകവുമായത് ദമ്പതികളുടെ മാതാപിതാക്കളുടെ സ്ഥാനവും ഉത്തരവാദിത്വവുമാണ്. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും എന്നാൽ അതുപോലെ തകർക്കാനും മാതാപിതാക്കൾക്കും ബന്ധുക്കൾക്കും കഴിയും. In law ബന്ധങ്ങളെല്ലാം വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ. പരസ്പര ബഹുമാനം പുലർത്തുന്ന, കരുതുന്ന പങ്കിടീലുകളുള്ള കുടുംബ ബന്ധങ്ങൾ ഇക്കാലഘട്ടത്തിലെ അനേകപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തമാണ്.

### ജീവൻ ഉണ്ടാകാനും സമൃദ്ധമായി ഉണ്ടാകാനും

♦ കുഞ്ഞുങ്ങളുണ്ടാകാൻ ആഗ്രഹിക്കുക; ജീവനെ പരിപോഷിപ്പിക്കുക; ജീവന് അനുകൂലമായ നിലപാടുകൾ എടുക്കുക. പല അസൗകര്യങ്ങളും പറഞ്ഞ് (ഉദാ: വിദ്യാഭ്യാസം, ജോലിയുടെ അസൗകര്യങ്ങൾ, ജോലിയിലെ പ്രൊമോഷൻ) കുഞ്ഞുങ്ങളുടെ ജനനം മാറ്റി



വയ്ക്കുന്നതിലെ അപകടങ്ങൾ തിരിച്ചറിയുക.

♦ കൃത്രിമ ജനനനിയന്ത്രണ മാർഗ്ഗങ്ങളുടെ ധാർമികമായ അസ്വീകാര്യതയും ജീവിത സാഹചര്യങ്ങളിലെ അപകടങ്ങളും തിരിച്ചറിയുക.

♦ ആധുനിക പ്രജനന മാർഗ്ഗങ്ങൾ (modern fertility techniques) നല്കുന്ന സാധ്യതകൾ അപ്രതിരോധ്യമാണ്. അവയുടെ ധാർമികമായ അസ്വീകാര്യത ഒരു ഭാഗത്ത്; ക്ലയന്റ് സിനോട് പൂർണമായി വെളിപ്പെടുത്താത്ത നടപടികൾ മറുഭാഗത്ത്; ദമ്പതികൾ തമ്മിലുള്ള പ്രശ്നങ്ങളിലേക്കും കുട്ടികളോടുള്ള വിപരീത സമീപനത്തിലേക്കും എത്തിച്ചേരുന്ന സംഭവങ്ങൾ ഏറെയാണ്. ഇവയ്ക്കു പുറമേ ദമ്പതികളുടെ വ്യക്തിപരമായ സംഘർഷങ്ങളും സാമൂഹികമായ പ്രശ്നങ്ങളും നിരവധിയാണ്.

♦ നാമെടുത്ത ജീവനുകളെ നശിപ്പിക്കുന്ന ഗർഭഛിദ്രമെന്ന (abortion) ഗൗരവമായ തിന്മയെ തിരിച്ചറിയുക. ദൈവത്തോടൊപ്പം ജീവന് ആരംഭം കുറിച്ചവരും (മാതാപിതാക്കൾ) ജീവന് ശുശ്രൂഷ നൽകാൻ കടപ്പെട്ടവരുമാണ് (മാതാപിതാക്കൾ, ഡോക്ടർമാർ, നേഴ്സസ്, ആരോഗ്യ പരിചാരികർ) ഈ കൃത്യത്തിൽ പങ്കാളികളാകുന്നു എന്നത് ഗൗരവമായ വസ്തുതയാണ്.

♦ പ്രായമായവരെയും രോഗികളെയും പരിചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുവാൻ അതീവമായ ശ്രദ്ധ ചെലുത്തണം. മാറിയ കാലഘട്ടത്തിൽ അവരുടെ ആത്മികവും, ആരോഗ്യപരവും, മാനസികവുമായ കാര്യങ്ങളെ ശ്രദ്ധിക്കാനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തണം.

♦ കാരുണ്യവധത്തിലെ (ദയാവധം, euthanasia, mercy killing) കാരുണ്യമില്ലായ്മയെ തിരിച്ചറിയുക. രോഗിക്കായാലും, പ്രായമായവർക്കായാലും നൽകേണ്ട അത്യാവശ്യ ശുശ്രൂഷകൾ നിഷേധിക്കുന്ന നടപടികളെ നിരാകരിക്കാനുള്ള ധാർമ്മിക ബോധം വളർത്തിയെടുക്കുക അത്യാവശ്യമാണ്.

### ഉപസംഹാരം

ഉൽപത്തി പുസ്തകം പ്രഥമാദ്ധ്യായങ്ങൾ നൽകുന്ന ഒരു ദർശനമുണ്ട്. വരികൾക്കിടയിലൂടെ അത് വായിച്ചെടുക്കണം. സ്രഷ്ടാവായ, പിതാവായ ദൈവം എല്ലാ ദിവസവും ആദത്തോടും ഹൗവ്വായോടുമൊപ്പം സായാഹ്ന സവാരിക്കായി ഏദൻ തോട്ടത്തിൽ എത്തുമായിരുന്നു. ദൈവവും മനുഷ്യനും തമ്മിൽ മറവില്ലാതെ ഇടപെടുന്ന കാലം. എന്നാൽ പാപം മൂലം ദൈവവുമായി സംസർഗ്ഗം നഷ്ടപ്പെട്ട ആദ്യമനുഷ്യർ ദൈവത്തിൽ നിന്ന് ഓടിയകലുന്നു; പരസ്പരം കുറ്റാരോപണം നടത്തുന്നു. ദൈവത്തെപ്പോലെയാകാൻ വിളിക്കപ്പെട്ടവർ ദൈവമാകാൻ ശ്രമിക്കുന്നു. സൃഷ്ടിക്കാനും, സ്നേഹിക്കാനും പരിപാലിക്കാനും നിയോഗിക്കപ്പെട്ടവർ ആധിപത്യപ്രവണതകളിലേക്കു നീങ്ങുന്നു. ഇന്ന് ചരിത്രം ആവർത്തിക്കുന്നു. പരസ്പര പൂരകങ്ങളായി ജീവിതം പൂർണതയിലെത്തിക്കേണ്ടവർ ഈഗോ നിറഞ്ഞ് മത്സരിക്കുന്നു. ഈഗോയുടെ, താൻപോരിമയുടെ ആൾരൂപങ്ങൾ ഉയർന്നു വരുന്നു. ഭർത്താവിന് വലുതാകണം; ഭാര്യക്ക് വലുതാകണം. കുഞ്ഞുങ്ങൾ പോലും അപ്രസക്തരാകുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. കുഞ്ഞുങ്ങളാകട്ടെ സ്വാർത്ഥതയുടെ സ്വരൂപങ്ങളാകുന്നു. ദൈവമക്കളാകാൻ വിളിക്കപ്പെട്ടവർ, ലോകത്തെ സൃഷ്ടിക്കാനും പരിപാലിക്കാനും വിളിക്കപ്പെട്ടവർ കൊച്ചു കൊച്ചു തുരുത്തുകളായി മാറുന്നു.

നവീകരണം ആരംഭിക്കേണ്ടത് കുടുംബങ്ങളിൽ നിന്നു തന്നെയാണ്. സഭയുടെ, സമൂഹത്തിന്റെ നവീകരണം കുടുംബത്തിൽ ആരംഭിക്കേണ്ടതുണ്ട്. നവീകരണത്തിൽ ദൈവികസാന്നിദ്ധ്യം, ദൈവിക സംസർഗം തടസ്സമില്ലാതെ ഉണ്ടാകണം. കൃപയുടെ ചാലുകൾ ഭവനങ്ങളിൽ നിർഗ്ഗളമായി ഒഴുകണം. വിശ്വാസത്തിന്റെ ഉറവകളിലേക്ക്, സ്രോതസ്സുകളിലേക്ക് മടങ്ങുവാൻ വിശ്വാസി സമൂഹം ഒന്നാകെ സന്നദ്ധമാകേണ്ടിയിരിക്കുന്നു. വീണ്ടും ആദിയിലെപ്പോലെയാകാൻ യേശുവിന്റെ സുവിശേഷം, യേശു നമ്മോട് ആഹ്വാനം ചെയ്യുന്നു. നമുക്ക് മടങ്ങാം, സുവിശേഷോപദേശങ്ങളിലേക്ക്. കാനായിലെ വിവാഹവിരുന്നിലെന്ന പോലെ യേശുവിന്റെ സാന്നിദ്ധ്യത്താൽ (യോഹ.1:1–12) ദൈവകൃപ നിറഞ്ഞ കുടുംബങ്ങൾ രൂപപ്പെടട്ടെ!



റവ. ഫാ. ജേക്കബ് ജോർജ്ജ് ചിറയത്ത്



# കൃപനിറയുന്ന കുടുംബങ്ങൾ

ക്രമാനുഗതമായി ഇതളഴിയുന്ന ദൈവിക പദ്ധതിയിൽ നിരന്തര മാധ്യമമായി കുടുംബമെന്ന അടിസ്ഥാന യാഥാർത്ഥ്യം നിലകൊള്ളുന്നു. രക്ഷാകര ചരിത്രത്തിലെ ഇഴയടുപ്പമായി അതു നിലനിൽക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാനമായി കുടുംബത്തെ അംഗീകരിക്കുമ്പോഴും, അതു മനുഷ്യന്റെ കണ്ടുപിടുത്തമായി കരുതപ്പെടാനാവില്ല. കാരണം അതിന്റെ കർത്താവും, നിയന്താവും, ലക്ഷ്യവും, അവസാനവും സർവ്വശക്തനായ ദൈവം തന്നെയാണ്. ഈ അടിസ്ഥാന യാഥാർത്ഥ്യം തന്നെയാണ് “കൃപനിറയുന്ന കുടുംബങ്ങളെ” പ്രസക്തമാക്കുക, കാലികമാക്കുക.

## കുടുംബം, വിശുദ്ധ ഗ്രന്ഥത്തിൽ

“മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, അവനുചേർന്ന ഇണയെ ഞാൻ നൽകും” (ഉൽപത്തി 2:18) വിവാഹത്തെക്കുറിച്ച് സ്രഷ്ടാവായ ദൈവം കൈക്കൊള്ളുന്ന സുചിന്തമായ തീരുമാനത്തിന്റെ സംക്ഷിപ്ത രൂപമാണിത്. കുടുംബത്തിന്റെ രൂപീകരണത്തിൽ ഈ തീരുമാനത്തിന്റെ പ്രസക്തി എത്രയോ വലുതായിരുന്നുവെന്നത് സാധൂകരിക്കുന്നതാണ് തുടർന്നുള്ള വിവരണം. താൻ സൃഷ്ടിച്ച സകല മൃഗങ്ങളെയും പക്ഷികളെയും അവയ്ക്കു മനുഷ്യൻ എന്തുപേരു നൽകുമെന്നറിയുവാൻ, ദൈവം അവനു മുമ്പിൽ പ്രദർശിപ്പിക്കുന്നു. അവൻ വിളിച്ചവ അവയ്ക്കു പേരായി മാറി. പേരിടലിലൂടെയാണ് വിശുദ്ധ ഗ്രന്ഥത്തിന്റെ കാഴ്ചപ്പാടിൽ ഒരു വസ്തു/വ്യക്തി ഒരാളുടെ സ്വന്തമാകുക. താൻ വിളിച്ചതുപോലെ ജീവജാലങ്ങൾ അവയുടെ നാമം സ്വീകരിച്ചുവെങ്കിൽ, അങ്ങനെ മനുഷ്യന്റെ സ്വന്തമായെങ്കിൽ, അവയിലൊന്നുപോലും അവനു ചേർന്ന ഇണയായി അവൻ കണ്ടില്ല. കാരണം കുടുംബമെന്ന ദൈവിക സംവിധാനത്തിലെ പങ്കാളി, ദൈവം മനുഷ്യനായി ഒരുക്കുന്ന ഇണമാത്രമാകും. അതാകട്ടെ അവന്റെ അസ്ഥിത്വത്തോടും, പ്രകൃതിയോടും, വിളിയോടും ചേർന്നിരിക്കുന്നതുമായിരിക്കും.

തുടർന്നു ദൈവം മനുഷ്യനെ ഒരു ഗാഢനിദ്രയിലാഴ്ത്തി, അവന്റെ വാരിയെല്ലിൽ നിന്നും ഒരെണ്ണം ശേഖരിച്ച് മാംസം കൊണ്ടുമൂടി സ്ത്രീയ്ക്കു രൂപം കൊടുക്കുന്നു. കുടുംബം മനുഷ്യന്റെ ആലോചനയിലോ, കാര്യനിർവ്വഹണത്തിലോ അല്ല ഉരുവായതെന്നു അടിവരയിടുന്നതാണ പുരുഷൻ സ്ത്രീയുടെ സൃഷ്ടികർമ്മത്തിനു മുമ്പായി കടന്നുപോയ ഗാഢനിദ്ര. താൻ സൃഷ്ടിച്ച സകലതും ഉന്മയിലേക്കടുക്കുമ്പോൾ, അസ്ഥിത്വത്തിൽ ഉറയ്ക്കുമ്പോൾ അതിനു ദൃക്സാക്ഷിയായത് സർവ്വശക്തനായ ദൈവം മാത്രമാണ്. മനുഷ്യനു ചേർന്ന ഇണയെ അവിടുന്ന് അണിയിച്ചൊരുക്കുമ്പോൾ, അതും അവന്റെ ഒരു ഭാഗം അവളുടെ രൂപീകരണത്തിനായി ഉപയോഗിക്കുമ്പോൾ പോലും അവന്റെ അറിവോ സമ്മതമോ, സഹകരണമോ ദൈവം തേടുന്നില്ല. സൃഷ്ടി കർമ്മം ദൈവത്തിന്റെ അനന്യമായ പ്രവൃർത്തിയാണെന്നത് ഇവിടെ അടിവരയിടപ്പെടുക മാത്രമല്ല, പിന്നെയോ ആദിമ കൂടുംബം എങ്ങനെ അവന്റെ ഹൃദയത്തിന്റെ തരളിതയിൽ, സ്നേഹത്തിന്റെ ആന്ദോളനത്തിൽ ഉരുവാക്കപ്പെടുന്നുവെന്നും നാം ഇവിടെ മനസ്സിലാക്കുന്നു.

കുടുംബത്തിന്റെ സവിശേഷതകളായ പരസ്പരപൂരകത്വവും, പൂർത്തീകരണവുമാണ് തുടർന്നുള്ള അവതരണത്തിൽ നാം കാണുക. “ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്ന് എടുക്കപ്പെട്ടതുകൊണ്ട് ഇവൾ നാരിയെന്നു വിളിക്കപ്പെടും” (ഉൽപത്തി 2: 23). ദൈവത്തിന്റെ കണ്ണുകളിലൂടെ തന്റെ ഇണയെ നോക്കിയപ്പോൾ, അവന്റെ ഹൃദയത്തിന്റെ വിശാലതയിൽ അവളെ സ്വീകരിച്ചപ്പോൾ തന്റെ അസ്ഥിത്വം നിറഞ്ഞു തുളുമ്പിയതായും പൂർണ്ണതയിലേക്കടുക്കുന്നതായും മനുഷ്യൻ അറിഞ്ഞു. അവളുടെ സാമിപ്യവും സംലഭ്യതയും അതുല്യ ദൈവികദാനമായി സ്വീകരിച്ചതിന്റെ പ്രകരണമായിരുന്നു, മനുഷ്യന്റെ ആഘോഷമായ ആ പ്രതികരണം.

തുടർന്നു മനുഷ്യൻ, തന്റെ ഭാഗമായി അവളെ അംഗീകരിച്ച് "നാരി" എന്ന പേരു നൽകി തന്റേതായി സ്വീകരിക്കുന്നു. സൃഷ്ടി കർമ്മ വിവരണം നൽകുന്ന വ്യാഖ്യാനമനുസരിച്ച് ഈ ഭാഗഭാഗിത്വത്തിലാണ്, ദൈവത്തിലൂടെയുള്ള ഒന്നുചേരലിലാണ് കുടുംബം ആരംഭിക്കുക. പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരുന്നതും, അവർ ഒരു ശരീരമായി തീരുന്നതും സൃഷ്ടാവിലൂടെയുള്ള പരസ്പര പൂരകത്വത്തിലും പൂർണ്ണതയിലുമാണ്. അവരിലേക്കൊഴുകിയ കലർപ്പില്ലാത്ത ദൈവിക സ്നേഹം, സകലതും അംഗീകരിക്കുന്ന ദൈവിക ഭാവം, സർവ്വോപരി അവരെ അലങ്കരിച്ച ദൈവിക സമഗ്രത തന്നെയായിരുന്നു, നഗ്നരായിരുന്നിട്ടു പോലും അവർക്കു ലജ്ജതോന്നാതിരുന്നത്. മനുഷ്യ കണ്ടുപിടുത്തമല്ലാത്ത, ദൈവനിർമ്മിതമായ സംവിധാനത്തിലേക്കും സൃഷ്ടാവിന്റെ ഹൃദയത്തിലേക്കും തന്റെ ശ്രോതാക്കളെ ക്ഷണിച്ചുകൊണ്ടാണ് യേശുക്രിസ്തു, കുടുംബത്തെ സംബന്ധിച്ച തന്റെ പ്രബോധനം നൽകുക.

നമ്മുടെ സഭയുടെ വിവാഹ കൂദാശയിൽ വായിക്കുന്ന ഏവൻഗേലിയോൻ (മത്തായി 19:1–11) നാം ഇതുവരെ ചർച്ച ചെയ്ത കാര്യങ്ങളെ സംഗ്രഹിക്കുന്നു . യേശുവിനെ പരീക്ഷിക്കുവാനുള്ള ഉദ്യമമായിരുന്നു ഫരിസേയരുടേ ത്. നിയമത്തിന്റെ നൂലാമാലകളും, മോശയുടെ വിധിതീർപ്പുമായിരുന്നു അവരുടെ പിടിവള്ളി. സൃഷ്ടാവായ ദൈവത്തിന്റെ ഹൃദയത്തിലേക്കുള്ള തിരിച്ചുപോക്കും അവന്റെ കരവിരുതിൽ ഉളവാക്കപ്പെട്ട കുടുംബമെന്ന യാഥാർത്ഥ്യത്തിന്റെ കണ്ടെത്തലും സർവ്വോപരി ഏക ഭാര്യ/ഭർതൃവത്രത്തിലുള്ള സമർപ്പണവുമായിരുന്നു യേശുവിന്റെ മറുപടിയുടെ കാതൽ. അവരുടെ "ഹൃദയത്തിന്റെ കാഠിന്യമാണ്" ദൈവിക സംവിധാനമായ കുടുംബത്തെയും, അതിനെ സംബന്ധിച്ച ദൈവിക പദ്ധതിയേയും അപകടത്തിലാക്കിയതെന്നും അവിടുന്ന് അടിവരയിടുന്നു. "ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപിരിയ്ക്കാതിരിക്കട്ടെ" (മത്താ 19:6). എന്നത് വിവാഹത്തെക്കുറിച്ചുള്ള കർത്താവിന്റെ ശക്തമായ പ്രബോധനമായിരുന്നു.

ദാമ്പത്യധർമ്മാനുഷ്ഠാനത്തെക്കുറിച്ചും, മനുഷ്യ ലൈംഗികതയെക്കുറിച്ചും, അവയുടെ സമഗ്രതയെക്കുറിച്ചും, അവയുടെ സമർപ്പണത്തെക്കുറിച്ചും ചുരുങ്ങിയ വാക്കുകളിൽ ഒതുങ്ങുന്ന പ്രബോധനമാണ് തുടർന്നും നാം കാണുക. പുരുഷനും സ്ത്രീയും ഒന്നാകുന്നതും, സമർപ്പിതരാകുന്നതും ദൈവത്തിലാണ്. ദാമ്പത്യധർമ്മാനുഷ്ഠാനത്തിലൂടെ ഭാര്യയും ഭർത്താവും ഒന്നുചേരുക ദൈവമെന്ന അടിസ്ഥാന തലത്തിലാണ്. "പരസംഗം" എന്ന മൗലിക തിന്മയുടെ തിരസ്ക്കരണത്തിലൂടെ കർത്താവ് വിവാഹത്തിന്റെ ഏകതയും, അവിഭാജ്യതയും അടിവരയിട്ടു. അതോടൊപ്പം ലൈംഗീകതയെ സ്നേഹത്തിന്റെ മാധ്യമമായും, കരുതലിന്റെ ശേഖരമായും പങ്കുവയ്ക്കലിന്റെ ഉപകരണമായും, സർവ്വോപരി ദൈവികദാനമായും അവിടുന്നു നിർവചിച്ചു. മാത്രമല്ല വിവാഹവും, വൈദിക സന്യാസ അന്തസ്സുകളിലുള്ള ജീവിതവും കൂട്ടായ്മയുടെ, ശുശ്രൂഷകൾക്കുള്ള ദൈവിക വിളികളായും അവിടുന്ന് അവതരിപ്പിച്ചു. ഈ വിളിയുടെ അതുല്യതയും, ഉദാത്തദാനവുമാണ് വിവാഹ, സമർപ്പിത അന്തസ്സുകളെ ഉത്തേജിപ്പിക്കുക, നിലനിർത്തുക, പ്രസക്തമാക്കുക, കാലികമാക്കുക.

വിവാഹ ബന്ധത്തിന്റെ അവിഭാജ്യത ഫരീസേയരെ ഉൽകണ്ഠാകുലരാക്കിയെന്നതും, അതിലേയ്ക്കുള്ള യേശുവിന്റെ ആഹ്വാനം ഇന്നും പലരേയും അതിനെ അപ്രായോഗികമായി സമീപിക്കുവാൻ പ്രേരിപ്പിക്കുന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. എന്നാൽ തങ്ങൾക്കു വഹിക്കുവാനാവാത്ത ഒരു നുകമല്ല ദമ്പതികൾക്ക് യേശു നൽകുക. പാപം മൂലം വികൃതമായ സൃഷ്ടിയുടെ ക്രമം പുനസ്ഥാപിക്കാൻ വന്ന അവിടുന്നു തന്നെ ദൈവരാജ്യത്തിന്റെ പുതിയ മാനത്തിന് അനുസൃതമായി വിവാഹ ജീവിതം നയിക്കുവാനുള്ള ശക്തിയും കൃപാദാനവും പ്രദാനം ചെയ്യുന്നു. ക്രൈസ്തവ വിവാഹത്തിന്റെ കൃപാവരം ഒഴുകിയെത്തുന്നതും അവിടുത്തെ കുരിശിന്റെ ഫലത്തിൽ നിന്നുമാണ്. കുരിശിൽ രൂപീകൃതമായ പുതിയ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ കുടുംബത്തെ നോക്കിക്കാണുമ്പോൾ പൗലോസ തിനെ മറ്റൊരു തലത്തിലേക്കുയർത്തുന്നു; "ഒരു വലിയ രഹസ്യമായി" അതിനെ സമീപിക്കുക വഴിയായി.

ക്രിസ്തുവും, തന്റെ മൗതിക ശരീരമായ തിരുസഭയും തമ്മിലുള്ള ഉടമ്പടിയുടെ പശ്ചാത്തലത്തിലാണ് പൗലോസ് അപ്പസ്തോലൻ കുടുംബത്തെ നോക്കിക്കാണുക (എഫേസോസ് 5:23–3). മൗതിക ശരീരത്തിലെ രണ്ടു വ്യക്തികൾ, ഒരു പുരുഷനും, ഒരു സ്ത്രീയും യേശുവിൽ ഒന്നായിത്തീരുന്ന "വലിയ രഹസ്യ"മാണ് പൗലോസിന്റെ വിവാഹത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ കാതൽ. അവികല സ്നേഹത്തിന്റെ അവശ്യകതയുംനിസ്തുല ആത്മദാനത്തിന്റെ പ്രസക്തിയും ദമ്പതികളിൽ സാധിതമാക്കുക, യേശുവെന്ന അടിസ്ഥാന രഹസ്യത്തിന്റെ, കൂദാശയുടെ അടിത്തറയിലാണ്. യേശു കുടുംബത്തിന്റെ നായകനും,നാഥനും, രക്ഷകനുമാകുന്ന വലിയ രഹസ്യത്തിന്റെ ആഘോഷവും സാക്ഷാത്ക്കാരവുമാണ് അപ്പസ്തോലൻ വരച്ചു കാട്ടുന്ന കുടുംബമെന്ന യാഥാർത്ഥ്യം. വിശുദ്ധ ഗ്രന്ഥത്തിലൂടെയുള്ള ഈ ഓട്ടപ്രദക്ഷിണം കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെ ആഴത്തിൽ സമീപിക്കുവാൻ നമ്മെ സഹായിക്കും.

### കുടുംബം, സഭാ ദർശനങ്ങളിൽ

"സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവനും നീണ്ടു നിൽക്കുന്ന സഖ്യം ഉളവാക്കുന്ന വിവാഹ ഉടമ്പടി അതിന്റെ സ്വഭാവത്താൽ തന്നെ ദമ്പതികളുടെ നന്മയ്ക്കും സന്താനോൽപാദനത്തിനും, അവരുടെ വിദ്യാഭ്യാസത്തിനും വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മാമോദീസ സ്വീകരിച്ച രണ്ടു വ്യക്തികൾ തമ്മിലുള്ള ഈ ഉടമ്പടിയെ കർത്താവായ ക്രിസ്തു ഒരു കൂദാശയുടെ പദവിയിലേക്കുയർത്തിയിരിക്കുന്നു". സാർവ്വത്രിക മതബോധന ഗ്രന്ഥത്തിലെ 1601–ാം ഖണ്ഡിക വിവാഹമെന്ന കൂദാശയുടെ സ്വഭാവവും, വരപ്രസാദവും, ലക്ഷ്യവും അതുവഴിയായി ഉരുവാക്കപ്പെടുന്ന കുടുംബത്തിന്റെ സാംഗത്യവും അടിവരയിട്ടു. പുതിയൊരു വിശദീകരണം ആവശ്യമില്ലാത്ത വിധം സ്പഷ്ടമാണ് ഈ നിർവചനം.

യേശുക്രിസ്തു പകർന്നു നൽകിയ ദൈവത്തിന്റെ അതിരുകളില്ലാതെ, വ്യവസ്ഥകളില്ലാതെ, ത്യാഗോജ്വലമായി, ക്ഷമിക്കുന്ന, അറിയുന്ന സ്നേഹമാണ് ക്രിസ്തീയ കുടുംബത്തെ രൂപീകരിക്കുന്നതും, നയിക്കുന്നതും, നിലനിറുത്തുന്നതും. കുരിശിലെ യാഗത്തിൽ ഉച്ചസ്ഥായിലായ ദൈവസ്നേഹം, അതിൽ ഉരുവാക്കപ്പെട്ട പുതിയ ഉടമ്പടി, അതെടുത്തുയർത്തുന്ന ജീവിതശൈലി തന്നെയാണ് കൃപ നിറയുന്ന കുടുംബങ്ങളെ ശാക്തീകരിക്കുക. കുരിശിലെബലി, കൗദാശികമായി, അല്ലെങ്കിൽ അപ്പത്തിന്റെയും, വീഞ്ഞിന്റെയും സാദൃശ്യത്തിൽ, പെസഹാരാത്രിയിൽ അവിടുന്ന് അർപ്പിക്കുമ്പോൾ, യേശു അരുളി ചെയ്തു: "ഇതെന്റെ ശരീരമാകുന്നു". ഇത് വെറുമൊരു അപ്പക്കഷണം മാത്രമല്ല, പിന്നെയോ "ഇതു ഞാൻ തന്നെയാകുന്നു" എന്നാണ് അവിടുന്ന് അർത്ഥമാക്കിയത്. ദിവ്യകാരുണ്യ രഹസ്യത്തെ തങ്ങളുടെ ജീവിതത്തിൽ നിരന്തരം ആഘോഷിക്കുവാനുള്ള വിളയിൽ പങ്കാളികളാകുവാൻ തന്റെ അനന്ത കരുണയിൽ ദൈവം കുടുംബങ്ങളെ ക്ഷണിക്കുന്നു. തങ്ങളുടെ സംലഭ്യതയിൽ, സംവേദനങ്ങളിൽ, പങ്കുവയ്ക്കലുകളിൽ, ഭാരം വഹിക്കലുകളിൽ, കർത്തവ്യനിർവ്വഹണത്തിൽ, കുടുംബാംഗങ്ങൾ മുഴുകുമ്പോൾ ഈ ദിവ്യകാരുണ്യാധിഷ്ഠിത ജീവിതമാണ് അവർ നയിക്കുക. "ഇതെന്റ രക്തം ആകുന്നു" എന്നു സൂചിപ്പിച്ചത് "ഇതെന്റെ ജീവൻ

ആകുന്നു" എന്നാണ്. രക്തം ജീവന്റെ അടയാളമാകുന്നുവെന്ന് നാം അറിയുന്നു. അങ്ങനെയെങ്കിൽ പരസ്പരം കുർബാന ആകുന്ന വേദിയാണ് കുടുംബം. ബേത്ലഹേമിലെ കല്ലടാവിൽ ആരംഭിച്ച യേശുവെന്ന ഉറവ, പാലസ്തീനായിൽ ഒഴുകിയിറങ്ങിയ ജീവ ജലത്തിന്റെ ആ അരുവി, ഗോഗുൽത്താ യിൽ സംഭരണ ശാലയായി മാറിയ ആ വലിയ വരപ്രസാദ സ്രോതസ്സ് അനർഗളമായി പ്രവഹിക്കുന്ന വേദികയാണ് കുടുംബം. ലത്തീൻ ആരാധനാക്രമം അനുസരിച്ച് വിവാഹ കൂദാശ പരികർമ്മം ചെയ്യുക, വിശുദ്ധ ബലിയുടെ മധ്യേയാണ്. കുടുംബമൊന്നാകെ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയ്ക്കായി ഒന്നിക്കുക പൗരസ്ത്യസഭകളുടെ, വിശിഷ്യാ മലങ്കരയുടെ പൈതൃകമാണ്. "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" അതായത് അപ്പവും വീഞ്ഞും വാഴ്ത്തുവാൻ മാത്രമല്ല, പിന്നെയോ താൻ പഠിപ്പിച്ചതുമുഴുവൻ, കാട്ടിതന്നതു മുഴുവൻ, അനുവർത്തിച്ചതു മുഴുവൻ ചെയ്യുവാനാണ് അവിടുന്ന് ആവശ്യപ്പെടുക. ദിവ്യകാരുണ്യത്തിൽ ആവിഷ്കരിക്കപ്പെട്ട ജീവിതായോധനം കുടുംബത്തിൽ അനുഷ്ഠിക്കുവാൻ വേണ്ടിയാണ് ഏവരും വിശുദ്ധ കുർബാനയുടെ അവസാനം സമാധാനത്താലെ അയക്കപ്പെടുക.

കുടുംബത്തിന്റെ സവിശേഷമായ ഈ ദിവ്യകാരുണ്യമാനം ദർശിച്ചതു കൂടി കൊണ്ടാണ് രണ്ടാം വത്തിക്കാൻ സുന്നഹദോസ് കുടുംബത്തെ "പ്രാഥമിക ദേവാലയം" (LG11) എന്ന് വിശേഷിപ്പിച്ചത്. അതിലെ പുരോഹിതരാണ് മാതാപിതാക്കൾ. അലങ്കരിക്കപ്പെട്ട ദൈവാലയമോ, ഒരുക്കപ്പെട്ട അൾത്താരയോ, കൈകളിലെടുക്കുവാൻ കാസയോ, പീലാസയോ അവർക്കുണ്ടാവില്ല. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളുയർത്തുന്ന ത്യാഗഫലങ്ങൾ കയ്യിലേറി, സ്നേഹത്തിന്റെ അൾത്താരയിൽ ബലിയർപ്പിച്ച് അതിൽ നിന്നുളവാകുന്ന ഫലങ്ങൾ മക്കളുമായി പങ്കുവയ്ക്കുവാൻ ആ പുരോഹിതർ നിരന്തരമായി വിളിക്കപ്പെടുന്നു. തങ്ങളുടെ സമയവും, ആരോഗ്യവും ഉണ്മയും, നന്മയും അവരുടെ മാതാപിതാക്കളുടെ സുസ്ഥിതിക്കും കരുതലിനുമായി പങ്കുവയ്ക്കുമ്പോൾ മക്കൾ ആഘോഷിക്കുന്നത് ഒരു കൃതജ്ഞതാ ബലിതന്നെയാണ്. മാതാപിതാക്കളുടെ ദാമ്പത്യ സ്നേഹത്തിൽ നിന്നുരുത്തിരിയുന്ന മക്കൾ, സാഹോദര്യ സ്നേഹത്തിന്റെ ആഘോഷത്തിലൂടെ ഗാർഹിക ദൈവാലയത്തെ നിരന്തരം പണുതുയർത്തുന്നു, നിലനിർത്തുന്നു.

"കൂദാശകളുടെ സ്വീകരണം, പ്രാർത്ഥന, കൃതജ്ഞതാ പ്രകാശനം, വിശുദ്ധ ജീവിത സാക്ഷ്യം, ആത്മത്യാഗം, പര



സ്നേഹ പ്രവർത്തനം എന്നിവ വഴി കുടുംബത്തിലെ പിതാവും, മാതാവും, മക്കളും മറ്റെല്ലാ അംഗങ്ങളും മാമോദീസാ പൗരോഹിത്യം പ്രസ്പഷ്ടമായി അനുഷ്ഠിക്കുന്നു" (LG 10). മാമോദീസ വഴിയായി കർത്താവിന്റെ രാജകീയ പൗരോഹിത്യത്തിൽ ഭാഗവാക്കുകളാകുന്ന കുടുംബാംഗങ്ങൾ നിർവഹിക്കുന്ന പൗരോഹിത്യ ധർമ്മാനുഷ്ഠാനത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുകയാണിവിടെ രണ്ടാം വത്തിക്കാൻ സൂന്നഹദോസ്. അതോടൊപ്പം വിശ്വാസത്തിന്റെ ആദ്യ സന്ദേശം മക്കൾ സ്വീകരിക്കുന്നത് കുടുംബമാകുന്ന പ്രഥമ വിദ്യാലയത്തിൽ നിന്നും ഉന്നത മാനവികതയുടെ പാഠശാലയായ ഗാർഹിക ദൈവാലയത്തിൽ നിന്നുമാണെന്ന് സൂന്നഹദോസ് ആവർത്തിച്ചുറപ്പിച്ചു (GS 52). കൃപാവരത്തിന്റെയും, പ്രാർത്ഥനയുടെയും, സാമൂഹിക മാനുഷിക സുകൃതങ്ങളുടെയും, ക്രൈസ്തവ സ്നേഹത്തിന്റെയും പരിശീലന കളരികളാണ് കുടുംബം. അനുകരണം, അനുഗമനം, സാക്ഷ്യം, രക്തസാക്ഷിത്വം എന്നിങ്ങനെയുള്ള വിശ്വാസ തീർത്ഥാടനത്തിലെ ഗതിവിഗതികൾ കുടുംബമാകുന്ന സെമിനാരിയിൽ നിർണ്ണയിക്കപ്പെട്ടു പൂർണ്ണതയിലേക്ക് ഉയരണമെന്ന് സഭാ മാതാവ് ആഗ്രഹിക്കുന്നു. ക്രിസ്തീയ കുടുംബങ്ങൾ വിശ്വാസത്തിന്റെ പാഠശാലകളും, സ്നേഹത്തിന്റെ ഭവനങ്ങളും ജീവന്റെ ശ്രീകോവിലുകളുമാകുവാൻ മാതാവും ഗുരുനാഥയുമായ തിരുസഭ അഭിലഷിക്കുന്നു. ഈ അദമ്യമായ ആഗ്രഹം മനസ്സിൽ സൂക്ഷിച്ചു തന്നെയാണ് സ്നേഹത്തിന്റെ സന്തോഷത്തിൽ "കുടുംബത്തിൽ അനുഭവപ്പെടുന്ന സ്നേഹത്തിന്റെ സന്തോഷത്തെ തിരുസഭയുടെ സന്തോഷമായി" കൂടി ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിച്ചത് (AL 1).

### തിരുകുടുംബം കുടുംബങ്ങൾക്ക് മാതൃക

നമ്മുടെ വൈദികർ ഭവനങ്ങൾ സന്ദർശിക്കുമ്പോൾ "ഈ കുടുംബത്തെ നസ്രത്തിലെ തിരുകുടുംബം പോലെ പ്രാർത്ഥനയുടെയും, അദ്ധ്വാനത്തിന്റെയും, പരസ്പരധാരണയുടെയും, പങ്കുവയ്ക്കലിന്റെയും ഭവനമാക്കി മാറ്റേണമെ" എന്നു പ്രാർത്ഥിക്കാറുണ്ട്. തിരുകുടുംബത്തെ നിർവചിക്കുവാൻ മതിയാകുന്നതാണ് ഈ പ്രാർത്ഥനാ ശകലം. "ഇതാ ഞങ്ങൾ കർത്താവിന്റെ ദാസി / ദാസൻ. അവിടുത്തെ തിരുഹിതം ഞങ്ങളിൽ നിറവേറട്ടെയെന്ന" പ്രാർത്ഥനയും അതിനെ സാധൂകരിക്കുവാൻ ജീവിതത്തിലേറ്റെടുത്ത ത്യാഗവുമാണ് തിരുകുടുംബത്തിനു ഊടുംപാവും നൽകിയത്. സുവിശേഷത്തിന്റെ സന്തോഷത്തിൽ ഫ്രാൻസിസ് പാപ്പ തിരുകുടുംബം ഉളവാക്കപ്പെടുന്ന അവ്യവസ്ഥയുടെ ആഴത്തെ ദീർഘമായി വിശകലനം ചെയ്യുന്നുണ്ട്. വിവാഹനിശ്ചയം കഴിഞ്ഞവരായിരുന്നു ജോസഫും മറിയവും. യഹൂദ പാരമ്പര്യമനുസരിച്ച് വിവാഹം കഴിക്കുവാൻ തീരുമാനിക്കുന്ന പുരുഷനും സ്ത്രീയും പരസ്പരം അറിയുവാൻ തുടങ്ങുന്നതും സ്നേഹിക്കുവാൻ ആരംഭിക്കുന്നതും അവരുടെ വിവാഹ നിശ്ചയത്തോടെയാണ്. വിവാഹത്തിലൂടെ തങ്ങൾ തുടങ്ങുവാനാഗ്രഹിക്കുന്ന, കരുപ്പിടിപ്പിക്കുവാൻ ഉദ്ദേശിച്ച കുടുംബത്തെപ്പറ്റി സ്വപ്നം കാണാൻ തുടങ്ങിയിരുന്നു, അതിനായി പ്രാർത്ഥിച്ചൊരുങ്ങിയിരുന്നു, അവർ ആ ഭൂമികയിലേക്കാണ് മത്തായിയുടെ സുവിശേഷമനുസരിച്ച് "സ്വപ്നത്തിൽ മാലാഖയുടെ പ്രത്യക്ഷീകരണവും" ലൂക്കായുടെ സുവിശേഷമനുസരിച്ചുള്ള വചനിപ്പും നടക്കുക. ദൈവിക പദ്ധതിയിലെ ഉപകരണങ്ങളാകുവാൻ അവർ വിളിക്കപ്പെടുന്നു. ദൈവത്തിന്റെ സ്വപ്നം, തിരുഹിതം അവരുടെ ഹൃദയത്തിന്റെ താളമാക്കി മാറ്റുവാൻ അവർ സ്ഥിരീകരിക്കപ്പെടുന്നു. അടയാളത്തിലൂടെ സ്ഥൈര്യപ്പെടുന്നു. സർവ്വോപരി നിരന്തര ആത്മദാനത്തിനായി അവർ തങ്ങളെ തന്നെ സമർപ്പിക്കുന്നു. കാനായിലെ കല്ല്യാണവും "ദൈവം പറയുന്നതു പോലെ പ്രവർത്തിക്കുമ്പോൾ" മാറ്റമുണ്ടാകുമെന്ന് ഇത്തരുണത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവഹിതത്തിനായി കാതോർക്കുമ്പോൾ അതിന്റെ നിർവ്വഹണത്തിനായി ത്യാഗോജ്ജല പ്രവർത്തികൾ ഏറ്റെടുക്കുമ്പോഴാണ് കൃപ നിറയുന്ന കുടുംബങ്ങൾ രൂപീകൃതമാകുന്നതെന്ന് നാം അറിയുന്നു. "യഹോവാ ഭവനം പണിയിന്നുല്ലെങ്കിൽ പണിക്കാർ വ്രഥാ അദ്ധ്വാനിക്കുന്നു" വിശുദ്ധ ഗ്രന്ഥകാരൻ എഴുതി. കല്ലും,

മണലും, മറ്റു സാമഗ്രികളും കൊണ്ട് നിർമ്മിക്കപ്പെടുന്ന വീടുകളെ ഭവനമാക്കുക, കൃപനിറയുന്ന കുടുംബങ്ങളാക്കുക, ദൈവഹിതത്തോടുള്ള പ്രത്യുത്തരത്തിലൂടെയും സഹകരണത്തിലൂടെയും മാത്രമാണ്.

"അധീശത്വംഉണ്ടായിരിക്കും"എന്നുള്ളതും "സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറയുവീൻ" എന്നുള്ളതും മാനവകുലത്തിന് സൃഷ്ടാവായ ദൈവം നൽകിയ അനുഗ്രഹങ്ങളാണ്. തങ്ങളുടെ അധ്വാനത്തിലൂടെയാണ് ദൈവീക ദാനമായ അധീശത്വത്തോട് തിരുകുടുംബം പ്രതികരിച്ചത്. ദൈവിക സംവിധാനമായ ഈ വിശ്വത്തെ കുറെക്കൂടി മെച്ചപ്പെടുത്താൻ ദൈവം മനുഷ്യനെ ക്ഷണിക്കുന്നു, അവന്റെ/അവളുടെ അധ്വാനത്തിലൂടെ. കച്ചവട, കമ്പോള, ഉപഭോഗ സംസ്ക്കാരത്തിന്റെ അതിപ്രസരം കുടുംബത്തെ ഉലച്ചുതുടങ്ങിയിരിക്കുന്നു, ഇന്നിന്റെ പശ്ചാത്തലത്തിൽ. ലാഭം അധ്വാനത്തിന്റെ ഊർജ്ജമായി തീർന്നിരിക്കുന്നു. എനിക്കെന്തുണ്ട് അവിടെയെന്നും, എന്നെസന്തോഷിപ്പിക്കുന്നതെന്താണെന്നും, ഏറ്റം ലഘുവായത് ചെയ്ത് ഏറ്റം ഘനമായതു നേടാനുള്ള ത്വരയും പ്രവർത്തികളുടെ പ്രചോദനമായി മാറുന്നു. ഇപ്രകാരമുള്ള പ്രലോഭനങ്ങളെ ഫലപ്രദമായി ചെറുക്കുവാൻ തിരുകുടുംബം ആധുനിക കുടുംബങ്ങളെ ശാക്തീകരിക്കുന്നു. നാലാം നൂറ്റാണ്ടിൽ ജറോം പുണ്യവാളൻ യേശു വസിച്ച ഭവനം സന്ദർശിച്ചതായി കാണുന്നു. ചുടുകല്ലു വെട്ടിയെടുത്ത രണ്ടു കുഴികളായിരുന്നു ഈശോയുടെ ഭവനം. ഭിത്തികളിലെ രണ്ടു അറകളിൽ മാവും എണ്ണയും സൂക്ഷിച്ചിരുന്നു. അവ അക്ഷയപാത്രങ്ങളായിരുന്നില്ല, പിന്നെയോ ദൈവിക പരിപാലനയിൽ ഉറച്ച് വിശ്വസിച്ചതോടൊപ്പം, അദ്ധ്വാനത്തിന്റെ മാഹാത്മ്യം ഉറക്കെ പ്രഖ്യാപിച്ചിരുന്നു തിരുകുടുംബം അവരുടെ കഠിനാധ്വാനത്തിലൂടെ. കർത്താവ് നിർമ്മിച്ച ഒരു കലപ്പയും ജെറോമിന്റെ പരാമർശനങ്ങളിൽ സ്ഥാനം പിടിക്കുന്നു. "അവിടുന്ന് ലോകത്തെ സൃഷ്ടിച്ചപ്പോൾ മനോഹരമായി സൃഷ്ടിച്ചു. അതുപോലെ മനോഹരമാണീ കലപ്പയും"

ശാസ്ത്ര സാങ്കേതിക വളർച്ച ദൂരം കുറക്കുന്നു. സംവേദനം എളുപ്പമാക്കുന്നു. പക്ഷെ പരസ്പരധാരണയുടെ വേദികൾ നന്നെ കുറയുന്നു. അതുമല്ലെങ്കിൽ വ്യവസ്ഥപ്പെടുത്തലുകളുടെ ശീതളിമയിൽ എന്തിനേയും, ഏതിനെയും ന്യൂനീകരിക്കുന്നു. ഇതല്ല നാം തിരുകുടുംബത്തിൽ നിന്നും പഠിക്കുക. അനുപമമായ പരസ്പരധാരണയും നിസ്സീമമായ പങ്കുവയ്ക്കലും, കലർപ്പില്ലാത്ത സംവേദനവും തിരുകുടുംബത്തിന്റെ ജീവിതശൈലി തന്നെയായിരുന്നു. താൻ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായിരിക്കുന്നുവെന്നുള്ളത് യൗസേപ്പിനെ അറിയിക്കുക, മറിയം തന്നെയാണ് അവളെ ആവരണം ചെയ്ത ദൈവിക മേഖലയിലേക്ക് തന്റെ മാനുഷികതയുടെ ബലഹീനത കലർത്തണ്ടായെന്ന സുചിന്തിതമായ തീരുമാനവും, ദൈവിക ആവൃതിയിലേക്ക് നടന്നടുക്കുന്ന വ്യക്തിക്ക് സംഭവിക്കാവുന്ന അപകടവും പഴയനിയമത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കിയാണ് "അവളെ രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ തീരുമാനിക്കുക". ആഴത്തിലുള്ള പങ്കാളികളുടെ പരസ്പരധാരണ ദൈവം എത്രത്തോളം വിലമതിക്കുന്നു എന്നുള്ളതിന്റെ ഉദാഹരണമാണ് യൗസേപ്പിനുള്ള സ്വർഗ്ഗത്തിന്റെ സ്ഥിരീകരണം.


നിത്യ കന്യകയായ മറിയത്തിന്റെയും, നിത്യബ്രഹ്മചാരിയായ യൗസേപ്പിന്റെയും മദ്ധ്യേയാണ്, അവരുടെ കുടുംബജീവിതത്തിന്റെ പശ്ചാത്തലത്തിലാണ് തിരുപിറവിയുടെ ആഘോഷവും, വളർച്ചയും, വികാസവും സാധിതമാകുക. മനുഷ്യലൈംഗികത ദൈവത്തിന്റെ അമൂല്യ ദാനമായി അന്യഥാ സൂചിപ്പിക്കുകയുണ്ടായി. അമൂല്യമായ ആ ദാനത്തെ ജഢികമായി സമീപിച്ചില്ല യൗസേപ്പും മറിയവും. യേശുവിലൂടെ അവർ പരസ്പരം കണ്ടു - കേട്ടു - മനസ്സിലാക്കി - അവനു വേണ്ടി സമർപ്പിതരായി. അവനായിരുന്നു അവരുടെ ജീവിത കേന്ദ്രം. ആ "ഇമ്മാനുവേൽ അനുഭവം" എല്ലാ സുഖാനുഭൂതികൾക്കും, ജഢിക പ്രവണതകൾക്കും ഉപരിയായിരുന്നതിനാൽ യേശുവിനെ, ജനതകളുടെ പ്രകാശമായ, രക്ഷയായ, രക്ഷകനായ ക്രിസ്തുവിനെ ലോകത്തിനു സമ്മാനിക്കുവാൻ അവർക്കായി. തികച്ചും ലഘുവായ കാരണങ്ങൾ ഊതിവീർപ്പിച്ച് ബന്ധങ്ങളെ തകർക്കുന്നവരെ നാമിന്ന് അഭിമുഖീകരിക്കുന്നു. താരതമ്യ പഠനങ്ങളിൽ ഏർപ്പെട്ടു ജീവിക്കാൻ മറന്നു പോകുന്നവരെ നാമിന്ന് കണ്ടെത്തുന്നു. ആ കുടുംബങ്ങളിൽ കൃപ നിറയുവാൻ, തിരുകുടുംബത്തിലേക്ക് കണ്ണുകളുയർത്തുവാനും, അവരിൽ നിന്നു പഠിക്കുവാനും, അവരുടെ മാതൃക, അതായത്, യേശുവിൽ കേന്ദ്രീകൃതമായ ജീവിതം അനുകരിക്കുവാനും ദൈവം നമ്മോടാവശ്യപ്പെടുന്നു.

ബാലനായ ഈശോയെ മാതാപിതാക്കൾ ദൈവാലയത്തിൽ കണ്ടെത്തുമ്പോൾ അവൻ പണ്ഡിതന്മാരോട്സംവാദത്തിലേർപ്പെട്ടിരിക്കുകയായിരുന്നുവെന്ന് ലൂക്കാ സുവിശേഷകൻ സാക്ഷിക്കുന്നു. 12-ാമത്തെ വയസ്സ് വിശ്വാസത്തിന്റെ സ്ഥിതീകരണം നടക്കുന്ന പ്രായമായി യഹൂദ സമൂഹം അംഗീകരിക്കുന്നു. യേശുവിന്റെ ദൈവസമാനത, സകലതും അറിയുന്ന ദൈവികസ്വത്വം നിലനിൽക്കുമ്പോൾ തന്നെ, അവന്റെ മാനവിക വികാസത്തിൽ, വിശ്വാസ രൂപീകരണത്തിൽ അവന്റെ മാതാപിതാക്കളുടെ സ്ഥാനം നമുക്ക് വിസ്മരിക്കുവാനാവില്ല. നമ്മുടെ കുഞ്ഞുങ്ങൾ ഏറ്റം മികച്ച നിരീക്ഷകരാണെന്ന കാര്യം നാം മറന്നുകൂടാ. അവർ കാണുന്ന, കേൾക്കുന്ന, നിരീക്ഷിക്കുന്ന കാര്യങ്ങൾ, പ്രത്യേകിച്ച് കുടുംബത്തിന്റെ പശ്ചാത്തലത്തിൽ, വ്യാഖ്യാനിക്കുന്നതും, നിർവ്വഹിക്കുന്നതും സ്വജീവിത ഭൂമികകളിലാണെന്നു നാം ഓർക്കേണ്ടിയിരിക്കുന്നു. കുടുംബങ്ങളിലെ അപചയവും, വൈദിക സന്യാസജീവിത സരണിയിലെ അപഭ്രംശവും ഇത്തരുണത്തിൽ നാം വിശകലന വിധേയമാക്കേണ്ടിയിരിക്കുന്നു. അവയുടെ കാരണങ്ങൾ തേടിയുള്ള അന്വേഷണം അവസാനിക്കുക, പലപ്പോഴും കുടുംബങ്ങളിൽ തന്നെയാകും. അതു നമുക്ക് മറക്കാതിരിക്കാം.

ദൈവം കണ്ടെത്തിയ, ശാക്തീകരിച്ച വ്യക്തികളോട്, കുടുംബങ്ങളോട് നിരന്തരം അവിടുന്ന് അരുളിചെയ്തു "ഭയപ്പെടേണ്ട". അബ്രഹാമും, മോശയും, പ്രവാചകരും, സഖറിയായും, യൗസേപ്പും, മറിയവും ഈ സ്ഥിരീകരണം സ്വീകരിച്ചു. കൃപനിറയുന്ന കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കുന്ന യാഥാർത്ഥ്യങ്ങളും, അവയെ തകർത്തെറിയുന്ന പ്രതിലോമശക്തികളും ഇന്ന് നിലവിലുണ്ട്. പക്ഷേ നമുക്കു മറക്കാതിരിക്കാം, കുടുംബം കർത്താവിന്റെ കണ്ടുപിടുത്തമാണ്. അവന്റെ സാന്നിധ്യവും, സാമിപ്യവും, നിയന്ത്രണവും, ലക്ഷ്യത്തിലേയ്ക്കുള്ള നയിക്കലും നമ്മുടെ കുടുംബങ്ങളെ കൃപനിറയുന്ന കുടുംബങ്ങളായി ഉയർത്തും. നാമവന്റെ കൈകളിലെ ഉപകരണമായി മാറുവാൻ പ്രതിഷ്ഠിതരായാൽ!



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ



# കുടുംബത്തിന്റെയും, കുടുംബത്തിലൂടെയുമുള്ള സഭയുടെ സുവിശേഷവത്ക്കരണം

### ആമുഖം

കുടുംബം സഭയുടെയും നമ്മൾ ജീവിക്കുന്ന സമൂഹത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത അടിസ്ഥാന ഘടകമാണ്. ഭാവി തലമുറയുടെ നിലനിൽപും, വളർച്ചയും കുടുംബത്തിന്റെ ഭദ്രതയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ ചിന്താഗതിയോടെ വി.ജോൺ പോൾ 2–ാമൻ മാർപ്പാപ്പ പറയുന്നു: "മനുഷ്യകുലത്തിന്റെ ഭാവി കുടുംബങ്ങളിലൂടെയാണ് ചംക്രമണം ചെയ്യപ്പെടുന്നത്" (*Familiaris Consortio* 86). അതുകൊണ്ട് കുടുംബങ്ങളുടെ നിലനില്പിനും, അതിനെ പാവനമായി സംരക്ഷിക്കുന്നതിനും സഭയൊന്നാകെ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

അനുദിനം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിന്റെ സാമൂഹിക വ്യവസ്ഥിതികൾ പവിത്രമെന്നു കരുതിയിരുന്ന പലതിനെയും ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന് വലിയ പ്രാധാന്യം കൽപിക്കുന്ന നിയമങ്ങളാൽ കുടുംബമെന്ന സങ്കൽപം തന്നെ ആധുനിക സമൂഹങ്ങളിൽ അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. വിശ്വാസ തകർച്ച നേരിടുകയും, സഭയുടെ നിലനിൽപുതന്നെ ചോദ്യചിഹ്നമാവുകയും ചെയ്യുന്നിടങ്ങളിൽ അതിന്റെ

പ്രഥമ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ഈ സമൂഹങ്ങളിലും, സംസ്ക്കാരങ്ങളിലും ഉണ്ടായിട്ടുള്ള കുടുംബബന്ധ തകർച്ചയാണ്. കുടുംബങ്ങളുടെ മഹത്വവും, വിശുദ്ധിയും, ദൈവീകതയും എന്നും സംരക്ഷിക്കപ്പെടേണ്ടതാണ്. സ്നേഹത്തിൽ ബന്ധിതമായ ക്രിസ്തുകേന്ദ്രീകൃത കുടുംബങ്ങളെ രൂപപ്പെടുത്തിക്കൊണ്ടാണ് ഈ വെല്ലുവിളികളെ സഭയ്ക്കു പ്രതിരോധിക്കാൻ സാധിക്കുക. "കൃപനിറയുന്ന കുടുംബങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി ഒക്ടോബർ മാസത്തിൽ നടക്കുന്ന രണ്ടാമത് മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയുടെ വെളിച്ചത്തിൽ ഈ വിഷയത്തെ വിശുദ്ധഗ്രന്ഥവും സഭാ പഠനങ്ങളും ആധാരമാക്കി ഇവിടെ ദൈവശാസ്ത്രപരമായ ഒരു വിശകലനത്തിനു വിധേയമാക്കുന്നു.

## കുടുംബം പഴയനിയമത്തിൽ

പുരോഹിതനും സാക്ഷിയുമായി നിന്നുകൊണ്ട് ഒരു കുടുംബത്തെ ദൈവം തന്നെ ആശിർവദിക്കുന്നിടത്തു നിന്നാണ് മനുഷ്യന്റെ കഥ ആരംഭിക്കുന്നത്. മനോഹരമായ ഈ കുടുംബത്തെ ദൈവം പറുദീസയിലാണ് കുടിയിരുത്തിയത്. കുടുംബ ജീവിതത്തിന്റെ ഉത്കൃഷ്ട ഭാവമുണ്ടായിരുന്ന ആ കുടുംബത്തിലേക്ക് അനുസരണക്കേടിന്റെ പാപം വഴിയാണ് കഷ്ടപ്പാടും, സഹനങ്ങളും വന്നുചേരുന്നത്. സ്നേഹമുള്ള ദൈവം ആ കുടുംബത്തെ വീണ്ടെടുക്കുന്നതിന് തനിക്കു നൽകാവുന്നതിൽ വച്ചേറ്റം വലിയ സമ്മാനമാണ് നൽകിയത്.

ആദ്യകുടുംബത്തോടു രക്ഷകനെ വാഗ്ദാനം ചെയ്തുകൊണ്ട് ദൈവം നടത്തിയ ഉടമ്പടിയുടെ തുടർച്ചയായിരുന്നു അബ്രഹാമിന്റെ പ്രത്യേക വിളി. ഇവിടെ രക്ഷാകരമായ കുടുംബത്തിന്റെ രൂപപ്പെടൽ നടക്കുന്നത് ദൈവം അബ്രഹാമിന്റെ കുടുംബത്തെ മറ്റു കുടുംബങ്ങളിൽ നിന്നും വിളിച്ചു വേർതിരിക്കുമ്പോഴാണ് (ഉല്പത്തി 12: 1-15). ജനതകളുടെ (അനേകം കുടുംബങ്ങളുടെ) പിതാവാകുമെന്ന വാഗ്ദാനവും ദൈവം അബ്രഹാമിനു നൽകുന്നു (15:1-21). ഉടമ്പടിയുടെ അടയാളമായി പരിഛേദന കർമ്മം ഏർപ്പെടുത്തുന്നു (17 1-27). ഏറ്റം വലിയ അനുഗ്രഹം അബ്രഹാമിന്റെ കുടുംബത്തിലൂടെ മറ്റെല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും എന്ന വാഗ്ദാനമാണ്: "നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും"(12:3).

ഇസ്രയേൽ ജനത്തിന്റെ കുടുംബങ്ങളുടെ രൂപീകരണം ദൈവ-മനുഷ്യ ഉടമ്പടിയെ അടിസ്ഥാനമാക്കിയാണ് നയിക്കപ്പെട്ടിരുന്നത്. ദൈവം മുൻകൈയ്യെടുത്തു നടപ്പാക്കിയിരുന്ന ഈ ഉടമ്പടിയുടെ അടിസ്ഥാനം സ്നേഹമായിരുന്നു. ഇസ്രയേലാകുന്ന വലിയ കുടുംബത്തിലെ അംഗങ്ങളുടെ, ദൈവമക്കളെന്ന വളർച്ചയ്ക്കുള്ള പരിശീലനം നൽകപ്പെട്ടിരുന്നത് അതിന്റെ ചെറിയ പതിപ്പായിരുന്ന കുടുംബങ്ങളിലായിരുന്നു. തങ്ങളുടെ പൂർവ്വപിതാക്കന്മാരും ദൈവവുമായി ചെയ്ത ഉടമ്പടി പാലിക്കുകയും അതു തലമുറകൾക്കു പകർന്നു കൊടുക്കുകയും ചെയ്യുകയെന്ന വലിയ ഉത്തരവാദിത്വം കുടുംബങ്ങളിൽ നിക്ഷിപ്തമായിരുന്നു. അങ്ങനെ ഇസ്രയേൽ കുടുംബങ്ങൾ ഉടമ്പടിയുടെ വാഹകരും ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരുമായി. ജനിക്കുമ്പോഴും, മരിക്കുമ്പോഴും, ഉണരുമ്പോഴും, ഉറങ്ങുമ്പോഴും, വീട്ടിൽ നിന്ന് പുറത്തു പോകുമ്പോഴും, തിരികെ വരുമ്പോഴും, ഓരോ ഇസ്രയേൽക്കാരനും കേൽക്കേണ്ടതും ചൊല്ലേണ്ടതുമായ "ഷേമ" (Schema) പ്രാർത്ഥനയിലൂടെ അവർ തങ്ങളുടെ കുടുംബങ്ങളെ വിശുദ്ധിയിൽ സംരക്ഷിച്ചു. ജറുസലേമിലെ ദൈവാലയം വിശുദ്ധിയുടെ വലിയ പ്രതീകവും ഇസ്രയേൽ കുടുംബങ്ങൾ അതിന്റെ ചെറിയ പതിപ്പുമായിരുന്നു. ഈ ആശയം കൂടുതൽ ആഴത്തിൽ പുതിയ നിയമത്തിൽ കടന്നുവരുന്നു.

## കുടുംബം പുതിയ നിയമത്തിൽ

ഒരു സാധാരണ മനുഷ്യ കുടുംബത്തിൽ ദൈവപുത്രൻ വന്നു പിറന്നതു വഴി എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെട്ടതിന്റെ കഥയാണ് പുതിയ നിയമത്തിനു പറയാനുള്ളത്. പഴയ നിയമത്തിൽ കുടുംബം ഉടമ്പടിയുടെ വാഹകരായിരുന്നുവെങ്കിൽ പുതിയ നിയമത്തിൽ രക്ഷകനെ വസിപ്പിക്കാനുള്ള വേദിയാണ് കുടുംബം: "യേശു ജ്ഞാനത്തിലും, പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും" (ലൂക്കാ 2: 52) ഒരു കുടുംബത്തിലാണ് വളർന്നത്. അത് ഭൂമിയിലുള്ള മറ്റെല്ലാ കുടുംബങ്ങൾക്കും അനുഗ്രഹത്തിനും, രക്ഷയ്ക്കും കാരണമായിത്തീർന്നു.

പഴയനിയമ കുടുംബ സങ്കൽപ്പങ്ങളുടെ പൂർത്തീകരണവും മാമോദീസായിലൂടെ ക്രിസ്തുവുമായി ബന്ധിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ സൃഷ്ടിയുമാണ് പുതിയ നിയമത്തിൽ നടക്കുന്നത്. വി.അഗസ്റ്റീനോസിനെ ഉദ്ധരിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: "പുതിയത് പഴയതിൽ മറഞ്ഞിരിക്കുന്നു, പഴയത് പുതിയതിൽ വെളിപ്പെടുന്നു"(*Dei Verbum*6). പ്രവാചകന്മാരെയും, പുരോഹിതന്മാരെയും,രാജാക്കന്മാരെയും തങ്ങളേറ്റെടുക്കാൻ പോകുന്ന വലിയ ദൗത്യത്തെ പ്രതി പഴയനിയമത്തിൽ അഭിഷേകം ചെയ്തിരുന്നുവെങ്കിൽ പുതിയനിയമത്തിൽ മാമോദീസായും മറ്റു കൂദാശകളും വഴി കുടുംബത്തെ ദൈവം വിശുദ്ധീകരിക്കുന്നു.

വിവാഹമെന്ന കൂദാശയിലൂടെയാണ് പുതിയനിയമത്തിൽ കുടുംബം രൂപപ്പെടുന്നത്. സുവിശേഷങ്ങളിൽ വിവാഹത്തിന്റെ പവിത്രതയെക്കുറിച്ചും അഭേദ്യതയെക്കുറിച്ചും യേശു പഠിപ്പിക്കുന്നത് വിശദമായി പ്രതിപാദിക്കുന്നുണ്ട് (മാർക്കോസ് 10: 1-12; മത്തായി 5: 31-32; 19:3-9; ലൂക്കാ 16:18). കാനായിലെ കല്യാണവും, യേശുവിന്റെ ആദ്യത്തെ അത്ഭുതവുമായ വെള്ളം വീഞ്ഞാക്കിയതും (യോഹ 2:1-11) വിവാഹ കൂദാശയും കുടുംബ ജീവിതവുമായി ബന്ധപ്പെട്ടതാണ്. ആ വിവാഹത്തിലുള്ള യേശുവിന്റെ സാന്നിധ്യമാണ് അവിടുത്തെ ഏറ്റം വലിയ അനുഗ്രഹം. യേശുവിന്റെ സാന്നിധ്യത്തിൽ വിവാഹിതരാവുന്ന കുടുംബങ്ങളിൽ അനുഗ്രഹത്തിന്റെ സമൃദ്ധിയുണ്ടാവും. കുടുംബത്തിൽ ഉണ്ടാവുന്ന കുറവുകൾക്കൊക്കെ യേശുവിൽ പരിഹാരമുണ്ട്.

അപ്പസ്തോല പ്രവർത്തനങ്ങളിൽ എങ്ങനെയാണ് കുടുംബങ്ങൾ ദൈവാലയങ്ങൾ പോലെ ദൈവാരാധനയുടെ കേന്ദ്രങ്ങളായി പ്രവർത്തിച്ചതെന്ന് നാം വായിക്കുന്നു. അതുപോലെ തന്നെ വിശ്വാസത്തിലേക്ക് വരുന്നവർ രക്ഷയുടെ ഉപാധികളായിത്തീരുകയും ചെയ്യുന്നു: "കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" (16:31). വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള ആഴമായ ആധികാരിക പ്രബോധനങ്ങളാണ് ഉള്ളത്. ക്രിസ്തുവും സഭയുമായുള്ള ബന്ധം പോലെയാണ് ഭർത്താവും ഭാര്യയുമായിട്ടുള്ളത് (എഫേസ്യർ 5: 21, 6:4). യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയ്ക്കു വേണ്ടി കുരിശിൽ ബലിയായിത്തീർന്നു തന്റെ സ്നേഹം വെളിപ്പെടുത്തി. ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ പരസ്പര സ്നേഹത്തിലൂടെ ക്രിസ്തുവിനനുയോജ്യമായ കുടുംബത്തെ പടുത്തുയർത്തണം.

അതുപോലെ തന്നെ കുട്ടികൾ മാതാപിതാക്കന്മാരെ അനുസരിക്കണമെന്നും, മാതാപിതാക്കന്മാർ കുട്ടികളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തണമെന്നും വി.പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു.

### കുടുംബം സഭാ പ്രബോധനങ്ങളിൽ

മാമോദീസയിലൂടെയാണ് ഒരു വ്യക്തി സഭയാകുന്ന ക്രിസിതുശരീരിത്തിന്റെ ഭാഗമായിത്തീരുന്നത്. യേശുവിന്റെ ജീവിക്കുന്ന സാന്നിധ്യമാണ് ഓരോ വിശ്വാസിയും. അതുകൊണ്ട് കുടുംബങ്ങൾ അതിന്റെ ഉദാത്ത ഭാവത്തിൽ ഭൂമിയിലെ സ്വർഗ്ഗമാണ്. ഈ കൂദാശ സ്വീകരിച്ചവരുടെ കൂട്ടായ്മയെന്ന നിലയ്ക്കു ക്രിസ്തീയ ഭവനങ്ങൾ സഭയുടെ ചെറുരൂപങ്ങളായി പരിണമിക്കുന്നു. കുടുംബങ്ങൾ ഗാർഹിക സഭകളായി അപ്പസ്തോല പ്രവർത്തനങ്ങളിൽ കാണുന്നുവെങ്കിലും വി. അഗസ്റ്റീനോസാണ് "കുടുംബം ഗാർഹികസഭ" (Ecclesia Domestica) എന്ന വിശേഷണം ആദ്യമായി ഉപയോഗിച്ചത്. സഭയും കുടുംബവുമായുള്ള അഭേദ്യബന്ധത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ധാരാളം പരാമർശങ്ങളുണ്ട്. അതുപോലെ തന്നെ കുടുംബത്തെ സഭയുമായി ബന്ധപ്പെടുത്തി പ്രബോധനങ്ങൾ നടത്തിയിട്ടുള്ള സഭാപിതാവാണ് വി. ജോൺ ക്രിസോസ്റ്റം. ക്രിസ്തീയ ഭവനത്തെ "ചെറിയ സഭ" എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നത്: "നിങ്ങളുടെ ഭവനങ്ങൾ ചെറിയ ദൈവാലയങ്ങളായി സംരക്ഷിക്കുവിൻ" എന്ന് നിരന്തരം അദ്ദേഹം വിശ്വാസികളെ ആഹ്വാനം ചെയ്തിരുന്നു. സഭയ്ക്ക് ആരാധനാ സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ കുടുംബങ്ങളിൽ കുർബാനയർപ്പണവും, പ്രാർത്ഥനയുമൊക്കെ നടത്തിയരുന്നതിനാൽ ഈ പ്രബോധനം വിശ്വാസികൾക്കു അർത്ഥവത്തും, പ്രസക്തവുമായിരുന്നു.

മതപീഡനകാലത്തെ വിശ്വാസികളെല്ലാവരും വിശുദ്ധരായിരുന്നു. മതപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം ലഭിച്ചതോടെ വിശ്വാസികൾ ധാരാളമായി "ലോകവ്യാപാരങ്ങളിൽ" ഇടപെടുന്നതിനിടയാക്കി. അങ്ങനെയായപ്പോൾ ഭൗതീക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ കുടുംബങ്ങൾ ദൈവാലയത്തിന്റെ പ്രതീകമായി കാണുക ബുദ്ധിമുട്ടായിരുന്നു. ബ്രഹ്മചര്യവും സന്യാസവും ക്രിസ്തീയ ജീവിത ശൈലിയുടെ ഉദാത്ത മാതൃകകളായി കണക്കാക്കുവാൻ തുടങ്ങി. യഥാർത്ഥ വിശുദ്ധി പ്രാപിക്കാനുള്ള മാർഗ്ഗം കുടുംബജീവിതമല്ല, പിന്നെയോ സന്യാസമാണ് എന്ന ചിന്ത വളരെ പ്രബലമായി. അങ്ങനെ സഭാ ജീവിതത്തിൽ നിന്നും, പ്രബോധനങ്ങളിൽ നിന്നും "കുടുംബം ഗർഹിക സഭ" എന്ന ചിന്താഗതി അന്യമായിപ്പോയി. ഇക്കാലയളവിൽ കുടുംബത്തെ സംബന്ധിച്ച കാര്യമായ പ്രബോധനങ്ങളൊന്നും തന്നെയുണ്ടായില്ല. അതിനു മാറ്റം വരുന്നത് രണ്ടാം വത്തിക്കാൻ കൗൺസിലോടു കൂടിയാണ്.

### കുടുംബം ഗാർഹിക സഭ

സഭയുടെ ചെറിയ രൂപങ്ങൾ ഇടവകപ്പള്ളിയല്ല കുടുംബങ്ങളാണ് എന്ന ചിന്ത രണ്ടാം വത്തിക്കാൻ കൗൺസിലിലെ ഒരുപാടു പിതാക്കന്മാർക്കുണ്ടായിരുന്നു. ഇനിയും കുടുംബം സഭയുടെ പ്രതിരൂപമാണെങ്കിൽ, സഭയ്ക്കുള്ള സ്വഭാവത്തിനും (nature), കുടുംബത്തിന് അർഹതയുണ്ട്. അങ്ങനെയാവുമ്പോൾ മാതാപിതാക്കന്മാർ തങ്ങളുടെ ദൗത്യം നിർവഹിക്കാൻ വേണ്ടി വിശുദ്ധീകരിക്കപ്പെട്ടവരാണ്. ആദ്യകാല സഭയുടെ പാവനമായ ഈ ആശയം രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ വീണ്ടും തിരികെയെത്തി. "ജനതകളുടെ പ്രകാശം" എന്ന പ്രമാണരേഖയിൽ കുടുംബത്തെ ഗാർഹിക സഭയായി വിശേഷിപ്പിക്കുന്ന ഭാഗം മുഴുവനായി താഴെ കൊടുക്കുന്നു (എന്റെ പരിഭാഷ).

ക്രിസ്തീയ വിശ്വാസികളുടെ വിവാഹത്തിൽ നിന്നുമാണ് കുടുംബം ഉണ്ടാവുന്നത്, അതിൽ മനുഷ്യകുലത്തിലെ പുതിയ പൗരന്മാർ ജനിക്കുന്നു, അവർ മാമോദീസായിൽ നിന്നു ലഭിച്ച പരിശുദ്ധാത്മാവിന്റെ കൃപയാൽ ദൈവമക്കളായിത്തീരുന്നു, അങ്ങനെ നൂറ്റാണ്ടുകളായി ദൈവജനത്തിനു നിലനിൽപു നൽകുന്നു. ഇങ്ങനെ പറഞ്ഞാൽ കുടുംബം ഗാർഹിക സഭയാണ്. അതിൽ മാതാപിതാക്കൾ അവരുടെ വാക്കിലൂടെയും മാതൃകയിലൂടെയും തങ്ങളുടെ വിശ്വാസത്തിന്റെ ആദ്യ പ്രസംഗകരായിരിക്കണം. ഓരോരുത്തർക്കും ഉചിതമായ തൊഴിലിൽ അവരെ പ്രോത്സാഹിപ്പിക്കുകയും വിശുദ്ധ അവസ്ഥയിലേയ്ക്ക് പ്രത്യേക ശ്രദ്ധാലുക്കളായി വളർത്തുകയും വേണം (*Lumen Gentium* 11)

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മറ്റൊരു പ്രസക്തമായ പ്രബോധനമാണ് "വിശുദ്ധിയിലേക്കുള്ള സാർവത്രിക വിളി". സന്യാസവും, സമർപ്പിത ജീവിതവും പോലെ തന്നെ കുടുംബജീവിതവും വിശുദ്ധി പ്രാപിക്കാനുള്ള മാർഗ്ഗമാണ് (*Lumen Gentium* 39-40). മാതാപിതാക്കന്മാർ വിശ്വാസമാകുന്ന വെളിച്ചം സഭയിൽ നിന്ന് സ്വീകരിച്ച് അവരുടെ ജീവിത മാതൃകയിലൂടെ അത് മക്കളിലേക്ക് പകർന്നു നൽകുന്നു. കുട്ടികളെ വിശുദ്ധിയിലേക്ക് വളർത്തിക്കൊണ്ടു വരാനുള്ള വലിയ ഉത്തരവാദിത്വമാണ് അവർക്ക് നൽകപ്പെട്ടിരിക്കുന്നത്. സ്നേഹമെന്ന പുണ്യം കുടുംബത്തിൽ അഭ്യസിക്കുകയും ക്രിസ്തുവാകുന്ന ശരീരത്തിന്റെ ഭാഗമാണ് തങ്ങളെന്ന ബോധ്യത്തോടെ അവർ ജീവിക്കുകയും ചെയ്യുന്നു. അത്മായരുടെ ദൗത്യത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രിയിൽ കുടുംബത്തെ "സഭയുടെ ഗാർഹിക ശ്രീകോവിൽ" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (*Apstolican Actuositatem* 3,11). ഇവിടെയും സഭയ്ക്ക് കുടുംബത്തോടുള്ള ബന്ധത്തെക്കുറിച്ചാണ് പറയുന്നത്. കുടുംബം സുവിശേഷ വാഹകയും, പ്രഘോഷകയും, സഭയുടെ നിർമ്മിതിയിൽ പങ്കാളിയുമാണെന്ന വിപ്ലവാത്മകമായ ചിന്താഗതിയിലേക്ക് വി. ജോൺ പോൾ 2-ാമന്റെ കാലത്തോടെ മാറാൻ തുടങ്ങി.

### ശരീരത്തിന്റെ ദൈവശാസ്ത്രം

വി. ജോൺ പോൾ 2-ാമൻ മാർപ്പാപ്പ 1979 മുതൽ 1984 വരെ വത്തിക്കാൻ ചത്വരത്തിൽ ബുധനാഴ്ചകളിലുള്ള വിശ്വാസികളുമായുള്ള കൂട്ടായ്മകളിൽ നടത്തിയ 129 പ്രസംഗങ്ങളുടെ സമാഹാരമാണ് "ശരീരത്തിന്റെ ദൈവശാസ്ത്രം" (Theology of the Body). ഇത് ക്രിസ്തീയ കുടുംബ ജീവിതത്തിനുള്ള ലൈംഗികവും ധാർമ്മികവുമായ വിദ്യാഭ്യാസ മാർഗ്ഗരേഖയാണ്. "ഒറ്റവാചകത്തിൽ പറഞ്ഞാൽ മനുഷ്യശരീരം ദൈവത്തെ വെളിപ്പെടുത്തുന്നു" എന്നതാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. വി. ജോൺ പോൾ 2-ാമൻ കുടുംബത്തിന്റേതായ ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തിയ ആളാണ്. "ആധുനിക ലോകത്തിൽ ക്രിസ്തീയ കുടുംബത്തിന്റെ പങ്ക്" (*Familiaris Consortio*) എന്ന അപ്പസ്തോലിക പ്രബോധനം കുടുംബത്തെക്കുറിച്ചുള്ള ഏറ്റം മഹത്തായ ഔദ്യോഗിക പ്രബോധന രേഖയാണ്. മാർപാപ്പ പറയുന്നു: "സൃഷ്ടാവും, വീണ്ടെടുപ്പുകാരനുമായ ദൈവത്തിൽ കുടുംബം അതിന്റെ അനന്യത (identity) മാത്രമല്ല, അതായിരിക്കുന്ന അതിന്റെ ദൗത്യവും, അതു ചെയ്യാൻ കഴിയുന്നതും ചെയ്യേണ്ടതുമായ കാര്യങ്ങളും കണ്ടെത്തുന്നു" (*Familiaris Consortio* 17)

ക്രിസ്തുവും സഭയുമാകുന്ന ബന്ധത്തിൽ നിന്നും പടുത്തുയർത്തപ്പെട്ടിരിക്കുന്ന മനോഹര സൗധമാണ് കുടുംബം.

ജോൺ പോൾ 2-ാമന്റെ ചിന്താഗതിയിൽ കുടുംബത്തിന്റെ ദൗത്യം പ്രധാനമായും നാലു തലങ്ങളിലാണ് പ്രകടമായിരിക്കുന്നത്. 1) വ്യക്തികളുടെ കൂട്ടായ്മ രൂപീകരിക്കുന്നതിൽ, 2) ജീവനെ ശുശ്രൂഷിക്കുന്നതിൽ (to serve life), 3) സമൂഹ വികസനത്തിൽ, 4) സാർവത്രിക സഭയുടെ ജീവിതത്തിലും, ദൗത്യത്തിലും പങ്കുചേരുന്നതിൽ. ഈ ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിന് കുടുംബങ്ങൾ ക്രിസ്തുവുമായുള്ള വ്യക്തി ബന്ധത്തിലായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇങ്ങനെ, യേശുക്രിസ്തു യഥാർത്ഥത്തിൽ കുടുംബത്തിലെ ഓരോ അംഗത്തിലും ജീവിക്കാൻ തുടങ്ങുമ്പോൾ, അവരെല്ലാം തന്നെ ക്രിസ്തുവിന്റെ വിശുദ്ധിയുടെ വലയത്തിലായിത്തീരുന്നു.

### കുടുംബത്തിന്റെ സുവിശേഷവത്ക്കരണം

ക്രിസ്തീയ പുണ്യങ്ങൾ വിളയേണ്ട വിദ്യാലയമാണ് കുടുംബം എന്ന് ബനഡിക്ട് 16-ാമൻ മാർപാപ്പ പഠിപ്പിക്കുന്നു. "മധ്യപൂർവ്വദേശത്തെ സഭ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ മാർപാപ്പ പറയുന്നു: "ഓരോ ദിവസവും ക്രിസ്തുവിനെപ്പോലെ സ്നേഹം ജീവിച്ചു കാണിക്കാൻ വിളിക്കപ്പെടുന്ന ക്രിസ്തീയ കുടുംബം ലോകത്തിലെ സഭയുടെ സാന്നിധ്യത്തിന്റെയും ദൗത്യത്തിന്റെയും പ്രത്യേക പ്രതീകമാണ്" (*Ecclesia in Media Oriente* 58). കുടുംബത്തിൽ ജീവന്റെയും, സ്നേഹത്തിന്റേതുമായ സംസ്കാരത്തെ വളർത്തിയെടുക്കുകയും അങ്ങനെ അതു ലോകത്തിനു നന്മയ്ക്കായി ഭവിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ മാനവരാശിക്കു ലഭിച്ച രക്ഷ ക്രിസ്തീയ കുടുംബങ്ങളിലൂടെയാണ് നമ്മിലെത്തുന്നത്. യേശുസാന്നിധ്യം കുടുംബങ്ങളിൽ സംജാതമാക്കുകയാണ് നമ്മുടെ കുടുംബങ്ങളെ സുവിശേഷവത്ക്കരിക്കാനുള്ള പ്രധാന മാർഗ്ഗം. ഒരുപാടു വാർത്തക്കിടയിലൂടെ നമ്മുടെ കുടുംബങ്ങളിലെത്തുന്ന ഒരു വാർത്തയാകരുത് സുവിശേഷം. "നസറത്തിലെ യേശു" എന്ന പുസ്തകത്തിൽ ബനഡിക്ട് 16-ാമൻ മാർപാപ്പ പറയുന്നു സുവിശേഷം എന്നത് നമ്മെ സംബന്ധിച്ച് ഒരു വാർത്ത മാത്രമല്ല പിന്നെയോ വ്യക്തി കൂടിയാണ്. അതിനാൽ സുവിശേഷവത്ക്കരണമെന്നത് യേശുവിനെക്കുറിച്ച് പറയുന്നതു മാത്രമല്ല, ഇന്നും ജീവിക്കുന്ന യേശുവുമായുള്ള വ്യക്തി ബന്ധം കൂടിയാണ്. ഈ ബന്ധത്തിലായിരിക്കുന്ന ദമ്പതികൾ തങ്ങളുടെ കുഞ്ഞുങ്ങളേയും അതിലേക്കു നയിക്കുന്നു. മാതാപിതാക്കന്മാർ തങ്ങളുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും കുട്ടികളുടെ സുവിശേഷ പ്രഘോഷകരാകുന്നു.

ഫ്രാൻസിസ് മാർപാപ്പയുടെ മഹാചാര്യ പദവിയിൽ (Pontificate) ഏറ്റം അധികം ശ്രദ്ധകൊടുത്തിരിക്കുന്ന വിഷയമാണ് കുടുംബം. "വിശ്വാസത്തിന്റെ ജീവിക്കുന്ന പ്രകാശം" എന്ന ചാക്രിക ലേഖനത്തിൽ വിശ്വാസം ജീവിക്കുന്ന കുടുംബങ്ങളിൽ "ദൈവം അവരുടെ ഇടയിൽ ഉണ്ടായിരിക്കുമ്പോൾ ആളുകൾ തമ്മിലുള്ള ബന്ധം എത്രത്തോളം ഉറച്ചതായിരിക്കും" (*Lumen Fidei* 50) എന്നു മാർപാപ്പ പറയുന്നു. റോമിലെ ഒളിമ്പിക് സ്റ്റേഡിയത്തിൽ 2014 ജൂൺ 1-ാം തീയതി നടത്തിയ പ്രസംഗത്തിൽ മാർപാപ്പ പറയുന്നു: "യേശു വളരുന്ന ഗാർഹിക സഭയാണ് കുടുംബങ്ങൾ, യേശു ദമ്പതികളുടെ സ്നേഹത്തിൽ വളരുന്നു, യേശു കുട്ടികളുടെ ജീവിത്തിൽ വളരുന്നു. അതുകൊണ്ടാണ് ശത്രു പലപ്പോഴും കുടുംബത്തെ ആക്രമിക്കുന്നത്. പിശാചിന് കുടുംബത്തെ ആവശ്യമില്ല; അവൻ അതിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു, അവിടെ സ്നേഹമില്ലെന്ന് ഉറപ്പുവരുത്താൻ". (ക്രൈസ്തവ കാഹളത്തിന്റെ ഇയടുത്ത കാലത്തെ പല ലക്കങ്ങളിലും കുടുംബ സിനഡിനെക്കുറിച്ചും, അമോറിസ് ലത്തീസിയ (*Amoris Laetitia*) ഉൾപ്പെടെയുള്ള പ്രബോധനങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. സ്ഥലപരിമിതിമൂലം ഇവിടെ ആ വിവരങ്ങൾ ഒഴിവാക്കുന്നു).

### കുടുംബങ്ങളിലൂടെയുള്ള സുവിശേഷവത്ക്കരണം

ഇതുവരെ കുടുംബങ്ങളെ സുവിശേഷവത്ക്കരിക്കുന്നതിനെക്കുറിച്ചാണ് സഭ ചിന്തിച്ചിരുന്നെങ്കിൽ ഇന്ന് സഭയുടെ പ്രധാന ദൗത്യമായ സുവിശേഷവത്ക്കരണം കുടുംബങ്ങളെക്കൂടി ഏൽപിക്കുന്നു. യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിലൂടെ മനുഷ്യകുലത്തിന് ലഭിച്ച രക്ഷ ഭൂമിയിലുള്ള എല്ലാവർക്കും അവകാശപ്പെട്ടതാണ്. അനേകം തലമുറകളിലൂടെ കൈമാറി വന്ന സുവിശേഷ വെളിച്ചം വരാനിരിക്കുന്ന തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതുണ്ട്. ഒരിക്കലും മാറ്റമില്ലാത്ത ക്രിസ്തുവിന്റെ സുവിശേഷത്തെ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ അവതരിപ്പിക്കുകയെന്നത് വലിയ വെല്ലുവിളിയാണ്. "ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെയായ യേശുക്രിസ്തു "(ഹെബ്രാ 13:8) വിനെ കലർപ്പില്ലാതെ കാലഗതിയനുസരിച്ച് പകർന്നു നൽകുവാൻ നമുക്ക് സാധിക്കണം.

സുവിശേഷവത്ക്കരണ പ്രവർത്തനങ്ങളിൽ ഈയടുത്ത കാലം വരെയും ഒരുപരിധി വരെ മാറി നിന്നവരോ, മാറ്റി നിർത്തപ്പെട്ടവരോ ആയിരുന്നു സഭയിലെ അത്മായ സമൂഹം. അതിന് വലിയൊരു വ്യത്യസ്ഥത (exception) കാണാവുന്നത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രവർത്തനങ്ങളിലാണ്. മിഷൻ പ്രവർത്തനത്തിൽ പരിശീലനം നൽകിയ ഉപദേശിമാരെ അദ്ദേഹം ഉപയോഗിച്ചു. "ലോകത്തിൽ ജീവിക്കുന്ന അപ്പസ്തോലന്മാർ" എന്ന നിലയിൽ എല്ലാ മേഖലകളിലും സുവിശേഷ പ്രഘോഷകരാകുന്നതിന് നമ്മുടെ കുടുംബങ്ങളെ സജ്ജമാക്കണം. വി. ജോൺ പോൾ 2-ാമൻ പറയുന്നു: "മതാദ്ധ്യാപനവും, കുട്ടികളുടെ വിശ്വാസ പരിശീലനവും കുടുംബത്തെ സുവിശേഷ പ്രഘോഷണത്തിനും സഭയ്ക്കുള്ളിലെ അജപാലന ശുശ്രൂഷകൾക്കും പ്രാപ്തമാക്കുന്നു" (*Familiaris Consortio* 50). സഭയുടെ പ്രഥമ ദൗത്യം ലോകത്തിന്റെ സുവിശേഷവത്ക്കരണമായിരിക്കുന്നതു പോലെ, "ഗാർഹിക സഭ"യുടെയും ഒന്നാം ദൗത്യം യേശുവിന്റെ സ്നേഹത്തിന്റെ സുവിശേഷം മറ്റുള്ളവർക്കു പകർന്നു നൽകുന്നതായിരിക്കണം. അങ്ങനെ നമ്മുടെ കുടുംബങ്ങളിലൂടെ "സ്നേഹത്തിന്റെ സംസ്ക്കാരം" ലോകത്തിൽ വളർത്തിയെടുക്കാൻ നമുക്കു സാധിക്കും.

യേശുവിനെ കുടുംബങ്ങൾ ലോകത്തിനു പകർന്നു കൊടുക്കാൻ ഉപയോഗിക്കേണ്ട ഒന്നാമത്തെ മാർഗ്ഗം സാക്ഷ്യത്തിന്റേതാണ്: "ഏറ്റം പ്രധാന സാക്ഷ്യമെന്നു പറയുന്നത് സുവിശേഷകന്റെ ജീവിതവും കുടുംബത്തിന്റെ ജീവിതവും, സഭാസമൂഹത്തിന്റെ ജീവിതവുമാണ്. അതിലൂടെ മറ്റുള്ളവർക്ക് നമ്മുടെ ജീവിത രീതി വെളിപ്പെടുത്തപ്പെടുന്നു" (*Redmptoris Missio* 42). സഭയുടെ ഔദ്യോഗിക സംവിധാനങ്ങൾക്കു എത്തിപ്പെടാൻ സാധിക്കാത്ത മേഖലകളിലെല്ലാം അത്മായ പ്രവർത്തനത്തിലൂടെയാണ് സുവിശേഷവത്ക്കരണം നടപ്പാക്കാൻ സാധിക്കുക. അതിനുള്ള പരിശീലനവും,




അംഗീകാരവും, അധികാരവും ഒക്കെ നമ്മുടെ കുടുംബങ്ങൾക്കു നൽകണം. സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ മേഖലകളിലൊക്കെ സുവിശേഷ വെളിച്ചം എത്തിക്കുന്നതിന് വിശ്വാസികൾക്കു സാധിക്കണം. ഇത് മാമോദീസായിലൂടെ ഓരോ വിശ്വാസിക്കും ലഭിച്ച അവകാശമാണ്. "അങ്ങനെ 'ലോകം' വിശ്വാസികൾക്ക് അവരുടെ ക്രിസ്തീയ വിളി നിറവേറ്റാനുള്ള വേദിയും, മാർഗ്ഗവുമാണ്" (*Christifideles Laici* 15).

**ഉപസംഹാരം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 2012-ൽ പ്രസിദ്ധീകരിച്ച പ്രത്യേക കാനൻ നിയമത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൽപനപ്രകാരം, അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹ പ്രഘോഷിച്ചതും ആരാധനയിൽ ആഘോഷിച്ചതും തുടർന്ന് ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് ഉൾക്കൊണ്ടതുമായ സുവിശേഷത്തെ-പ്രത്യേകിച്ച് ഭാരതത്തിന്റെ വൈവിദ്ധ്യമാർന്ന സാംസ്ക്കാരിക പശ്ചാത്തലത്തിൽ - അവതരിപ്പിക്കുകയെന്നത് മലങ്കര കത്തോലിക്കാ സഭയുടെ ഉത്തരവാദിത്വവും അവകാശവുമാണ്" (Canon 415). ഈ ഉത്തരവാദിത്വം നിറവേറ്റാൻ ഏറ്റം അനുയോജ്യമായ മാർഗ്ഗം അതിനു നമ്മുടെ കുടുംബങ്ങളെ സുവിശേഷവത്ക്കരിക്കുക എന്നതാണ്. കാരണം "കുടുംബം എങ്ങനെ ആയിരിക്കുമോ, അങ്ങനെ തന്നെ ആയിരിക്കും രാജ്യവും നമ്മൾ ജീവിക്കുന്ന ഈ ലോകവും" (ജോൺ പോൾ 2-ാമൻ മാർപാപ്പ).

വിശ്വാസത്തിലും, സഭാബന്ധത്തിലും കെട്ടുറപ്പോടെ മുന്നേറുന്ന കുടുംബങ്ങളാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശക്തി. കത്തോലിക്കാ വിശ്വാസത്തിലും, അന്ത്യോക്യൻ ആരാധനാ പാരമ്പര്യങ്ങളിലും, സനാതന ധർമ്മത്തിലൂന്നിയ ഭാരതീയ സംസ്ക്കാരത്തിലും രൂപപ്പെടുത്തിയെടുത്തതാണ് നമ്മുടെ കുടുംബ മൂല്യങ്ങൾ. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നത് മാർത്തോമ്മാ പൈതൃകങ്ങളിൽ പ്രധാനപ്പെട്ട കുടുംബ പ്രാർത്ഥനയാണ്. "വിശുദ്ധിയിലുള്ള വിദ്യാഭ്യാസ"ത്തിന്റെ പഠനക്കളരികളായും "കൃപ നിറയുന്ന കുടുംബങ്ങളാ"യും നമ്മുടെ കുടുംബങ്ങൾ മാറണം. "സ്നേഹത്തിന്റെ ശ്രീകോവിലായ" നമ്മുടെ കുടുംബങ്ങളിൽ ജനിക്കുന്ന ഓരോ കുട്ടിയും യേശുവിന്റെ പ്രതിരൂപങ്ങളായി പരിവർത്തനപ്പെടണം. നമ്മുടെ കുടുംബങ്ങളിലൂടെ സഭ അനുദിനം വളരുകയും, നവീകരിക്കപ്പെടുകയും, കുടുംബാംഗങ്ങളുടെ സാക്ഷ്യ ജീവിതത്തിലൂടെ യേശുവിന്റെ സുവിശേഷത്തിന്റെ പരിമളം എല്ലായിടത്തും എത്തി ദൈവനാമം കൂടുതൽ മഹത്വപ്പെടുവാനും ഇടയാകണം.

**കവർ സ്റ്റോറി**



# കൃപനിറയുന്ന കുടുംബങ്ങൾ: വെല്ലുവിളികളും നവസാധ്യതകളും



റവ. ഡോ. പ്രഭീഷ് ജോർജ്ജ്

ആധുനിക കാലഘട്ടത്തിലെ ആഗോള സംസ്കൃതി വെല്ലുവിളി ഉയർത്തുന്നു എന്നത് വെറുമൊരു സങ്കല്പമല്ല മറിച്ച് വസ്തുനിഷ്ഠാപരമായ യാഥാർത്ഥ്യമാണ്. ഇത്തരുണത്തിൽ കത്തോലിക്കാ സഭയിലെ വ്യത്യസ്ത മതസംസ്കാര പശ്ചാതലത്തിൽ രൂപപ്പെടുന്ന കുടുംബങ്ങളിലെ അജപാലനപരമായ വെല്ലുവിളികളും അതിന്റെ പ്രേഷിത സാധ്യതകളും ചർച്ചചെയ്യുവാനാണ് ഈ ലേഖനം പരിശ്രമിക്കുന്നത്.



മലങ്കര സുറിയാനി കത്തോലിക്കാ സഭ കൃപനിറയുന്ന കുടുംബങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന ദ്വിതീയ സഭാ അസംബ്ലിയുടെ പശ്ചാത്തലത്തിൽ കുടുംബകേന്ദ്രീകൃതമായ സുവിശേഷവത്ക്കരണസാധ്യതകളും വെല്ലുവിളികളും വീണ്ടും സഭയിൽ സജീവമായ ചർച്ചകൾക്ക് തുടക്കം കുറിക്കുകയാണ്. വിവാഹത്തെ കൗദാശികതലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ട് കുടുംബജീവിതത്തിന്റെ പരിശുദ്ധിയും പാവനതയും കത്തോലിക്കാ സഭ ആരംഭം മുതലേ ഉയർത്തിപ്പിടിക്കുന്നത് കുടുംബകേന്ദ്രീകൃതമായ വിശ്വാസജീവിതത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതുകൊണ്ടാണ്. ഈ പശ്ചാത്തലത്തിലാണ് വിശ്വാസത്തിൽ ഐക്യമുള്ളവർതമ്മിൽ മാത്രമേ വിവാഹ കൂദാശ സ്വീകരിക്കാവൂ എന്ന് സഭ എക്കാലവും നിഷ്ക്കർഷിക്കുന്നത്. എന്നാൽ സഭയുടെ ഈ ദൈവശാസ്ത്രപരമായ സമീപനവും കാനോനികമായ നിഷ്ഠയും പ്രാവർത്തികമാക്കുന്നതിൽ

## ഭാരതത്തിലെ കത്തോലിക്കാ വിവാഹങ്ങൾ

വിവിധങ്ങളായ ഭാഷകളും സംസ്കാരങ്ങളും, ആചാരരീതികളും വിശ്വാസപാരമ്പര്യങ്ങളും ഇഴചേർന്നിരിക്കുന്ന ബഹുസ്വരതയുടെ നാടാണ് ഭാരതം. അവിടെ മാമോദീസാ സ്വീകരിച്ച കത്തോലിക്കാ വിശ്വാസികളായ വ്യക്തികൾ തമ്മിലുള്ള വിവാഹബന്ധമാണ് സഭ അനുശാസിക്കുന്നതും അഭിലഷിക്കുന്നതും. എന്നിരുന്നാലും, ഈ വിശ്വാസപരമ്പര്യം സ്വീകരിക്കാത്ത വ്യക്തികളെ ജീവിതപങ്കാളികളായി കണ്ടെത്തുന്ന യുവതീ യുവാക്കന്മാരുടെ എണ്ണം ഇപ്പോൾ കൂടിവരുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. നാഗരിക സംസ്ക്കാരത്തിലെ സ്വതന്ത്രമായ വ്യാപാരങ്ങൾ വ്യത്യസ്ത മത-സാംസ്ക്കാരിക പശ്ചാത്തലമുള്ള വ്യക്തികളെ ഒരുമിപ്പിക്കുന്ന ഘടകമായി വളർന്നുകൊണ്ടിരിക്കുകയാണ്. അതിലുപരി ജാതിവ്യവസ്ഥമൂലം നിർണയിക്കപ്പെട്ടിരിക്കുന്ന ഭാരതത്തിലെ സാമൂഹിക ജീവിതക്രമം വിവാഹത്തേയും ജാതിവ്യവസ്ഥയുടെ കണ്ണികളിലൂടേയാണ് നോക്കി കാണുന്നത്.

ഒരേ ജാതിയിൽ നിന്ന് വിവാഹകഴിക്കണമെന്ന സാമൂഹിക നിർബന്ധബുദ്ധി പലപ്പോഴും വിവാഹാലോചകളുടെ അന്വേഷണത്തിൽ ഒരു വ്യക്തിയുടെ വിശ്വാസ പാരമ്പര്യങ്ങൾക്കുള്ള പ്രാധാന്യം രണ്ടാം തലത്തിലേയ്ക്ക് മാറ്റുന്നു. അതുകൊണ്ട് തന്നെ വ്യത്യസ്ത മതപാരമ്പര്യമുള്ളവർ തമ്മിലുള്ള വിവാഹ

ബന്ധങ്ങളുടെ എണ്ണം ആനുകാലിക സമൂഹത്തിൽ കൂടിവരുന്നു. സഭയുടെ കാനോനിക നിയമത്തിന് വിരുദ്ധമായോ അല്ലെങ്കിൽ വിധേയമായോ അത്തരം വിവാഹബന്ധങ്ങളിൽ വിശ്വാസികൾ ഏർപ്പെടാറുണ്ട്. അങ്ങനെ സ്ഥാപിക്കപ്പെടുന്ന പുതിയ കുടുംബങ്ങളിൽ രൂപപ്പെടുന്ന വിശ്വാസപരമായ വൈവിധ്യം വിവാഹത്തിന്റെ ലക്ഷ്യപൂർത്തീകരണത്തിന് (ദമ്പതികളുടെ നന്മ, കുഞ്ഞുങ്ങളുടെ ജനനം, അവരുടെ പരിശീലനം) പലപ്പോഴും വിഘാതമായി തീരാനുള്ള സാധ്യതയുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് വിശ്വാസവൈവിധ്യമുള്ള കുടുംബങ്ങളിലെ അജപാലന ശുശ്രൂഷയെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കുന്നത്

### പുനരൈക്യത്തിനുശേഷമുള്ള സഭാപശ്ചാത്തലം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സമാരംഭിച്ച മലങ്കരയിലെ പുനരൈക്യപ്രസ്ഥാനം വളർന്നത് ദ്വിവിധമായ നിയോഗത്തോടെയായിരുന്നു: ചരിത്രഗതിവിഗതികളിൽ കത്തോലിക്കാ സംസർഗം നഷ്ടപ്പെട്ട മലങ്കരയിലെ കുടുംബങ്ങളെ കത്തോലിക്കാ വിശ്വാസ കൂട്ടായ്മയിൽ തിരികെക്കൊണ്ടുവരിക; വിശ്വാസം ഇതുവരെ അറിയാത്ത കുടുംബങ്ങളെ സുവിശേഷവെളിച്ചത്തിലേയ്ക്ക് ആനയിക്കുക. "ഭാരത സുവിശേഷവത്ക്കരണം" എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്ന നിയോഗത്തിന്റെ ദ്വിവിധ ദൗത്യം ഭാരതത്തിലെ ജാതിവ്യവസ്ഥ അടിസ്ഥാനപ്പെടുത്തിയ സാമൂഹിക വ്യവസ്ഥിതിയെ ഗൗരവമായി പരിഗണിക്കാത്തതുകൊണ്ട്, ഏകജാതി സമുദായമെന്ന പരമ്പരാഗത ശൈലിയിൽ നിന്ന് വ്യത്യസ്തമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ഭാരതമണ്ണിൽ തഴച്ചു വളർന്നു. സഭയുടെ കാതോലികത അതിന്റെ എല്ലാ അർത്ഥത്തിലും പ്രായോഗികമായി നടപ്പിലാക്കാൻ, വ്യത്യസ്ത ജാതി യിലുള്ളവരോടും, ഭാഷ സംസാരിക്കുന്നവരോടും, സാംസ്ക്കാരിക പൈതൃകം ജീവിക്കുന്നവരോടും മതപാരമ്പര്യമുള്ളവരോടും സുവിശേഷം അറിയിക്കാൻ മാർ ഈവാനിയോസ് പിതാവ് നടത്തിയ കാൽവയ്പ് സുധീരമായിരുന്നു. അതായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അതിശീഘ്രമായ വളർച്ചയ്ക്ക് പിന്നിലെ ശക്തമായ സാമൂഹിക അടിത്തറ. ദൈവശാസ്ത്രപരമായി, മലങ്കര സഭയിൽ നിന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേയ്ക്കുള്ള പരിവർത്തനം സഭാശാസ്ത്രം മാത്രമല്ല, ദൈവശാസ്ത്രപരമായിരുന്നു എന്നു മനസിലാക്കാം: സഭാജീവിതം ഏകസാമൂഹിക വ്യക്തിത്വത്തിൽ നിന്ന് വൈവിധ്യമാർന്ന സാമൂഹിക വ്യക്തിത്വത്തിലേയ്ക്ക് മലങ്കര സഭയെ പറിച്ചു നട്ടു.

മാതൃകാപരമായ ഒരു സാമൂഹ്യ പരിവർത്തനത്തിന് നാന്ദിക്കുറിക്കാൻ പുനരൈക്യപ്രസ്ഥാനത്തിനു സാധിച്ചെങ്കിലും പുതുതായി വിശ്വാസം സ്വീകരിച്ച കുടുംബങ്ങളിലെ പുതുതലമുറയുടെ വിവാഹാന്വേഷണം പലപ്പോഴും ജാതിവ്യവസ്ഥയുടെ അതിരുകൾക്കുള്ളിൽ ഒതുങ്ങിപ്പോയി. ജാതിപരിഗണനകൾക്ക് പ്രഥമസ്ഥാനം നൽകുന്നതിനാൽ വിശ്വാസത്തിന്റെ ഐക്യം വിവാഹകൂദാശായിലും കുടുംബജീവിതത്തിലും നഷ്ടപ്പെടാനിടയായി. അങ്ങനെ സ്ഥാപിക്കപ്പെടുന്ന കുടുംബങ്ങളിലെ വിശ്വാസ ജീവിതവും വിശ്വാസ പരിശീലനവും വിശ്വാസകൈമാറ്റവും ഗൗരവത്തോടെ കാണുമ്പോൾ മാത്രമേ കൃപനിറയുന്ന കുടുംബങ്ങൾ എന്ന സഭാഅസംബ്ലിയുടെ പ്രമേയം മലങ്കര സുറിയാനി കത്തോലിക്കാ കുടുംബങ്ങളിൽ മുഴുവൻ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

### വിശ്വാസവൈവിധ്യമുള്ള കുടുംബങ്ങൾ (Inter-faith families)

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ ഒരു കത്തോലിക്കാ വ്യക്തിയും (പ്രത്യേകിച്ച് മലങ്കര കത്തോലിക്കാ വ്യക്തി) അക്രൈസ്തവരും തമ്മിലുള്ള വിവാഹബന്ധങ്ങൾ കാനോനികമായി അസാധാരണമെങ്കിലും ഇന്നത്തെ സാമൂഹികപശ്ചാത്തലത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു യാഥാർത്ഥ്യമാണ്. നാഗരിക സംസ്ക്കാരം വളരുന്നതോടൊപ്പം യുവജനങ്ങൾ കൂടുതൽ വിശാലമായ വ്യക്തിബന്ധങ്ങളിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഇത്തരം വിവാഹബന്ധങ്ങൾ സാധാരണമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ സഭാനിയമത്തിന്റെ വെളിച്ചത്തിൽ ഇങ്ങനെയുള്ള വിവാഹങ്ങൾ അസാധാരണമെന്ന് വിധിയെഴുതി നിസ്സാരമായി കൈയൊഴിയാൻ സഭയ്ക്ക് സാധ്യമല്ല. അത്തരം വിവാഹ സാഹചര്യങ്ങളോട് ക്രിയാത്മകമായ സമീപനം അനിവാര്യമാണ്. ഒരുകാര്യം നാം ഓർക്കേണ്ടത് അത്തരം കുടുംബബന്ധങ്ങളെയെല്ലാം ഒരേ അളവുകോലിൽ വിലയിരുത്തുന്നത് അജപാലന ശുശ്രൂഷയിൽ വിഴ്ചപറ്റാൻ സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ വിശ്വാസവൈവിധ്യമുള്ള കുടുംബങ്ങൾ രൂപീകരിക്കപ്പെടുന്ന വ്യത്യസ്ത സാധ്യതകൾ നാം വിശദമായി പഠിക്കേണ്ടതുണ്ട്.

1. അക്രൈസ്തവനായ വ്യക്തിയെ (സാധാരണയായി ഹൈന്ദവവിശ്വാസത്തിലുള്ളവർ) കത്തോലിക്കാ കൂട്ടായ്മയിലേയ്ക്ക് സ്വീകരിക്കുകയും വിശ്വാസ സംബന്ധമായ അടിസ്ഥാന പരിശീലനത്തിനുശേഷം കത്തോലിക്കാ ജീവിതപങ്കാളിയുമായുള്ള വിവാഹം ആശീർവദിക്കുകയും ചെയ്യുന്നു. ഇവിടെ രണ്ടു സാധ്യതകളാണുള്ളത്:

a) കത്തോലിക്കാ വരൻ അക്രൈസ്തവ വധുവിനെ വിവാഹം കഴിക്കുമ്പോൾ ആ പെൺകുട്ടി ഒരു കത്തോലിക്കാ കുടുംബസാഹചര്യത്തിലേയ്ക്കാണ് സ്വീകരിക്കപ്പെടുന്നത്. അത്തരം സാഹചര്യത്തിൽ സാധാരണയായി ആ വ്യക്തി കത്തോലിക്കാ വിശ്വാസപാരമ്പര്യത്തിലേയ്ക്ക് കാലക്രമത്തിൽ ഇഴുകിച്ചേരുകയും പൂർണമായും കത്തോലിക്കാ വിശ്വാസിയായി മാറുകയും ചെയ്യുന്നു. അവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലന ഉത്തരവാദിത്വം ആ അമ്മ പൂർണമായും ഏറ്റെടുക്കുന്നു.

b) കത്തോലിക്കാ യുവതി അക്രൈസ്തവ യുവാവിനെ വിവാഹം കഴിക്കുമ്പോൾ കത്തോലിക്കാ പെൺകുട്ടി ഒരു അക്രൈസ്തവ കുടുംബസാഹചര്യത്തിലേയ്ക്കാണ് സ്വീകരിക്കപ്പെടുന്നത്. ഇവിടെ നവവരൻ മാത്രമേ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചിട്ടുള്ളൂ, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അക്രൈസ്തവരായി തുടരുകയും ചെയ്യുന്നു. അത്തരം സാഹചര്യങ്ങളിൽ നവവധുവിന്റെ വിശ്വാസതീക്ഷ്ണതയും ക്രൈസ്തവോചിതമായ സാക്ഷ്യവും വരനെ ആഴമായ വിശ്വാസത്തിലേയ്ക്ക് ആനയിക്കുകയാണെങ്കിൽ വളരെ സജീവമായ ഒരു കത്തോലിക്കാ കുടുംബം രൂപീകരിക്കാൻ സാധിക്കുന്നതാണ്. അതിലുപരി കുടുംബത്തിൽ ക്രൈസ്തവവിശ്വാസം സാക്ഷ്യം നൽകാൻ കത്തോലിക്കാ ജീവിതപങ്കാളിക്ക് സാധിക്കുന്നതുമാണ്.

2. അക്രൈസ്തവനായ വ്യക്തിയെ കത്തോലിക്കാ കൂട്ടായ്മയിലേയ്ക്ക് സ്വീകരിക്കുകയും എന്നാൽ വേണ്ടവിധം വിശ്വാസ പരിശീലനം നൽകാതെ വിവാഹം ആശീർവദിക്കുകയും ചെയ്യുമ്പോൾ പുതുതായി വിശ്വാസം സ്വീകരിച്ച വ്യക്തി വിവാഹശേഷം വിശ്വാസം ജീവിതം തുടരുകയും അതിൽ ആഴപ്പെടുകയും ചെയ്യുകയോ കത്തോലിക്കാ വിശ്വാസം ഉപേക്ഷിച്ച് മുൻമതജീവിതത്തിലേയ്ക്ക് മടങ്ങിപ്പോവുകയോ ചെയ്യുന്നു. ഇവിടെ നാലു സാധ്യതകളാണുള്ളത്:

a) അക്രൈസ്തവ ജീവിത പങ്കാളി (സാധാരണയായി വരൻ) അദ്ദേഹത്തിന്റെ കത്തോലിക്ക ജീവിതപങ്കാളിയെ ക്രൈസ്തവവിശ്വാസം ജീവിക്കാൻ അനുവദിക്കുന്നു. അതേസമയം ചില പ്രത്യേക ആഘോഷാവസരങ്ങളിൽ (കുഞ്ഞുങ്ങളുടെ മാമോദീസാ, ആദ്യകുർബാനസ്വീകരണം, വിവാഹം, ഇടവകത്തിരുന്നാൾ, ക്രിസ്തുമസ്, ഈസ്റ്റർ പോലെയുള്ള ക്രൈസ്തവ ആഘോഷങ്ങൾ) അദ്ദേഹം ക്രിസ്തീയമായ ആരാധനാനുഷ്ഠാനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നു.

b) ആക്രൈസ്തവനായ വ്യക്തി വീട്ടിലോ ഇടവക ദൈവാലയത്തിലോ നടക്കുന്ന ആരാധനയിലോ പ്രാർത്ഥനാശുശ്രൂഷകളിലോ ആഘോഷങ്ങളിലോ സംബന്ധിക്കാതിരിക്കുന്നു.

c) ആക്രൈസ്തവനായ വ്യക്തി തന്റെ കത്തോലിക്കാ ജീവിത പങ്കാളിയെ പരസ്യമായി ക്രിസ്തീയ വിശ്വാസം ജീവിക്കുന്നതിൽ നിന്ന് മുടക്കുക.

d) അക്രൈസ്തവനായ വ്യക്തി തന്റെ കത്തോലിക്കാ ജീവിത പങ്കാളിയെ അക്രൈസ്തവമതത്തിലേയ്ക്ക് പരിവർത്തനപ്പെടുത്തുക. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് പൊതുവേ ഈ സാധ്യത വളരെ വിരളമാണ്.

ഈ നാലു സാഹചര്യത്തിലും അകൈസ്തവനായ വ്യക്തിക്ക് മതിയായ വിശ്വാസപരിശീലനം വിവാഹ കൂദാശയ്ക്കു മുമ്പേ നൽകാതിരുന്നാൽ ആ വ്യക്തി കത്തോലിക്കാ വിശ്വാസം ഉപേക്ഷിക്കുകയോ തമസ്ക്കരിക്കുകയോ ചെയ്യാനുള്ള സാധ്യത വളരെയേറെയാണ്. ഇത് കത്തോലിക്കാ വിശ്വാസിയായ ജീവിതപങ്കാളിയുടെ വിശ്വാസജീവിതത്തെയും കാലക്രമത്തിൽ സാരമായി ബാധിക്കുന്നതാണ്. അത്തരം സാഹചര്യത്തിൽ രൂപീകരിക്കപ്പെടുന്ന കുടുംബങ്ങളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനം വളരെയധികം പ്രയാസമേറിയതായിരിക്കും.

3. അക്രൈസ്തവനായ വ്യക്തി കത്തോലിക്കാ വിശ്വാസം ഒരിക്കലും സ്വീകരിക്കാതിരിക്കുകയും കത്തോലിക്കാ വിശ്വാസിയായ ജീവിതപങ്കാളി സഭാനിയമത്തിലെ ആചാരവ്യത്യാസമുള്ള വിവാഹത്തിനുള്ള അനുവാദം (provision for disparity of cult) രൂപതാദ്ധ്യക്ഷനിൽ നിന്ന് മുൻകൂട്ടി വാങ്ങി വിവാഹകൂദാശ നടത്തുകയും ചെയ്യുന്നു. ഇവിടെ മൂന്നു സാധ്യതകളാണുള്ളത്:

a) വരൻ കത്തോലിക്കാവിശ്വാസിയും വധു അക്രൈസ്തവവിശ്വാസിയും ആണെങ്കിൽ വധു ഒരു കത്തോലിക്കാ കുടുംബസാഹചര്യത്തിലേയ്ക്ക് സ്വീകരിക്കപ്പെടുന്നതിനാലും ആ കുടുംബം വളരെ മാതൃകാപരമായി കത്തോലിക്കാ വിശ്വാസം ജീവിക്കുകയും ചെയ്യുന്നെങ്കിൽ ആ പെൺകുട്ടി കത്തോലിക്കാ വിശ്വാസത്തിലേയ്ക്കും കത്തോലിക്കാ സഭാകൂട്ടായ്മയിലേയ്ക്കും സാവധാനം ആഘർഷിക്കപ്പെടുന്നതാണ്.

b) വധു കത്തോലിക്കാവിശ്വാസിയും വരൻ അക്രൈസ്തവവിശ്വാസിയും ആണെങ്കിൽ പെൺകുട്ടി സ്വീകരിക്കപ്പെടുന്നത് ഒരു അകൈസ്തവ കുടുംബപശ്ചാത്തലത്തിലേയ്ക്കായിരിക്കും. അത്തരം സാഹചര്യത്തിൽ വധു-വരന്മാർ തങ്ങളുടെ വ്യത്യസ്തമായ മതവിശ്വാസം മുറുകെപ്പിടിച്ചുകൊണ്ടും അതേസമയം ജീവിതപങ്കാളിയുടെ വിശ്വാസജീവിതത്തെ ശല്യപ്പെടുത്താതെയും ഒരു കുടുംബമായി ജീവിക്കുന്നു. അല്ലെങ്കിൽ, അക്രൈസ്തവ ജീവിത പങ്കാളി (മിക്കവാറും വരൻ) തന്റെ ജീവിതപങ്കാളിയെ ക്രിസ്തീയ വിശ്വാസം പരസ്യമായോ പൂർണമായോ ജീവിക്കുന്നതിൽ നിന്ന് പിൻതിരിപ്പിക്കുകയോ നിർബന്ധപൂർവം തടയുകയോ ചെയ്യുന്നതാണ്. ഈ സാഹചര്യങ്ങളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് വിശ്വാസപരമായ വ്യക്തിത്വ പ്രതിസന്ധി (faith identity crisis) ഉണ്ടാകുന്നതാണ്.

c) ചില പ്രത്യേക സാഹചര്യത്തിൽ കത്തോലിക്കാ വിശ്വാസിയായ വ്യക്തി (മിക്കവാറും വരൻ) ക്രിസ്തീയ വിശ്വാസം ജീവിക്കുന്നതിൽ യാതൊരുവിധമായ താല്പര്യവും ഇല്ലാത്ത ആളായിരിക്കും. എന്നാൽ അക്രൈസ്തവ വ്യക്തി (മിക്കവാറും വധു) പ്രത്യേക സാഹചര്യത്തിൽ ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയും സജീവമായി വിശ്വാസം ജീവിക്കുകയും ചെയ്യുന്നു. കാലക്രമത്തിൽ തന്റെ ജീവിതപങ്കാളിയായ കത്തോലിക്കാ വ്യക്തിയെ സജീവമായി വിശ്വാസം ജീവിക്കുന്ന വ്യക്തിയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ആചാരാനുഷ്ഠാനത്തിലെ വ്യത്യാസത്തിനുള്ള അനുവാദത്തോടെ നടത്തുന്ന വിവാഹകൂദാശമൂലം സ്ഥാപിക്കപ്പെടുന്ന കുടുംബങ്ങളെ ഒരേ രീതിയിൽ വിലയിരുത്തുന്നത് ഭാരതത്തിലെ സാമൂഹിക പശ്ചാത്തലത്തിൽ നീതീകരിക്കാവുന്നതല്ല. കാരണം, ഓരോ കുടുംബത്തിലേയും വിശ്വാസപരമായ സാഹചര്യം വ്യത്യസ്തവും വ്യതിരക്തവുമാണ്. അതിനാൽ ഓരോ കുടുംബത്തേയും പ്രത്യേകമായി പരിഗണിക്കുന്ന അജപാലനസമീപനം നയിക്കപ്പെടേണ്ടത് "ആത്മാക്കളുടെ രക്ഷയാണ് ആത്യന്തിക നിയമം" എന്ന പ്രമാണമായിരിക്കണം.

4. വിശ്വാസം ജീവിക്കാത്ത കത്തോലിക്കാ വ്യക്തി (മിക്കവാറും വരൻ) അക്രൈസ്തവ വ്യക്തിയെ സിവിൽ നിയമപ്രകാരം വിവാഹം കഴിക്കുന്ന ചിലസാഹചര്യങ്ങളിൽ വരന്റെ ക്രൈസ്തവ സാമൂഹിക ചുറ്റുപ്പാട് വധുവിനെ ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് ആഘർഷിക്കുകയും അങ്ങനെ ക്രിസ്തീയ വിശ്വാസം ജീവിക്കുന്ന വ്യക്തിയായി അവൾ മാറുകയും ചെയ്യുന്നു. എന്നാൽ സഭാനിയമപ്രകാരം വിവാഹം ആശീർവദിക്കുന്നതിൽ നാമമാത്ര ക്രൈസ്തവനായ കത്തോലിക്കാ വരന്റെ എതിർപ്പുമൂലം വധുവിന് കൗദാശിക ജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ തടസ്സമാകുന്നു. ഇത്തരം സാഹചര്യങ്ങളിൽ സഭയുടെ അജപാലനശുശ്രൂഷയും സഭാനിയമസംവിധാനങ്ങളും കൗദാശിക ജീവിതത്തിനായി പ്രത്യേകിച്ച് വി. കുർബാനയുടെ സ്വീകരണത്തിന് അദമ്യമായി ആഗ്രഹിക്കുന്ന വ്യക്തിയോട് അനുഭാവപൂർവമായ നിലപാടുകൾ സ്വീകരിക്കേണ്ടതാണ്.

### സങ്കീർണവും വെല്ലുവിളികൾ നിറഞ്ഞതുമായ സാഹചര്യം

മേൽനടത്തിയ വിശദമായ പഠനത്തിൽ നിന്ന് ആചാരാനുഷ്ഠാന വ്യത്യാസംമൂലം നടത്തുന്ന വിവാഹകൂദാശമൂലം സ്ഥാപിക്കപ്പെടുന്ന കുടുംബങ്ങളിലെ വിശ്വാസപരമായ വെല്ലുവിളികൾ സങ്കീർണമാണ്. അത്തരം ദമ്പതികൾക്ക് ഐക്യത്തോടെയുള്ള കുടുംബജീവിതം കെട്ടിപ്പെടുക്കുന്നതിലുള്ള വെല്ലുവിളി നാം കൂടുതലായി മനസിലാക്കണം. അതിലുപരി അത്തരം കുടുംബങ്ങളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസപരവും വിശ്വാസപരവുമായ പരിശീലനത്തിലെ പ്രതിസന്ധികൾ പലപ്പോഴും ഒറ്റവാക്കിൽ പരിഹരിക്കാനാവാത്തതാണെന്ന് നാം മനസിലാക്കണം. അതിനാൽ തന്നെ ഐക്യരൂപ്യത്തിലുള്ള അജപാലന സമീപനങ്ങൾ ഇത്തരം കുടുംബങ്ങളിൽ അപര്യാപ്തമായിരിക്കും.

കത്തോലിക്കാ ദൈവശാസ്ത്രം പഠിപ്പിക്കുന്ന വിവാഹത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഇപ്രകാരമുള്ള വിവാഹബന്ധത്തിലൂടെ സ്ഥാപിക്കപ്പെടുന്ന കുടുംബത്തിലെ ദമ്പതികൾ പലപ്പോഴും പരാജിതരായി തീരാം. അവരുടെ ഐക്യവും നന്മയും പലപ്പോഴും കലഹത്തിനും വേർപിരിയ



ലിനും വഴിമാറുന്നത് ആകസ്മികമല്ല. കത്തോലിക്കാ മതബോധനഗ്രന്ഥം ഈ സാഹചര്യത്തെ വിലയിരുത്തുന്നത് ഇപ്രകാരമാണ്: "വിശ്വാസത്തിലെ വ്യത്യാസവും വിവാഹമെന്ന സങ്കല്പവും അതിലുപരി വ്യത്യസ്തമായ മാതാത്മക മനോഭാവങ്ങളും വിവാഹബന്ധത്തിൽ സംഘർഷങ്ങൾക്കു കാരണമാകാം പ്രത്യേകിച്ച് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസപരമായ കാര്യത്തിൽ. (ഇത്തരം സാഹചര്യത്തിൽ) മതപരമായ നിസംഗതയിലേയ്ക്കുള്ള പ്രലോഭനം ഉയർന്നുവരാവുന്നതാണ്." (മതബോധന ഗ്രന്ഥം, നം. 1634).

കുടുംബങ്ങളിൽ കൃപയുടെ നിറവിനേയും വർദ്ധനവിനേയും ഉറപ്പാക്കുന്ന വിശ്വാസപരമായ ജീവിതക്രമം ദമ്പതികൾ ഒരുമിച്ച് സാധ്യമല്ലാതെ വരുമ്പോൾ കൃപയുടെ അനുഭവം അത്തരം കുടുംബങ്ങളിൽ കുറഞ്ഞുപോകുന്നു എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് തന്നെ ഒരു പുതിയ കുടുംബത്തെ പൂർണമായും കൗദാശിക ജീവിതത്തിൽ സജീവമാക്കി ഒരു ഗാർഹികസഭയായി രൂപപ്പെടുത്തുന്നതിന് നാം പ്രോത്സാഹിപ്പിക്കുകയും അവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യണം. അത്തരം കുടുംബബന്ധങ്ങളിൽ കത്തോലിക്കാ വിശ്വാസം മുറുകെപ്പിടിക്കുന്ന വ്യക്തികളോട് ദൈവകരുണയുടെ മനോഭാവത്തോടെ മാത്രമേ അജപാലകരും പ്രദേശിക ഇടവക കൂട്ടായ്മകളും ഇടപെടാൻ പാടുള്ളൂ.

### വ്യത്യസ്തമായ അജപാലന സമീപനങ്ങൾ

മിശ്രിതമായ മതാത്മക സാഹചര്യത്തിലെ വിവാഹബന്ധങ്ങളിൽ തെറ്റില്ലായെന്ന് വിശ്വസിക്കുകയും അത് സാധാരണമെന്ന് ചിന്തിക്കുകയും ചെയ്യുന്ന ഒരു യുവതലമുറ വളർന്നുവരുന്ന പശ്ചാത്തലത്തിലാണ് അത്തരം കുടുംബങ്ങളിലെ അജപാലന ശുശ്രൂഷയെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കുന്നത്. ഇവിടെ രണ്ടു സാധ്യതകളെ നാം തുറന്ന മനസ്സോടെ സമീപിക്കണം. ഒരുവശത്ത് ഒരു വ്യക്തിയെ പുതുതായി കത്തോലിക്കാ വിശ്വാസത്തിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത നിൽക്കുമ്പോൾതന്നെ മറുവശത്ത് കത്തോലിക്കാ വിശ്വാസം സജീവമായി ജീവിച്ചിരുന്ന ഒരു വ്യക്തി ഇത്തരം വിവാഹബന്ധത്തോടെ വിശ്വാസം ഉപേക്ഷിക്കാനുള്ള അപകടങ്ങളും നാം തിരിച്ചറിയണം. അതുകൊണ്ട് ഇത്തരം സാഹചര്യങ്ങളിൽ കത്തോലിക്കാ വിശ്വാസിയെ തന്റെ വിശ്വാസം ജീവിക്കാൻ പ്രത്യേകിച്ച് പുതിയ കുടുംബസാഹചര്യത്തിൽ, പ്രതികൂലമായ അനേകം ഘടകങ്ങൾ നിൽക്കുമ്പോൾ തന്നെ, പ്രദേശിക വിശ്വാസ കൂട്ടായ്മ കൂടുതലായി സഹായിക്കണമെന്ന് വി. ജോൺപോൾ മാർപാപ്പാ ഓർമപ്പെടുത്തുന്നുണ്ട് (John Paul II, Familiaris Consortio, 78).

മിശ്രിതമായ മതാത്മക സാഹചര്യത്തിൽ രൂപീകരിക്കപ്പെടുന്ന കുടുംബങ്ങളിലെ അജപാലന ആവശ്യങ്ങളെക്കുറിച്ച് അജപാലകർ ശരിയായ അവബോധമുള്ളവരായിരിക്കണം. അവരുടെ കൂടുതൽ ശ്രദ്ധയും പരിലാളനയും അത്തരം കുടുംബങ്ങളിൽ അനിവാര്യമാണെന്ന വസ്തുത മറന്നുപോകാൻ പാടില്ല. അത്തരം കുടുംബങ്ങളെ ഇടവകയിലെ മറ്റുകുടുംബങ്ങളെപ്പോലെ പരിഗണിക്കുമ്പോൾ ഭരണപരമായ ബാദ്ധ്യതകൾ നിറവേറ്റാൻ കത്തോലിക്കാ വിശ്വാസിയായ അംഗം (പ്രത്യേകിച്ച് സ്വയവരുമാനമില്ലാത്ത ഭാര്യ) ഏറെ ക്ലേശപ്പെടും എന്നത് നാം വിസ്മരിക്കരുത്. ഇടവകയിലെ തിരുന്നാൾ പ്രത്യേക ആഘോഷങ്ങൾ എന്നീ അവസരങ്ങളിൽ ഇടവക ഭരണസമിതിയും ഇടവകാംഗങ്ങളും അനുഭാവപൂർവമായ നിലപാടുകൾ സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനം, കൂദാശസ്വീകരണ സമയങ്ങളിൽ ഇടവകകൾ സാധാരണയായി സ്വീകരിക്കുന്ന നിഷ്കർഷകൾ (പ്രത്യേക സംഭാവനകൾ നൽകേണ്ട ഉത്തരവാദിത്വം, കൂദാശസ്വീകരണ സമയത്ത് അപ്പനും അമ്മയും സന്നിഹിതരായിരിക്കണമെന്ന നിബന്ധനകൾ, മുതലായവ) പ്രത്യേകിച്ച് ജീവിതപങ്കാളി കത്തോ



ലിക്കാ വിശ്വാസ പാരമ്പര്യങ്ങളോട് നിഷേധാത്മ നിലപാടുകൾ സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ കത്തോലിക്കാ ജീവിതപങ്കാളിക്ക് ഏറെ ഭാരമുള്ളതായി തീരും. സ്വന്തം വിശ്വാസം ജീവിക്കാനും പരിപാലിക്കാനും ഏറെ ക്ലേശപ്പെടുന്ന വ്യക്തിയുടെ ഭാരം വർദ്ധിപ്പിക്കുന്ന തരത്തിൽ ഇടവകയിലെ പ്രത്യേക നടപടിക്രമങ്ങൾ മാറാൻ പാടില്ല എന്നു ചുരുക്കം. അതിലുപരി, കുഞ്ഞുങ്ങളുടെ ആത്മീകവും കൗദാശികവുമായ ജീവിതത്തെ സാരമായി ബാധിക്കും. അതുകൊണ്ട് ഇടവകയിലെ മറ്റുകുടുംബങ്ങളെപ്പോലെ ഇത്തരം കുടുംബങ്ങളെ പരിഗണിക്കാൻ പാടില്ലാത്തതും അനാവശ്യമായ ബാദ്ധ്യതകളിൽ നിന്ന് വിടുതൽ നൽകേണ്ടതും അനിവാര്യമാണ്.

ഏകാംഗമായി കത്തോലിക്കാ വിശ്വാസം ജീവിക്കുന്ന വ്യക്തിക്ക് ഇടവകകൂട്ടായ്മയുടെ അജപാലനമായ അനുധാവം ഉറപ്പുവരുത്തേണ്ടതാണ്. കത്തോലിക്കാ വിശ്വാസിയെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും വിശ്വാസപരമായ ജീവിതം സജീവമായി നയിക്കാനും ഇത്തരം അജപാലന അനുധാവം ഏറെ സഹായിക്കും എന്നതിൽ സംശയമില്ല. ഇക്കാര്യത്തിൽ ഇടവക കൂട്ടായ്മയെ പടിപടിയായി ബോധവൽക്കരിക്കാൻ അജപാലകർ ഏറെ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. "ദൈവകരുണയുടെ ലേപനം" (Pope Francis, *Amoris Latitia*, 78) പുരട്ടുന്നതായിരിക്കണം ഇത്തരം സമീപനങ്ങളെന്ന് ഫ്രാൻസിസ് മാർപാപ്പാ ഉദ്ബോധിപ്പിക്കുന്നു.

മതാത്മകവ്യത്യാസത്തോടെ നടത്തുന്ന വിവാഹബന്ധങ്ങൾ സുവിശേഷപ്രഘോഷണത്തിനുള്ള പുത്തൻവേദികൾ തുറക്കുന്നുണ്ട്. അത്തരം കുടുംബങ്ങളിലെ ക്രിസ്തീയ വിശ്വാസിയായ പങ്കാളി മറ്റുള്ളവരുടെ മുൻപിൽ ശ്രേഷ്ഠമായ ഒരു വിശ്വാസം ജീവിതം നയിക്കുന്നതിലൂടെ ക്രിസ്തുവിനും സുവിശേഷമൂല്യങ്ങൾക്കും കത്തോലിക്കാ സഭയ്ക്കും ധീരമായ സാക്ഷ്യം സ്വജീവിതത്തിലൂടെ നൽകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ അത്തരം വിവാഹബന്ധങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്ന സ്ഥിരനിലപാടിൽ നിന്ന് വ്യത്യസ്തമായി പ്രേഷിത സാധ്യതയായി നാം നോക്കിക്കണ്ടാൽ കൂടുതൽ സജീവമായ ഇടപെടലുകൾ അത്തരം കുടുംബങ്ങളിൽ നടത്താൻ അജപാലകർക്കും ഇടവക കൂട്ടായ്മകൾക്കും സാധിക്കും. ഇവിടെ സുവിശേഷപ്രഘോഷണം വാക്കുകൾകൊണ്ടല്ല ജീവിതം കൊണ്ടാണ് സാധ്യമാകുന്നത്.

സുവിശേഷദീപത്തിന്റെ പരിമളം പകരുന്നത് ജീവിതസാക്ഷ്യത്തിലൂടെയാണെന്ന് നാം തിരിച്ചറിയുന്നു. സാവധാനമായ ഒരു പരിണാമം അക്രൈസ്തവ ജീവിതപങ്കാളിയുടെ മനോഭാവത്തിലും ജീവിതത്തിലും ഉണ്ടാകുന്നു എന്നത് ശുഭാപ്തി വിശ്വാസത്തെ നോക്കികാണാൻ സാധിക്കണം: ജീവിതപങ്കാളിയെ കത്തോലിക്കാ വിശ്വാസം പരസ്യമായി ജീവിക്കാൻ അനുവദിക്കുക, ജീവിതപങ്കാളിയുടെ വിശ്വാസജീവിതക്രമം തുറന്ന മനസ്സോടെ ശ്രദ്ധിക്കുക, വിശ്വാസജീവിതത്തെ പ്രോത്സാഹിപ്പിക്കുക, വിശ്വാസസംബന്ധമായ കാര്യങ്ങൾ പരസ്യമായി സംസാരിക്കുക, രഹസ്യമായി വിശ്വാസപരമായ കാര്യങ്ങൾ (നോമ്പുകൾ, തിരുന്നാളുകൾ മുതലായവ) അംഗീകരിച്ച് അനുവർത്തിക്കുക പ്രദേശിക ഇടവക കൂട്ടായ്മയെ ഭവനത്തിൽ സ്വീകരിക്കുക, ഭാഗികമായി ഇടവകയിലെ ആഘോഷങ്ങളിൽ പങ്കാളികയാകുക, അവസാനമായി, പൂർണമായും കൗദാശിക ജീവിതത്തിലേയ്ക്ക് പ്രവേശിക്കുക. അതിനാൽ മതാത്മകവ്യതാസമുള്ള കുടുംബങ്ങളിലെ പ്രേഷിതസാധ്യതകൾ ചിന്തിക്കുന്നതിനേക്കാളേറെയാണെന്ന് നാം തിരിച്ചറിയണം.

## ഉപസംഹാരം

ആനുകാലിക കാലഘട്ടത്തിൽ കത്തോലിക്കരും അക്രൈസ്തവരും തമ്മിലുള്ള വിവാഹങ്ങൾ സാധാരണമായിക്കൊണ്ടിരിക്കുന്നു. അത്തരം വിവാഹത്തെ പാപസാഹചര്യമായി നാം വിലയിരുത്തി അവരെ കൂട്ടായ്മയിൽ നിന്ന് പുറത്താക്കുന്നതിനുപകരം അജപാലനപരമായ ഒരു ദൗത്യമായി കണ്ട് വിശ്വാസത്തിൽ ഉറപ്പിക്കാൻ പരിശ്രമിക്കുന്നതിലൂടെ നഷ്ടപ്പെട്ടുപോയതിനെ തേടിപോയ നല്ലിടയന്റെ മനോഭാവത്തിലേയ്ക്ക് സഭയ്ക്ക് കൂടുതലായി വളരാൻ സാധിക്കും. അതിന് സംഘാത്മകമായ ദർശനവും ബോധവത്ക്കരണവും പരിശ്രമവും അനിവാര്യമാണ്. അത്തരത്തിലുള്ള ഓരോ കുടുംബത്തേയും സുവിശേഷപ്രഘോഷണ സാധ്യതയായി കണ്ട് അനുയോജ്യമായ അജപാലനരീതികൾ അവലംബിക്കാൻ സഭയായും ഭദ്രാസനങ്ങളായും ഇടവകകൂട്ടായ്മകളായും പരിശ്രമിക്കേണ്ടത് അനിവാര്യമാണ്.

സി. ഡോ. നോബിൾ തെരേസ് ഡി. എം.



# കുടുംബം ഗാർഹിക സഭ

### ആമുഖം

ഈ ലോക മഹാസാഗരത്തിൽ ഓരോ മനുഷ്യവ്യക്തിയും ഒരു കുടംബത്തിന്റെ ഭാഗമാണ്. ആദിയിൽ ദൈവം പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു. തന്റെ ഛായയിലും സാദൃശ്യത്തിലും അവരെ സൃഷ്ടിച്ച ദൈവം സ്നേഹം പങ്കു വയ്ക്കാനുള്ള കഴിവു നൽകി അവരെ അനുഗ്രഹിച്ചപ്പോൾ സ്ത്രീയും പുരുഷനും അവിടുത്തെ സൃഷ്ടികർമ്മത്തിൽ പങ്കാളികളായി. അങ്ങനെ കുടുംബങ്ങൾ രൂപം കൊണ്ടു. ദൈവസ്നേഹത്തിന്റെ കൊച്ചു പതിപ്പുകളായ ഈ കുടുംബങ്ങൾ ഭൂമിയിൽ യഥേഷ്ടം വിരാജിക്കുവാൻ അവിടുന്ന് തിരുമനസ്സായി. ഇന്നും ഈ പ്രക്രിയ അതായത് പുതിയ കുടുംബങ്ങളുടെ രൂപീകരണം അഭംഗുരം തുടർന്നുകൊണ്ടേയിരിക്കുന്നു. അങ്ങനെ ഞാനും നീയും ഓരോരുത്തരും ഈ ലോകമഹാകുടുംബത്തിൽ ഏതെങ്കിലുമൊരു കൊച്ചു കുടുംബത്തിലെ അംഗമായിരുന്നുകൊണ്ട് തങ്ങളുടെ ദൗത്യം പൂർത്തിയാക്കുന്നു. ആദിമുതൽ ഇന്നോളം കുടുംബങ്ങൾ സമൂഹത്തിൽ സവിശേഷ ശ്രദ്ധയർഹിക്കുന്ന മൂലഘടകങ്ങളാണ് എന്നത് നിസ്തതർക്കം തന്നെ. കാരണം ഫ്രാൻസിസ് മാർപാപ്പ പറയുന്നത് പോലെ "ലോകത്തിന്റെയും സഭയുടെയും ഭാവിക്ക് കുടുംബത്തിന്റെ ക്ഷേമം നിർണ്ണായകമാണ്." (സ്നേഹത്തിന്റെ സന്തോഷം, 31)

### വിവാഹവും കൃപ നിറയുന്ന കുടുംബങ്ങളും

വിവാഹം എന്ന വി. കൂദാശയിലൂടെ സ്ത്രീ പുരുഷൻമാർ പരസ്പരം സംയോജിക്കപ്പെട്ട് "ക്രിസ്തുവിന് സഭയുമായുള്ള ദാമ്പത്യോടമ്പടിയിൽ" (കുടുംബം സ്നേഹ സമൂഹം, 13) നിർണ്ണായകമായി പ്രതിഷ്ഠിക്കപ്പെടുന്നു. വിവാഹം എന്ന വി. കൂദാശയുടെ പരികർമ്മത്തിലൂടെ ദമ്പതികളിലേക്ക് ദൈവത്തിന്റെ കൃപാവരം സമൃദ്ധമായി ചൊരിയപ്പെടുന്നു. അതുവഴി വിവാഹ ബന്ധത്തിലേർപ്പെടുന്ന സ്ത്രീ പുരുഷൻമാർ കൃപ നിറയുന്ന ദമ്പതികളായി രൂപാന്തരപ്പെടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു- "യേശു ക്രിസ്തു സഭയെ സ്നേഹിക്കുകയും അവൾക്കു വേണ്ടി സ്വയം ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തതു പോലെ ദമ്പതികൾ പരസ്പരമുള്ള ആത്മദാനത്തിലൂടെ, നിരന്തരമായ വിശ്വസ്തതയോടെ തമ്മിൽ തമ്മിൽ സ്നേഹിക്കാനിടയാകാൻ വേണ്ടി അവി

ടുന്ന് അവരോടൊത്ത് വസിക്കുന്നു. ഇക്കാരണത്താൽ ക്രൈസ്തവ ദമ്പതികൾക്ക് ഒരു പ്രത്യേക കൂദാശ ലഭിക്കുന്നു. അതു വഴി അവർ ബലപ്പെടുകയും തങ്ങളുടെ ജീവിതാവസ്ഥയുടെ ചുമതലകളിലും അന്തസ്സിലും പ്രത്യേകവിധം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു. ദമ്പതികൾ തങ്ങളുടെ ദാമ്പത്യപരവും കുടുംബപരവുമായ കടമകൾ നിർവ്വഹിക്കുമ്പോൾ, ഈ കൂദാശ വഴി ക്രിസ്തുവിന്റെ ആത്മാവ് അവരിലേക്ക് ഉൾപ്രവേശിക്കുകയും ആ ആത്മാവ് വിശ്വാസം, പ്രതീക്ഷ, ഉപവി എന്നിവ കൊണ്ട് അവരുടെ ജീവിതത്തെ മുഴുവൻ നിറയ്ക്കുകയും ചെയ്യുന്നു. അങ്ങനെ അവർ സ്വന്തം പൂർണ്ണതയിലേക്കും പരസ്പര വിശുദ്ധീകരണത്തിലേക്കും ഒന്നിനൊന്ന് പുരോഗമിക്കുകയും തൻമൂലം ഒരുമിച്ച് ചേർന്ന് ദൈവമഹത്വത്തിന് സംഭാവന യർപ്പിക്കുയും ചെയ്യുന്നു." (gaudium et spes,18) ക്രിസ്തുവും സഭയും തമ്മിലുള്ള മണവാളൻ - മണവാട്ടി ബന്ധത്തിന്റെ പ്രതിരൂപമായി വിവാഹബന്ധത്തിൽ ദമ്പതികൾ ഒരുമിച്ച് ചേർക്കപ്പെടുമ്പോൾ കൗദാശിക കൃപാവരത്തിന്റെ നിറവും ക്രിസ്തു സ്നേഹത്തിന്റെ മായാത്ത മുദ്രയും കുടുംബജീവിതത്തിന്റെ അടിസ്ഥാന പ്രമാണമായി മാറുന്നു. ഇവിടെയാണ് ക്രൈസ്തവ കുടുംബങ്ങൾക്ക് വ്യതിരിക്തത ലഭിക്കുന്നത്. അങ്ങനെയെങ്കിൽ വിവാഹം കുടംബജീവിതത്തിന്റെ അടിസ്ഥാന ഘടകമായി നിലക്കൊള്ളുന്നു എന്ന് കരുതുന്നതിൽ തെറ്റില്ല. അപ്പോൾ കൃപ നിറയുന്ന കുടുംബങ്ങൾ രൂപപ്പെടണമെങ്കിൽ വിവാഹം എന്ന കൂദാശ സ്വീകരിക്കുന്നതിലേക്കായി ദമ്പതികൾ എത്രമാത്രം ഒരുക്കമുള്ളവരായിരിക്കണം എന്നത് കൂടുതൽ ശ്രദ്ധയർഹിക്കുന്നു.

ഇന്ന് ക്രൈസ്തവ കുടുംബങ്ങളിൽ വിവാഹം വളരെ ആഘോഷമായി നടത്തപ്പെടുന്നുണ്ടെങ്കിലും ആത്മീയതയെക്കാൾ ഭൗതികതയ്ക്ക് നാം പ്രാധാന്യം കൊടുക്കുന്നു. ബാഹ്യമായ ആഘോഷങ്ങളും ഒരുക്കങ്ങളും തകൃതിയായി നടത്തപ്പെടുന്നു എന്ന് ഉറപ്പു വരുത്തുമ്പോൾ പോലും വിവാഹം എന്ന കൂദാശ വഴി എന്താണ് ലക്ഷ്യമിടുന്നത് എന്നു പോലും അറിയാതെ പലപ്പോഴും ദമ്പതികൾ ഈ കൂദാശയ്ക്കായി അണയുന്നു എന്നത് തികച്ചും വേദനാജനകമാണ്. അതിനുള്ള ഉത്തമ ഉദാഹരണങ്ങളാണല്ലോ ഇന്ന് വർദ്ധിച്ചു വരുന്ന വിവാഹ മോചനങ്ങൾ. എത്ര ആഘോഷമായി കൊണ്ടാടിയാലും ക്രിസ്തുവിനോടുകൂടിയല്ലാതെ കെട്ടിപ്പടുക്കുന്ന ബന്ധങ്ങളെല്ലാം തകർന്നു വീഴുന്നു. കൃപനിറയുന്ന കുടുംബങ്ങൾക്ക് പകരം കൃപ നഷ്ടപ്പെട്ട് ശിഥിലമാവുന്ന കുടുംബബന്ധങ്ങൾ തുടർക്കാഴ്ച്ചയാവുന്നു. എന്താണിതിനൊരു പരിഹാരം? നല്ല ഒരുക്കത്തോടു കൂടി മാത്രം വിവാഹ ബന്ധത്തിലേക്ക് പ്രവേശിക്കുക എന്നത് നിർബന്ധമാക്കിയാൽ ഒരു പരിധിവരെ വിഹാഹശേഷം എളുപ്പത്തിൽ കലാശിക്കുന്ന വിവാഹമോചനങ്ങൾക്ക് തടയിടനാവും എന്ന് അനുമാനിക്കാം. എങ്ങനെയൊക്കെ വിവാഹത്തിന് ഒരുങ്ങാനാവും എന്നത് ഇവിടെ പ്രത്യേകം ചിന്തനീയമാണ്. പരിശുദ്ധ ഫ്രാൻസിസ്പാപ്പ സ്നേഹത്തിന്റെ സന്തോഷം എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ വിവാഹത്തിനുള്ള അകന്ന ഒരുക്കം , അടുത്ത ഒരുക്കം എന്നിങ്ങനെ രണ്ടായി തിരിച്ച് വിവാഹ ഒരുക്കത്തെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. പാപ്പയുടെ അഭിപ്രായത്തിൽ ദമ്പതിമാരെ സംബന്ധിച്ചിടത്തോളം വിവാഹത്തിനുള്ള തയ്യാറെടുപ്പ് ജനനത്തോടുകൂടി തന്നെ തുടങ്ങുന്നു. സ്വന്തം മാതാപിതാക്കൻമാരുടെ ജീവിത സാക്ഷ്യം , മാതൃക, ഉപദേശം, ഐഹിക പ്രഭാഷണങ്ങൾ ഇവയെല്ലാം അകന്ന ഒരുക്കത്തിൽ പാപ്പ ഉൾപ്പെടുത്തുന്നു. സ്വന്തം കുടുംബത്തിന്റെ അല്ലെങ്കിൽ മാതാപിതാക്കൻമാരുടെ ജീവിതസാക്ഷ്യമാണ് ഇവയിൽ ഏറ്റവും വലുതെങ്കിലും ഇന്ന് പല കുടുംബങ്ങളിൽ നിന്നും വരുന്ന കുഞ്ഞുങ്ങൾക്ക് വിവാഹത്തെയും അതിന്റെ പരിശുദ്ധിയെയും കുറിച്ചുള്ള അവബോധവും വിവാഹജീവിതം എപ്രകാരം കൃപനിറഞ്ഞ വിശുദ്ധ ജീവിതമാക്കി മാറ്റാം എന്നതിനെക്കുറിച്ചുള്ള വ്യക്തമായ മാർഗ്ഗനിർദേശങ്ങളും പഠിപ്പിക്കലുകളും നൽകാൻ അജപാലകർപ്രത്യേകം ശ്രദ്ധവയ്ക്കേണ്ടതാണ്.

വിവാഹത്തിനുള്ള അടുത്ത ഒരുക്കത്തിന്റെ ഭാഗമായി വിവാഹ ഒരുക്ക കോഴ്സുകളും സെമിനാറുകളും നൽകുന്ന ഇടവകസമൂഹം കാലക്രമേണ ഉണ്ടാകാവുന്ന പ്രശ്നങ്ങളും അപകടസാധ്യതകളും തിരിച്ചറിയാനും അവരെ സഹായിക്കണം എന്ന് പാപ്പ തന്റെ അപ്പസ്തോലിക പ്രബോധനത്തിലൂടെ ചൂണ്ടിക്കാട്ടുന്നു. ദമ്പതിമാർ അവരുടെ ബന്ധത്തിൽ അപകടസൂചനകൾ കണ്ടുപിടിക്കാൻ കഴിവുള്ളവരായിരിക്കണം എന്നും വിവാഹത്തിനു മുൻപ് അവയോട് പ്രത്യുത്തരിക്കാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും "സ്നേഹത്തിന്റെ സന്തോഷം" എന്ന അപ്പസ്തോലിക പ്രബോധനം നമ്മോട് പറയുന്നു. കൂടാതെ യഥാർത്ഥവും സ്ഥിരവുമായ സമർപ്പണം ഉറപ്പുവരുത്തുന്ന കൂടുതൽ അഗാധമായ കാരണങ്ങൾ ദമ്പതിമാർ കണ്ടെത്തിയിട്ടില്ലെങ്കിൽ വിവാഹം ചെയ്യുവാനുള്ള തീരുമാനത്തെ ഒരിക്കലും പ്രോത്സാഹിപ്പിക്കരുത് എന്ന് കൂടി പാപ്പ കൂട്ടിച്ചേർക്കുന്നു. "ഇക്കാരണത്താൽ താഴെപ്പറയുന്ന കാര്യങ്ങളെപ്പറ്റി ചർച്ച നടത്തുവാൻ അവർക്ക് ശക്തമായ പ്രോത്സാഹനം നൽകണം. അവരിൽ ഓരോ വ്യക്തിയും വിവാഹത്തിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നു? സ്നേഹം, സമർപ്പണം എന്നിവക്കൊണ്ട് അവർ എന്തു മനസ്സിലാക്കുന്നു? ഓരോ വ്യക്തിയും മറ്റേ വ്യക്തിയിൽ നിന്ന് എന്ത് ആഗ്രഹിക്കുന്നു? അവർ ഒന്നിച്ച് ഏതു തരം ജീവിതം കെട്ടിപ്പടുക്കാനാണ് ആഗ്രഹിക്കുന്നത്? "(സ്നേഹത്തിന്റെ സന്തോഷം, 209). പരസ്പരാകർഷണം മാത്രം പോര, ഒരു ജീവിതകാലം മുഴുവൻ ഒരുമിച്ച് ജീവിക്കാനുള്ള കൃപ നേടിയെടുക്കാൻ എന്ന യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ഇത്തരം ചർച്ചകൾ അവരെ സഹായിക്കും. ഇവ കൂടാതെ നിരന്തരമായ പ്രാർത്ഥനയും ഭക്താഭ്യാസങ്ങളുടെ അനുഷ്ഠാനവും തിരുകർമ്മങ്ങളിലും കൂദാശകളിലുമുള്ള ഭക്തിപൂർവ്വകമായ പങ്കുച്ചേരലും ഒരുക്കത്തോടുകൂടിയ കൂദാശ സ്വീകരണങ്ങളും വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്ക് കൃപ സമ്പാദനത്തിനുള്ള ഉത്തമ മാർഗ്ഗങ്ങളാണെന്നതിൽ സംശയമില്ല.

## വിവാഹിതരും കൃപ നിറയുന്ന കുടുംബങ്ങളും

കൃപ നിറഞ്ഞ ദമ്പതികളിലൂടെ കൃപ നിറയുന്ന കുടുംബങ്ങൾ രൂപം കൊള്ളുന്നു. ദമ്പതികളുടെ പരസ്പര സ്നേഹത്തിലൂടെ കൃപ സമൃദ്ധമാകുന്നു. ഈ പവിത്ര സ്നേഹബന്ധത്തെക്കുറിച്ച് സഭാ പിതാവായ തെർത്തുല്യൻ പ്രതിപാദിപ്പിച്ചിരിക്കുന്നു. "സഭയിൽ യോജിപ്പിക്കപ്പെടുന്നതും ബലിയാൽ ശക്തമാക്കപ്പെടുന്നതും ദൈവീകാശീർവാദത്താൽ മുദ്രവയ്ക്കപ്പെടുന്നതും മാലാഖമാരാൽ വിളംബരം ചെയ്യപ്പെടുന്നതും പിതാവിനാൽ സ്ഥിതീകരിക്കപ്പെടുന്നതുമായ വിവാഹ ജീവിത്തിലെ സൗഭാഗ്യം ഞാനെങ്ങനെ ആവിഷ്ക്കരിക്കും? ഒരേ പ്രത്യാശയും, ഒരേ ആഗ്രഹവും, ഒരേ അനുഷ്ഠാനവും, ഒരേ ശുശ്രൂഷയുമുള്ള രണ്ടു വിശ്വാസികൾ തമ്മിലുള്ള ബന്ധം എത്ര വിസ്മയകരമാണ് ! അവർ ഇരു



വരും സഹോദരങ്ങളും സഹസേവകരുമാണ്. അവർ തമ്മിൽ ശരീരത്തിലോ, ആത്മാവിലോ അകൽച്ചയില്ല. യഥാർത്ഥത്തിൽ അവർ രണ്ടുപേർ ഒരു ശരീരത്തിൽ ഒന്നായിരിക്കുന്നു. എവിടെ ശരീരം ഒന്നായിരിക്കുന്നുവോ അവിടെ ആത്മാവും ഒന്നായിരിക്കുന്നു" (Tertullian, Ad uxorem II, VII, 6-8). വിവാഹത്തിന്റെ ലക്ഷ്യം ദമ്പതികളുടെ നൻമയും സന്താനോല്പാദനവും മക്കളുടെ ശിക്ഷണവും ആണെങ്കിൽ ദമ്പതികളുടെ പരസ്പര സ്നേഹം ഫലം ചൂടേണ്ടിയിരിക്കുന്നു. ഫലദായകമായ, ജീവദായകമായ ഈ സ്നേഹം വഴി ദമ്പതികൾ അവിടുത്തെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാവുന്നു. ദൈവീക പദ്ധതി സാക്ഷാത്കരിക്കുന്നു. ദൈവസ്നേഹത്തിൽ ചാലിച്ചെടുത്ത ദാമ്പത്യ സ്നേഹത്തിന്റെ ബഹിർസ്പുരണമെന്നോണം ജാതരാകുന്ന മക്കൾ കുടുംബത്തിൽ കൃപയുടെ നിറക്കൂട്ടങ്ങളാണ്. മക്കളുടെ ജനനത്തോടെ പൂർണ്ണരൂപം പ്രാപിക്കുന്ന ക്രൈസ്തവ കുടുംബങ്ങൾ വരപ്രസാദം വഴിഞ്ഞൊഴുകുന്ന ഇടങ്ങളായി മാറണം.

അതിന് ഒന്നാമതായി കുടുംബങ്ങൾ പ്രാർത്ഥനയുടെ ഇടങ്ങളാവണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനിൽക്കുന്നു എന്നാണല്ലോ ചൊല്ല്. കുഞ്ഞുങ്ങളെ പ്രാർത്ഥന പഠിപ്പിക്കുകയും പ്രാർത്ഥിക്കുവാൻ അവരെ പരിശീലിപ്പിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ തലമുറകളിലേക്ക് തങ്ങളുടെ വിശ്വാസം കൈമാറ്റം ചെയ്യുന്നു. ഇതു വഴി കുഞ്ഞുങ്ങൾ കുടുംബത്തിലേക്ക് ദൈവകൃപ ഒഴുക്കുന്ന ചാലുകളായി വർത്തിക്കുകയും ചെയ്യുന്നു. സങ്കീർത്തകൻ പറയുന്നു. "കർത്താവ് വീട് പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്". ഒരു കാലത്ത് സന്ധ്യാസമയങ്ങളിൽ കുടുംബങ്ങളിൽ നിന്നും ഉയർന്നു കേട്ടിരുന്ന നാമജപങ്ങൾക്കും പ്രാർത്ഥനാ മന്ത്രങ്ങൾക്കും പകരമായി ഇന്ന് പലകുടുംബങ്ങളിലും ടി വി സീരിയലുകളും, സിനിമകളും, മൊബൈൽ ഫോണുകളും, മദ്യപിച്ചെത്തുന്ന കുടുംബനാഥൻമാരുടെ അട്ടഹാസങ്ങളും ശബ്ദകോലാഹലമുണ്ടാക്കി വിന്യസിക്കുമ്പോൾ പടിയിറങ്ങി പോകുന്ന ദൈവത്തിന്റെ ആത്മാവിനെ പുന:പ്രതിഷ്ഠിക്കുവാൻ അജപാലകരുടെ സത്വര ശ്രദ്ധ ഇത്തരം കുടുംബങ്ങളിലേക്ക് തിരിയേണ്ടിയിരിക്കുന്നു.

രണ്ടാമതായി പരി.ജോൺ പോൾ രണ്ടാമൻ പാപ്പ പ്രസ്താവിക്കുന്നതുപോലെ കുടുംബങ്ങൾ സ്നേഹസമൂഹങ്ങളാവണം. പരി.ത്രിത്വത്തിലെ സ്നേഹക്കൂട്ടായ്മ, തിരുക്കുടുംബത്തിലെ സ്നേഹക്കൂട്ടായ്മ സ്വന്തം കുടുംബങ്ങളിൽ പകർത്തുവാനുള്ള ആത്മീയ ജ്ഞാനം സിദ്ധിച്ച കുടുംബാംഗങ്ങൾ ഭൂമിയിൽ സ്വർഗ്ഗം വിരിയിക്കുന്ന പുണ്യാത്മക്കളാണ്. പല തലമുറകൾ ഒന്നിച്ചു വസിക്കുന്ന ഒരു കുടുംബത്തിൽ അഭിപ്രായഭിന്നതകളും ഇഷ്ടക്കേടുകളും കലഹങ്ങളും ഉണ്ടാകാനുള്ള സാധ്യതയുണ്ടെങ്കിലും ക്രിസ്തുവിന്റെ ക്ഷമിക്കുന്ന സ്നേഹം അവയെല്ലാം മായിച്ചുകളഞ്ഞ് സ്നേഹത്തിന്റെ വിത്തുപാകുമ്പോൾ കൃപ കരകവിഞ്ഞൊഴുകുന്നു. മുതിർന്ന തലമുറയും കുഞ്ഞുങ്ങളും തമ്മിലും സഹോദരങ്ങൾ പരസ്പരവും മാതാപിതാക്കൾ തമ്മിൽ തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും പരസ്പര സ്നേഹത്തിന്റെ കണ്ണികളാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന അവസ്ഥയിൽ കുടുംബങ്ങൾ ദൈവ ഭവനങ്ങളാണ്. ക്രൈസ്തവ മൂല്യങ്ങൾ തഴച്ചു വളരുന്ന കുടുംബങ്ങളെയും വ്യക്തികളെയുമാണ് ഇന്ന് സഭയ്ക്കും സമൂഹത്തിനും ആവശ്യം. എന്നാൽ ഇന്ന് ക്രൈസ്തവ കുടുംബങ്ങൾ പോലും ദൈവകൃപയെ അകറ്റി നിർത്തുന്ന, ക്രൈസ്തവ മൂല്യങ്ങൾ എത്തിനോക്കിയിട്ടുപോലുമില്ലാത്ത, പരസ്പര വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും മദ്യപാനത്തിന്റെയും മയക്കുമരുന്നിന്റെയും ടി വി യുടെയും ഇന്റർനെറ്റിന്റെയും ഒക്കെ പിടിയിലമർന്നു നശിച്ചുകൊണ്ടിരിക്കുന്ന കാഴ്ച്ച വേദനാജനകമാണ്. കുടുംബങ്ങളിൽ പരസ്പര സ്നേഹവും ബഹുമാനവും വളർത്തുന്ന തിൻമയുടെ കെട്ടുപാടുകളെ ഉൻമൂലനം ചെയ്ത് ദൈവകൃപയുടെ വഴിയിലേയ്ക്ക് തിരികെ നടത്തിക്കുന്ന ശക്തമായ അജപാലന പ്രവർത്തനങ്ങൾ ഇവയ്ക്കൊരു പരിഹാരമായേക്കാം.

മൂന്നാമതായി കുടുംബങ്ങൾ ശിക്ഷണത്തിന്റെ വേദികളാകണം. നല്ല ശിക്ഷണം ലഭിച്ച കുഞ്ഞുങ്ങൾ നന്മതിൻമകൾ തിരിച്ചറിഞ്ഞ് വളരും എന്ന് ആർക്കാണറിയാത്തത്. അവർ തീർച്ചയായും ഭാവിയിൽ നല്ല മാതാപിതാക്കൻമാരോ, നല്ല വൈദികരോ, നല്ല സിസ്റ്റേഴ്സോ ആയി മാറും എന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ആധുനിക ലോകത്തെ അതുഭുതപ്പെടുത്തുമാറ് വി.ബൈബിൾ തന്നെ ശിക്ഷണത്തെക്കുറിച്ച് പരാമർശിക്കുന്ന ധാരാളം സന്ദർഭങ്ങളുണ്ട്. "ചെറുപ്പത്തിൽ തന്നെ മകനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ചെയ്യുക" (പ്രഭ 30: 12). "വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ വെറുക്കുന്നു. മകനെ സ്നേഹിക്കുന്നവൻ അവനെ ചെറുപ്പത്തിലെ ശിക്ഷിക്കുന്നു" (സുഭാ :13-24 ). "ബാലനെ ശിക്ഷിക്കാതിരിക്കരുത്. വടിക്കൊണ്ടടിച്ചാൽ അവന്റെ ആത്മാവിനെ നരകത്തിൽ നിന്നു രക്ഷിക്കാം"

(സുഭാ:23 :13 - 14). "നിന്റെ മകനെ തിരുത്തുക. അവൻ നിന്നെ ആശ്വസിപ്പിക്കുകയും നിനക്ക് ആനന്ദം നൽകുകയും ചെയ്യും" ( സുഭാ: 29:17 ). "എല്ലാവർക്കും ലഭിക്കുന്ന ശിക്ഷണം നിങ്ങൾക്കും ലഭിക്കാത്ത പക്ഷം നിങ്ങൾ മക്കളല്ല ജാരസന്താനങ്ങളാണ്" (ഹെബ്രാ :12:8).

ഇന്ന് മിക്ക കുടുംബങ്ങളുടെയും ദു:ഖകാരണം മക്കളാണ്. അനുസരണയില്ലാത്ത താന്തോന്നികളായ, തെറ്റായ ദുശ്ശീലങ്ങൾക്കും, കൂട്ടുകെട്ടുകൾക്കും



അടിമപ്പെട്ട മക്കളെ തിരുത്താനാകാതെ
വിഷമിക്കുന്ന മാതാപിതാക്കൾ നമ്മുക്ക്
ചുറ്റുമുണ്ട്. കാരണം വേണ്ട സമയത്ത്
തക്കശിക്ഷണം ലഭിക്കാത്തതിൽ വഴിതെ
റ്റിപ്പോയ കുഞ്ഞുങ്ങളെ തിരിച്ചുക്കൊണ്ടു
വരാൻ പറ്റാതെ വിഷമിക്കുകയാണവർ.
ഇതിനെക്കാളുപരി, മക്കൾക്ക് ശിക്ഷണം
നൽകാൻ വിമുഖത കാണിക്കുന്ന മാതാ
പിതാക്കളും കുറവല്ല എന്നതാണ് മറ്റൊരു
സത്യം. ശിക്ഷണം മക്കളുടെ സ്വാത
ന്ത്ര്യത്തെ കുറയ്ക്കുമെന്നും അവരെ
വേദനിപ്പിക്കുമെന്നും ഇക്കൂട്ടർ വാദിക്കു
ന്നു. എല്ലാ ശിക്ഷണവും തത്ക്കാല
ത്തേയ്ക്ക് വേദനാജനകമാണെങ്കിലും
അത് പ്രദാനം ചെയ്യുന്ന ആത്മരക്ഷ മറ്റെ
ന്തിനെക്കാളും വലുതാണ് എന്ന
യാഥാർത്ഥ്യം ഇവർ മനസ്സിലാക്കുന്നില്ല.
ശിക്ഷണത്തെ ദൈവസ്നേഹവുമായി
ബന്ധിപ്പിച്ച് വായിച്ചാൽ കർത്താവ് താൻ
സ്നേഹിക്കുന്നവരെ ശാസിക്കുകയും
ശിക്ഷിക്കുകയും ചെയ്യുന്നു എന്ന വചനം
നമ്മുക്ക് ശക്തി പകരും. മക്കൾ കുടും
ബത്തിന്റെ അനുഗ്രമാകാൻ ശാപമാകാ
തിരിക്കാൻ ശിക്ഷണത്തിലൂടെ കൈവ
രുന്ന ദൈവകൃപ മക്കൾക്ക് നഷ്ടമാവാ
തിരിക്കാൻ മാതാപിതാക്കളും മറ്റ് കുടും
ബങ്ങളും ബന്ധശ്രദ്ധരാവട്ടെ. ആധുനിക
കുടുംബങ്ങൾക്ക് കൈമോശം വന്നു
കൊണ്ടേരിക്കുന്ന ക്രിസ്തീയ മൂല്യങ്ങളി
ലുള്ള ശിക്ഷണവും വിദ്യാഭ്യാസവും
കുടുംബങ്ങളിൽ നടക്കുന്നു എന്നത് അജ
പാലകർ ഉറപ്പുവരുത്തണം.

### കുടുംബം : ഗാർഹിക സഭ

കുടുംബത്തെ ഗാർഹിക സഭയെ
ന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ
വിശേഷിപ്പിരിക്കുന്നത്. സുവിശേഷ
വെളിച്ചം ലോകത്തിലേക്കു പ്രവേശി
ക്കുന്ന പ്രാഥമിക ഇടങ്ങൾ എന്നാണ്
ഇതിനെക്കുറിച്ച് മനസ്സിലാക്കുക. എങ്കിൽ
കുടുംബങ്ങൾ സുവിശേഷ പ്രഘോഷണ
ത്തിന്റെ വേദികളാകണം. സഭയുടെ
സുപ്രധാന ദൗത്യം ദൈവരാജ്യ സംസ്ഥാ
പനമാണെങ്കിൽ ഗാർഹിക സഭകളായ
കുടുംബങ്ങൾ തങ്ങളുടെ കുടുംബത്തി
നകത്തും പുറത്തും ദൈവരാജ്യം
സ്ഥാപിക്കുവാൻ ബദ്ധ ശ്രദ്ധരാകണം.
മാതാപിതാക്കൾ തമ്മിൽ തമ്മിലും മാതാ
പിതാക്കളും മക്കളും തമ്മിലും കുടുംബ
ത്തിലെ മറ്റംഗങ്ങൾ തമ്മിലും ഒരു
സ്നേഹ സംസ്ക്കാരം വളർത്തിയെടുക്കു
ന്നതിലൂടെ ഇത് സാധിതമാകും. മക്കളെ
പ്രാർത്ഥിക്കാൻ പഠിപ്പിക്കുമ്പോൾ, വിശ്വാ
സത്തിൽ വളർത്തിക്കൊണ്ടു വരുമ്പോൾ
കുടുംബത്തിൽ നടക്കുന്നത് ഒരു സുവി
ശേഷ പ്രഘോഷണമല്ലേ ? അതിലുപരി
വിവാഹം എന്ന കൂദാശയിലൂടെ ലഭിച്ച
കൗദാശിക വരപ്രസാദം കുടുംബങ്ങ
ളുടെ ആരാധനക്രമപരമായ ജീവിതത്തി
ലൂടെ പോഷിപ്പിക്കപ്പെടുമ്പോൾ സഭ
പുഷ്ടിപ്പെടുന്നു. നസ്രത്തിലെ തിരുകു
ടുംബംപോലെ ഓരോ കുടുംബവും
അദ്ധ്വാനത്തിന്റെയും പ്രാർത്ഥന ധ്യാന
ങ്ങളുടെയും വിളനിലമായി ശോഭിക്കു
മ്പോൾ, വി.കൂദാശകളിൽ പങ്കുചേരു
മ്പോൾ വചനം വായിക്കുകയും ജീവിക്കു
കയും ജീവിതസാക്ഷ്യം വഴി വചന
പ്രഘോഷണം നടത്തുകയും ചെയ്യു
മ്പോൾ കുടുംബങ്ങൾ ഗാർഹിക സഭക
ളായി രൂപാന്തരപ്പെടുന്നു.

### ഉപസംഹാരം

ആധുനിക ലോകത്തിൽ വർദ്ധിച്ചു
വരുന്ന തിന്മയുടെ കടന്നാക്രമണങ്ങളെ
ചെറുത്തുനിൽക്കാനാവാതെ തകരുന്ന
കുടുംബങ്ങളും കുടുംബബന്ധങ്ങളും
ഇന്ന് സഭയിലും സമൂഹത്തിലും ഒരു
സാധാരണ കാഴ്ചയായിമാറിക്കഴിഞ്ഞിരി
ക്കുന്നു. ലോകത്തിന്റെ ഗതിവിഗതി
കൾക്കൊത്ത് നീന്തിത്തുടിക്കാതെ ദൈവ
ത്തിന്റെ വഴിയിൽ ചരിക്കുന്ന വ്യക്തി
കളും കുടുംബങ്ങളും സൃഷ്ടിക്കപ്പെടണ
മെങ്കിൽ കഠിനാദ്ധ്വാനം ആവശ്യമായിരി
ക്കുന്നു. തപസ്സിന്റെയും പ്രായശ്ചിത്തത്തി
ന്റെയും പ്രാർത്ഥനയുടെയും അരൂപി
വ്യക്തി- കുടുംബജീവിതങ്ങളിൽ തഴച്ചു
വളരുവാൻ സഭ ഉണർന്നു പ്രവർത്തിക്കേ
ണ്ടിയിരിക്കുന്നു. പ്രശ്നങ്ങളില്ലാത്ത
കുടുംബങ്ങളല്ല സ്നേഹിക്കാനും, ആദ
രിക്കാനും, വിട്ടുകൊടുക്കാനും ,ക്ഷമി
ക്കാനും മറക്കാനും, പൊറുക്കാനും തയ്യാ
റുള്ള കുടുംബങ്ങൾ ആണ് ഇന്ന് സഭ
യിലും സമൂഹത്തിലും സജീവ സാക്ഷ്യ
ങ്ങളായി നിലക്കൊള്ളുന്നതും, നിലകൊ
ള്ളേണ്ടതും. നീറുന്ന നൊമ്പരങ്ങൾക്കിട
യിലും തീരാവേദനകൾക്കും, ദാരിദ്ര്യത്തി
ന്റെയും കഷ്ടപ്പാടിന്റെയും, ഇടയിലും
ദൈവത്തിൽ ആശ്രയിച്ച് സ്നേഹ
ത്തിലും, ഐക്യത്തിലും ജീവിക്കുന്ന
കുടുംബങ്ങൾ ക്രിസ്തുവിന്റെ സജീവ
സാക്ഷികളാണ്. ദ്വിതീയ മലങ്കര സഭാ
അസംബ്ലിയുടെ 'കൃപ നിറയുന്ന കുടും
ബങ്ങൾ' എന്ന പ്രമേയം ലക്ഷ്യം
വയ്ക്കുന്നതും മേലുദ്ധരിച്ച തരത്തിലുള്ള
കുടുംബങ്ങളെയാണ് എന്നു കരുതുന്ന
തിൽ തെറ്റില്ലെന്നു തോന്നുന്നു. സഭ
യുടെ അജപാലന പ്രവർത്തനങ്ങളുടെ
ശ്രമഫലമായി ഇക്കാലയളവിൽ സഭാ
അസംബ്ലി ലക്ഷ്യം വയ്ക്കുന്ന "കൃപ
നിറയുന്ന കുടുംബങ്ങൾ" എന്ന ഈ
യാഥാർത്ഥ്യത്തിലേക്ക് ഓരോ മലങ്കര
കത്തോലിക്കാ കുടുംബങ്ങളും
ഉൾച്ചേർക്കപ്പെടുവാൻ, അങ്ങനെ ദൈവ
കൃപ പ്രസരിക്കുന്ന ഇടങ്ങളായി നമ്മുടെ
കുടുംബങ്ങൾ മാറ്റപ്പെടുവാൻ സർവ്വശ
ക്തനായ ദൈവം നമ്മുടെ പ്രയത്ന
ങ്ങളെ ഫലസമൃദ്ധങ്ങളാക്കട്ടെ.

ബോബി ഏബ്രഹാം



# പാലാരിവട്ടം പാലവും മരടിലെ കെട്ടിടങ്ങളും

പറഞ്ഞുകേട്ട കഥയാണ്. ബിഎം ബിസി നിലവാരത്തിൽ പണിത ഒരു റോഡ്. അഞ്ചുവർഷ ഗ്യാരന്റിയുണ്ട്. മുഴുവൻ തുകയും ആദ്യം കൊടുക്കില്ല. ഓരോ വർഷത്തെയും മെയിന്റനൻസ് നടത്തണം. അതനുസരിച്ച് അഞ്ചാം വർഷം മാത്രമേ തുക മുഴുവൻ കരാറുകാരന് കിട്ടൂ. എന്നാൽ ഒരു അറ്റകുറ്റപ്പണിയും നടത്താതെ കരാറുകാരൻ തുക എഴുതിവാങ്ങും. ചെറിയൊരു പടി എത്തേണ്ടിടത്ത് എത്തിയാൽ മതി. എന്നാൽ പുതിയ എൻജിനിയർ അതു കണ്ടുപിടിച്ചു. അങ്ങനെ വിട്ടാൽ പറ്റില്ലല്ലോ. ഒടുവിൽ തീരുമാനമായി. വർഷാവർഷം അനുവദിക്കുന്ന തുകയുടെ നാലിലൊന്ന് എൻജിനിയർക്ക്. ഇതാണ് നാട്ടിലെ അവസ്ഥ. സർക്കാർ പണം ചിലരുടെ പോക്കറ്റിലേക്കെത്തിക്കാനുള്ളതാണ് സർക്കാർ തസ്തികകളിൽ ഭൂരിഭാഗവും. അല്ലെങ്കിൽ ഇത്രയേറേ സാങ്കേതിക വിദഗ്ധർ ഉള്ള പൊതുമരാമത്ത് വകുപ്പ് പണിയുന്ന റോഡുകൾ ഇങ്ങനെ പൊളിയില്ലല്ലോ.

പാലാരിവട്ടം മേൽപാലവും മരട് ഫ്ളാറ്റ് പൊളിക്കലും ഉൾപ്പെടെയുള്ള വിഷയങ്ങൾ ഇപ്പോൾ കത്തിനിൽക്കുകയാണല്ലോ. ഈ രണ്ടു വിഷയങ്ങൾ മാത്രം മതി നമ്മുടെ നാട്ടിലെ ഭരണസംവിധാനം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നു മനസ്സിലാകാൻ. പാലാരിവട്ടം മേൽപാലം എടുക്കുക. അത് യഥാർത്ഥത്തിൽ കേന്ദ്രം പണിയേണ്ടുന്ന റോഡ്. കാശില്ല എന്നു കരയുന്ന കേരള സർക്കാർ അത് ഏറ്റെടുക്കുന്നു. ഡിസൈൻ ഉണ്ടാക്കാൻ കിറ്റ്കോ എന്ന സർക്കാർ സ്ഥാപനത്തെ ഏൽപിക്കുന്നു. പാലം പണിയാൻ മറ്റൊരു സർക്കാർ സ്ഥാപനത്തെ ഏൽപിക്കുന്നു.(അപ്പോൾ പൊതുമരാമത്ത് എൻജിനയർമാരുടെ പണി എന്ത് എന്നു ചോദിക്കരുത്. അത് ഫയലിൽ ഒപ്പിടൽ മാത്രം.) ഡിസൈനും മേൽനോട്ടവും ഏറ്റ സർക്കാർ ഏജൻസി അത് പുറത്ത് മറിച്ചുകൊടുക്കുന്നു. അവർ ഒരു ഡിസൈൻ കൊടുക്കുന്നു. സാങ്കേതിക കാര്യങ്ങളിൽ ഉപദേശം കൊടുക്കുന്നു. കിറ്റ്കോ അത് കൈമാറുന്നു. പൊതുമരാമത്ത് വകുപ്പ് അത് അംഗീകരിക്കുന്നു. ഇപ്പോൾ വിദഗ്ധർ പറയുന്നു രൂപകൽപന തന്നെ പാളി എന്ന്. അപ്പോൾ പ്രധാന ചോദ്യം

ഉയരുന്നു. ഈ രൂപകൽപന ശരിയോ എന്നു നോക്കാനറിയാവുന്ന ഒരു എൻജിനിയറും മരാമത്തു വകുപ്പിന് ഇല്ലേ.

ഇനി പാലം പണി സംസ്ഥാനത്തിനു പുറത്തുനിന്നുള്ള ഒരു ഏജൻസിയെ ഏൽപിക്കുന്നു. അവർ പണിതിട്ടു പോകുന്നു. രണ്ടുവർഷത്തിനകം പാലം തകർച്ചയുടെ വക്കിലെത്തുന്നു. ഇപ്പോൾ വിദഗ്ധർ പറയുന്നു തൂണുകൾ മിക്കതും പണിതത് ശരിയായ നിലവാരത്തിലല്ല. ബെയറിങ് വച്ചത് ശരിയായല്ല. കോൺക്രീറ്റ് മിക്സിന് നിലവാരമില്ല. ആവശ്യമായതിനേക്കാൾ 13 പോയിന്റ് താഴെയാണ് കോൺക്രീറ്റ് മിക്സിന്റെ നിലവാരം. അപ്പോൾ ഇതു പണിതസ്ഥലത്ത് പോയി നോക്കേണ്ട ഉദ്യോഗസ്ഥൻ എവിടെയായിരുന്നു.

ഇപ്പോൾ പാലാരിവട്ടം പാലം അഴിമതിക്കു പിന്നിൽ അന്നത്തെ രാഷ്ട്രീയ നേതൃത്വം ആണെന്നു പറയുന്നവരുണ്ട്. എന്നാൽ രാഷ്ട്രീയ നേതൃത്വം ചെയ്യുന്നത് നയപരമായ തീരുമാനം എടുക്കുകയും അന്തിമാനുമതി നൽകുകയും ആണ്. തീർച്ചയായും അവിടെ ചില കൊടുക്കൽ വാങ്ങലുകൾ ഉണ്ടെന്നത് പരസ്യമായ രഹസ്യമാണ്. പക്ഷേ അതെങ്ങനെ സംഭവിക്കുന്നു. ഉദ്യോഗസ്ഥ വൃന്ദം ഒത്താശ ചെയ്യുന്നതുകൊണ്ടു മാത്രം. ഇനി തിരിച്ചൊന്നു ചിന്തിക്കുക. പാലം പണി നടക്കുന്നിടത്തെ മരാമത്ത് വകുപ്പ് ഓവർസീയർ മുതൽ മുകളിലോട്ടുള്ള ഓഫിസർമാർ കർക്കശക്കാർ ആണെങ്കിലോ?. ഡിസൈനിലെ പാളിച്ച ആദ്യമേ കണ്ടെത്തും. തൂണു പണിയുന്നത് ശരിയായിട്ടാണോ എന്നു നോക്കും. കോൺക്രീറ്റ് മിക്സിങ്ങിന് നിലവാരമുണ്ടോ എന്നു നോക്കും. തുറമുഖത്ത് നീണ്ട കാലം വെറുതെ കിടന്ന സിമന്റ് ഉപയോഗിച്ചാണോ പണി എന്നു നോക്കും. അപ്പോൾ എന്തു സംഭവിക്കും?. കരാറുകാരന് വലിയ തട്ടിപ്പ് നടത്താനാവില്ല. അയാൾക്ക് ന്യായമായി കിട്ടേണ്ട ലാഭമേ എടുക്കാനാവൂ. ഉദാഹരണത്തിന് 10 ടൺ കമ്പി ആവശ്യമുണ്ടെന്നു പറഞ്ഞാൽ അത്രയും ഉപയോഗിച്ചേ പറ്റൂ. ഇനി ആ കമ്പിക്ക് പ്രത്യേക നിലവാരം എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതു ചെയ്തേ പറ്റൂ. അപ്പോൾ ഉദ്യോഗസ്ഥർ മുതൽ മുകളിലേക്കുള്ളവർക്ക് കിമ്പളം കിട്ടാതാവും. പക്ഷേ ശമ്പളത്തേക്കാൾ കിമ്പളത്തിൽ താൽപര്യം ഏറുമ്പോൾ ഉദ്യോഗസ്ഥൻ നിർമാണ സ്ഥലത്തേക്ക് തിരിഞ്ഞു നോക്കില്ല. കരാറുകാരൻ തനിക്കിഷ്ടമുള്ള പോലെ പണിയും. പാലം പഞ്ചവടിപ്പാലം പോലെ ആകുകയും ചെയ്യും.

ഇനി മരടിലെ ഫ്ളാറ്റിലേക്ക്. ഇവിടെ പഴയ പഞ്ചായത്തിലെ ഉദ്യോഗസ്ഥർ മുതൽ കോടതിവരെ പ്രതിക്കൂട്ടിലാണെന്നു പറയുന്നതിൽ സത്യമുണ്ട്. ഈ ഫ്ളാറ്റുകൾ വാങ്ങിയവരെ കുറ്റപ്പെടുത്തുന്നവരുണ്ട്. എന്നാൽ വസ്തുതകളിലേക്കു കടന്നുനോക്കുക. ഒരു സ്ഥലത്ത് ഫ്ളാറ്റ് പണിയാൻ ഒരു കമ്പനി തീരുമാനിക്കുന്നു. നമുക്കറിയാം പഞ്ചായത്തിൽ പോലും ഒരു വീട് പണിയാൻ അനുമതി കിട്ടാനുള്ള നൂലാമാലകൾ. എന്നാൽ വൻനഗരമായ കൊച്ചിയുടെ പ്രാന്തപ്രദേശത്ത് ഈ ഫ്ളാറ്റ് സമുച്ചയം പണിയാൻ തുടങ്ങിയപ്പോൾ നിയമങ്ങൾ വഴിമാറി. പഞ്ചായത്ത് ആദ്യം അനുമതി നിഷേധിക്കുന്നു. പിന്നെ കോടതിയിലേക്കു പോകുന്നു. താൽക്കാലിക അനുമതി കിട്ടുന്നു. ഈ സമയത്തൊക്കെ ബന്ധപ്പെട്ട മറ്റു ചില ഏജൻസികൾ ഉറക്കത്തിലാണ്. പണി കുറച്ചുകൂടി മുന്നോട്ടുപോയപ്പോൾ ആ ഏജൻസികളുണരുന്നു. അവർ ഉടക്കിടുന്നു. ഇതിനിടെ പലതവണ കോടതി കയറിയിറങ്ങുന്നു. ഇതിനിടയിൽ പഞ്ചായത്ത് മുനിസിപ്പാലിറ്റിയാകുന്നു. ശരിയായ നിർമാണാനുമതി കിട്ടിയിട്ടില്ലെങ്കിലും മൂന്നു ഫ്ളാറ്റ് സമുച്ചയങ്ങൾ പണി തീരുന്നു. തുടർന്ന് ഫ്ളാറ്റുകൾക്ക് മുനിസിപ്പാലിറ്റി നമ്പർ ഇട്ടുകൊടുക്കുന്നു. (ഇപ്പോൾ പറയുന്നു, താത്കാലിക നമ്പർ ആണ് കൊടുത്തതെന്ന്). അതുവച്ച് നിർമാതാക്കൾ ഫ്ളാറ്റുകളെല്ലാം വിൽക്കുന്നു. ഈ ഇടപാടുകൾ റജിസ്ട്രേഷൻ വകുപ്പ് സാധൂകരിച്ച് ആധാരം ചെയ്തുകൊടുക്കുന്നു. ഇതിനിടെ വായ്പ എടുത്തു വാങ്ങിയവരുമുണ്ട്. അവർ രേഖകളെല്ലാം ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകുന്നു. ബാങ്കിന്റെ നിയമ വിദഗ്ധരുൾപ്പെടെ എല്ലാം ശരിയെന്നു പറഞ്ഞ് വായ്പ അനുവദിക്കുന്നു. ഏതാണ്ട് 13 വർഷം കൊണ്ട് വായ്പ അടഞ്ഞുതീരുന്നു.

ഇതിൽ എവിടെയാണ് ഫ്ളാറ്റ് വാങ്ങിയവൻ കുറ്റക്കാരനാകുന്നത്. ഈ രാജ്യത്തെ ഭരണസംവിധാനത്തെ വിശ്വസിച്ച് അവർ ഒരു ഫ്ളാറ്റ് വാങ്ങുന്നു. അത് നിയമപരമാണെന്ന് എല്ലാവരും അംഗീകരിക്കുന്നു. ഇപ്പോൾ കോടതി പറയുന്നു. ചെയ്തതെല്ലാം നിയമലംഘനം. അതുകൊണ്ട് ഫ്ളാറ്റ് പൊളിക്കണം. അങ്ങനെയെങ്കിൽ കോടതി ആദ്യം നടപടിയെടുക്കേണ്ടത് ഇത് നിയമപരമെന്നു പറഞ്ഞു വിൽപന നടത്തിയ നിർമാതാക്കൾക്കെതിരെ അല്ലേ?, പിന്നെ എല്ലാ രേഖകളും സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥ വൃന്ദത്തിനെതിരെ അല്ലേ? പിന്നെ ഇതെല്ലാം ശരിയെന്ന് ബാങ്കുകൾക്ക് നിയമോപദേശം നൽകിയനിയമവിശാരദന്മാർക്കെതിരെ അല്ലേ? തട്ടിപ്പ് നടത്തിയെങ്കിൽ നിർമാതാക്കൾക്കെതിരെ കേസ് ചാർജ് ചെയ്യാത്ത പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ അല്ലേ? കോടതി ഇതൊന്നും കാണാതെ ഫ്ളാറ്റ് ഉടമകളെ മാത്രം കുറ്റക്കാരായി കാണുന്നതിൽ ഔചിത്യമില്ലായമ് ഉണ്ടെന്നും നീതിനിഷേധം ഉണ്ടെന്നും ഫ്ളാറ്റ് ഉടമകൾ പറയുന്നു. എന്നാൽ ഇപ്പോഴെങ്കിലും നടപടിയെടുത്തില്ലെങ്കിൽ നിയമലംഘനങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കും എന്നതാണ് കോടതിയെ ഇത്തരത്തിൽ കർശന നടപടിയിലേക്ക് നയിക്കുന്നതെന്നു കരുതാം.

കുറച്ചുനാൾ മുമ്പ് എറണാകുളത്തു തന്നെ ഒരു വൻകിട കമ്പനി കായൽ കയ്യേറി ഫ്ളാറ്റ് നിർമിച്ചു എന്നു പരാതി ഉയർന്നിരുന്നു. എന്നാൽ തുച്ഛമായ തുക മാത്രം പിഴ ഈടാക്കാനായിരുന്നു കോടതി തീരുമാനം. ഇതിനു മുമ്പ് ഒരു തോട് കയ്യേറി ഹോട്ടൽ നിർമിച്ച കേസിൽ സ്ഥലവില പഞ്ചായത്തിൽ അടയ്ക്കാൻ കോടതി നിർദേശിച്ച സംഭവവുമുണ്ട്. എന്നാൽ പഞ്ചായത്ത് അതിനു വഴങ്ങിയില്ല. കേസ് പിന്നെ എന്തായി എന്നു കേട്ടില്ല.

ഈ കേസുകളിലെല്ലാം വ്യക്തമാകുന്നത് ഉദ്യോഗസ്ഥർ അവരുടെ കടമ നിറവേറ്റുന്നതിൽ വലിയ വീഴ്ച വരുത്തുന്നു എന്നു തന്നെയാണ്. ഇപ്പോൾ നാട്ടിലുള്ള റോഡുകളെല്ലാം ബി.എം.ബി.സി നിലവാരത്തിൽ നവീകരിക്കുകയാണ്. മെച്ചപ്പെട്ട യാത്രാസുഖം, ദീർഘകാലം ഈടുനിൽക്കൽ എന്നിവയാണ് ഇതുകൊണ്ടുള്ള മെച്ചമായി പറഞ്ഞത്. എന്നാൽ ഇപ്പോൾ ബി.എം.ബി.സി റോഡുകളും നിർമാണത്തിനു പിന്നാലെ തകരുന്നു. അറ്റകുറ്റപ്പണിയൊന്നും നടക്കുന്നുമില്ല. 10 വർഷം മുമ്പ് എം.സി റോഡ് നവീകരിച്ചത് മലേഷ്യൻ കമ്പനിയാണ്. അവർ ആ റോഡ് പണിയുന്നതുതന്നെ ഒരു കാഴ്ചയായിരുന്നു. ശാസ്ത്രീയമായ റോഡ് നിർമാണം അന്നാണ് കേരളം കണ്ടത്. ആ റോഡ് ഇപ്പോഴും വലിയ പരുക്കില്ലാതെ നിൽക്കുന്നു. അവർ ഉത്തരവാദിത്തത്തോടെ ആ പണി ചെയ്തപ്പോൾ ഉദ്യോഗസ്ഥർക്ക് അവർ കണ്ണിലെ കരടായി. കരാർ തുക കൊടുക്കാതെ വല്ലാതെ ബുദ്ധിമുട്ടിച്ചപ്പോൾ മലേഷ്യയിൽ നിന്നെത്തിയ



കരാറുകാരൻ ആത്മഹത്യ ചെയ്തു. ഇതാണ് കേരളത്തിലെ സ്ഥിതി.

കേരളത്തിൽ രാഷ്ട്രീയക്കാരെ സുഖിപ്പിക്കാൻ ഉദ്യോഗസ്ഥർ എന്തുവിടുപണിയും ചെയ്യും. പകരം അവർ അഴിമതിയിൽ മുങ്ങിക്കുളിക്കും. സ്വന്തം വീട് പണിയുമ്പോൾ കാണിക്കുന്ന ശ്രദ്ധ ഒരു എൻജിനീയറും പൊതുപണം ഉപയോഗിച്ച് റോഡും പാലവും പൊതുകെട്ടിടവും പണിയുമ്പോൾ കാണിക്കാറില്ല. അടുത്തിടെ കുറേ ചിത്രങ്ങൾ കണ്ടു. ലക്ഷങ്ങൾ മുടക്കി എം.എൽ.എ പദ്ധതിയിൽ നിർമിക്കുന്ന കാത്തിരിപ്പ് കേന്ദ്രങ്ങളും മറ്റും. 100 ചതുരശ്ര അടി പോലും വിസ്തൃതി ഇല്ലാത്ത ഇത്തരം കാത്തിരിപ്പ് കേന്ദ്രങ്ങൾക്കും മറ്റും 10 ലക്ഷം രൂപയെങ്കിലും ചെലവായതാണ് രേഖകളിൽ കാണിക്കുക. ഇതിൽ ഒരു ലക്ഷം പോലും പലപ്പോഴും നിർമാണത്തിനു വേണ്ടിവരില്ല. ബാക്കിയൊക്കെ പല കീശകളിലേക്കു പോകുന്നു. ഒരു രൂപ സർക്കാർ ചെലവഴിക്കുമ്പോൾ അതിൽ 18 പൈസയിൽ താഴെ മാത്രമാണ് ജനങ്ങളിലേക്കെത്തുന്നതെന്ന് പണ്ട് പ്രധാനമന്ത്രി രാജീവ് ഗാന്ധി പറഞ്ഞത് കൃത്യമായ കണക്കിന്റെ പിൻബലത്തിലാണ്.

സർക്കാർ സേവനത്തിലിരിക്കുന്നതിൽ വലിയൊരു വിഭാഗം തങ്ങളുടെ കടമ കൃത്യമായി ചെയ്യാത്തതിന്റെ ഉദാഹരണങ്ങൾ ഇനിയുമേറെയുണ്ട്. ഹെൽമറ്റ് ഇല്ലാത്തവരെ പിടിക്കുന്ന ഉത്സാഹം മീറ്ററില്ലാതെ ഓടുന്ന ഓട്ടോറിക്ഷക്കാരെ പിടിക്കുന്നതിൽ ഇല്ല. എയർ ഹോൺ നിരോധിച്ചിട്ടുണ്ടെങ്കിലും വലിയ വാഹനങ്ങൾ മിക്കതും അതുപയോഗിക്കുന്നു. അതുപോലെ ശക്തിയേറിയ ലൈറ്റ്. ഇതൊക്കെ പിടിക്കുകയും ശക്തമായ നടപടി എടുക്കുകയും ചെയ്യേണ്ടത് മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരുടെ ജോലിയാണ്. എന്നാൽ അവർ അതു ചെയ്യാതാകുമ്പോൾ നിരത്തിൽ പൊലിയുന്ന ജീവനുകൾക്ക് ഉത്തരവാദികൾ ആരാണ്? ഈ ഉദ്യോഗസ്ഥരെയല്ലേ ആദ്യ പ്രതിയാക്കേണ്ടത്. റോഡിലെ തകർന്ന കുഴിയിൽ വീണ് യാത്രക്കാരൻ മരിക്കുമ്പോൾ പൊതുമരാമത്ത് ഉദ്യോഗസ്ഥർക്കെതിരെ നരഹത്യക്ക് കേസ് വേണ്ടേ?

യഥാർഥത്തിൽ ഇന്ന് ആവശ്യം ഉത്തരവാദിത്തം ഉദ്യോഗസ്ഥരിൽ ഉറപ്പിക്കുകയാണ്. അത് ചെയ്യാത്തതുകൊണ്ടാണ് ഇത്തരത്തിൽ പാലം പണിയാനും ഫ്ളാറ്റുകൾ പണിയാനും ഈ നാട്ടിൽ കഴിയുന്നത്. കടമ നിറവേറ്റാത്ത ഉദ്യോഗസ്ഥർക്കെതിരെയും വളഞ്ഞവഴിയിലൂടെ അനുമതി നേടിയെടുത്ത് ജനങ്ങളെകബളിപ്പിക്കുന്നവർക്കെതിരെയും നടപടി എടുക്കാൻ കോടതിക്കു കഴിഞ്ഞാൽ അത് വിപ്ലവകരമായ മാറ്റം ആവും. അല്ലെങ്കിൽ ഇത് തൽക്കാലം കൈയടി നേടി അവസാനിക്കുന്ന കലാപരിപാടി പോലെ ആവും.

### മേമ്പൊടി

പണ്ടൊരു മന്ത്രി വഴിവിട്ടൊരു കാര്യം ചെയ്യാൻ ഉദ്യോഗസ്ഥരോടാവശ്യപ്പെട്ടു. അതിൽ വനിതാ ഉദ്യോഗസ്ഥരുമുണ്ട്. അവർ ചെയ്തുകൊടുത്തു. മന്ത്രി അധികാരത്തിൽനിന്നിറങ്ങി. സംഗതി വിജിലൻസ് കേസ് ആയി. ഒപ്പിട്ട ഉദ്യോഗസ്ഥരെല്ലാം കുടുങ്ങി. അവർ രക്ഷ തേടി പഴയ മന്ത്രിയെ സമീപിച്ചു. അങ്ങ് പറഞ്ഞിട്ടാണല്ലോ ഞങ്ങൾ ഇതു ചെയ്തത്. അതുകൊണ്ടല്ലേ ഞങ്ങൾ കുഴപ്പത്തിലായത് എന്നായിരുന്നു അവരുടെ ന്യായം. എന്നാൽ മുൻ മന്ത്രിയുടെ മറുപടി അവരെ ഞെട്ടിച്ചു. രാഷ്ട്രീയക്കാർ അങ്ങനെ പലതും പറയും. നിയമം നോക്കി വേണം നിങ്ങൾ അനുമതി നൽകാൻ എന്നായിരുന്നു മറുപടി. തല കുനിച്ചു മടങ്ങുകയേ ഉദ്യോഗസ്ഥർക്കു വഴിയുണ്ടായിരുന്നുള്ളു.



റവ. ഫാ. മാത്യു ചാർത്താക്കുഴിയിൽ

# മെഡ്ജുഗൊറി മാതാവ്



കത്തോലിക്കാ സഭയിൽ ഇക്കഴിഞ്ഞ ദശകങ്ങളിൽ ഏറ്റം അധികം ചർച്ചചെയ്യപ്പെട്ട ഒരു മരിയൻ തീർത്ഥാടന കേന്ദ്രമാണ് മെഡ്ജുഗൊറി (Medjugorje). ലക്ഷക്കണക്കിന് തീർത്ഥാടകരാണ് ലോകത്തിന്റെ വിവധഭാഗങ്ങളിൽ നിന്ന് ഒരോ വർഷം ഇവിടെയെത്തുന്നത്. ഇവിടുത്തെ മാതാവിന്റെ ദർശനങ്ങളുടെ ആധികാരികതയെക്കുറിച്ച് ഇപ്പോഴും സഭയുടെ പഠനങ്ങളും അന്വേഷണങ്ങളും നടന്നുകൊണ്ടേയിരിക്കുന്നു. വിശ്വാസികളുടെ വലിയ പിന്തുണയുള്ള ഈ തീർത്ഥാടന കേന്ദ്രത്തിന് പ്രാദേശിക ബിഷപ്പിന്റെ ഉൾപ്പെടെയുള്ള എതിർപ്പുകളും ഉണ്ട്. അതുകൊണ്ടു തന്നെ സഭയുടെ പൂർണ്ണമായ ഔദ്യോഗിക അംഗീകാരം മാർപ്പാപ്പയുൾപ്പെടെയുള്ളവരുടെ പ്രാർത്ഥനയുടെയും, വിചിന്തനത്തിന്റെയും ഫലമായി ഇനിയും വരേണ്ടിയിരിക്കുന്നു. ഈ മരിയൻ തീർത്ഥാടന കേന്ദ്രത്തെക്കുറിച്ചു ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുതാപരമായ ഒരു വിവരണം കാഹളത്തിന്റെ വായനക്കാർക്ക് നൽകുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

മെഡ്ജുഗൊറി, ഏകദേശം 2300 ആളുകൾ അധിവസിക്കുന്ന, ബോസ്നിയ-ഹെഴ്സഗൊവീന രാജ്യത്തിലെ ഒരു ചെറിയ പട്ടണമാണ്. "പർവ്വതങ്ങൾക്കിടയിൽ" എന്നാണ് ഈ വാക്കിന്റെ വാച്യാർത്ഥം. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ രൂപം കൊണ്ട ഈ രാജ്യത്തെക്കുറിച്ച് കൂടുതൽ അറിയണമെങ്കിൽ യൂഗോസ്ലാവിയ എന്ന രാജ്യത്തിന്റെ ചരിത്രം വിശകലന വിധേയമാക്കണം. യൂറോപ്യൻ ഭൂഖണ്ഡത്തിലെ ദക്ഷിണ പൂർവ്വ ദേശത്തുള്ള ഒരു രാജ്യമായിരുന്നു സോഷ്യലിസ്റ്റ് ഫെഡറൽ റിപ്പബ്ലിക് ഓഫ് യുഗോസ്ലാവിയ (SFRY). പഴയ സോവ്യറ്റ് യൂണിയൻ പോലെ പല രാജ്യങ്ങളുടെ ഒരു കൂട്ടായ്മയായിരുന്ന ഈ രാജ്യം 1991 മുതൽ വിഭജിക്കപ്പെടാൻ തുടങ്ങി. സ്ലോവേനിയ (1991), ക്രൊയേഷ്യ (1991), വടക്കൻ മാസിഡോണിയ (1991), ബോസ്നിയ ഹെഴ്സഗൊവീന (1992), സേർബിയ (2006), കൊസവോ (2008 – തർക്കങ്ങൾ ഇന്നും നിലനിൽക്കുന്നു), മൊണ്ടനേഗ്രോ (2006) എന്നിവയാണ് ആ രാജ്യങ്ങൾ. ഇവയെ ഇപ്പോഴും പഴയ യുഗോസ്ലാവിയൻ രാജ്യങ്ങൾ എന്നു സംബോധന ചെയ്യാറുണ്ട്.

ഏകദേശം മൂന്നരക്കോടിയോളം ജനങ്ങൾ വസിക്കുന്ന ബോസ്നിയ-ഹെഴ്സഗൊവീനയുടെ തലസ്ഥാനം സരയേവൂ ആണ്. ജനസംഖ്യയിൽ 15% മാത്രമാണ് കത്തോലിക്കാ വിശ്വാസികൾ. മുസ്ലീം ജനസംഖ്യ 50% വും, ഓർത്തഡോക്സ് ജനസംഖ്യ 30% വുമാണ്. ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രൈസ്തവ വിശ്വാസം ഇവിടെ എത്തിച്ചേർന്നെന്ന് ചരിത്രം സാക്ഷിക്കുന്നു.



ഇല്ലിരിക്കോൻ എന്ന് അറിയപ്പെടുന്ന ഈ ഭൂപ്രദേശം അന്നത്തെ റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. വി.പൗലോസ് ശ്ലീഹായുടെ പ്രേക്ഷിത പ്രവർത്തനത്താൽ സുവിശേഷ സന്ദേശം ലഭിക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ് ഇവിടുത്തുകാർ. റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹ എഴുതുന്നു: “ഞാൻ ജറുസലേം തുടങ്ങി ഇല്ലിരിക്കോൻ വരെ ചുറ്റി സഞ്ചരിച്ച് ക്രിസ്തുവിന്റെ സന്ദേശം പൂർത്തിയാക്കി” (റോമ 15: 19). പാശ്ചാത്യ സഭാ പിതാക്കന്മാരിൽ പ്രധാനിയും, ബൈബിൾ പണ്ഡിതനുമായിരുന്ന വി. ജറോമിന്റെ ജന്മം കൊണ്ടും ധന്യമായിത്തീർന്ന ഭൂമിയാണ് ഇത്. എന്നാൽ 15-16 നൂറ്റാണ്ടുകളിൽ ഓട്ടോമൻ ഭരണത്തിലും, 20-ാം നൂറ്റാണ്ടിലെ കമ്യൂണിസ്റ്റ് അധിനിവേശത്തിലും ഇവിടുത്തെ സഭ മതപീഢനത്തിന് ഇരയായിട്ടുണ്ട്. 1991-ൽ ഉണ്ടായ ബോസ്നിയൻ യുദ്ധത്തിലും ധാരാളം ക്രിസ്തീയ സ്ഥാപനങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. 2003-ലെ ജോൺ പോൾ 2-ാമൻ മാർപാപ്പയുടെ അപ്പസ്തോലിക സന്ദർശനം ഇവിടുത്തെ സഭയുടെ ആത്മീയ ഉത്തേജനത്തിനും, ഉയർത്തെഴുന്നേൽപിനും വളരെയധികം സഹായകമായിരുന്നു.

ഈ ചരിത്ര-ഭൂമിശാസ്ത്ര പ്രത്യേകതകളുടെ പശ്ചാത്തലത്തിലാകണം മെഡ്ജുഗൊറിയിലുള്ള മാതാവിന്റെ ദർശനങ്ങൾ മനസ്സിലാക്കാൻ. മെഡ്ജുഗൊറി പ്രത്യക്ഷപ്പെടലിന്റെ ചരിത്രം ആരംഭിക്കുന്നത് 1981 ജൂൺ 24നും 25നും ആണ്. ഹെഴ്സഗൊവീനിയൻ വംശജരായ ആറു കുട്ടികൾ മെഡ്ജുഗൊറിയിൽ തങ്ങൾക്കു മാതാവ് പ്രത്യക്ഷപ്പെട്ടതായി അവകാശപ്പെടുന്നു. ഇവാങ്ക ഇവങ്കോവിക്, മരിയാന ദ്രജിസേവിക്, വിക്ക ഇവങ്കോവിക്, ഇവാൻ ദ്രജിസേവിക്, മിറിയ പൗവ്ലോവിക്, യാക്കോവ് കോളോ എന്നിവരായിരുന്നു ആ കുട്ടികൾ. അവരിൽ മൂത്തവളായ വിക്ക (16), മാതാവ് പലപ്രാവശ്യം തനിക്കു പ്രത്യക്ഷപ്പെട്ടെന്നും 1983 മുതൽ 1985 വരെയുള്ള കാലയളവിൽ തന്റെ ജീവിതത്തിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്നും വെളിപ്പെടുത്തി എന്നവകാശപ്പെട്ടു.

1981 ജൂൺ 24-ാം തീയതി മുതൽ 1982 ഡിസംബർ 25-ാം തിയതി വരെ മാതാവ് തുടർച്ചയായി തനിക്ക് പ്രത്യക്ഷപ്പെട്ടെന്ന് മരിയാന (15) പറയുന്നു.“ദൈവസ്നേഹം അറിയാത്തവർ”ക്കായി പ്രാർത്ഥിക്കുകയും പരിത്യാഗ പ്രവർത്തനങ്ങളനുഷ്ഠിക്കുകയും ചെയ്യുകയെന്നതായിരുന്നു അവൾക്കു ലഭിച്ച ദൗത്യം. മരിയയ്ക്കു (15) മെഡ്ജുഗൊറി പ്രത്യക്ഷപ്പെടലിന്റെ രണ്ടാം ദിവസം മുതൽ മരിയ ദർശനം ലഭിക്കാൻതുടങ്ങി. തനിക്ക് “ഗോസ്പ” (ക്രൊയേഷ്യൻ ഭാഷയിലുള്ള മരിയ നാമം) എല്ലാ മാസവും ലോകത്തിന്റെ നന്മയ്ക്കും, വീണ്ടെടുപ്പിനുമായി നിരവധി സന്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു എന്നു മരിയ പറയുന്നു. ഒരു സന്യാസിനി ആയി മരിയ ഭക്തി പ്രചരിപ്പിക്കുകയെന്നതായിരുന്നു അവളുടെ ജീവിതലക്ഷ്യം. എന്നാൽ മെഡ്ജുഗൊറിയെക്കുറിച്ച് ഒന്നും സംസാരിക്കരുതെന്ന് ബിഷപ്പ് ആവശ്യപ്പെടുകയാണെങ്കിൽ അനുസരിക്കേണ്ടി വരുമെന്ന് സന്യാസ ആശ്രമ അദ്ധ്യക്ഷയുടെ ഉപദേശം ആ ഉദ്യമത്തിൽ നിന്നും അവളെ പിന്തിരിപ്പിച്ചു. ഇവാൻ (15) ആദ്യ മരിയ ദർശനം ലഭിച്ചു അധിക നാൾ കഴിയുന്നതിനു മുൻപ് ഹെഴ്സഗൊവീനായിലെ ഫ്രാൻസിസ്കൻ സന്യാസ ആശ്രമത്തിൽ ചേർന്നു. സെമിനാരി പഠനകാലത്തും മാതാവു തനിക്ക് ദർശനം നൽകിയെന്ന് ഇവാൻ അവകാശപ്പെട്ടു. എന്നാൽ പഠനത്തിൽ അത്ര മെച്ചമല്ലാതിരുന്ന ഇവാൻ സാവധാനം സെമിനാരി പഠനം ഉപേക്ഷിക്കുകയും, പിന്നീട് വിവാഹം കഴിച്ച് മരിയ ഭക്തനായി ജീവിക്കുകയും ചെയ്യുന്നു. ഇവാങ്ക (14), തനിക്ക് 1985 മെയ് 7-ാം തീയതി വരെ സ്ഥിരമായി മരിയ ദർശനം ലഭിച്ചിരുന്നു എന്നാൽ ഇപ്പോൾ വർഷത്തിൽ ഒരിക്കൽ മാത്രമേ മാതാവു പ്രത്യക്ഷ



പ്പെടുന്നുള്ളൂ എന്നു പറയുന്നു. യാക്കോവ് (10) 1998 വരെ സ്ഥിരമായി മാതാവ് പ്രത്യക്ഷപ്പെട്ടു എന്നു അവകാശപ്പെടുന്നു. ഇപ്പോൾ തനിക്ക് വർഷത്തിൽ ഒരിക്കൽ ക്രിസ്തുമസ് ദിനത്തിൽ മാത്രമെ മരിയ ദർശനം ലഭിക്കാറുള്ളൂ എന്ന് അദ്ദേഹം പറയന്നു.

1981 ജൂൺ 24-നുണ്ടായ മരിയ ദർശനം തുടർച്ചയായി 53 ദിവസങ്ങളിൽ നടന്നു എന്നു കുട്ടികൾ പറയുന്നു. ആദ്യ ആഴ്ചകളിൽ തന്നെ ആയിരക്കണക്കിന് ആളുകളാണ് മെഡ്ജുഗൊറിയിലേക്ക് ഈ വാർത്ത കേട്ട് എത്തിയത്. മാതാവ് മേഘാവൃതയായിട്ടാണ് പ്രത്യക്ഷ്യപ്പെടുന്നതെന്ന് കുട്ടികൾ സാക്ഷിക്കുന്നു. പന്ത്രണ്ടു നക്ഷത്രങ്ങളാൽ ആവൃതമായ കിരീടം അവൾ അണിഞ്ഞിരിക്കുന്നു. നീണ്ട ശിരോവസ്ത്രം ധരിച്ച, വിശുദ്ധിയിൽ തിളങ്ങുന്ന ഒരു ചെറുപ്പക്കാരിയുടെ രൂപത്തിലാണ് അവൾ പ്രത്യക്ഷപ്പെട്ടത്. മാതാവിന്റെ അസാധാരണ പ്രഭയെക്കുറിച്ച് ദർശനം ലഭിച്ച കുട്ടികൾ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "അവളുടെ ശോഭ വർണ്ണനാതീതമാണ്. അത് നമ്മുടെ തരത്തിലുള്ള സൗന്ദര്യമല്ല. അലൗകിക സൗന്ദര്യത്തിന്റെ സ്വർഗ്ഗീയമായ ഈ ലാവണ്യം ഒരു പരിധിവരെ പറുദീസായിൽ മാത്രമെ കാണൂ". മരിയാന എഴുതിയ അവളുടെ ജീവചരിത്രത്തിൽ എന്തുകൊണ്ടാണ് നീയിത്രയുംപ്രശോഭിതമായി കാണപ്പെടുന്നത് എന്ന ചോദ്യത്തിന് മാതാവു നൽകിയ ഉത്തരം ഇതാണ്: സ്നേഹിക്കുന്നതു കൊണ്ടാണ് ഞാൻ ശോഭിക്കുന്നത്. പ്രശോഭിതരാകണമെങ്കിൽ നിങ്ങളും സ്നേഹിക്കുക."

"ഗോസ്പ"യെന്ന് അറിയപ്പെടുന്ന മെഡ്ജുഗൊറി മാതാവ് സമാധാന രാജ്ഞിയായും, രക്ഷകന്റെ അമ്മയായും അറിയപ്പെടുന്നു. മറ്റു മരിയൻ ദർശനങ്ങളിൽ നിന്നും വ്യത്യസ്ഥമായി മെഡ്ജുഗൊറി ദർശനങ്ങൾ ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. ദർശനത്തിന്റെ ആരംഭം മുതൽ തന്നെ മാതാവ് "രഹസ്യങ്ങൾ" വെളിപ്പെടുത്തി കൊണ്ടിരുന്നു. അങ്ങനെ പത്തു രഹസ്യങ്ങൾ വെളിപ്പെടുത്തിയെന്ന് ഇവർ അവകാശപ്പെടുന്നു. ലോകത്തെയും, സഭയേയും മെഡ്ജുഗൊറിയേയും ഒക്കെ സംബന്ധിച്ചുള്ളതാണ് ഈ രഹസ്യങ്ങൾ. ഒൻപതും, പത്തും രഹസ്യങ്ങൾ ലോകത്തിന്റെ പാപത്തിനുള്ള ശിക്ഷയെക്കുറിച്ച പറയുന്ന ഗൗരവമേറിയ കാര്യങ്ങളാണ്. പ്രാർത്ഥനയും, പരിത്യാഗവും വഴിയായി ഈ ശിക്ഷയുടെ കാഠിന്യം കുറക്കുവാൻ സാധിക്കും.

ഇവർക്കു ലഭിച്ചുവെന്നു പറയപ്പെടുന്ന സന്ദേശങ്ങൾ അഞ്ചു വിഷയങ്ങളിലേക്ക് ചുരുക്കാവുന്നതാണ്. 1) സമാധാനം: ഇന്നത്തെ ലോകത്തിൽ ഏറ്റം ആവശ്യമായിരിക്കുന്നതാണ് സമാധാനം. മാനസാന്തരം വഴിയും, മാസത്തിലൊരിക്കലുള്ള അനുരജ്ഞന കൂദാശയുടെ സ്വീകരണം വഴിയും, ദൈവകേന്ദ്രീകൃത കുടംബങ്ങൾ വഴിയും, അയൽക്കാരനോട് രമ്യതയിൽ കഴിയുന്നതു വഴിയും നമുക്ക് സമാധാനം ഭൂമിയിൽ സംജാതമാക്കാം. 2) വിശ്വാസം: അവിശ്വാസവും അന്ധവിശ്വാസവും ഇന്നത്തെ ലോകത്തിൽ വർദ്ധിക്കുകയാണ്. വിശ്വാസം ജീവിക്കാനും, പ്രഘോഷിക്കാനും നമുക്ക് സാധിക്കണം. 3) മാനസാന്തരം: മാതാവ് കുട്ടികളോട് പറഞ്ഞു "എനിക്ക് നിങ്ങളോട് പറയാനുള്ള പ്രധാനപ്പെട്ട കാര്യം ഇതാണ്. എല്ലാവരും മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിയുക". 4) പ്രാർത്ഥന: പ്രാർത്ഥനയില്ലാതെ ഇന്നത്തെ ലോകത്തിൽ സമാധാനം കൈവരിക്കാൻ സാധിക്കുകയില്ല. കുരിശിന്റെ മുമ്പിലിരുന്ന് പ്രാർത്ഥിക്കണം. പ്രാർത്ഥനയിലൂടെ എല്ലാ പ്രയാസമേറിയ കാര്യത്തിനും പരിഹാരം കണ്ടെത്താം. അതിൽ തന്നെ കുടുംബ പ്രാർത്ഥന വളരെ പ്രധാനപ്പെട്ടതാണ്. 5) ഉപവാസം: എല്ലാ ബുധനാഴ്ചയും, വെള്ളിയാഴ്ചയും ബ്രഡും വെള്ളവും മാത്രം കഴിച്ച് ഉപവസിക്കുക. അതിനു സാധ്യമല്ലെങ്കിൽ വിനോദങ്ങളിൽ നിന്നൊഴിഞ്ഞ് പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. (ഈ വിവരങ്ങൾ മെഡ്ജുഗൊറി വെബ്സൈറ്റിൽ നിന്നും ലഭിച്ചതാണ്).

മാതാവിന്റെ ദർശനങ്ങൾ ഇപ്പോഴും തുടരുന്നു. അത് നിലയ്ക്കുമ്പോൾ മാത്രമാണ് ഈ 10 രഹസ്യങ്ങളുടേയും ഉള്ളടക്കം വെളിപ്പെടുത്താൻ ഇവർക്കു സാധിക്കുക. ഇന്ന് ഇന്റർനെറ്റിൽ പ്രത്യേകിച്ച് യൂട്യൂബിൽ കന്യകാ മറിയം ഇവർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ എടുത്ത വീഡിയോ-ചിത്രങ്ങൾ ലഭ്യമാണ്. ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ (BBC) 1986-ൽ നിർമ്മിച്ച ഒരു മണിക്കൂർ ദൈർഘ്യമുള്ള മനോഹരമായ ഒരു വീഡിയോയും ഇന്റർനെറ്റിൽ ലഭ്യമാണ്. (ഈ ലേഖനം തയ്യാറാക്കുന്നതിനായി ഞാൻ അതു കണ്ടതാണ്).

ആദ്യ കാലം മുതൽ തന്നെ "മെഡ്ജുഗൊറി പ്രത്യക്ഷപ്പെടലുകൾക്ക്" ധാരാളം വിമർശകരുമുണ്ടായിരുന്നു. ഈ പ്രദേശം ഉൾപ്പെടുന്ന മോസ്റ്റർ രൂപതയിലെ ബിഷപ്പ് പവാവോ സാനിക് ആദ്യം ഇത് അംഗീകരിക്കാൻ തയ്യാറായെങ്കിലും, പിന്നീട് 1986-ൽ അന്നത്തെ വിശ്വാസ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന കർദിനാൾ ജോസഫ് റാറ്റ്സിംഗർക്ക് (ബനഡിക്ട് 16-ാമൻ മാർപാപ്പ) എഴുതിയ കത്തിൽ മെഡ്ജുഗൊറിയുടെ ആധികാരികതയിൽ വിശ്വാസമില്ലാ എന്നെഴുതി. അദ്ദേഹത്തിന്റെ പിൻഗാമി ഇപ്പോഴത്തെ ബിഷപ്പ് റാറ്റ്കോ പെറിക്കും ഇതേ നിലപാട് തന്നെയാണ്. 1991-ൽ യൂഗോസ്ലാവിയൻ മെത്രാൻ സംഘം ഇവിടുത്തെ "മാതാവിന്റെ ദർശനങ്ങളിൽ" സംശയം പ്രകടിപ്പിച്ചുവെങ്കിലും അവിടം സന്ദർശിക്കുന്ന തീർത്ഥാടകർക്ക് അജപാലനപരമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്ന് അഭിപ്രായപ്പെട്ടു.



ബനഡിക്ട് 16-ാമൻ മാർപാപ്പ തന്റെ തെരഞ്ഞെടുപ്പിനു ശേഷം ആദ്യം ചെയ്ത നടപടികളിലൊന്ന് മെഡ്ജുഗൊറിയുടെ ആധികാരികതയെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മീഷനെവയ്ക്കുകയായിരുന്നു. കർദിനാൾ കമില്ലോ റുയിനിയുടെ നേതൃത്വത്തിലുള്ള ഈ കമ്മീഷൻ 2014-ൽ ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിലുള്ള തുടർ നടപടികൾ ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണ്. 2017 ഫെബ്രുവരിയിൽ പോളിഷ് ആർച്ചു ബിഷപ്പായ ഹെൻഡ്രിക് ഹോസറെ മെഡ്ജുഗൊറിയുടെ മാർപാപ്പയുടെ പ്രത്യേക പ്രതിനിധിയായി ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ചു. ഇതിനു മുൻപായി 2019 മെയ് മാസത്തിൽ മെഡ്ജുഗൊറിയിലേക്ക് പള്ളികളിൽ നിന്നും തീർത്ഥാടനം നടത്തുന്നതിനും, സഭാ ചുമതലയിലുള്ളവർ സന്ദർശിക്കുന്നതിലും തടസ്സങ്ങൾ ഇല്ലായെന്ന് വത്തിക്കാൻ പ്രസ്താവിക്കുകയുണ്ടായി. [ഇതിന്റെ എല്ലാ വശങ്ങളും ഇത്തരത്തിലുള്ള ഒരു ലേഖനത്തിൽ ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല. കാരണം ഇത്തരം കാര്യങ്ങളിൽ പെട്ടെന്നു തീരുമാനം എടുക്കുന്ന ഒരു ശൈലിയല്ല സഭയുടേത്. കൂടാതെ മിക്ക കത്തോലിക്കാ ദൈവശാസ്ത്രജ്ഞരും സ്വകാര്യ വെളിപാടുകൾ (Private Revelations) ജാഗ്രതയോടെ സമീപിക്കണമെന്ന ചിന്താഗതിക്കാരാണ്.]

മെഡ്ജുഗൊറിക്ക് പ്രശസ്തരായ പലരുടേയും പിൻതുണയുണ്ട്. ഇറ്റലിയിൽ നിന്നും, കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിൽ നിന്നും ലക്ഷക്കണക്കിന് തീർത്ഥാടകരാണ് ഇവിടെയെത്തുന്നത്. ലൂർദ്ദും ഫാത്തിമായും കഴിഞ്ഞാൽ ഏറ്റം അധികം തീർത്ഥാടകർ എത്തുന്ന യൂറോപ്പിലെ തീർത്ഥാടന കോന്ദ്രമാണ് മെഡ്ജുഗൊറി. മൂന്നരക്കോടിയിലധികം ആളുകൾ 1981 നു ശേഷം ഇവിടം സന്ദർശിച്ചു കഴിഞ്ഞു. ഒരുവർഷം ഇപ്പോൾ 10 ലക്ഷത്തിലധികം തീർത്ഥാടകകർ ഇവിടെ എത്തുന്നു. വലിയ മാനസാന്തരങ്ങളും, രോഗ സൗഖ്യങ്ങളുമൊക്കെ ഇവിടെ സംഭവിക്കുന്നു. 35 വൈദികരാണ് വിവിധ ഭാഷകളിലുള്ള അനുരഞ്ജന കൂദാശ നിർവ്വഹണത്തിനായി സന്നദ്ധരായിരിക്കുന്നത്. നൂറുകണക്കിനാളുകൾ മെഡ്ജുഗൊറി സന്ദർശനം വഴിയായി വിശ്വാസ ജീവിതത്തിൽ ആഴപ്പെടുന്നതിന് ഇടയായിട്ടുണ്ട്.



നീണ്ട വർഷങ്ങൾ വത്തിക്കാന്റെ ഔദ്യോഗിക എക്സോർസിസ്റ്റ് (exorcist) ആയിരുന്ന ഫാ. ഗബ്രിയേൽ അമോർത്തു പറയുന്നത് മെഡ്ജുഗൊറി ലോകത്തെ പിശാചിന്റെ സ്വാധീനത്തിൽ നിന്നും ദൈവത്തിങ്കലേക്ക് എത്താനുള്ള ഒരു മാർഗ്ഗമാണെന്നതാണ്. 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ കത്തോലിക്കാ ദൈവശാസ്ത്രജ്ഞരിൽ ഒരാളായ കർദിനാൾ ബാൾത്തസർ (Hans Urs von Balthasar) പറയുന്നത് കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മെഡ്ജുഗൊറിയെ സംബന്ധിച്ച് സംഭവിച്ചതെല്ലാം വിശ്വാസയോഗ്യമാണെന്നാണ്. വി. പാദ്രെ പിയോ അദ്ദേഹത്തെ സന്ദർശിച്ച മോസ്റ്റർ രൂപതയിലെ തീർത്ഥാടകരോട് മാതാവ് അവരുടെ നാട്ടിൽ പ്രത്യക്ഷപ്പെടുമെന്ന് വർഷങ്ങൾക്കു മുൻപെ പ്രവചിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ൽ ഓസ്ട്രിയായിലെ വിയന്നാ ആർച്ചു ബിഷപ്പ് കർദിനാൾ ഷേൺബേൺ (Christoph Schonborn) ഇവിടം സന്ദർശിക്കുകയും അതിന്റെ പേരിൽ വിമർശനങ്ങൾ നേരിടുകയും ചെയ്തിട്ടുണ്ട് (ഇപ്പോൾ അത്തരം സന്ദർശനത്തിനു തടസ്സമില്ല.) മാർപ്പാപ്പയുടെ മെഡ്ജുഗൊറി പ്രതിനിധി ആർച്ചു ബിഷപ്പ ഹോസർ പറയുന്നത് “അസാധാരണമായ ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കുന്ന പ്രാർത്ഥനയുടെ സങ്കേതമാണ് മെഡ്ജുഗൊറി എന്നാണ്.”

ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്ന മെഡ്ജുഗൊറിയിലെ മരിയ ദർശനങ്ങളെക്കുറിച്ചുള്ള സംശയമുണ്ടെങ്കിലും ആദ്യ ദർശനങ്ങളിൽ വിശ്വസിക്കുന്ന ധാരാളം ബിഷപ്പുമാരും, ദൈവശാസ്ത്രജ്ഞരുമുണ്ട്. അതുകൊണ്ട് കാലാന്തരത്തിൽ 1981-ലെ മെഡ്ജുഗൊറിയിലെ മാതാവിന്റെ പ്രത്യക്ഷപ്പെടലുകൾക്ക് സഭയുടെ ഔദ്യോഗിക അംഗീകാരം ലഭിക്കുമെന്ന് വിശ്വസിക്കുന്നവർ ഏറെയാണ്. 2019 ഓഗസ്റ്റിൽ വത്തിക്കാന്റെ ഔദ്യോഗിക അനുവാദത്തോടെ നടന്ന ആദ്യത്തെ തീർത്ഥാടനത്തിൽ 97 രാജ്യങ്ങളിൽ നിന്നുള്ള അറുപതിനായിരം കത്തോലിക്കാ യുവാക്കൾ പങ്കെടുത്തു. പതിനാലു ബിഷപ്പുമാരും, എഴുന്നൂറിലധികം പുരോഹിതരും അക്കൂട്ടത്തിലുണ്ടായിരുന്നു. റോം രൂപതയുടെ വികാരി ജനറലായ കർദ്ദിനാൾ ഡൊണാറ്റിസ് (Angelo de Donatis ) ആണ് ഈ സമ്മേളനം ഉത്ഘാടനം ചെയ്തത്.

വളരെയധികം ആത്മീയ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്ന ഒരു സ്ഥലമായി മെഡ്ജുഗൊറി മാറിയിട്ടുണ്ട്. ഇവിടം ആത്മീയമായി “ജീവനുള്ളതും ചലനാത്മകവുമായ” ഒരു സങ്കേതമായി കാണുന്ന വിശ്വാസികൾ ദൈവാനുഗ്രഹത്തിനായി ഒന്നിച്ചു കൂടുന്നു. എഴുന്നൂറിലധികം ദൈവവിളികൾ ഈ തീർത്ഥാടന കേന്ദ്രത്തിൽ പ്രാർത്ഥിച്ചതിന്റെയും മറ്റും ഫലമായി ഉണ്ടായതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആത്മീയ മന്ദത ബാധിച്ച യൂറോപ്പിലെ പല പ്രദേശങ്ങളെയും നവീകരിക്കാനുള്ള സങ്കേതങ്ങളായി ഇത്തരം കേന്ദ്രങ്ങളെ നമ്മൾ കാണണം. മാനുഷിക ബുദ്ധികൊണ്ടു വിശകലന വിധേയമാക്കി വിമർശിക്കുന്നതിനേക്കാൾ ദൈവിക കൃപയ്ക്കുള്ള മാർഗ്ഗങ്ങളാക്കി ഇവയെ മാറ്റുന്നതിന് നാം പരിശ്രമിക്കണം. മരിയൻ ദർശനങ്ങളുടെ പ്രബോധനപരമായ (doctrinal) പഠനത്തിനും, അംഗീകാരത്തിനും സമയം ആവശ്യമാണ്. എന്നാൽ ഇത് അജപാലന ശുശ്രൂഷയ്ക്കും, വിശ്വാസികളുടെ ആത്മീയ ഉയർച്ചയ്ക്കും, നവീകരണത്തിനും ഉള്ള അവസരമായി ഉപയോഗിക്കണം. ഈ മേഖലയിലുള്ള പ്രതികരണങ്ങളും, സംശയങ്ങളും, എതിർപ്പുകളും ഇത്തരത്തിലുള്ള വ്യക്തിഗത വെളിപ്പെടുത്തലുകളുടെ (private revelations) ഭാഗമായി കണ്ടാൽ മതിയാകും.



# ഇന്റർനെറ്റും കുടുംബ ബന്ധങ്ങളും



സി. അഞ്ജിത S.VM,
MSc., MPhil
ക്ലിനിക്കൽസൈക്കോളജിസ്റ്റ്
9495245212

**മൊ**ബൈൽഫോൺ ഇല്ലാത്ത അവസ്ഥയെക്കുറിച്ച് ഇപ്പോൾ മനുഷ്യന് ചിന്തിക്കാനെ കഴിയൂകയില്ല. ഒരുനേരം ആഹാരം കഴിച്ചില്ലെങ്കിലും മനുഷ്യന് ബുദ്ധിമുട്ടില്ല. മൊബൈലിന് കേടുവന്നാൽ ആകെക്കൂടി ആധിയും പരവേശവുമാണ്. വല്ലാത്ത ഒരു അസ്വസ്ഥത മനസിൽ പുകയും. ഇനി എന്തുചെയ്യും. നന്നാക്കാൻ പറ്റിയില്ലെങ്കിൽ പുതിയത് വാങ്ങുകതന്നെ ചെയ്യും. അതിനായി എങ്ങനെയും പണം കണ്ടെത്തും. അത്രയ്ക്ക് അവശ്യഘടകമായി മൊബൈൽ മാറിയെങ്കിൽ അതിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇതുകൊണ്ടുള്ള നേട്ടങ്ങൾ തമസ്ക്കരിച്ചുകൊണ്ടല്ല ദൂഷ്യവശങ്ങൾ പറയുന്നത്. എന്നാൽ ഉപകാരത്തേക്കാൾ കൂടുതലും ഉപദ്രവമാണെന്ന് നമ്മൾ മനസിലാക്കുന്നില്ല.

ഇന്ന് മനുഷ്യന്റെ ജീവിത ചക്രത്തെ തന്നെ മാറ്റിമറിക്കുന്ന സ്മാർട്ട് ഫോണുകളുടെ ഉപയോഗം സാധാരണയുള്ള ഫോണുകളെക്കാൾ വളരെ കൂടുതലാണ്. ലോകത്ത് മൊബൈൽ ഉപഭോക്താക്കൾ 3.3 ബില്യണാണെന്നാണ് ഇതുസംബന്ധിച്ചുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതായത് ജനസംഖ്യയുടെ 46 ശതമാനവും ഫോൺ ഉപയോഗിക്കുന്നു. അതോടൊപ്പം ഇന്റർനെറ്റിന്റെ ഉപയോഗം നമ്മുടെ സാമൂഹിക-സാംസ്കാരിക -സാമ്പത്തിക മുന്നേറ്റത്തിനുതന്നെ കൂടുതൽ പ്രയോജനകരമാകുന്നു. എന്നാൽ ഇതിന്റെ ദുരുപയോഗം വളരെ ചെറിയ ആൾക്കാരുടെ ജീവിതത്തെത്തന്നെ നശിപ്പിക്കുന്നു. ഇന്റർനെറ്റിന്റെ ഉപയോഗം ആവശ്യത്തിനും അനാവശ്യത്തിനുമായിട്ടുണ്ട്. അധികമായിട്ടുള്ള ഉപയോഗം മനുഷ്യന്റെ ജീവിതത്തെ തന്നെ തകർക്കും. മനുഷ്യരിൽ കൂടുതൽ മാനസിക സംഘർഷത്തിന് ഇടവരുത്തുകയും ചെയ്യുന്നു.

പ്രശ്നബാധിത ഇന്റർനെറ്റിന്റെ ഉപയോഗം അമേരിക്കയിലും യൂറോപ്പിലും കൂടിവരികയാണ്. 7.9 ശതമാനത്തിൽ നിന്ന് 25.2 ശതമാനമായി ഇത്തരത്തിലുള്ള ഇന്റർനെറ്റ് ഉപയോഗം ഇവിടങ്ങളിൽ കൂടിയിട്ടുണ്ട്. മിഡിൽ ഈസ്റ്റിലും ആഫ്രിക്കയിലും ഇത് 17.3 ശതമാനത്തിൽ നിന്ന് 23.6 ശതമാനമായി ഉയർന്നു. എന്നാൽ ഏഷ്യയിൽ 8.1 ശതമാനത്തിൽ നിന്ന് 50.9 ശതമാനമായിട്ടാണ് ഉയർന്നത്. ചൈനയിൽ 6 ശതമാനത്തിൽ നിന്ന് 10 ശതമാനത്തിലേക്കാണ് ഉയർന്നത്. ഈ പഠനത്തിൽ ഏഷ്യയിലാണ് പ്രശ്നബാധിത ഇന്റർനെറ്റിന്റെ ഉപയോഗം കൂടുതൽ എന്ന് കണ്ടെത്തിയിരിക്കുന്നത്. സോഷ്യൽ നെറ്റുവർക്കിന്റെയും ഗെയിംസിന്റെയും ഉപയോഗമാണ് ഇന്റർനെറ്റിലൂടെ കൂടുതലും നടക്കുന്നത്. സോഷ്യൽ നെറ്റുവർക്കിലാണ് കൂടുതൽപേർ അടിമകളായിരിക്കുന്നത്. അവർക്ക് ഇതിൽനിന്നും മോചനം വളരെ അകലെയാണ്. നഗരപ്രദേശങ്ങളിലാണ് ഇക്കൂട്ടർ കൂടുതൽ ഉള്ളത്.

ഇന്റർനെറ്റിനോട് കൂടുതൽ ആഭിമുഖ്യമുള്ളവരുടെ കുടുംബത്തിലും പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അവരിൽ ഏറ്റവും ആദ്യം കാണുന്ന പ്രവണത മാതാപിതാക്കളോട് അവർക്ക് സ്നേഹം കുറയുന്നു. ഇതുവഴി മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധംകുറയുകയും പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. കുട്ടികൾ എന്തിനും ഏതിനും ഇന്റർനെറ്റിനെയാണ് ആശ്രയിക്കുന്നത്. ഇത്തരക്കാരിലെ വ്യക്തിത്വത്തിലും മാറ്റങ്ങൾ ദൃശ്യമാണ്. അവർ കൂടുതൽ നെഗറ്റീവ് ചിന്താഗതിക്കാരും ദേഷ്യക്കാരും ആയിരിക്കും. നടക്കില്ലാത്ത പല കാര്യങ്ങളും അവർ ആവശ്യപ്പെടുന്നതും കാണാം.

ചില ഓൺലൈൻ ഗെയിമുകൾക്ക് അടിമകളായവർ ആത്മഹത്യ ചെയ്തത് അടുത്തകാലത്താണ്. ആത്മഹത്യയിലേക്ക് എത്തിക്കത്തക്കവിധത്തിൽ ഉപഭോക്താക്കളെ അവർ പലതരത്തിൽ വശീകരിക്കുന്നുണ്ട്. ഇക്കൂട്ടരുടെ മനസും ഗെയിമുകൾക്കൊപ്പം ചലിക്കുന്നു. കാരണം, ആദ്യം മുതലേ ഇതിനോട് ഐക്യപ്പെട്ടുവന്നതിനാൽ ഗെയിമിൽ പറയുന്ന കാര്യങ്ങൾ അനുസരിക്കുന്ന ഒരു 'പാവം' ഉപഭോക്താവായി നമ്മളിൽ പലരും മാറുന്നു. ഇവിടെയാണ് മാതാപിതാക്കളുമായി ബന്ധം കുറയുന്നുവെന്ന പഠനത്തിന് കൂടുതൽ സാധ്യത നൽകുന്നത്. അതുപോലെ ഇത്തരക്കാരിൽ മദ്യപാനശീലവും കൂടുതലാണ്. ഇവർക്ക് ഌനത, ഉത്കണ്ഠ, മാനസിക പിരിമുറുക്കം എന്നിവയും കൂടുതലാണ്. ചിലർ മാനസിക സംഘർഷം കുറയ്ക്കുവാനായി മയക്കുമരുന്നിലേക്കും വഴുതിവീഴുന്നു. മേൽപ്പറഞ്ഞ രോഗങ്ങൾക്കും സ്വഭാവങ്ങൾക്കും അടിമകളായവരെ പരിശോധിച്ചാൽ അവരിൽ ഇന്റർനെറ്റിന്റെ ഉപയോഗം വളരെ കൂടുതലാണെന്ന് മനസ്സിലാക്കുവാൻ കഴിയും. മൗനികളായി പലരും മാറുന്നതായി മാതാപിതാക്കൾ പറയുമ്പോൾ അവർ തങ്ങളുടെ മക്കളുടെ ഫോണുപയോഗത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നില്ല.

നമ്മൾ സാമൂഹിക ജീവിതത്തിൽ കാണുന്ന ഒരു കാര്യമാണ് യുവജനങ്ങളിൽ പ്രത്യേകിച്ച് കൗമാരക്കാരിൽ ഫോണിനുള്ള സ്ഥാനം. ഒരുനിമിഷം ഫോൺ വെറുതെ വയ്ക്കുവാൻ സമയമില്ല. ഏതുസമയവും കൗമാരക്കാർ ഫോണിനൊപ്പമാണ്. സാമൂഹ്യ നെറ്റുവർക്കുകൾ തകരാറിലാകുമ്പോൾ ഇക്കാലയളവിൽ കൗമാരക്കാർക്കൊപ്പം മുതിർന്നവരും അസ്വസ്ഥരാകുന്ന കാഴ്ച നമ്മൾ കണ്ടിട്ടുണ്ട്. ഇപ്പോൾ ഇന്റർനെറ്റ് പലസ്ഥലങ്ങളിലും സൗജന്യമാണ്. ഇന്റർനെറ്റിന് ന്യായമായ പണം മുടക്കി ഉപയോഗിച്ചിരുന്നപ്പോൾ ഇതിന്റെ ദൂഷ്യങ്ങൾ കുറഞ്ഞിരുന്നു. ഇപ്പോൾ സർക്കാർ സംവിധാനങ്ങൾ എല്ലാംതന്നെ പല സ്ഥലങ്ങളിലും ഇന്റർനെറ്റ് സൗജന്യമാക്കിയതോടെ ഉപയോഗവും കൂടി. അതിനോടൊപ്പം ഒരുതലമുറയുടെ നാശവും ഒരുതരത്തിൽ തുടങ്ങിയിട്ടുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഇന്റർനെറ്റ് വ്യാപകമായി ഉപയോഗിക്കുന്നവരുടെ മാനസികാവസ്ഥ നമ്മൾ പരിശോധിച്ചാൽ അവരുടെ കുടുംബബന്ധങ്ങളിലെ താളപ്പിഴകൾ ദൃശ്യമാകും. പലരും പറയും ഐ.റ്റി. മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മാനസിക സംഘർഷം കൂടുതലാണെന്ന്. അവർ ദിവസവും 18 മുതൽ 20 മണിക്കൂർ വരെ ജോലിചെയ്യുന്നു.

ഇന്റർനെറ്റ് സ്വാധീനം കൂടുതലുള്ളവരെ പ്രത്യേക ചികിത്സയ്ക്ക് വിധേയമാക്കി അവരിലെ മാനസിക പിരിമുറുക്കം കുറയ്ക്കുവാൻ കഴിയും. അവരുടെ ചിന്തകളെ പുനർചിന്തനത്തിന് വിധേയമാക്കിയാണ് അത് സാധ്യമാക്കുക. അതോടൊപ്പം കുടുംബത്തെയും ഉൾപ്പെടുത്തിയുള്ള ചികിത്സയിലൂടെ ഇത്തരക്കാരിലെ പ്രശ്നങ്ങൾ പരിഹരിക്കാനാകും.

# ഒക്ടോബർ മാസത്തിലെ മലങ്കര സുറിയാനി ആരാധന വർഷത്തിലെ വിശുദ്ധർ

ബ്രദർ. വടക്കേതിൽ ജോർജ്ജ്

### ഒക്ടോബർ 1
### വി. കൊച്ചു ത്രേസ്യ (1873-1897)

"ചെറുപുഷ്പം" എന്ന് അറിയപ്പെടുന്ന വി. കൊച്ചുത്രേസ്യ 1873 ജനുവരി 2-ാം തീയതി അലൻസോണിലാണ് ജനിച്ചത്. തെരേസയ്ക്ക് നാല് വയസ്സുള്ളപ്പോൾ അമ്മ മരിച്ചതിനാൽ പട്ട് വ്യാപാരിയായ പിതാവ് ലൂയി മാർട്ടിൻ മക്കളോടൊപ്പം ലിസ്യൂവിലേക്ക് താമസം മാറ്റി. തനിക്ക് പത്ത് വയസ്സുള്ളപ്പോൾ ഗുരുതരമായ ഒരു രോഗം അവൾക്ക് പിടിപ്പെടുകയും പരി.അമ്മയുടെ അത്ഭുതകരമായ മാധ്യസ്ഥ ശക്തിയാൽ രോഗത്തിൽ നിന്ന് വിടുതൽ പ്രാപിച്ചത് അവളുടെ ജീവിതത്തിൽ വലിയൊരു സ്വാധീനം ചെലുത്തി. അങ്ങനെ തന്നെ തന്നെ ദിവ്യകാരുണ്യ നാഥന്റെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുവാൻ അവൾ തീരുമാനിച്ച് കർമ്മല മഠത്തിൽ ചേരുകയും ചെയ്തു. പൂർണ്ണമായി ദിവ്യകാരുണ്യ നാഥന് സമർപ്പിച്ച ഈ കൊച്ചു സന്യാസിനിയെ നവ സന്യാസിനികളുടെ പരിശീലനത്തിൽ സഹായിക്കുന്നതിന് നിയുക്തയായി. രോഗത്തിന്റെ ആധിക്യം അവളെ പിടികൂടിയതിനാൽ ഈശോയെപ്പോലെ ക്രൂശിക്കപ്പെടുവാൻ അവൾ ആഗ്രഹിച്ചു. ദിവ്യകാരുണ്യ നാഥനെ തന്റെ സഹനത്തിലൂടെ സ്നേഹിച്ച അവൾ 24 വർഷത്തെ ഇഹലോക ജീവിതം പൂർത്തിയാക്കി 1897 സെപ്തംബർ 30-ന് കർതൃസന്നിധിയിലേക്ക് യാത്രയായി. ഒരു മിഷണറിയാകുവാൻ ആഗ്രഹിച്ച തെരേസയെ 1928-ൽ ഭാഗ്യസ്മരണാർഹനായ 11-ാം പീയുസ് മാർപ്പാപ്പ തിരുമനസ്സുകൊണ്ട് മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥയായി അംഗീകരിച്ചു. കൂടാതെ 1997-ൽ "സഭാപ്രബോധകയെന്ന" സ്ഥാനവും നല്കി പരി.ജോൺ പോൾ 2-ാമൻ മാർപാപ്പ അവളെ ഉയർത്തി. നമ്മുടെ അനേകം ദൈവാലയങ്ങൾ, പുഷ്പഗിരി മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള അനേകം സ്ഥാപനങ്ങളുടെയും സ്വർഗ്ഗീയ മധ്യസ്ഥയാണ് വി.കൊച്ചുത്രേസ്യ. സഹനത്തിലൂടെ വിശുദ്ധി പ്രാപിച്ച ഈ വിശുദ്ധയുടെ മധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം.

### ഒക്ടോബർ 2
### കാവൽ മാലാഖമാർ

അമ്മയുടെ ഉദരത്തിൽ ദൈവത്താൽ ഒരു വ്യക്തി ഉരുവാകുന്ന നിമിഷം മുതൽ തന്നെ സംരക്ഷിക്കുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ടവരാണ് കാവൽ ദൂതന്മാർ. രക്ഷാകര ചരിത്രം മുഴുവൻ നിറഞ്ഞ് നിൽക്കുന്നവരാണ് ഈ കഥാപാത്രങ്ങളായ മാലാഖമാർ. സങ്കീ 91:11. ഇപ്രകാരം വായിക്കുന്നു "നിന്റെ വഴികളിൽ കാത്തുപാലിക്കുവാൻ അവിടുന്ന് തന്റെ ദൂതന്മാരോട് കൽപിച്ചു, നിന്റെ പാദം കല്ലിൽ

തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ച് കൊള്ളും." മാലാഖമാരിൽ പ്രധാനികൾ മൂന്ന് പേരാണ്. ഗബ്രിയേൽ, മിഖായേൽ, റഫായേൽ. ഇവരുൾപ്പെട്ട ഒൻപത് മാലാഖ വൃന്ദങ്ങളാണ്. ഇവരിൽ ഒൻപതാമത്തെ വൃന്ദം മാലാഖമാരാണ് കാവൽ മാലാഖമാർ. നമ്മുടെ സന്ധ്യ നമസ്ക്കാരത്തിലെ സ്തോത്ര പ്രാർത്ഥനയിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു. "ഞങ്ങളുടെ കാവൽ മാലാഖമാരെ ഈ രാത്രിയിലും, ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്ത് കൊള്ളണമെയെന്ന്". നമുക്ക് ദൈവം നൽകിയിരിക്കുന്ന കാവൽദൂതന്മാരെ പ്രതി നന്ദിയുള്ളവരായിരിക്കാം.

### ഒക്ടോബർ 3
### അലക്സാണ്ട്രിയായിലെ മാർ ദിവന്നാസിയോസ് (AD 190–265)

എ.ഡി രണ്ടാം നൂറ്റാണ്ടിന്റെ അവസാന ശതകത്തിൽ മാർ ദിവന്നാസിയോസ് അക്രൈസ്തവരായിരുന്ന മാതാപിതാക്കന്മാർക്ക് ജനിച്ചു. ഒറിഗൺ എന്ന വ്യക്തിയിലൂടെ അദ്ദേഹം യേശുമിശിഹായെ രക്ഷകനും നാഥനുമായി സ്വീകരിച്ചു. ഉത്ഥിതനായ നാഥനെ സ്വീകരിച്ച അദ്ദേഹം എ.ഡി 233–ൽ വൈദികനാവുകയും അലക്സാണ്ട്രിയൻ ദൈവശാസ്ത്ര വിദ്യാലയത്തിന്റെ തലവനായി 14 വർഷം സേവനം ചെയ്യുകയും ചെയ്തു. തുടർന്ന് അദ്ദേഹം അലക്സാണ്ട്രിയൻ സഭയുടെ പാത്രിയാർക്കീസായി അവരോധിക്കപ്പെടുകയും പരി.ത്രിത്വത്തെ സംബന്ധിച്ച സബേലിയോസ് എന്ന വ്യക്തിയുടെ വേദവിപരീദങ്ങൾക്ക് തന്റെ തൂലികയാലും, പ്രബോധനങ്ങളാലും ശക്തമായി എതിർക്കുകയും ചെയ്തു പോന്നു. കൂടാതെ വിശ്വാസം ഉപേക്ഷിച്ച് പോകുന്നവർക്ക് തിരിച്ചു വരുമ്പോൾ മാമോദീസ നൽകേണ്ടതില്ല എന്നും പ്രബോധിപ്പിച്ചു. പിതൃപുത്ര പരി.റൂഹാ തുല്യതയുള്ളതും, അനാദിനിത്യനും, ഒന്ന് മറ്റൊന്നിന് മുമ്പോ, പിമ്പോ അല്ലാത്തതും ഒന്ന് മറ്റൊന്നിനേക്കാൾ ചെറുതോ വലുതോ അല്ലാത്തതും എന്ന് തീക്ഷണതയോടെ പഠിപ്പിച്ച് പരി.സഭയുടെ സത്യവിശ്വാസം ത്രിത്വാധിഷ്ഠിതമെന്ന് ഉറപ്പിച്ച മോർ ദിവന്നാസിയോസ് എ.ഡി 265–ൽ കാലം ചെയ്തു. പരിശുദ്ധന്റെ ഓർമ്മ ഒക്ടോബർ 3–ന് പരി.സഭ ആചരിക്കുന്നു.

### ഒക്ടോബർ 4
### വി. ഫ്രാൻസിസ് അസീസി (1181–1226)

ധനികനും, പട്ട് വ്യാപാരിയുമായിരുന്ന പീറ്ററിനും ദൈവഭക്തയായ പീക്കായുടെയും മകനായി ഇറ്റലിയിലെ അസ്സീസിയിൽ 1181–ൽ ഫ്രാൻസിസ് ജനിച്ചു. പിതാവിന്റെ ആഗ്രഹം പോലെ മകൻ ഒരു യുവരാജാവിനെപ്പോലെ ജീവിക്കുകയും എന്നാൽ ഏർപ്പെട്ട മേഖലകളിലെല്ലാം പരാജിതനാവുകയും ചെയ്തു. ഒരിക്കൽ കൂട്ടുകാരുമൊത്തുള്ള ഉല്ലാസ വേളയിൽ ഫ്രാൻസിസ് ഒരു സ്വരം കേട്ടു ആരെ സേവിക്കുന്നതാണ് ഉത്തമം? യജമാനനേയോ, അതോ ദാസനേയോ? യജമാനനെയെന്ന് ഉറപ്പിച്ച് പറഞ്ഞ് ആ ദൈവസ്വരത്തിന്റെ പാതയിൽ സഞ്ചരിക്കാൻ ആഗ്രഹിച്ച ആ യുവാവ് നിരന്തരം പ്രാർത്ഥനയിലും പ്രവർത്തനത്തിലും വ്യാപൃതനാവുകയും "എന്റെ ദൈവാലയം പുതുക്കി പണിയുക" എന്ന കർതൃവചനം മനസാവരിച്ച് ലാളിത്യത്തിലും, എളിമയിലും നിറഞ്ഞ് നിന്ന് ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹത്തിന് രൂപം കൊടുക്കുകയും, അഗതികളുടെ നിരാലംബരുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിന് ഇടയാവുകയും ചെയ്തു. തന്റെ പുണ്യജീവിതത്തിൽ ആകൃഷ്ടരായി അനേകം പേർ കടന്നു വരുകയും, അവരിൽ പ്രഭുകുമാരിയായ ക്ലാരയുടെ വരവിലൂടെ ക്ലാരിസ്റ്റ് സമൂഹത്തിന് രൂപം കൊടുക്കുകയുംചെയ്തു. വിനയം നിമിത്തം പൗരോഹിത്യം സ്വീകരിക്കാതിരിക്കുകയും സ്നേഹനാഥനായ ഈശോയെ സമസ്ത സൃഷ്ടികളിൽ കാണാൻ ശ്രമിച്ച ഈ മഹാപരിശുദ്ധർ 1226–ൽ 142 –ാം സങ്കീർത്തനം ചൊല്ലികൊണ്ട് സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി. 1228 –ൽ പരിശുദ്ധ സഭ അദ്ദേഹത്തെ വിശുദ്ധൻ എന്ന് നാമകരണം ചെയ്യുകയും, സാർവ്വത്രിക കത്തോലിക്ക സഭയിൽ ഇന്ന് രണ്ടാം ക്രിസ്തു എന്ന് അറിയപ്പെടുകയും ചെയ്യുന്നു. മലങ്കര യുവജന പ്രസ്ഥാനത്തിന്റെ (എം.സി.വൈ.എം.) സ്വർഗ്ഗീയ മദ്ധ്യസ്ഥനായ ഈ മഹാപരിശുദ്ധന്റെ മദ്ധ്യസ്ഥയിൽ നമുക്ക് അഭയപ്പെടാം.

### ഒക്ടോബർ 5
### വി. ഫൗസ്റ്റീന (1905–1938)

1905 ആഗസ്റ്റ് 25–ാം തിയതി പോളണ്ടിലെ കൊവാൻസ്കി എന്ന കുടുംബത്തിലാണ് മറിയ എന്ന ഹെലർ ജനിച്ചത്. 29 –ാമത്തെ വയസ്സിൽ മാതാപിതാക്കളുടെ

എല്ലാ എതിർപ്പുകളെയും വകവയ്ക്കാതെ മാഗ്ദലിൻ സഹോദരിമാരുടെ മഠത്തിൽ ചേരുകയും, മരിയ ഫൗസ്റ്റീന എന്ന പേര് സ്വീകരിക്കുകയും ചെയ്തു. മഠത്തിലെ എളിയ ജോലികൾ പോലും അത്യന്തം സന്തോഷത്തോടെ ചെയ്തിരുന്ന അവൾ ഒന്നിനോടും പരിഭവം കാണിച്ചില്ല. 1931 ഫെബ്രുവരി 22 -ന് ഈശോ ഒരു പ്രത്യേക ദർശനമരുളി കൊണ്ട് അവളെ തന്റെ ദൗത്യവാഹകയായി തെരഞ്ഞെടുത്തു. വിശുദ്ധയ്ക്ക് ലഭിച്ചു കൊണ്ടിരുന്ന ദർശനങ്ങളുടെ ഫലമായി അവൾ പലരുടെയും നിന്ദാവിഷയമായി മാറി. അനേകം രോഗങ്ങൾ അവൾക്ക് കൂടെപിറപ്പായിരുന്നെങ്കിലും കർത്താവിന്റെ സഹനങ്ങളോട് ചേർത്ത് പരിശുദ്ധ സഭയുടെയും, ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനായി തന്നെതന്നെ സമർപ്പിച്ചു. 1938 -ൽ 33-ാം വയസ്സിൽ അവൾ നിത്യസമ്മാനത്തിനായി വിളിക്കപ്പെടുകയും, ചെയ്തു. "ഈശോയെ ഞാൻ അങ്ങയിൽ ശരണപ്പെടുന്നു" എന്ന ദൈവകരുണയുടെ ദർശനം ലോകത്തിന് വെളിപ്പെടുത്തിയ ആ "കരുണയുടെ വാഹകയെ" കാലം ചെയ്ത വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 2000 -ലാണ് വിശുദ്ധയായി പ്രഖ്യാപിച്ചത്. കരുണാമയനായ ഈശോയെ പോലെ കരുണ മുഖമുദ്രയാക്കി ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.

### ഒക്ടോബർ 7
### മാർസർഗീസും, മാർ ബാക്കോസും

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമൻ സൈന്യവിഭാഗത്തിലെ ഭടന്മാരായിരുന്നു മാർസർഗീസും, മാർ ബാക്കോസും. ആകമാന കത്തോലിക്ക സഭ ഈ രണ്ട് പേരെയും സഹോദരന്മാരായി കണക്കാക്കുകയാണ്. ഒക്ടോബർ 7 -ാം തിയതി അവരുടെ തിരുനാൾ കൊണ്ടാടുകയും ചെയ്യുന്നു. ഗെലേരിയൂസിന്റെ സൈന്യത്തിലെ ശ്രേഷ്ഠമായ പദവി വഹിച്ചിരുന്ന ഇവർ ക്രൈസ്തവരാണെന്ന് വെളിപെടുത്തിയതിനു ശേഷം അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു. തങ്ങളുടെ രക്ഷകനും, നാഥനും യേശുമിശിഹയാണെന്ന് ഏറ്റു പറഞ്ഞതിനാൽ അവർ സർഗീസിന്റെയും, ബാക്കോസിന്റെയും ശിരസ്സ് ഛേദിക്കുകയും ചെയ്തു. മഹാരക്തസാക്ഷി മരണം പ്രാപിച്ച ഈ വിശുദ്ധരുടെ പേരിൽ കോൺസ്റ്റാന്റിനോപ്പോളിലും, റോമായിലും പില്ക്കാലത്ത് അനേകം ദൈവാലയങ്ങൾ പണിചെയ്യുകയുണ്ടായി. ജീവിതകാലത്ത് ആഴമായ സുഹൃത്ബന്ധം പുലർത്തിയിരുന്ന ഇവർ മരണം വരിച്ചപ്പോഴും ഒരേ മനസ്സോടെ കർത്താവിനു വേണ്ടി ജീവിതം ഹോമിച്ചു. അതിനാൽ ഇവരെ "ജോടി വിശുദ്ധർ" എന്നും അറിയപ്പെടുന്നു.

### ഒക്ടോബർ 11
### മാർ ഫീലിപ്പോസ് ശെമ്മാശൻ (എ.ഡി. 170-250)

ആദിമസഭയിൽ അപ്പസ്തോലന്മാരെ സഹായിക്കുന്നതിന് വേണ്ടി ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ തെരഞ്ഞെടുക്കപ്പെട്ട 7 ശെമ്മാശന്മാരിൽ ഒരുവനായിരുന്നു മാർ ഫിലിപ്പോസ് ശെമ്മാശൻ (അപ്പ 6 : 1-17). പ്രതിദിനമുള്ള സഹായ വിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നുവെന്ന് ഗ്രീക്കുകാർ ഹെബ്രായർക്കെതിരെ പിറുപിറുത്തപ്പോൾ സുസമ്മതരും, ആത്മാവും, ജ്ഞാനവും നിറഞ്ഞ ഏഴുപേരെ നിങ്ങളിൽ നിന്ന് ഞങ്ങളെ സഹായിക്കാൻ തെരഞ്ഞെടുക്കുന്നു എന്ന അപ്പസ്തോലന്മാരുടെ കല്പ നയ്ക്ക് അനുസൃതമായി അവർ തെരഞ്ഞെടുത്ത തീക്ഷ്ണമതിയായ വ്യക്തിത്വമായിരുന്നു മാർ ഫീലിപ്പോസ് ശെമ്മാശൻ. ശെമ്മാശന്മാരിൽ പ്രധാനിയും, സഹദേന്മാരിൽ മുമ്പനുമായ മാർ സ്റ്റെഫാനോസ് ജീവിതം ക്രിസ്തുവിനു വേണ്ടി ഹോമിച്ചപ്പോൾ, ഫിലിപ്പോസ് ശെമ്മാശൻ തീക്ഷ്ണതയോടെ സുവിശേഷ പ്രഘോഷണം നടത്തി അപ്പസ്തോലന്മാരെ സഹായിച്ചു. ഈ പുണ്യവാന്റെ ഓർമ്മ ആചരിക്കുന്ന ഈ ദിവസം നമ്മുടെ എല്ലാ സുവിശേഷ പ്രഘോഷകരെയും കർത്താവിനു മുമ്പിൽ സമർപ്പിക്കാം..

### ഒക്ടോബർ 11
### വി. ജോൺ 23-ാമൻ മാർപാപ്പ (1881-1963)

1881 നവംബർ 25 -ന് ആഞ്ഞലോ ഗൂസേപ്പേ ലൊമ്പാർഡിയിലെ ഒരു ഗ്രാമത്തിലെ കർഷക കുടുംബത്തിൽ 13 മക്കളിൽ ഒരുവനായി ജനിച്ചു. 1904 ആഗസ്റ്റ് 10 -ാം തിയതി പൗരോഹിത്യം സ്വീകരിച്ച് വിവിധ ഇടങ്ങളിൽ ശുശ്രൂഷ ചെയ്യുകയും ചെയ്തു. തുടർന്ന് മെത്രാൻ സ്ഥാനം ലഭിക്കുകയും, വിവിധ സ്ഥലങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. 1953 - ജനുവരി 12-ാം തിയതി പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ കർദ്ദിനാൾ സ്ഥാനത്തേക്കും, വെനീസിന്റെ പാത്രിയാർക്കീസായി അവരോധിക്കുകയും ചെയ്തു. ദൈവത്തിന്റെ കയ്യൊപ്പുള്ള

ഈ മഹാ ഇടയനെ തേടി വീണ്ടും എത്തിയത് പരിശുദ്ധ സഭയുടെ വലിയമുക്കുവാൻ എന്ന തെരഞ്ഞെടുപ്പിലൂടെയാണ്. വലിയ കാര്യങ്ങൾ ഒന്നും ഇദ്ദേഹത്തിലൂടെ സഭയിലെ കർദ്ദിനാൾമാർ പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ദൈവാത്മാവിനാൽ പ്രചോദിതനായ പരിശുദ്ധ ജോൺ 23-ാമൻ മാർപാപ്പ "സഭയുടെ വാതായനങ്ങൾ എല്ലാവരുടെയും മുമ്പിലേക്ക് തുറന്നിട്ടു" അങ്ങനെ കത്തോലിക്ക സഭയിലെ 21 -ാം സാർവ്വത്രിക സിനഡിനായി പരിശുദ്ധ പിതാവ് നേതൃത്വം കൊടുക്കുകയും ചെയ്തു. എന്നാൽ അത് പൂർത്തീകരിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. 1963 ജൂൺ 3 -ന് പുണ്യപിതാവ് കാലം ചെയ്യുകയും, 1965 നവംബർ 18 -ന് ദൈവദാസനായും, തുടർന്നുള്ള നാമകരണ നടപടികൾ പൂർത്തിയാക്കി 2014 ഏപ്രിൽ 27-ന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയോടൊപ്പം വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു. പരിശുദ്ധ സഭയിൽ "ഗുഡ് പോപ്പ് " എന്ന പേരിൽ ഇദ്ദേഹം അറിയപ്പെടുന്നു. രണ്ടാം വത്തിക്കാൻ സിനഡിലൂടെ കത്തോലിക്ക സഭയുടെ മാറ്റത്തിന് ശംഖൊലി മുഴക്കിയ ഈ പിതാവിന്റെ കാലടികളെ നമുക്ക് പിൻചെല്ലാം.

### ഒക്ടോബർ 13
### മാർ കാർപ്പോസ് (എ.ഡി. 170-250)

രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യശതകത്തിൽ ഡെസിയാസിന്റെ കാലത്ത് രക്തസാക്ഷിയായ വിശുദ്ധനാണ് മാർകാർപ്പോസ്. ഇദ്ദേഹം ഏഷ്യാമൈനറിലെ ഗൂർഡോസിലെ മെത്രാനായിരുന്നു. ക്രൈസ്തവ മതപീഢനത്തിന്റെ കാലഘട്ടത്തിൽ റോമൻ ഗവർണ്ണറുടെ സവിധേ മാർ കാർപ്പോസ് പിതാവ് എത്തിയപ്പോൾ, നിന്റെ പേരെന്ത് എന്ന് ചോദിച്ചതിന് മറുപടിയായി "എന്റെ പേര് ക്രിസ്ത്യാനി" ഒപ്റ്റിമസ് എന്ന ദേവന് ബലി കഴിക്കാൻ നിർബന്ധിച്ചപ്പോൾ, ഞാൻ ഒരു ക്രിസ്ത്യാനിയാണ്, യേശുമിശിഹായാകുന്നു എന്റെ ദൈവം, അതിനാൽ ഞാൻ അവനെ മാത്രമെ ആരാധിക്കൂ. കാരണം അവൻ തിന്മയുടെ ശക്തികളിൽ നിന്ന് നമ്മെ വിടുവിക്കാൻ വന്നവനാണ്, അതിനാൽ സ്വർഗ്ഗവും, ഭൂമിയും സൃഷ്ടിച്ചിട്ടില്ലാത്ത ഈ ദേവന്മാർ നശിക്കും എന്ന് ജെറമിയ പ്രവാചകനെ ഉദ്ധരിച്ച് കൊണ്ട് ഈ വിശുദ്ധൻ പറഞ്ഞു. ഇപ്രകാരം വിശുദ്ധൻ പറഞ്ഞതിനാൽ അവർ അവനെ തൊലിയരിഞ്ഞ് ഒരു മരക്കുറ്റിയിൽ കെട്ടിയിട്ട് പ്രഹരിച്ചു. അഗ്നിനാളങ്ങൾ വിശുദ്ധനെ വിഴുങ്ങിക്കൊണ്ടിരുന്നപ്പോൾ ആത്മാവിൽ ആനന്ദിച്ച് ദൈവമഹത്വം പാടുകയും „ പാപിയായ എന്നെ ഇതിന് യോഗ്യനാക്കിയ യേശുമിശിഹാ മഹത്വവാനാണ് „ എന്ന് പറഞ്ഞ് ജീവൻ വെടിയുകയുംചെയ്തു. മഹാപരിശുദ്ധനായ ഈ സഹദായുടെ പെരുന്നാൾ പരിശുദ്ധ സഭ ഒക്ടോബർ 13-ന് ആചരിച്ചു വരുന്നു.

### ഒക്ടോബർ 15
### ആവിലായിലെ വി. അമ്മത്രേസ്യ (1515 – 1582)

കർമ്മലീത്താ സഭയുടെ നവീകരണത്തിന് ദൈവം നിയോഗിച്ച വിശുദ്ധയാണ് ആവിലായിലെ അമ്മ ത്രേസ്യ. 1515 മാർച്ച് 25 -ന് പ്രഭു വംശജനായ അൽഫോൺസിന്റെയും അഹുദായുടെയും മകളായി ജനിച്ചു. കുട്ടിക്കാലത്ത് തന്നെ വിശ്വാസ ജീവിതത്തിൽ തീക്ഷ്ണമതിയായ അവൾ 18-ാം വയസ്സിൽ കർമ്മലീത്താ മഠത്തിൽ ചേർന്നു. നിയമങ്ങൾ കഠിനമല്ലാതിരുന്ന കാലത്ത് ഉല്ലസിച്ച് ജീവിച്ചിരുന്ന അവൾ "Confusion of St. Augustine" എന്ന പുസ്തക വായനയിലൂടെ ഒരു മാനസാന്തരത്തിന് വിധേയയായി. അങ്ങനെ പ്രാർത്ഥനയുടെ അന്തരീക്ഷം തന്റെ സമൂഹത്തിൽ ഇല്ലെന്ന് തിരിച്ചറിഞ്ഞിരുന്ന അവൾക്ക് വി. ഫ്രാൻസിസ് ബൊർജിയോയും, വി. പീറ്ററും പിന്തുണ നൽകുകയും ചെയ്തു. കുരിശ്ശിന്റെ വി. യോഹന്നാനും കർമ്മലീത്താ സമൂഹത്തെ നവീകരിക്കാൻ അവളെ സഹായിച്ചു. ഭക്തിയുടെ അത്യുച്ചകോടിയിൽ നിൽക്കുമ്പോഴും അമ്മ ത്രേസ്യ മികച്ച ഭരണാധികാരിയും, എഴുത്തുകാരിയും, ആത്മീയ ഉപദേശകയുമായിരുന്നു. പലപ്പോഴും കർത്താവേശുമിശിഹായുടെ ദർശനങ്ങൾ അവൾക്ക് വെളിപെട്ട സാഹചര്യങ്ങളിൽ എളിമയോടെ പ്രാർത്ഥനാ നിറവിൽ അവൾ ഉൾകൊണ്ടു. രോഗങ്ങൾ അവളെ പിടികൂടിയെങ്കിലും അതെല്ലാം ഈശോയുടെ മുമ്പാകെ സമർപ്പിച്ച് 1582 ഒക്ടോബർ 4-ന് അമ്മത്രേസ്യ പുണ്യവതി സ്വർഗ്ഗലോകം പൂകി. 1662-ൽ പരിശുദ്ധ സഭ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു. 1970 പരിശുദ്ധ പോൾ ആറാമൻ പാപ്പ വേദപാരഗതയായി ഉയർത്തുകയും ചെയ്തു. വി. അമ്മത്രേസ്യയുടെ മാതൃകയും പ്രാർത്ഥനയും നമുക്ക് കോട്ടയായിരിക്കട്ടെ.

## ഒക്ടോബർ 22
## മാർ ഹിലാരിയോൺ (292–321 )


പാലസ്തീനിയായിലെ ഗാസാ എന്ന പ്രദേശത്ത് വിജാതീയ മാതാപിതാക്കളിൽ നിന്ന് മാർ ഹിലാരിയോൺ ജനിച്ചു. അലക്സാണ്ട്രിയായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഈ പിതാവ് പിന്നീട് മരുഭൂമിയിലെ മഹാതാപസനായ വി. അന്തോണിയോസിനൊപ്പം നിണ്ടകാലങ്ങൾ താമസിച്ച ശേഷം ഏതാനും സന്യാസിമാർക്കൊപ്പം സ്വദേശത്തേക്ക് മടങ്ങി. തന്റെ സ്വത്തിന്റെ ഒരു ഭാഗം സ്വന്തക്കാർക്കും, വേറൊന്ന് ദരിദ്രർക്കും അദ്ദേഹം ദാനം ചെയ്തു. തുടർന്ന് അദ്ദേഹം ഒരു വിജനപ്രദേശത്തേക്ക് പോയി. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയെപ്പറ്റി കേട്ട് അനേകം ആളുകൾ തന്റെ ശിഷ്യസമൂഹത്തിലേക്ക് വരുകയും തന്റെ പ്രാർത്ഥനാ ജീവിതത്തിന് തടസ്സമുണ്ടാകാതിരിക്കാൻ സൈപ്രസ് എന്ന ദ്വീപിലേക്ക് പോവുകയും അവിടെ വച്ച് ഒരു തളർവാത രോഗിയെ സുഖപ്പെടുത്തുകയും ചെയ്തു. പ്രാർത്ഥനാനിരതനായി ഇരിക്കുന്ന വേളയിൽ 80-ാം വയസ്സിൽ പരിശുദ്ധന്റെ ആത്മാവ് ദൈവ സന്നിധിയിലേക്ക് എടുക്കപ്പെട്ടു. ഈ മഹാതാപസന്റെ പെരുന്നാൾ ഒക്ടോബർ 22-ന് പരിശുദ്ധ സഭ ആചരിച്ചു വരുന്നു.

## ഒക്ടോബർ 22
## വി. ജോൺപോൾ രണ്ടാമൻ പാപ്പ (1920–2005)

ഭാരത സഭയ്ക്ക്, പ്രത്യേകിച്ച് കേരളസഭയ്ക്ക് ഒരിക്കലും മറക്കാനാവാത്ത വി. ദേഹമാണ് ജോൺപോൾ പാപ്പ. ഭാരതം സന്ദർശിച്ച രണ്ടാമത്തെയും, കേരളം സന്ദർശിച്ച ആദ്യമാർപാപ്പയുമായ ഈ പാപ്പ സഞ്ചാരിയായ പാപ്പ എന്നും അറിയപ്പെടുന്നു. സീറോ മലബാർ സഭയെയും, മലങ്കര സുറിയാനി സഭയെയും സ്വയം ഭരണാവകാശമുള്ള "മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ"യായി ഉയർത്തിയത് ഈ പാപ്പയാണ്. 1920 മെയ് 18-ന് ജോസഫിന്റെയും എമിലിയായുടെയും മൂന്ന് മക്കളിൽ ഇളയവനായി കരോൾ മൊയ്റ്റീവ ജനിച്ചു. ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെയും, സഹോദരങ്ങളെയും നഷ്ടപ്പെട്ട കരോളിനെ ദൈവം അനാഥത്വത്തിന്റെ ചിന്തയിൽ നിന്ന് തന്റെ പക്കലേക്ക് വിളിക്കുന്നു എന്നു മനസ്സിലാക്കി കലാ-സാഹിത്യ നാടകങ്ങൾ എല്ലാം ഉപേക്ഷിച്ച് സെമിനാരിയിൽ ചേർന്നു. വൈദികാനന്തരം കുഗ്രാമങ്ങളിലെ ദൈവാലയങ്ങളിൽ സേവനം അനുഷ്ഠിക്കുകയും 1958 സെപ്തംബർ 28 -ന് മെത്രാൻ പദവി സ്വീകരിച്ച് "പൂർണ്ണമായി അങ്ങയുടേത്" എന്ന ആപ്തവാക്യവുമായി ശുശ്രൂഹപൗരോഹിത്യത്തിലേ ഒരു പടിയിലേക്ക് ഉയരുകയും ചെയ്തു. കത്തോലിക്ക സഭയിലെ ചിന്താധാരകൾ മാറ്റിമറിച്ച രണ്ടാം വത്തിക്കാൻ സിനഡിൽ അത്യന്തം സംബന്ധിക്കാനും അദ്ദേഹത്തിന് ഇടയായി. 1967-ൽ കർദ്ദിനാൾ സ്ഥാനവും 1978 ഒക്ടോബർ 10 -ന് ജോൺപോൾ ഒന്നാമൻ പാപ്പയുടെ അപ്രതീക്ഷിത നിര്യാണത്തിൻ "ജോൺപോൾ രണ്ടാമൻ" എന്ന പേര് സ്വീകരിച്ച് സാർവ്വത്രിക സഭയുടെ 264-ാമത്തെ ഇടയനായി തെരഞ്ഞെടുക്കപ്പെട്ടു. വത്തിക്കാൻ കൗൺസിൽ വിഭാവന ചെയ്ത കത്തോലിക്ക സഭയെ അതിന്റെ പൂർണ്ണ അർത്ഥത്തിലേക്ക് നയിക്കാൻ പരിശുദ്ധ പിതാവിന്റെ കാലത്ത് ഇടയായി. വിശ്വമാനവസമൂഹത്തെ സ്നേഹിച്ച്, ആദരിച്ച ആ പുണ്യാത്മാവ് 2005 ഏപ്രിൽ 2-ന് സ്വർഗ്ഗഭാഗ്യം നേടി. അധികം താമസിയാതെ തന്നെ നാമകരണ നടപടികൾക്ക് പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അനുവാദം നൽകുകയും 2014 ഏപ്രിൽ 27 -ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ വി. ജോൺ 23-ാമൻ പാപ്പയോടൊപ്പം വിശുദ്ധ പദവിയിലേക്ക് ഉയർത്തുകയും ചെയ്തു. ആ പുണ്യപിതാവിന്റെ പ്രാർത്ഥനകൾ എന്നും നമുക്ക് കോട്ടയായിരിക്കട്ടെ.





റവ. ഫാ. മാത്യു ആലുംമൂട്ടിൽ

# യേശുവിന്റെ രൂപാന്തരീകരണം

യേശുവിന്റെ തേജസിലേക്ക് ഉറ്റു നോക്കുവാൻ സഹായിക്കുന്ന സംഭവമാണ് അവിടുത്തെ രൂപാന്തരീകരണം-തേജസ്ക്കരണം. സഭയുടെ വേദപാരംഗതനായ വിശുദ്ധ തോമസ് അകിനാസ് രൂപാന്തരീകരണത്തെ പുനരുത്ഥാനത്തിന്റെ കൂദാശയായിക്കണ്ട് വിശദീകരിക്കുന്നു: ജോർദ്ദാനിലെ ജ്ഞാനസ്നാനത്തെ പൂരകമാക്കുകയും സ്വർഗ്ഗീയ ജീവിതത്തിന്റെ പൂർണ്ണത കാണിച്ചുതരുകയും ചെയ്ത രൂപാന്തരീകരണമാണ് യേശുവിന്റെ ജീവിതത്തിലെ ഏറ്റവും വലിയ അത്ഭുതം . വിശുദ്ധ ഇരണേവൂസ് രണ്ടാം നൂറ്റാണ്ടിൽ ത്തന്നെ അഭിപ്രായപ്പെട്ടു: യഥാർത്ഥ മനുഷ്യജീവിതം ദൈവതേജസിലുള്ള ദർശനത്തിൽ അടിസ്ഥിതമാണ്. യേശുവിന്റെ രൂപാന്തരീകരണത്തെ മഹത്വത്തിന്റെ രൂപമാറ്റ മെന്ന് വിശുദ്ധ അംബ്രോസിയൂസും താബോർ വെളിച്ച മെന്ന് മരുഭൂമിയിലെ സന്യാസിമാരും വിളിച്ചിരുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ 2002-ൽ തേജസ്കരണം ജപമാലയിലെ പ്രകാശത്തിന്റെ രഹസ്യങ്ങളിൽ ഉൾപ്പെടുത്തിയതുവഴി പ്രസ്തുത സംഭവത്തിന്റെ പ്രാധാന്യവും പ്രസക്തിയും അനുദിന ജീവിതത്തിൽ സന്നിഹിതമാക്കിയിരിക്കുന്നു. യേശുവിന്റെ മുഖത്തിന്റെ തനിമയാർന്ന ഒരന്തർദർശനം തനിക്കു നൽകപ്പെട്ടിരിക്കുന്നു വെന്ന് കരുതുന്ന ബനഡിക്ട് പതിനാറാമൻ മാർപാപ്പ, കർത്താവുമായി കൂടിക്കാഴ്ച ദാഹിക്കുന്ന ഏവരേയും തേജസ്ക്കരണത്തിന്റെ താബോറിലേക്ക് ക്ഷണിക്കുന്നു. പരിശുദ്ധ പിതാവ് അനാവരണം ചെയ്യുന്ന ദർശനപാഠങ്ങളിലേക്ക് ദാഹാർത്ത മനസോടെ നമുക്ക് അല്പമായൊന്ന് സഞ്ചരിക്കാം.

വിശുദ്ധ മർക്കോസ് രൂപാന്തരീകരണം അവതരിപ്പിക്കുന്നത് ആറു ദിവസം കഴിഞ്ഞ് എന്ന സമയസൂചികയോടുകൂടിയാണ് (9:2). എന്താണ് ആറു ദിവസം മുമ്പ് നടന്ന സംഭവം? അതിന് രൂപാന്തരീകരണവുമായി എന്താണ് ബന്ധം? ഈ അന്വേഷണത്തിൽ കണ്ടെത്തുന്നത് ആറുദിവസം മുമ്പു നടന്ന പത്രോസിന്റെ വിശ്വാസ പ്രഖ്യാപനമെന്ന സംഭവമാണ്. പ്രസ്തുത സംഭവം സമാന്തര സുവിശേഷകർ ഇപ്രകാരം വിവരിക്കുന്നു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് (മത്താ.16:16), നീ ക്രിസ്തുവാണ് (മർക്കോ.8:29), നീ ദൈവത്തിന്റെ ക്രിസ്തുവാണ്. (ലൂക്കാ.9:20).സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്ന് പത്രോസിനുണ്ടായ വെളിപ്പെടുത്തൽപോലെ സ്വർഗ്ഗത്തിൽ നിന്നുണ്ടായ വെളിപ്പെടുത്തലാണ് രൂപാന്തരീകരണത്തിലും സംഭവിക്കുക. രണ്ടിലും വിഷയമായിരിക്കുന്നത് മനുഷ്യപുത്രൻ എന്ന നിലയിലുള്ള യേശുവിന്റെ ദൈവത്വവും. പത്രോസാണ് രണ്ടു സംഭവങ്ങളിലും നിർണ്ണായക പങ്കുവഹിക്കുന്നത്. പ്രകാശിതമാകുന്നതാകട്ടെ, രണ്ടിലും യേശുവിന്റെ ദൈവികതേജസ്സും! ദൈവപുത്രനായ യേശു, ക്രിസ്തു വാണെന്നുള്ള പത്രോസിന്റെ തിരിച്ചറിയൽ അത്യന്തികമായി നയിക്കുന്നത്. കുരിശിലേക്കാണ്. കുരിശുമരണത്തിലൂടെയാണല്ലോ അവൻ രക്ഷനേടിത്തന്നത്. രൂപാന്തരീകരണത്തിൽ മോശയും ഏലിയായും പ്രത്യക്ഷപ്പെട്ട് സംസാരിക്കുന്നതും, അടുത്തുതന്നെ ജറുസലേമിൽ പൂർത്തിയാകേണ്ട, കുരിശിലൂടെയുള്ള യേശുവിന്റെ കടന്നുപോകലിനെക്കുറിച്ചാണ്. തേജസ്സും കുരിശും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ യോഹന്നാൻ ശ്ലീഹാ കുരിശിലാണ് യേശുവിന്റെ തേജസ് സ്ഥിതമായിരിക്കുന്നതെന്ന് വ്യക്തമാക്കുന്നുണ്ട്. കുരിശിലാണ് യേശു ഉയർത്തപ്പെട്ടത്. അത് സ്വർഗ്ഗത്തിലേക്കും തേജസിലേക്കുമുള്ള ഉയർത്തപ്പെടലായിരുന്നു. കുരിശില്ലാതെ കിരീടമോ, സഹനമില്ലാതെ തേജസോയില്ല. പത്രോസ് യേശുവിന്റെ പ്രഭാപൂർണ്ണമായ



തേജസിന് ദൃക്സാക്ഷിയാണ്. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. എന്ന സ്വരം അവൻ കേൾക്കുകയും ചെയ്തു (2 പത്രോ.1:1618).

യേശുവിന്റെ തേജസ്ക്കരണ സൂചനകൾ പഴയ നിയമത്തിൽ കാണാനാവുമോ? പഴയനിയമസൂചനകളാണല്ലോ പുതിയനിയമ യാഥാർത്ഥ്യങ്ങൾ. ഈ അന്വേഷണം അഞ്ചുദിവസത്തെ ഇടവേളകളിൽ യഹൂദർ ആചരിച്ചിരുന്ന രണ്ടു തിരുനാളുകളിലേക്ക് നമ്മെ നയിക്കുന്നു: പാപപരിഹാര (യോം ഹ കിപ്പോരിം), കൂടാരത്തിരുനാളുകൾ. ആദ്യതിരുനാളിന്റെ ആറാം ദിവസം തുടങ്ങുന്നു എട്ടുദിവസം നീളുന്ന രണ്ടാംതിരുനാൾ. പാപപരിഹാരത്തിരുനാൾ യഹൂദരെ സംബന്ധിച്ച് തിരുനാളുകളുടെ തിരുനാൾ ആയിരുന്നു. ആണ്ടുവട്ടത്തിൽ അന്നുമാത്രമാണ് പ്രധാന പുരോഹിതന് ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കാനാവുക. അന്നുമാത്രമാണ് അദ്ദേഹത്തിന് ദൈവനാമമായ യഹോവാ എന്നുച്ചരിക്കാനും സാധിക്കുക. മഹത്തായ പ്രസ്തുത തിരുനാളിലാണ് പത്രോസ്, തന്റെ വിശ്വാസപ്രഖ്യാപനം നടത്തിയതെന്ന് കരുതപ്പെടുന്നു. പ്രധാനപുരോഹിതന് നിയമപ്രകാരം ദൈവനാമം ഉച്ചരിക്കാൻ സാധിക്കുന്ന ദിവസം തന്നെ പത്രോസിന് യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്ന് പ്രഖ്യാപിക്കുവാൻ സാധിക്കുന്നത് മഹത്തരമല്ലേ? തീർച്ചയായും അത് പ്രഖ്യാപനത്തിന്റെ സന്ദർഭ സൗന്ദര്യവും ആത്മികപ്രസക്തിയും പ്രൗഢമാക്കുന്നുണ്ട്.

മറ്റൊരു ദൈവശാസ്ത്രനിരീക്ഷണം ഇതാണ്:തേജസ്ക്കരണം നടന്നത് എട്ടു ദിനം നീണ്ടുനിന്ന കൂടാരത്തിരുനാളിന്റെ ഓർമ്മയുടെ അവസാന ദിവസമാണ്. തിരുനാളിന്റെ പ്രധാന ദിനത്തിലും ആഘോഷത്തിന്റെ മഹോന്നതിയിലും അതിന്റെ ആന്തരികപൊരുളുകളുടെ സമന്വിതമായ പൂർണ്ണ ബിന്ദുവിലുമാണ് തേജസ്ക്കരണം സംഭവിച്ചത്. സമാന്തരസുവിശേഷകർ നല്കുന്ന സമയസൂചികയുമായി ഈ വീക്ഷണം യോജിക്കുന്നു. ആറ്, എട്ട് എന്നീ ദിവസസൂചന ഒരാഴ്ച നീണ്ടുനിൽക്കുന്ന കൂടാരതിരുനാളിന് അനുസൃതമാണ്. തേജസ്കരണവും കൂടാരത്തിരുനാളും തമ്മിൽ കണ്ടെത്തുന്ന ഇഴയടുപ്പം മറ്റൊരു പാഠത്തിലേക്ക് നമ്മെ നയിക്കുന്നു. യഹൂദ തിരുനാളുകൾക്ക് ത്രിവിധമാനങ്ങൾ ഉണ്ടായിരുന്നു എന്നതാണ് അത്. 1).സൃഷ്ടാവിന്റെയും സൃഷ്ടപ്രപഞ്ചത്തിന്റെയും നേരെ അവ ദൃഷ്ടിയുറപ്പിക്കുന്നു. കാരണം, യഹൂദമതങ്ങളുടെ ഉത്ഭവം പ്രധാനമായും പ്രകൃതി മതങ്ങളിൽ നിന്നാണ്. 2). യഹൂദതിരുനാളുകൾ ദൈവം നേരിട്ടിടപെട്ട അവരുടെ ചരിത്ര പഥങ്ങളും നാഴിക്കല്ലുകളിൽ അടിസ്ഥിതമാണ്. 3).പ്രകൃതി സ്മരണകളെയും ചരിത്രപഥങ്ങളെയും പിന്നിട്ട് അവ ഭാവികാല പ്രത്യാശയുടെ പടവുകളിലേക്ക് പദം വയ്ക്കുന്നു. പ്രസ്തുത പടവുകളാകട്ടെ, അവരെ നയിക്കുന്നത് കർത്താവിനെ കാണുവാനുള്ള യുഗപ്രതീക്ഷയുടെ ആകാംക്ഷാഭരിതമായ ഉൾത്തുടിപ്പുകളിലേക്കും! അല്പം കൂടി വിശദമാക്കിയാൽ, അത് സൃഷ്ടപ്രപഞ്ചത്തെ ദൈവവുമായി രമ്യപ്പെടുത്തുവാൻ ദൈവം ചരിത്രത്തിൽ പ്രവർത്തിക്കുന്ന രക്ഷാകര കർമ്മങ്ങളുടെ നാഥനെ സന്ധിച്ച് സംവദിക്കുവാനുള്ള പ്രത്യാശയാണ്.

പാപപരിഹാര, കൂടാരത്തിരുനാളുകൾക്കു പുറമെ, സീനായ് മലയിലെ മോശയുടെ ദൈവസാമിപ്യ സംഭവം തേജസ്ക്കരണത്തിന് നല്ലൊരു സൂചന നൽകുന്നുവെന്ന് ദൈവശാസ്ത്രജ്ഞനായ എച്ച് ഗെസെ പ്രസ്താവിക്കുന്നു. കർത്താവിന്റെ തേജസ് സീനായ് മലയിൽ വസിച്ചു. മേഘം അതിനെ ആറുദിവസം മറച്ചു. ഏഴാം ദിവസം അവിടുന്ന് മേഘത്തിൽ നിന്ന് മോശയെ വിളിച്ചു. (പുറപ്പാട്: 24:16). ഈ സംഭവത്തെ യേശുവിന്റെ തേജസ്കരണത്തിന്റെ പശ്ചാത്തലരംഗമായും താക്കോൽസൂചനയായും ഗെസെ കാണുന്നു. മോശ സീനായ് മലയിലേക്ക് കയറിപ്പോയി, യേശു താബോർ മലയിലേക്കും. മോശ കയറിയത് ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടി മുദ്രവയ്ക്കാനാണ്; യേശു കയറിപ്പോയതാകട്ടെ, തന്റെ കടന്നുപോകലിന്റെ മണിക്കൂറിനു തൊട്ടു മുമ്പ് ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്റെ വാക്കു ശ്രവിക്കുവിൻ എന്ന പിതാവിന്റെ ലോകത്തോടുള്ള അംഗീകാരമുദ്ര സ്വീകരിക്കുവാനും. മോശ മലയിലേക്ക് അഹറോനെയും നദാബിനെയും അബീഹുവിനെയും കൂട്ടിക്കൊണ്ടുപോയെങ്കിൽ യേശു കൂടെക്കൂട്ടിയത് പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയുമാണ്. ഈ മൂന്നുപേരെയാണ് ഒലിവുമലയിലേക്കും- തേജസ്കരണത്തിന്റെ വിപരീത ദിശാനുഭവത്തിലേക്കും -യേശു കൂട്ടിക്കൊണ്ടുപോയത്. അവിടെ യേശുവിന്റെ ആത്മാവ് മരണത്തോളം ദു:ഖിതമായി; രക്തം വിയർക്കുകയും ചെയ്തു. തേജസ്സും കുരിശും എത്ര സമ്മിശ്രം. താബോർമല ദൈവതേജസിന്റെയും സ്വർഗ്ഗസംസർഗ്ഗത്തിന്റെയും പാരവശ്യത്തിലേക്കു നയിക്കുന്ന അത്യാനന്ദത്തിന്റെ വേദിയാണെങ്കിൽ ഒലിവുമല മഹാസഹനത്തിന്റെയും ആത്മാവ് മരണത്തോളം എത്തുന്ന തീവ്ര ദു:ഖത്തിന്റെയും ഭൂമികയാണ്. ഗാഗുൽത്താ മലയാണ് അതിന്റെ പരിസമാപ്തി. അതിലുയർത്തിയ കുരിശാണല്ലോ യേശുവിന്റെ ജീവാർപ്പണത്തിന്റെ -പരമമായ ബലിയുടെ അൾത്താര. ജറുസലെയിൽ യേശുവിനു കടന്നുപോകുവാനിരുന്ന പീഡാസഹനങ്ങളാണ് മോശയും ഏലിയായും യേശുവിനെ അഭിദർശിച്ച് സംസാരിച്ചത്. അവർ തേജസിൽ പ്രത്യക്ഷപ്പെട്ട് ജറുസലേമിൽ യേശുവിന് സംഭവിക്കാനിരുന്ന പുറപ്പാടിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു. (ലൂക്കാ.9:31). ഇതെപ്പറ്റി ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഭാവാത്മകമായി നിരീക്ഷിക്കുന്നുണ്ട്; യേശുവിന്റെ കുരിശ് ഒരു പുറപ്പാടാണ്. ഈ ലോകത്തിൽ നിന്നുള്ള ഒരു വിടവാങ്ങൽ. പീഡാനുഭവത്തിന്റെ ചെങ്കടലിൽകൂടിയുള്ള ഒരു കടന്നുപോകൽ. അത് മഹത്വത്തിലേക്കുള്ള



ഒരു കടന്നുപോകലാണ് എന്നും യേശുവിന്റെ മുറിപ്പാടുകളാൽ മുദ്രിതമായ മഹത്വം. പിതാമഹന്മാർ പറഞ്ഞുവച്ചിട്ടുണ്ട്. സഹനമാണ് മഹത്വത്തിന്റെ പിതാവ് –Pain, as they say, is the father of glory. മോശയും ഏലിയായും ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും പ്രതിവത്കരിക്കുന്നു. അവയുടെ സാരസംഗ്രഹമായ യേശു അന്തിമവിജയം കൈവരുത്തുന്ന ഇസ്രായേലിന്റെ പ്രത്യാശയാണ്. മഹാനായ വിശുദ്ധ ലിയോയേശുവിന്റെ രൂപാന്തരീഭാവത്തെ മഹത്വത്തിന്റെ പ്രത്യാശയായിട്ടാണ് കാണുന്നത്.

യേശുവിന്റെ രൂപാന്തരീകരണം ലളിതമായാണ് മാർക്കോസ് അവതരിപ്പിക്കുന്നത്. അവൻ അവരുടെ മുമ്പിൽ വച്ച് രൂപാന്തരപ്പെട്ടു (9:2). കുറെക്കൂടി നിറച്ചാർത്തോടെയാണ് മത്തായി രേഖപ്പെടുത്തുന്നത്. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. അവന്റെ വസ്ത്രം പ്രകാശം പോലെ ധവളമായി (17:2). ലൂക്കായുടെ പദസമ്പത്ത് ഇപ്രകാരം ധന്യമാണ്. പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ മുഖഭാവം മാറി. വസ്ത്രം വെൺമയോടെ ശോഭിച്ചു. പ്രാർത്ഥിക്കാനാണ് യേശു മലയിലേക്കു കയറിപ്പോയത്. പ്രാർത്ഥിക്കുമ്പോഴാണ് യേശു രൂപാന്തരപ്പെട്ടത്. ഈ വിവരങ്ങൾ ലൂക്കാ മാത്രമാണ് തരുന്നത്. പ്രാർത്ഥനയുടെ ബിംബകൽപ്പന രൂപാന്തരീകരണത്തിന്റെ ആഴങ്ങളിലേക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.. പിതാവിനോടു പ്രാർത്ഥിക്കുമ്പോൾ യേശുവിന്റെ വ്യക്തിത്വം(ഉണ്മ)പിതാവിന്റെ വ്യക്തിത്വത്തിൽ (ഉണ്മയിൽ)ലയിക്കുന്നു. പരസ്പരം തദാത്മ്യപ്പെടുന്നു. അനാദി മുതൽ പിതാവിനോടൊപ്പമുള്ള ആദ്യാവസ്ഥയിലേക്ക് ആത്മവത്തായി യേശു ആഗിരണം ചെയ്യപ്പെടുന്നു. പിതാവിന്റെ ഉണ്മയിലുള്ള പ്രകാശം യേശുവിൽ സന്നിവേശിക്കുന്നു. അനാദിയിലെന്നപോലെ യേശു പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി കാണപ്പെടുന്നു. ശിഷ്യർ മൂന്നുപേരും സംഭ്രമിക്കുന്നു. വികാരഭരിതനായി പത്രോസ് സന്ദർഭാനുസൃതമല്ലെന്നു തോന്നാവുന്ന കൂടാര നിർമ്മിതിയെപ്പറ്റി പറയുന്നു. പറയുന്ന കാര്യമാകട്ടെ പ്രകാശത്തിൽ നിന്നുള്ള പ്രകാശമായ യേശുവിനൊപ്പം വസിക്കുവാനുള്ള അഭിവാഞ്ചയും. യഥാർത്ഥ പ്രാർത്ഥനയുടെ ലക്ഷ്യവും ഫലവും ഇവിടെ സുതാര്യമാക്കപ്പെടുന്നു. അത് യേശുവിന്റെ തേജസിലുള്ള ഉൾപ്രവേശനമല്ലാതെ മറ്റൊന്നല്ല.

ലൂക്കാ പ്രത്യേകം പ്രസ്താവിക്കുന്നത് യേശു പ്രാർത്ഥിക്കുവാൻ മലയിലേക്കു കയറിപ്പോയി എന്നാണല്ലോ. പ്രാർത്ഥിക്കുമ്പോൾ സംഭവിച്ച രൂപാന്തരീകരണത്തിൽ പ്രകാശിതമാകുന്ന വിശാലാർത്ഥങ്ങളിലേക്ക് ഇത്തരുണത്തിൽ ദൃഷ്ടിയുറപ്പിക്കേണ്ടതുണ്ട്. യേശുവിന്റെ മാമോദീസായിൽ യേശു പിതാവിന്റെ പുത്രനാണെന്നും പുത്രനിൽ പിതാവു് പ്രസാദിച്ചിരിക്കുന്നുവെന്നും പരിശുദ്ധാത്മാവിന്റെ നിറസാന്നിധ്യത്തിൽ സ്വർഗ്ഗം വെളിപ്പെടുത്തി. അത് യേശുവിനെ അംഗീകരിക്കുവാനും ശ്രവിക്കാനുമുള്ള ലോകത്തോടുള്ള സ്വർഗ്ഗത്തിന്റെ ആഹ്വാനമായിരുന്നു. അതു സംഭവിച്ചതാകട്ടെ, പരസ്യജീവിതാരംഭത്തിലും. ഇപ്പോൾ പരസ്യ ജീവിതാവസാനത്തിൽ പീഡാസഹനങ്ങളിലൂടെയുള്ള തന്റെ കടന്നുപോകലിന്റെ തിരുനടയിൽ നിൽക്കുമ്പോൾ ഇതാ! സ്വർഗ്ഗം വീണ്ടും ആ സാക്ഷ്യം സ്ഥിരീകരിക്കുന്നു: ഇവൻ എന്റെ പ്രിയപുത്രൻ;ഇവന്റെ വാക്ക് ശ്രവിക്കുവിൻ (മാർക്കോ.9:7).യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്നുള്ള പത്രോസിന്റെ പ്രഖ്യാപനത്തിന്റെയും (മത്താ.16:16) സ്ഥിരീകരണമാണിത്. മാത്രമല്ല, ദൈവമായ കർത്താവ് ഒരു പ്രവാചകനെ അയയ്ക്കുമെന്നും അവന്റെ വാക്കാണ് ശ്രവിക്കേണ്ടതെന്നും ദൈവം മോശയോടു ചെയ്ത വാഗ്ദാനം (നിയമം.18:15)നിറവേറിയ ശുഭവേളയും ഇതുതന്നെ. പ്രസ്തുത ശുഭമുഹൂർത്തത്തിൽ മോശയും ഏലിയായും സന്നിഹിതരാവുകയും ചെയ്തു. ആദ്യവിളി ലഭിച്ച പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവർക്ക് സവിശേഷമായ ദൗത്യം നിറവേറ്റുവാൻ ഉണ്ടായിരുന്നു. അതിനാൽ അവരെ കൂടുതൽ ശക്തരാക്കുക, അവർ സഹനങ്ങൾ സ്വീകരിക്കുവാൻ കൂടുതൽ സജ്ജരാകുക എന്ന ലക്ഷ്യങ്ങളും രൂപാന്തരീകരണത്തിൽ അന്തർലീനമാണ്. ഏഥൻസിലെ ആദ്യമെത്രാനായ ഡയോണിയൂസ് അർത്ഥപൂർണ്ണമായി എഴുതി:

രൂപാന്തരീകരണത്തിൽ ശിഷ്യത്രയങ്ങൾ ദർശിച്ച പ്രകാശ ധവളിമ നിത്യതയിലെ തേജസിന്റെ മുത്താസ്വാദനമായിരുന്നു. അതവരെ ഉന്നതങ്ങളിലേക്കുയർത്തുവാനും ദൈവത്തിന്റെ അഗ്നിസമാനമായ ദിവ്യതേജസിൽ ഉറപ്പിക്കുവാനും ഉദ്ദേശിച്ചുള്ളതത്രേ (ഷി ഉശ ശില ചമാലല 1:4) വലിയ ദൗത്യങ്ങൾ നിറവേറ്റുവാൻ വിളിക്കപ്പെട്ടവരെ ശ്രേഷ്ഠമായ അഭിഷേകങ്ങളാൽ ദൈവം ശക്തരാക്കുമല്ലോ. ബൈസന്റയിൽ ആരാധനാക്രമത്തിലെ രൂപാന്തരീകരണത്തിരുനാളിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: യേശുവേ, രൂപാന്തരവേളയിൽ ശ്ഷ്യർ അങ്ങയുടെ തേജസ് ദർശിച്ചത് ക്രൂശിതനായി, അങ്ങയെ കാണുമ്പോൾ, പീഡാസഹനം അങ്ങ് സ്വമനസാ ഏറ്റെടുത്തതാണെന്നും യഥാർത്ഥത്തിൽ അങ്ങ് പിതാവിന്റെ ഉണ്മയിലെ തേജസാണെന്നുമുള്ള നിത്യസത്യം അവർ പ്രഘോഷിക്കുവാൻ വേണ്ടിയായിരുന്നല്ലോ. രൂപാന്തരീകരണത്തിൽ പുനരുത്ഥാന രഹസ്യമടങ്ങിയിരിക്കുന്നുവെന്ന് തോമസ് അക്വിനസ് വ്യക്തമാക്കുന്നു: പരസ്യ ജീവിതാരംഭത്തിൽ മാമോദീസ; പെസഹാനുഭവാരംഭത്തിൽ രൂപാന്തരീകരണം. മാമോദീസായിൽ നമ്മുടെ പുനർജനന രഹസ്യം അടങ്ങിയിരിക്കുന്നു, രൂപാന്തരീകരണത്തിലാകട്ടെ, നമ്മുടെ രണ്ടാമത്തെ പുനർജനനത്തിൻെറ (പുനരുത്ഥാനത്തിന്റെ) രഹസ്യമാണ് അടങ്ങിയിരിക്കുന്നത് , (ടഠവ 3,45, 4, 2). പുനരുത്ഥാന തേജസിൽ പ്രവേശിക്കാനാകുക സഹനത്തിലൂടെയാണെന്ന് രൂപാന്തരീകരണം വ്യക്തമായി പഠിപ്പിക്കുന്നു. മലമുകളിൽ കൂടാരം ഉണ്ടാക്കി തേജസിൽ എന്നും വസിക്കാമെന്നു കരുതിയ പത്രോസ് പീഡാസഹനത്തിന്റെ പാഠം പഠിച്ചില്ല. തന്റെ പീഡാസഹനങ്ങളെപ്പറ്റി യേശു മുൻകൂട്ടി പറഞ്ഞപ്പോൾ നിനക്കതു സംഭവിക്കാതെയിരിക്കട്ടെ എന്നു പറഞ്ഞതുപോലെ തന്നെ മലയിറങ്ങി വരുന്ന പത്രോസും കൂട്ടരും –അവരെപ്പോലെ നമ്മളും –ആ പാഠം പഠിക്കേണ്ടിയിരിക്കുന്നു. അതെപ്പറ്റി വിശുദ്ധ അഗസ്റ്റിൻ കാവ്യാത്മകമായി വർണ്ണിക്കുന്നുണ്ട്, ഭൂമിയിൽ അദ്ധ്വാനിക്കാനും ശുശ്രൂഷ ചെയ്യാനും നിന്ദിക്കപ്പെടാനുമായി ഇപ്പോൾ നീ താഴേക്ക് ഇറങ്ങിച്ചെല്ലുക. വധിക്കപ്പെടാനായി (കുരിശിൽ) ജീവൻ താഴേക്ക്, വിശപ്പ് സഹിക്കുവാനായി അപ്പം താഴേക്ക്, ദാഹം സഹിക്കുവാനായി നീരുറവ താഴേക്ക്, യാത്രയിൽ ക്ഷീണം സഹിക്കുവാനായി വഴി താഴേക്ക് ഇറങ്ങിവരുന്നു. എന്നിട്ടും താഴേക്കിറങ്ങി വരുവാൻ നീ മടിക്കുന്നുവോ? (ടല്യൃ.78.6). സമതലങ്ങളെയും സഹജീവികളെയും സഹനങ്ങളിലൂടെ ശിശ്രൂക്ഷിക്കാതെ പുനരുത്ഥാനതേജസിൽ പ്രവേശിക്കാനാവില്ലെന്ന് അഗസ്റ്റിൻ പറഞ്ഞു വയക്കുന്നു.

യേശു തന്റെ ഉത്ഥാനത്തെപ്പറ്റി മലയിറങ്ങുമ്പോൾ ശിഷ്യരോടു സംസാരിച്ച അവരാകട്ടെ, ഏലിയായുടെ മടങ്ങിവരവിനെക്കുറിച്ചാണ് യേശുവിനോടു ചോദിച്ചത്. യേശു ശാന്തമായി പറഞ്ഞു: ഏലിയാ വന്നുകഴിഞ്ഞു. തങ്ങൾക്കിഷ്ടമുള്ളതെല്ലാം അവർ അവനോടു ചെയ്തു (മർക്കോ. 9:13). വരാനിരുന്ന ഏലിയായുടെ ശക്തിയോടും ചൈതന്യത്തോടും കൂടി വന്നത് സ്താപകയോഹന്നാനായിരുന്നു. അവന്റെ ജീവിതത്തിലും



പ്രവർത്തനത്തിലും ഏലിയായുടെ തിരിച്ചുവരവ് പൂർത്തിയായെന്ന് യേശു പറഞ്ഞ് ഉറപ്പിക്കുകയായിരുന്നു. ഇതുവഴി ഏലിയാ മടങ്ങിവരുമെന്നുള്ള ജനങ്ങളുടെ പ്രതീക്ഷയെ സ്ഥിരീകരിക്കുകയും അതെപ്പറ്റി അവർക്കുള്ള ധാരണകളെ പൂർണ്ണതയിലെത്തിക്കുകയുമാണ് യേശു ചെയ്തത്.

വിശ്വതേജസ്വരൂപനായ യേശുവിനോട് മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം എന്ന് മലയിൽ വച്ച് പത്രോസ് പറയുന്നുണ്ടല്ലോ. ആ പരിഭ്രമവേളയിൽ കൂടാര സങ്കല്പം അവനിൽ ഉദിക്കുവാൻ മുൻ സൂചനാകാരണങ്ങൾ ഉണ്ടോ? മരഭൂയാത്രയിൽ മോശസ്ഥാപിച്ച സമാഗമ കൂടാരവുമായി ഇതിനു ബന്ധമുണ്ടോ? ഇസ്രായേലിന്റെ കൂടാരവാസവും സമാഗമ ക്കൂടാര ബന്ധവും പറപ്പാടുഗ്രന്ഥം വ്യക്തമാക്കുന്നു.(33.7-11). മോശ സമാഗമക്കൂടാരത്തിൽ പ്രവേശിച്ച് ദൈവവുമായി മുഖാമുഖം സംസാരിച്ചിരുന്നു. ആ സമയം മേഘസ്തംഭം ഇറങ്ങിവന്ന് കൂടാര വാതിക്കൽ നിന്നിരുന്നു. ഇതുകാണുമ്പോൾ ജനം അവരവരുടെ കൂടാര വാതിലിൽ ദൈവത്തെ കുമ്പിട്ടാരാധിച്ചിരുന്നു. ഇപ്രകാരം കൂടാരം അവർക്ക് ദൈവസാന്നിദ്ധ്യത്തിന്റെയും ദൈവസംസർഗ്ഗത്തിന്റെയും ആത്മനിർവൃതിയരുളുന്ന സ്വർഗ്ഗതുല്യ ഭവനമായിരുന്നു. ഇതുപോലെ, രൂപാന്തരീകരണാനുഭവത്തിന് ഒരു സ്ഥിരസംവിധാനം ഉണ്ടാക്കുക എന്ന ആഗ്രഹമാണ് കൂടാര നിർമ്മിതിയിൽ പത്രോസ് പ്രകടിപ്പിച്ചത്. അക്കാലയളവിൽ കൂടാരത്തിരുനാളിനു നല്കിയിരുന്ന ദൈവസാന്നിദ്ധ്യത്തിന്റെ രക്ഷാകരമാനമനുസരിച്ച്, അത് രൂപാന്തരീകരണ സംഭവുമായി ഒത്തുപോകുന്നെന്ന് പറയാനാവും. യഹൂദ, ആദിമ ക്രൈസ്തവ പാരമ്പര്യങ്ങൾ ഇതു വ്യക്തമാക്കുന്നു. ഇസ്രായേൽക്കാരുടെ താത്കാലിക വാസസ്ഥാനമായിരുന്നല്ലോ കൂടാരങ്ങൾ. അവ ദൈവം നൽകിയ സംരക്ഷണത്തിന്റെ ഓർമ്മയുണർത്തിയിരുന്നു. അതേസമയം അവ യൂഗാന്ത്യത്തിൽ നീതിമാൻമാർ പാർക്കാനിരിക്കുന്ന കൂടാരം കൂടിയാണെന്ന് ഡാനിയേലു അഭിപ്രായപ്പെടുന്നു. നിത്യജീവിതത്തിൽ നീതിമാൻമാർ വസിക്കാനിരിക്കുന്ന നിത്യകൂടാരത്തെപ്പറ്റി വി. ലൂക്കാ വിശദീകരിക്കുന്നുണ്ടല്ലോ(16:9). ഏറ്റം നവീനവും തേജസുറ്റതുമായ യേശുവിന്റെ രൂപാന്തരീകരണഭാവം ദർശിച്ച പത്രോസിന് വരാനിരിക്കുന്ന മിശിഹായുഗം ആരംഭിച്ചെന്ന് അനുഭവപ്പെട്ടു. പ്രസ്തുത മിശിഹായുഗം കൂടാരം കെട്ടി-നീതിമാന്മാരുടെ യുഗാന്ത്യ കൂടാരമെന്നപോലെ-ശാശ്വതാകരിക്കാമെന്ന് പത്രോസ് കരുതി. പക്ഷെ, മലയിൽ നിന്ന് ഇറങ്ങേണ്ടി വരുന്ന പത്രോസ് സ്വാനുഭാവത്തിൽ നിന്നുതന്നെ പഠിക്കുവാനിരിക്കുന്നത് മിശിഹായുഗം കുരിശിന്റെ യുഗമാണെന്നുള്ള സത്യമാണ്. അതായത് യേശുവിൽനിന്ന് പ്രകാശം സ്വീകരിച്ച് പീഡാസഹനങ്ങളിലൂടെ കത്തിയെരിഞ്ഞ് പ്രകാശമായി രൂപാന്തരപ്പെടണമെന്നുള്ള പാഠം. മിശിഹായുഗത്തിന്റെ ഉദ്ഘാടനം യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ രേഖപ്പെടുത്തുന്നു. വചനം മാംസമായി നമ്മുടെ ഇടയിൽ കൂടാരമടിച്ചു (വസിച്ചു)(1:14) മനുഷ്യാവതരണത്തോടെ യേശു തന്റെ ശരീരമാകുന്ന കൂടാരം നമ്മുടെ ഇടയിൽ സ്ഥാപിച്ച് മിശിഹായുഗം ഉദ്ഘാടനം ചെയ്തിരിക്കുന്നു. അതുവരെ കൂടാരത്തിരുനാൾ എല്ലാ വർഷവും ആചരിച്ചിരുന്നെങ്കിലും അതിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിരുന്നില്ലെന്ന് നീസായിലെ ഗ്രിഗറി പ്രസ്താവിക്കുന്നു: കേടുപാടുവന്ന മനുഷ്യ സ്വഭാവം എന്ന നമ്മുടെ വാസസ്ഥാനത്തെ പുതുക്കിപ്പണിയാൻ എല്ലാ ചരാചരങ്ങളുടെയും കർത്താവായ ദൈവം സ്വയം സമാഗതനായി . സമാഗമകൂടാരത്തിന്റെയും കൂടാരത്തിരുനാളിന്റെയും ആന്തരീകപൊരുളുകൾ ഇതാ. യേശുവിൽ സമ്പൂർണ്ണമായി സമന്വയിക്കപ്പെട്ടിരിക്കുന്നു. ഇനിയും നമ്മുടെ കടമ രൂപാന്തരീകരണത്തിൽ മുഴങ്ങിക്കേട്ടു സ്വർഗ്ഗശബ്ദം, ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്റെ വാക്കു ശ്രവിക്കുവിൽ എന്ന ആഹ്വാനം അനുസരിക്കുക എന്നത് മാത്രമാണ്. ഈ ആഹ്വാനം പിതാവിൽ നിന്നുള്ള പുത്രത്വത്തിന്റെ ആഘോഷമായ വിളംബരമത്രെ. അതു നല്കപ്പെടുന്നതാകട്ടെ, അവനെ ശ്രവിക്കുവിൻ എന്ന കല്പനയോടുകൂടിയും. ഇതെപ്പറ്റി എച്ച് ഗെസെ ജ്ഞാനം തുളുമ്പുന്ന ഒരു വ്യാഖ്യാനം നല്കുന്നുണ്ട്.

യേശുതന്നെ വെളിപാടിന്റെ ദിവ്യവചനമായി തീർന്നിരിക്കുന്നു. ഇതിനേക്കാൾ വ്യക്തമായോ ശക്തമായോ ഈ സത്യം അവതരിപ്പിക്കാൻ സുവിശേഷങ്ങൾക്കാവില്ല. യേശുവാണ് പ്രവചനം. യേശുവാണ് വെളിപാട്. യേശുവാണ് സർവസ്വവും. യേശുവിനെ അനുയാത്ര ചെയ്യുവാനും അവനെ ശ്രവിക്കുവാനും പൂർണ്ണ മനസ്സോടെ നാം പരിശ്രമിച്ചാൽ മതിയാവും. അതിന് ആത്മയാനം ആവശ്യമുണ്ട്.

താബോർ മലയിലേക്ക് പ്രാർത്ഥിക്കാൻ കയറിപ്പോയ യേശുവിനൊപ്പം സഞ്ചരിക്കുമ്പോൾ, വിശ്വതേജസ്വരൂപനായി രൂപാന്തരപ്പെട്ട അവന്റെ മുഖത്തേക്ക് ഉറ്റു നോക്കുമ്പോൾ, അവൻ ദൈവത്തിന്റെ ശക്തിയും മഹത്വവും ആണെന്നു നാം ഗ്രഹിക്കുന്നു. പീഡസഹനങ്ങളിലൂടെയാണ് അവന്റെ മഹത്വത്തിലേക്കു പ്രവേശിക്കേണ്ടതെന്ന് നാം മനസിലാക്കുന്നു. ദൈവത്തിന്റെ അനന്തജ്ഞാനത്തിന്റെ വെളിപാടാണ് യേശു എന്നു മറ്റൊരു സത്യം തേടിപ്പോകേണ്ടതില്ലെന്നും നമുക്കു ബോദ്ധ്യം വരുന്നു. അവിടുത്തെ ദ്വിതീയാഗമനത്തിൽ ലഭിക്കുവാനിരിക്കുന്ന തേജസനുഭവം മുത്താസ്വാദനമായി നമുക്കു നല്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇതോടെ, സഭയുടെ എക്കാലത്തെയും ഹൃദയസ്പർശിയായ പ്രാർത്ഥന നവ്യാനുഭവമായി നമുക്കും ചൊല്ലാനാവുന്നു: കർത്താവേ, വേഗം വരണമേ !

**മലങ്കര പുനരൈക്യ വാർഷികവും**
**ബഥനി ആശ്രമ ശതാബ്ദിയും**

19–20 സെപ്റ്റംബർ

ഗിരിദീപം കോട്ടയം



























ആദ് ലിമിനാ സന്ദർശനം
സെപ്റ്റംബർ 22–28
റോം



മലങ്കര സുറിയാനി കത്തോലിക്കാ സഭ

അഞ്ചൽ വൈദിക ജില്ല

# ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്

1994
2019


25 -ാം

## അനുസ്മരണ സമ്മേളനം

രാവിലെ 10 മണി

12, ശനിയാഴ്ച ഒക്ടോബർ 2019

സെന്റ് ജോൺസ് കോളേജ് ആഡിറ്റോറിയം
അഞ്ചൽ











മേജർ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ
അഡ്വ.കെ.രാജു (ബഹു. സംസ്ഥാന വനം വകുപ്പ് മന്ത്രി)
ജസ്റ്റിസ് സിറിയക് ജോസഫ് (മുൻ ജഡ്ജി, സുപ്രീംകോടതി)
ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ (പാർലമെന്റംഗം)

എന്നിവർ പങ്കെടുക്കുന്നു

മലങ്കര സുറിയാനി കത്തോലിക്കാ സഭ

തിരുവനന്തപുരം മേജർ അതിഭദ്രാസനം

മലങ്കര കാത്തലിക് അസോസിയേഷൻ

# അല്മായ മഹാസംഗമം





**അഞ്ചൽ സെന്റ് ജോൺസ് സ്കൂൾ ഗ്രൗണ്ടിൽ**

**2019 നവംബർ 30 ശനിയാഴ്ച**
**രാവിലെ 9 മുതൽ**

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2018-2020
Date of Publication 29-09-2019

Christavakahalam Monthly, OCTOBER 2019
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി
കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും...

# ക്രൈസ്തവ കാഹളം



വായിക്കുക | വരിക്കാരാകുക | പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374, e-mail: stmaryspresspattom@gmail.com